# മലങ്കര മാർത്തോമ്മാ

# സുറിയാനി സഭ

# വലിയ നോമ്പു

# നമസ്കാരക്രമം

# പൊരുളടക്കം

## വലിയ നോമ്പിലെ ആരാധനാ ക്രമങ്ങൾ


പൊതുവായുള്ള പ്രാർത്ഥനകൾ „ „ „ .. .. .. „ .. .. .. .. .. . .. .. 9–24

**1–ാം ആഴ്ച**

ദിനം 1 ഞായർ കാനാവിലെ കല്യാണം (പേത്തുർത്താ).. . .. .025
ദിനം 2 തിങ്കൾ നോമ്പാരംഭം (ശുബ്ക്കൊനൊ.. .. .. .. .. .. .. 030
ദിനം 3 ചൊവ്വ കിസ്തുവിൽ പുതുസൃഷ്ടി.. .. .. .. .. .. . .. .035
ദിനം 4 ബുധൻ ക്രിസ്തുവിൻെറ സത്വം .. .. .. .. .. .. . .. .. 040
ദിനം 5 വ്യാഴം ഊഷ്മള ബന്ധത്തിലേക്കുള്ള വിളി .. .... .. 045
ദിനം 6 വെള്ളി ക്രിസ്തീയ ജീവിത ശൈലി .. .. .. .. .. .. .. 050
ദിനം 7 ശനി ദൈവരാജ്യത്തിൻെറ സാർവ്വത്രീകത .. .. .. .. 055

**2–ാം ആഴ്ച**

ദിനം 8 ഞായർ കുഷ്ഠരോഗിയുടെ സൗഖ്യം (ഗർബൊ).. . .. 060
ദിനം 9 തിങ്കൾ കൃതാത്ഥ ഹൃദയം .. .. .. .. .. .. .. .. .. ... .. 065
ദിനം 10 ചൊവ്വ വിനയത്തിൻെറ മാതൃക .. .. .. .. .. .. .. .. .. 069
ദിനം 11 ബുധൻ ക്രിസ്തുവിൻെറ ആധികാരികത .. . .. .. .. .. 074
ദിനം 12 വ്യാഴം ശരീരമാകുന്ന മൺപാത്രങ്ങൾ .. .. .... .. .. .. 079
ദിനം 13 വെള്ളി സംപുഷ്ടമാക്കുന്നതിലെ സമ്പന്നത .. .. .. .. 084
ദിനം 14 ശനി അളക്കപ്പെടുവാനാവാത്ത ദാനം .. .. .. .. .. .. 089

**3–ാം ആഴ്ച**

ദിനം 15 ഞായർ പക്ഷവാതക്കാരൻെറ സൗഖ്യം (മ്ശറിയൊ) .. 093
ദിനം 16 തിങ്കൾ വാക്കുകളിലെ വചനപ്പെരുമ .. .. ... .. .. .. .. 098
ദിനം 17 ചൊവ്വ അഗണ്യമായ ഭക്തി .. .. .... .. .. .. .. .. .. .. 102
ദിനം 18 ബുധൻ കൃപയിൽ മുതിരുവാനുള്ള കാത്തിരിപ്പ് .. .. .. 106
ദിനം 19 വ്യാഴം ഒഴുകപ്പെട്ട ദൈവകൃപ .. .. .. ... .. .. .. . .. 110
ദിനം 20 വെള്ളി പങ്കിടലിൻെറ നോമ്പനുഭവം .. .. ... .. .. . . . 114
ദിനം 21 ശനി ക്രിസ്തുവിൽ നങ്കൂരമിട്ട പ്രത്യാശ.. .. .. .. .. . 119

**4–ാം ആഴ്ച**

ദിനം 22 ഞായർ കനാന്യ സ്ത്രീയുടെ മകളുടെ സൗഖ്യം (ക്നാനൈത്തൊ) .. .. .. .. .. .. .. .. ... .. .. .. .123
ദിനം 23 തിങ്കൾ നിത്യതയുടെ ഇടുക്കു വാതിൽ .. .. .. .. .. . 127
ദിനം 24 ചൊവ്വ പുറപ്പാടിൻെറ നൊമ്പരങ്ങൾ .. .. .. .. .. .. . 131

**പകുതി നോമ്പാരംഭം**

ദിനം 25 ബുധൻ ക്രൂശിതനിലേക്കുള്ള നോട്ടം.. .. .. .. .. .. .. 135
ദിനം 26 വ്യാഴം ജീവിപ്പിക്കുന്ന വചനം.. .. .. .. .. .. .. .. .. 141
ദിനം 27 വെള്ളി ജീവനുള്ള മൂലക്കല്ല് .. .. .. .. .. .. .. .. .. 146
ദിനം 28 ശനി ക്രിസ്തുവിൻെറ മണവാട്ടി സഭ.. .. .. .. .. .. 151

### 5–ാം ആഴ്ച


ദിനം 29 ഞായർ കൂനിയായ സ്ത്രീയുടെ സൗഖ്യം (ക്ഫിതൊ.). .. .. .. .. .. .. .. .. .. .. .. .. .. ..156
ദിനം 30 തിങ്കൾ ക്രിസ്തു: കരുണയുടെ സങ്കേതം .. .. . .. .. .160
ദിനം 31 ചൊവ്വ മുന്തിരിവള്ളിയും കൊമ്പുകളും.. .. .. .. .. .. . 164
ദിനം 32 ബുധൻ ക്രിസ്തു: രക്ഷയുടെ കൂടാരം .. .. .. .. .. .. . 168
ദിനം 33 വ്യാഴം അടിപ്പിണരാലുള്ള സൗഖ്യം .. .. .. .. .. .. .. .173
ദിനം 34 വെള്ളി ക്രൂശിലെ സ്നാനം.. .. .. .. .. .. .. .. .. .. .. . 177
ദിനം 35 ശനി ശരീരമാകുന്ന വിത്ത്. .. .. .. .. .. .. .. .. .. .. .. 182


### 6–ാം ആഴ്ച


ദിനം 36 ഞായർ ബർത്തിമായിയുടെ സൗഖ്യം (സിമിയൊ).. .. 187
ദിനം 37 തിങ്കൾ ക്രിസ്തു: ശരീരമാകുന്ന സഭ .. .. .. .. .. .. ..192
ദിനം 38 ചൊവ്വ ക്രിസ്തു: അഭിഷിക്തൻ .. .. .. .. .. .. .. .. ..197
ദിനം 39 ബുധൻ അർപ്പണമായ ആരാധന.. .. .. .. .. .. .. .. .201
ദിനം 40 വ്യാഴം പാപബോധത്തിലൂടെയുള്ള ശുദ്ധീകരണം .. ..206
ദിനം 41 വെള്ളി പരീക്ഷയും പ്രലോഭനവും.. .. .. .. .. .. .. . 210
ദിനം 42 ശനി ഇതു നീ വിശ്വസിക്കുന്നുവോ?.. .. .. .. .. . 215
അനുബന്ധം മദ്ധ്യസ്ഥ പ്രാർത്ഥനകൾ. .. .. .. .. .. .. .. .. .. 220
സുറിയാനി പദങ്ങളുടെ അർത്ഥം.. .. .. .. .. .. .. .. . .. .. ..223

# പൊതുവായുള്ള പ്രാർത്ഥനകൾ

## കൗമ്മാ (മഹത്വീകരണം)

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി

ജ. ആദിമുതൽ എന്നന്നേക്കും തന്നെ – ആമ്മീൻ

പ. ആകാശവും ഭൂമിയും തൻെറ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ ഉന്നതങ്ങളിൽ സ്തുതി.

ജ. കർത്താവിൻെറ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു – ഉന്നതങ്ങളിൽ സ്തുതി.

## കൗമ്മാ

പ. ദൈവമേ, നീ പരിശുദ്ധനാകുന്നു

ജ. ബലവാനേ നീ പരിശുദ്ധനാകുന്നു

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു

ജ. ഞങ്ങൾക്കുവേണ്ടി † ക്രൂശിക്കപ്പെട്ട മ്ശിഹാരമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

(ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലിയ ശേഷം)

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപ തോന്നി ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യേണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി – ബാറെക്മോർ

## കർത്താവിൻെറ പ്രാർത്ഥന

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,

ജ. നിൻെറ നാമം പരിശുദ്ധമാക്കപ്പെടേണമേ. നിൻെറ രാജ്യം വരേണമേ. നിൻെറ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ. ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ, ഞങ്ങളെ ദുഷ്ടനിൽ നിന്നു രക്ഷിച്ചു കൊള്ളണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. – ആമ്മീൻ.

(അല്ലെങ്കിൽ) ഗീതം

## കൗമ്മാ

പ. *ദൈവമേ! നീ പരിശുദ്ധൻ, - ഹാലേ-ലുയ്യാ

ജ. ബലവാനേ! നീ പരിശുദ്ധൻ, കുറി-യേലായിസ്സോൻ മൃതിരഹിതാ! നീ പരിശുദ്ധൻ, ഹാലേ-ലുയ്യാ അടിയാർക്കായ് † ക്രൂശേറ്റവനേ അനുഗ്രഹിച്ചീടണമേ

(* ഇപ്രകാരം മൂന്നുപ്രാവശ്യം ചൊല്ലേണം)

പ. കർത്താവേ! അനുഗ്രഹിക്ക, ഹാലേ-ലുയ്യാ

ജ. ദ-യ-വായ് നീ അനുഗ്രഹിക്ക കുറി-യേലായിസ്സോൻ പ്രാർത്ഥന ശുശ്രൂഷകളേറ്റി-ട്ടനുഗ്രഹിച്ചീടണമേ.

പ. ദൈവമേ! സ്തുതി നിനക്കു, ഹാലേ-ലുയ്യാ

ജ. സ്രഷ്ടാവേ! സ്തുതി നിനക്കു, കുറി-യേലായിസ്സോൻ പാപികളിൽ കനിയും മ്ശിഹാ-രാജാ സ്തുതി നിനക്കു - ബാറെക്മാർ.

## കർത്താവിൻെറ പ്രാർത്ഥന

(ഗീതം)

പ. സ്വർലോകത്തിലിരുന്നരുളും
ദേവാ ഞങ്ങ-ളുടെ താത-

ജ. നിൻ തിരുനാമം പാവനമായ്
പെരുമാ-റപ്പെ-ട്ടീ-ടണമേ.

പ. താതാ! നിന്നു-ടെ-തിരുരാജ്യം
വന്നീടണമേ-ഈ ഉലകിൽ

ജ. തിരുഹിതം എതുപോൽസുരലോകേ-
അതുപോ-ലിവിടെയും-ആ-കണമേ.

പ. വേണ്ടുന്നാഹാ-രം ഞങ്ങൾക്കി-
ന്നേകണമേ-നീ-കർത്താവേ

ജ. അന്യരോടെങ്ങൾക്ഷമിച്ചതുപോൽ-
അടിയാർ-പാപം-മോചിക്ക.

പ. പരീക്ഷയിലെ-ങ്ങ-ളെയാക്കരുതേ.
ദുഷ്ടനിൽ നിന്നൊഴിവാക്കുക നീ

ജ. രാജ്യം ശക്തി മഹത്വങ്ങൾ
എന്നും-നിനക്കു-ള്ള-വയാമേൻ.

## പ്രാരംഭ പ്രാർത്ഥന

(താഴെയുള്ള പ്രാരംഭ പ്രാർത്ഥനകൾ ആരാധന നിർവ്വഹിക്കപ്പെടുന്ന സമയത്തിനനുസരിച്ച് ഉപയോഗിക്കാവുന്നതാണ്)

## സന്ധ്യ

പ. ദൈവമായ കർത്താവേ, കാലത്തിൻെറ സൂര്യൻ അസ്തമിക്കുകയും പകൽ കടന്നു പോവുകയും, അന്ധകാരം ഭൂമിയെ മൂടുകയും ചെയ്തിരിക്കുന്ന ഈ സമയത്ത്, ഞങ്ങൾ തിരുസന്നിധിയിൽ വന്ദിക്കയും നിനക്കു സ്തോത്രം ചെയ്യുകയും നിൻെറ കാരുണ്യത്തോട് അപേക്ഷിക്കുകയും ചെയ്യുന്നു. കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന തിരുമുമ്പാകെ സൗരഭ്യവാസനയായും, ഞങ്ങളുടെ കൈകളെ മലർത്തുന്നതു സന്ധ്യാ സമയത്തെ യാഗമായും സ്വീകരിക്കണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായും ആയ ദൈവമേ, ഭയഭക്തിയോടെ നിന്നെ ആരാധിപ്പാനും വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്നെ സ്തുതിച്ചു മഹത്വപ്പെടുത്തുവാനും ഞങ്ങളെ യോഗ്യതയുള്ള വരാക്കി തീർക്കേണമേ. ഹോശോ..

ജ. ആമ്മീൻ

## **സുത്താറാ** (രാത്രി 9 മണി)

പ. കർത്താവേ, കരുണയാകുന്ന നിന്റെ ചിറകിൻ കീഴെ ഞങ്ങളെ മറച്ചു കൊള്ളണമേ. ഞങ്ങളുടെ മാത്സര്യ ബുദ്ധിയുള്ള ഹൃദയത്തെ സത്യ അറിവിലേക്കു തിരിക്കേണമേ. വേലകളിൽ നിന്നു വിരമിച്ചു വിശ്രമിക്കുന്നതിനായി നീ ഞങ്ങളെ എപ്പോൾ വിളിച്ചുവോ, ആ സന്ധ്യ ഈ താൽക്കാലിക ആയുസ്സിന്റെ അന്ത്യത്തിന്റെ ദൃഷ്ടാന്തമാണെന്നും തിരുവിഷ്ടാനുസരണമുള്ള പ്രവർത്തികളിൽ ഞങ്ങൾ ഉത്സുകരായിരിക്കണമെന്നും ഞങ്ങൾ അറിഞ്ഞു മനസ്സിലാക്കുമാറാകണമേ. പിതൃപുത്ര പരിശുദ്ധാത്മവായ ദൈവമേ, സ്തുതിയും സ്തോത്രവും സദാ ഞങ്ങൾ നിനക്കു കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## **ലിലിയോ (പാതിരാത്രി)**

പ. ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ ഞങ്ങളുടെ കർത്താവേ, നിന്റെ ഉണർവ്വിനെ സ്തുതിപ്പാൻ പാപാത്തിന്റെ ഗാഢ നിദ്രയിൽ നിന്നു ഞങ്ങളെ ഉണർത്തേണമേ. മരണമില്ലാത്ത ജീവനുള്ളവനേ, നിന്റെ കരുണയെ വന്ദിപ്പാൻ മരണവും നാശവുമാകുന്ന ഉറക്കത്തിൽ നിന്നു ഞങ്ങളെ ജീവിപ്പിക്കുമാറാകണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടിരിക്കുന്നവനും വാഴ്ത്തപ്പെട്ടിരിക്കുന്നവനും നീ മാത്രമാകയാൽ, വിശുദ്ധിയോടെ സ്വർഗ്ഗത്തിൽ നിന്നെ സ്തുതിക്കുന്ന മഹത്വമുള്ള മാലാഖമാരുടെ കൂട്ടങ്ങളോടുകൂടെ നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെയും യോഗ്യതയുള്ള വരാക്കി തീർക്കേണമേ, ഹോശോ.. ..

ജ. ആമ്മീൻ

## **മയ്യൽ** (പ്രഭാതം)

പ. ദൈവമായ കർത്താവേ, ഭാഗ്യം നൽകുന്നവയും പ്രകാശം നിറഞ്ഞിരിക്കുന്നവയും ആയ നിന്റെ രശ്മികളാൽ ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ. കർത്താവേ, നിന്റെ മുഖശോഭയാൽ ഞങ്ങളെ ആനന്ദിപ്പിക്കേണമേ. ഞങ്ങളുടെ ജീവന്റെ ആശാബന്ധവും ഞങ്ങളുടെ ആത്മാക്കളുടെ രക്ഷിതാവുമായി ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹായേ, നിന്റെ കൃപയുടെ സഹായങ്ങൾകൊണ്ട് ഞങ്ങളെ തുണയ്ക്കുകയും ചെയ്യേണമേ. .. ഹോശോ.. ..

ജ. ആമ്മീൻ

## **രാവിലെ 9 മണി** (എഴര നാഴിക)

പ. ഞങ്ങളുടെ ദൈവമായ കർത്താവേ നിന്റെ കരുണയുടെ വാതിലിൽ ഞങ്ങൾ മുട്ടുന്നു. ധന്യമായ നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു ദയയും കരുണയും ഞങ്ങൾ യാചിക്കുന്നു. ഞങ്ങളുടെ പ്രത്യാശയും ബലവും ശരണവുമായ കർത്താവേ, നിന്നിൽ ശരണം പ്രാപിച്ചിരിക്കുന്ന ഞങ്ങളെ സഹായിക്കേണമേ. നിന്നെ ഏറ്റുപറഞ്ഞ ഞങ്ങളെ ലജ്ജിപ്പിക്കയുമരുതേ. കർത്താവേ, വചനം കൊണ്ടും, പ്രവർത്തി കൊണ്ടും, വിചാരം കൊണ്ടും, ഇന്ദ്രിയങ്ങൾ കൊണ്ടും നിന്റെ അടിയാരായ ഞങ്ങൾ ചെയ്തു പോയ സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കേണമേ. ദുഷ്ടന്റെയും അവന്റെ

സൈന്യങ്ങളുടെയും എല്ലാ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ പരിപാലിപ്പാൻ നിൻെറ സമാധാനത്തിൻെറ മാലാഖയെ ഞങ്ങൾക്കു അയച്ചു തരേണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നേക്കും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ..

ജ. ആമ്മീൻ

## ഉച്ച

പ. സർവ്വ വല്ലഭനായിരിക്കുന്ന ദൈവമായ കർത്താവേ, നിൻെറ ഏകപുത്രൻെറ പീഡാനുഭവങ്ങളുടെ സമയങ്ങൾ ഞങ്ങൾക്കു അപേക്ഷകളുടെയും ആശ്വാസങ്ങളുടെയും സമയങ്ങൾ ആക്കിത്തീർത്തിരിക്കകൊണ്ട് നിനക്കു ഞങ്ങൾ സ്തോത്രം ചെയ്യുന്നു. നിന്നെ ഞങ്ങൾ വന്ദിക്കുന്നു. കർത്താവേ, ഈ സമയത്ത് ഞങ്ങളുടെ നമസ്ക്കാരവും അപേക്ഷയും കൈക്കൊള്ളേണമേ. നിൻെറ ഏകപുത്രൻ സ്ലീബാമേൽ തറയ്ക്കപ്പെട്ട നാഴികയിൽ ദുഷ്ടൻെറ സകല ശക്തിയും നീ ഇല്ലായ്മ ചെയ്ത പ്രകാരം പാപം നിമിത്തം ഞങ്ങൾക്കു വിരോധമായി എഴുതിയിരിക്കുന്ന കടങ്ങളുടെ ചീട്ടു കീറി ഇല്ലാതാക്കേണമേ. വന്ദിക്കപ്പെട്ടതും വിശുദ്ധിയുള്ളതുമായ നിൻെറ തിരുനാമത്തെ മഹത്വപ്പെടുത്തുന്ന വിശിഷ്ട നടപടികളും നിർമ്മല ജീവിതവും ഞങ്ങൾക്കു നീ നൽകേണമേ. ആദ്യന്തമില്ലാത്ത പിതാവേ, നിനക്കും നിൻെറ ഏകപുത്രനും നിൻെറ പരിശുദ്ധ റൂഹായ്ക്കും ഞങ്ങൾ സ്തുതി കരേറ്റിയുംകൊണ്ട് നിൻെറ ഏകപുത്രൻെറ പ്രബലപ്പെട്ട സിംഹാസനത്തിൻെറ മുമ്പാകെ നില്പാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കയും ചെയ്യേണമേ. ഹോശോ..

ജ. ആമ്മീൻ

## വൈകിട്ട് മൂന്നുമണി (ഒൻപതാം മണി)

പ. തൻെറ മഹാസ്നേഹത്താൽ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്ന ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ നിൻെറ മനുഷ്യാവതാരത്താൽ ഞങ്ങളെ ദൈവ മക്കൾ ആക്കിത്തീർക്കുകയും, നിൻെറ താഴ്ചയാൽ ഞങ്ങൾക്കു ഉന്നതി വരുത്തുകയും, നിൻെറ മരണത്താൽ ഞങ്ങൾക്കു ജീവൻ നൽകുകയും, നിൻെറ കബറടക്കത്താൽ മരണത്തിന്മേലുള്ള ജയം ഞങ്ങൾക്കു സമ്പാദിച്ചു തരികയും, പാതാളത്തിലേക്കുള്ള നിൻെറ പ്രവേശനത്താൽ സ്വർഗ്ഗവാതിൽ ഞങ്ങൾക്കു തുറന്നു തരികയും, ശവക്കല്ലറയിലെ ഉറക്കത്താലും അതിൽ നിന്നുള്ള ഉയിർത്തെഴുന്നേൽപിനാലും ഞങ്ങളെ ഉണർത്തി എഴുന്നേൽപ്പിക്കുകയും, നിൻെറ സ്വർഗ്ഗാരോഹണത്താൽ നിന്നോടു കൂടെ ഞങ്ങളെ ഉയർത്തുകയും ചെയ്തിരിക്കുന്നുവല്ലോ. കർത്താവേ, നിന്നെ നോക്കി വിളിക്കുന്ന ഞങ്ങളോടു ദയ തോന്നി, ഞങ്ങളുടെ യാചനകളെ കേൾക്കേണമേ. ഞങ്ങളുടെ കടങ്ങളെ പരിഹരിച്ച്, ഞങ്ങളെ ആനന്ദിപ്പിക്കേണമേ. സകല ഉപദ്രവങ്ങളിൽ നിന്നും കഠിനമായ പരീക്ഷകളിൽ നിന്നും ഞങ്ങളെ വീണ്ടുകൊണ്ട് രക്ഷിക്കേണമേ. കർത്താവേ, നിൻെറ സഹായങ്ങളാൽ നിൻെറ കല്പനകൾ ആചരിക്കുവാനും, നിനക്ക് ഇഷ്ടമായ വിധത്തിൽ ജീവിക്കുവാനും, നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കുകയും ചെയ്യേണമേ. ഹോശോ.. ..

ജ. ആമ്മീൻ

# സങ്കീർത്തനങ്ങൾ

(സന്ദർഭോചിതമായി താഴെയുള്ള സങ്കീർത്തനങ്ങൾ ഉപയോഗിക്കുക)

## 51–ാം സങ്കീർത്തനം

പ. ദൈവമേ, നിൻെറ ദയെക്കു തക്കവണ്ണം എന്നോടു കൃപയുണ്ടാകേണമേ; നിൻെറ കരുണയുടെ ബഹുത്വപ്രകാരം എൻെറ ലംഘനങ്ങളെ മായിച്ചുകളയേണമേ.

ജ. എന്നെ നന്നായി കഴുകി എൻെറ അകൃത്യം പോക്കേണമേ; എൻെറ പാപം നീക്കി എന്നെ വെടിപ്പാക്കേണമേ.

പ. എൻെറ ലംഘനങ്ങളെ ഞാൻ അറിയുന്നു; എൻെറ പാപം എപ്പോഴും എൻെറ മുമ്പിൽ ഇരിക്കുന്നു.

ജ. നിന്നോടു തന്നേ ഞാൻ പാപം ചെയ്തു; നിനക്കു അനിഷ്ടമായുള്ളതു ഞാൻ ചെയ്തിരിക്കുന്നു.

പ. സംസാരിക്കുമ്പോൾ നീ നീതിമാനായും വിധിക്കുമ്പോൾ നിർമ്മലനായും ഇരിക്കേണ്ടതിന്നു തന്നേ.

ജ. ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി; പാപത്തിൽ എൻെറ അമ്മ എന്നെ ഗർഭം ധരിച്ചു.

പ. അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛരിക്കുന്നതു; അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ.

ജ. ഞാൻ നിർമ്മലനാകേണ്ടതിന്നു ഈസോപ്പുകൊണ്ടു എന്നെ ശുദ്ധീകരിക്കേണമേ; ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിന്നു എന്നെ കഴുകേണമേ.

പ. സന്തോഷവും ആനന്ദവും എന്നെ കേൾക്കുമാറാക്കേണമേ; നീ ഒടിച്ച അസ്ഥികൾ ഉല്ലസിക്കട്ടെ.

ജ. എൻെറ പാപങ്ങളെ കാണാതെവണ്ണം നിൻെറ മുഖം മറെക്കേണമേ. എൻെറ അകൃത്യങ്ങളെ ഒക്കെയും മായിച്ചുകളയേണമേ.

പ. ദൈവമേ, നിർമ്മലമായോരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായോരാത്മാവിനെ എന്നിൽ പുതുക്കേണമേ.

ജ. നിൻെറ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയരുതേ; നിൻെറ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നു എടുക്കയുമരുതേ.

പ. നിൻെറ രക്ഷയുടെ സന്തോഷം എനിക്കു തിരികെ തരേണമേ; മനസ്സൊരുക്കമുള്ള ആത്മാവിനാൽ എന്നെ താങ്ങേണമേ.

ജ. അപ്പോൾ ഞാൻ അതിക്രമക്കാരോടു നിൻെറ വഴികളെ ഉപദേശിക്കും; പാപികൾ നിങ്കലേക്കു മനംതിരിയും.

പ. എൻെറ രക്ഷയുടെ ദൈവമായ ദൈവമേ, രക്തപാതകത്തിൽനിന്നു എന്നെ വിടുവിക്കേണമേ; എന്നാൽ എൻെറ നാവു നിൻെറ നീതിയെ ഘോഷിക്കും.

ജ. കർത്താവേ, എൻെറ അധരങ്ങളെ തുറക്കേണമേ; എന്നാൽ എൻെറ വായ് നിൻെറ സ്തുതിയെ വർണ്ണിക്കും.

പ. ഹനനയാഗം നീ ഇച്ഛിക്കുന്നില്ല; അല്ലെങ്കിൽ ഞാൻ അർപ്പിക്കുമായിരുന്നു; ഹോമയാഗത്തിൽ നിനക്കു പ്രസാദവുമില്ല.

ജ. ദൈവത്തിൻെറ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സു; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല. – ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ–ആമേൻ.

## 6–ാം സങ്കീർത്തനം

പ. യഹോവേ, നിൻെറ കോപത്തിൽ എന്നെ ശിക്ഷിക്കരുതേ; നിൻെറ ക്രോധത്തിൽ എന്നെ ദണ്ഡിപ്പക്കരുതേ.

ജ. യഹോവേ, ഞാൻ തളന്നിരിക്കുന്നു; എന്നോടു കരുണയുണ്ടാകേണമേ. യഹോവേ, എൻെറ അസ്ഥികൾ ഭ്രമിച്ചിരിക്കുന്നു; എന്നെ സൌഖ്യമാക്കേണമേ.

പ. എൻെറ പ്രാണനും അത്യന്തം ഭ്രമിച്ചിരിക്കുന്നു; നീയോ, യഹോവേ, എത്രത്തോളം ?

ജ. യഹോവേ, തിരിഞ്ഞു എൻെറ പ്രാണനെ വിടുവിക്കേണമേ; നിൻെറ കാരുണ്യംനിമിത്തം എന്നെ രക്ഷിക്കേണമേ.

പ. മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ലല്ലോ; പാതാളത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും?

ജ. എൻെറ ഞരക്കംകൊണ്ടു ഞാൻ തകർന്നിരിക്കുന്നു; രാത്രി മുഴുവനും എൻെറ കിടക്കയെ ഒഴുക്കുന്നു; കണ്ണനീർകൊണ്ടു ഞാൻ എൻെറ കട്ടിലിനെ നനെക്കുന്നു.

പ. ദുഃഖംകൊണ്ടു എൻെറ കണ്ണു കുഴിഞ്ഞിരിക്കുന്നു; എൻെറ സകലവൈരികളും ഹേതുവായി ക്ഷീണിച്ചുമിരിക്കുന്നു.

ജ. നീതികേടു പ്രവർത്തിക്കുന്ന ഏവരുമേ എന്നെ വിട്ടുപോകുവിൻ; യഹോവ എൻെറ കരച്ചിലിൻെറ ശബ്ദം കേട്ടിരിക്കുന്നു.

പ. യഹോവ എന്റെ അപേക്ഷ കേട്ടിരിക്കുന്നു; യഹോവ എന്റെ പ്രാർത്ഥന കൈക്കൊള്ളും.

ജ. എന്റെ ശത്രുക്കൾ എല്ലാവരും ലജ്ജിച്ചു ഭ്രമിക്കും; അവർ പിന്തിരിഞ്ഞു പെട്ടെന്നു നാണിച്ചുപോകും. – ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ–ആമേൻ.

## 32–ാം സങ്കീർത്തനം

പ. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ഭാഗ്യവാൻ.

ജ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ.

പ. ഞാൻ മിണ്ടാതെയിരുന്നപ്പോൾ നിത്യമായ ഞരക്കത്താൽ എന്റെ അസ്ഥികൾ ക്ഷയിച്ചുപോയി;

ജ. രാവും പകലും നിന്റെ കൈ എന്റെമേൽ ഭാരമായിരുന്നു; എന്റെ മജ്ജ വേനൽക്കാലത്തിലെ ഉഷ്ണത്താൽ എന്നപോലെ വറ്റിപ്പോയി.

പ. ഞാൻ എന്റെ പാപം നിന്നോടറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല.

ജ. എന്റെ ലംഘനങ്ങളെ യഹോവയോടു ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു; അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു.

പ. ഇതുനിമിത്തം ഓരോ ഭക്തനും കണ്ടെത്താകുന്ന കാലത്തു നിന്നോടു പ്രാർത്ഥിക്കും; പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അതു അവന്റെ അടുക്കലോളം എത്തുകയില്ല.

ജ. നീ എനിക്കു മറവിടമാകുന്നു; നീ എന്നെ കഷ്ടത്തിൽനിന്നു സൂക്ഷിക്കും; രക്ഷയുടെ ഉല്ലാസഘോഷംകൊണ്ടു നീ എന്നെ ചുറ്റിക്കൊള്ളും.

പ. ഞാൻ നിന്നെ ഉപദേശിച്ചു, നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചുതരും; ഞാൻ നിന്റെമേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞുതരും.

ജ. നിങ്ങൾ ബുദ്ധിയില്ലാത്ത കുതിരയെയും കോവർകഴുതയെയും പോലെ ആകരുതു; അവയുടെ ചമയങ്ങളായ കടിഞ്ഞാണും മുഖപ്പട്ടയുംകൊണ്ടു അവയെ അടക്കിവരുന്നു; അല്ലെങ്കിൽ അവ നിനക്കു സ്വാധീനമാകയില്ല.

പ. ദുഷ്ടന്നു വളരെ വേദനകൾ ഉണ്ടു; യഹോവയിൽ ആശ്രയിക്കുന്നവനെയോ ദയ ചുറ്റിക്കൊള്ളും.

ജ. നീതിമാന്മാരേ, യഹോവയിൽ സന്തോഷിച്ചാനന്ദിപ്പിൻ; ഹൃദയപരമാർത്ഥികൾ എല്ലാവരുമായുള്ളോരേ, ഘോഷിച്ചുല്ലസിപ്പിൻ. – ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ–ആമേൻ.

## 38–ാം സങ്കീർത്തനം

പ. യഹോവേ, ക്രോധത്തോടെ എന്നെ ശിക്ഷിക്കരുതേ; ഉഗ്രനീരസത്തോടെ എന്നെ ദണ്ഡിപ്പിക്കയുമരുതേ.

ജ. നിന്റെ അസ്ത്രങ്ങൾ എന്നിൽ തറെച്ചിരിക്കുന്നു; നിന്റെ കൈ എന്റെമേൽ ഭാരമായിരിക്കുന്നു.

പ. നിന്റെ നീരസം ഹേതുവായി എന്റെ ദേഹത്തിൽ സൌഖ്യമില്ല; എന്റെ പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല.

ജ. എന്റെ അകൃത്യങ്ങൾ എന്റെ തലെക്കുമീതെ കവിഞ്ഞിരിക്കുന്നു; ഭാരമുള്ള ചുമടുപോലെ അവ എനിക്കു അതിഘനമായിരിക്കുന്നു.

പ. എന്റെ ഭോഷത്വം ഹേതുവായി എന്റെ വ്രണങ്ങൾ ചീഞ്ഞുനാറുന്നു. ഞാൻ കുനിഞ്ഞു ഏറ്റവും കൂനിയിരിക്കുന്നു; ഞാൻ ഇടവിടാതെ ദുഃഖിച്ചു നടക്കുന്നു.

ജ. എന്റെ അരയിൽ വരൾച്ച നിറഞ്ഞിരിക്കുന്നു; എന്റെ ദേഹത്തിൽ സൌഖ്യമില്ല.

ജ. ഞാൻ ക്ഷീണിച്ചു അത്യന്തം തകർന്നിരിക്കുന്നു; എന്റെ ഹൃദയത്തിലെ ഞരക്കംനിമിത്തം ഞാൻ അലറുന്നു.

പ. കർത്താവേ, എന്റെ ആഗ്രഹം ഒക്കെയും നിന്റെ മുമ്പിൽ ഇരിക്കുന്നു. എന്റെ ഞരക്കം നിനക്കു മറഞ്ഞിരിക്കുന്നതുമില്ല.

ജ. എന്റെ നെഞ്ചിടിക്കുന്നു; ഞാൻ വശംകെട്ടിരിക്കുന്നു; എന്റെ കണ്ണിന്റെ വെളിച്ചവും എനിക്കില്ലാതെയായി.

പ. എന്റെ സ്നേഹിതന്മാരും കൂട്ടുകാരും എന്റെ ബാധ കണ്ടു മാറിനില്ക്കുന്നു; എന്റെ ചാർച്ചക്കാരും അകന്നുനില്ക്കുന്നു.

ജ. എനിക്കു പ്രാണഹാനി വരുത്തുവാൻ നോക്കുന്നവർ കെണിവെയ്ക്കുന്നു; എനിക്കു അനർത്ഥം അന്വേഷിക്കുന്നവർ വേണ്ടാതനം സംസാരിക്കുന്നു; അവർ ഇടവിടാതെ ചതിവു ചിന്തിക്കുന്നു.

പ. എങ്കിലും ഞാൻ ചെകിടനെപ്പോലെ കേൾക്കാതെ ഇരുന്നു; വയ്തുറക്കാതെ ഊമനെപ്പോലെ ആയിരുന്നു.

ജ. ഞാൻ, കേൾക്കാത്ത മനുഷ്യനെപ്പോലെയും വായിൽ പ്രതിവാദമില്ലാത്തവനെപ്പോലെയും ആയിരുന്നു.

പ. യഹോവേ, നിങ്കൽ ഞാൻ പ്രത്യാശ വെച്ചിരിക്കുന്നു; എന്റെ ദൈവമായ കർത്താവേ നീ ഉത്തരം അരുളും.

ജ. അവർ എന്നെച്ചൊല്ലി സന്തോഷിക്കരുതേ എന്നു ഞാൻ പറഞ്ഞു; എന്റെ കാൽ വഴുതുമ്പോൾ അവർ എന്റെ നേരെ വമ്പു പറയുമല്ലോ.

പ. ഞാൻ ഇടറി വീഴുമാറായിരിക്കുന്നു; എന്റെ ദുഃഖം എപ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു.

ജ. ഞാൻ എന്റെ അകൃത്യത്തെ ഏറ്റുപറയുന്നു; എന്റെ പാപത്തെക്കുറിച്ചു ദുഃഖിക്കുന്നു.

പ. എന്റെ ശത്രുക്കളോ ജീവനും ബലവുമുള്ളവർ. എന്നെ വെറുതെ പകെക്കുന്നവർ പെരുകിയിരിക്കുന്നു.

ജ. ഞാൻ നന്മ പിന്തുടരുകയാൽ അവർ എനിക്കു വിരോധികളായി നന്മെക്കു പകരം തിന്മ ചെയ്യുന്നു.

പ. യഹോവേ, എന്നെ കൈവിടരുതേ; എന്റെ ദൈവമേ എന്നോടകന്നിരിക്കരുതേ.

ജ. എന്റെ രക്ഷയാകുന്ന കർത്താവേ, എന്റെ സഹായത്തിന്നു വേഗം വരേണമേ. – ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ–ആമേൻ.

## 56–ാം സങ്കീർത്തനം

പ. ദൈവമേ, എന്നോടു കൃപയുണ്ടാകേണമേ; മനുഷ്യർ എന്നെ വിഴുങ്ങുവാൻ പോകുന്നു; അവർ ഇടവിടാതെ പൊരുതു എന്നെ ഞെരുക്കുന്നു.

ജ. എന്റെ ശത്രുക്കൾ ഇടവിടാതെ എന്നെ വിഴുങ്ങുവാൻ ഭാവിക്കുന്നു; ഗർവ്വത്തോടെ എന്നോടു പൊരുതുന്നവർ അനേകരല്ലോ.

പ. ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും.

ജ. ഞാൻ ദൈവത്തിൽ അവൻെറ വചനത്തെ പുകഴും; ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു;

പ. ഞാൻ ഭയപ്പെടുകയില്ല. ജഡത്തിന്നു എന്നോടു എന്തു ചെയ്‌വാൻ കഴിയും?

ജ. ഇടവിടാതെ അവർ എൻെറ വാക്കുകളെ കോട്ടിക്കളയുന്നു; അവരുടെ വിചാരങ്ങളൊക്കെയും എൻെറ നേരെ തിന്മെക്കായിട്ടാകുന്നു.

പ. അവർ കൂട്ടംകൂടി ഒളിച്ചിരിക്കുന്നു; എൻെറ പ്രാണനായി പതിയിരിക്കുമ്പോലെ അവർ എൻെറ കാലടികളെ നോക്കിക്കൊണ്ടിരിക്കുന്നു.

ജ. നീതികേടിനാൽ അവർ ഒഴിഞ്ഞുപോകുമോ? ദൈവമേ, നിൻെറ കോപത്തിൽ ജാതികളെ തള്ളിയിടേണമേ.

പ. നീ എൻെറ ഉഴൽച്ചകളെ എണ്ണുന്നു; എൻെറ കണ്ണുനീർ നിൻെറ തുരുത്തിയിൽ ആക്കിവെക്കേണമേ; അതു നിൻെറ പുസ്തകത്തിൽ ഇല്ലയോ?

ജ. ഞാൻ വിളിച്ചപേക്ഷിക്കുമ്പോൾ തന്നേ എൻെറ ശത്രുക്കൾ പിൻതിരിയുന്നു; ദൈവം എനിക്കു അനുകൂലമെന്നു ഞാൻ അറിയുന്നു.

പ. ഞാൻ ദൈവത്തിൽ അവൻെറ വചനത്തെ പുകഴും; ഞാൻ യഹോവയിൽ അവൻെറ വചനത്തെ പുകഴും.

ജ. ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു; ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന്നു എന്നോടു എന്തു ചെയ്‌വാൻ കഴിയും?

പ. ദൈവമേ, നിനക്കുള്ള നേർച്ചകൾക്കു ഞാൻ കടമ്പെട്ടിരിക്കുന്നു; ഞാൻ നിനക്കു സ്തോത്രയാഗങ്ങളെ അർപ്പിക്കും.

ജ. ഞാൻ ദൈവത്തിൻെറ മുമ്പാകെ ജീവൻെറ പ്രകാശത്തിൽ നടക്കേണ്ടതിന്നു നീ എൻെറ പ്രാണനെ മരണത്തിൽനിന്നും എൻെറ കാലുകളെ ഇടർച്ചയിൽനിന്നും വിടുവിച്ചുവല്ലോ. – ബാറെക്മോർ

പ. പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജ. ആദിമുതൽ എന്നന്നേക്കും തന്നെ–ആമേൻ.

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ (മോറോൻ) യേശുമ്ശിഹായേ–നിൻെറ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ നേരെ അടച്ചു കളയരുതേ.

ജ. കർത്താവേ, ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു–ഞങ്ങളെ അനുഗ്രഹിക്കണമേ

പ. കർത്താവേ, നിൻെറ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാൻ, നിൻെറ സ്നേഹം നിന്നെ നിൻെറ സ്ഥലത്തുനിന്നു, ഞങ്ങളുടെ അടുക്കലേക്ക് ഇറക്കിക്കൊണ്ടുവന്നു.

ജ. കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കേണമേ–ആമേൻ.

## ക്രോബകളുടെ സ്തുതി

പ. അത്യുന്നതങ്ങളിൽ കർത്താവിൻെറ തിരുനാമം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

ജ. അത്യുന്നതങ്ങളിൽ കർത്താവിൻെറ ബഹുമാനം എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു. അത്യുന്നതങ്ങളിൽ കർത്താവിൻെറ ബഹുമാനം എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

പ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ–ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ.

ജ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ–ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ– വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ–ദയതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹമരുളണമേ.

പ. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുനാകുന്നു.

ജ. നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുനാകുന്നു–നീ വിശുദ്ധിയുള്ളവനാകുന്നു–നിൻെറ തിരുനാമം എന്നന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു.

പ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

ജ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി–എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി. – ബാറെക്മാർ.

(അല്ലെങ്കിൽ) ഗീതം

ഉന്നതത്തിൽനിന്നു കർത്താവിൻ തിരുനാമം
എന്നേക്കും അതു വാഴ്വുള്ളതാകുന്നു.

ഉന്നതത്തിൽനിന്നു കർത്താവിൻ ബഹുമാനം
എന്നന്നേക്കും അതു വാഴ്വുള്ളതാകുന്നു.

പരിശുദ്ധൻ മഹിമാവാൻ ത്രീയേക ദൈവമേ!
അനുഗ്രഹം ഞങ്ങളിൽ നീ ചൊരിയേണം എപ്പോഴും.

പരിശുദ്ധൻ മഹിമാവാൻ ത്രീ-ഏക ദൈവമേ!
ദയയാലനുഗ്രഹം നീ ചൊരിഞ്ഞീടണമേ.

എന്നേക്കും നീ പരിശുദ്ധൻ, പരിശുദ്ധൻ,
പരിശുദ്ധൻ കർത്താവേ മഹിമാവാൻ നിത്യം

എന്നും നീ സ്തുത്യൻ പരിശുദ്ധൻ നാഥാ!
തിരുനമമെന്നേക്കും വഴ്വുള്ളതാകുന്നു.
എൻ കർത്താവേ സ്തുതിതേ, സ്തുതി എൻ കർത്താവ,
നിത്യ ശരണവുമേ സ്തുതിതേ ബാറെക്മാർ

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.. .. ..

ജ. നിൻെറ നാമം.. .. ..

## നിഖ്യാ വിശ്വാസപ്രമാണം

 പ. പിതാവായ, സർവ്വശക്തനായ.. .. ..

ജ. ആകാശത്തിൻെറയും ഭൂമിയുടെയും– കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ– സകലത്തിൻെറയും സഷ്ടാവുമായ –സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

പ. ദൈവത്തിൻെറ ഏകപുത്രനും.. ..

ജ. സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽനിന്നു ജനിച്ചവനും –പ്രകാശത്തിൽനിന്നുള്ള പ്രകാശവും– സത്യ ദൈവത്തിൽനിന്നുള്ള സത്യദൈവവും– ജനിച്ചവനും സൃഷ്ടിയല്ലാത്തവനും–തത്വത്തിൽ പിതാവിനോട് ഏകത്വമുള്ളവനും–സകല സൃഷ്ടിക്കും മുഖാന്തര മായവനും–മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി–സ്വർഗ്ഗത്തിൽനിന്നും ഇറങ്ങി– വിശുദ്ധറൂഹായാൽ കന്യകമറിയാമിൽനിന്നും ജഡം ധരിച്ച് മനുഷ്യനായി– പൊന്തിയോസ് പീലാത്തോസിൻെറ നാളുകളിൽ– ഞങ്ങൾക്കു വേണ്ടി † ക്രൂശിക്കപ്പെട്ട്– കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റ്–സ്വർഗ്ഗ ത്തിലേക്ക് കരേറി–തൻെറ പിതാവിൻെറ വലത്തു ഭാഗത്തിരിക്കുന്നവനും– അവസാനമില്ലാത്ത രാജത്വമുള്ളവനും– ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ– തൻെറ മഹാപ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ– യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

പ. സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും.. ..

ജ. പിതാവിൽനിന്നു പുറപ്പെട്ട്–പിതാവിനോടും–പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട്–സ്തുതിക്കപ്പെടുന്നവനും– നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ–ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും –കാതോലികവും അപ്പൊസ്തലികവുമായ ഏകവിശുദ്ധസഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പ. പാപമോചനത്തിനുള്ള മാമ്മോദീസാ.. ..

ജ. ഒന്നുമാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ്-മരിച്ചവരുടെ ഉയിർത്തെഴുന്നേല്പ്പിനും-വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും-ഞങ്ങൾ നോക്കിപ്പാർക്കയും ചെയ്യുന്നു. ആമേൻ.

ശ. ബാറെക്മോർ - സ്തൗമൻ കാ-ലോസ്

ജ. കുറയോലായിസ്സോൻ

## ശയന നമസ്ക്കാരം

ഞങ്ങൾക്കുള്ള കർത്താവേ
ഞാനിഹ നിദ്രയൊഴിഞ്ഞിട്ടു
ഉണർവ്വോടെ നിൻ തിരുമുമ്പിൽ
നില്പാനെനിക്കു നീ അരുളണമേ

വീണ്ടും ഞാനുറങ്ങുന്നാകിൽ
ഈയടിയാനുള്ള ഉറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ

എന്നുണർച്ചയിൽഞാൻ ചതിപെടുകിൽ
നിൻകൃപമോചനം എനിക്കേകും
നിദ്രയിലും പിഴ വന്നാകിൽ
ആർദ്രമതേ! ക്ഷമ നൽകണമേ

നിന്നുടെ കുരിശിൻ ശാന്തിയതാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ

ശാന്തതയേറിയ നിദ്രയതാൽ
ശാന്തിതരേണം രാ മുഴുവൻ
ആകാനിനവും ദുഷ്ടതയും
അധികാരത്തിലമർത്തല്ലേ

നിന്നുടെ അടിയാൻ ഞാനതിനാൽ
എൻെറ ശരീരം കാപ്പാനായ്
വെളിവിനുടെ മാലാഖായെ
എനിക്കു നീ തരണം കർത്താവേ

ദേഷത പെട്ടോരിച്ചയിൽ നി-
ന്നെന്നെ നീ രക്ഷിച്ചു കൊള്ളണമേ
ഉയിരേക്കും നിൻ ദേഹത്തെ
ഞാനനുഭവിച്ചതിനാലെ

ആശ്വാസത്തിലുറങ്ങുമ്പോൾ
ആശിസ്സഭയം നിൻ രക്തം
നിൻ സൃഷ്ടിക്കിഹ സ്വാതന്ത്ര്യം
നീ കൃപയോടെ നല്കണമേ

നിൻ കൈ മനെഞ്ഞ ശരീരത്തിൽ
നിൻെറ വലങ്കൈ വാഴണമേ
നിൻെറ കരുണകൾ കോട്ടയതായ്
എൻെറ ചുറ്റിലുമാകണമേ

നിദ്രയിലാണ്ടു കിടക്കുമ്പോൾ
ഭദ്രം കാവലു നിൻ ശക്തി
എൻെറയുറക്കം തിരുമുമ്പിൽ
നൽ ധൂപം പോലാകണമേ

എന്നെപ്പോറ്റുന്നുടയവനെ
നിന്നൊടു തന്നെ യാചിപ്പു
എനിക്കുള്ള ശയനത്തിന്മേൽ
തിന്മ പെട്ടവനണയരുതേ

ബലവാനായ് ഞാൻ ജീവിപ്പാൻ
ബലിയായ് ജീവനണച്ചവനേ
എന്നെ വ്യസനത്തിലാക്കായ്വാൻ
സാത്താനെ നീ വിലക്കണമേ

കർത്താവേ നിൻ വാഗ്ദത്തം
എന്നിൽ നിറവേറ്റീടണമേ
നിൻെറ സ്ലീബാ മരണത്താൽ
എൻെറ ആയുസ്സു കാക്കണമേ

ഞാനുണരും നേരത്തിങ്കൽ
നിന്നെ ഞാൻ കൊണ്ടാടിടുവാൻ
എൻെറ നിദ്രാ വേളയിലും
നിൻെറ ഉപവി നീ കാട്ടണമേ

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിൻെറ മനോഗുണമതിനാലെ
എനിക്കു മനോഗുണം അരുളുക നീ

നിനക്കു സ്തുതി നിന്നനുഗ്രഹങ്ങൾ
അടിയാരുടെ മേലിരിക്കണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമാകണമേ

നിരപ്പു നിറഞ്ഞോരന്തിയതും
നീതി വിളങ്ങും രാവും നീ
ഞങ്ങളുടെ രക്ഷകനാം മ്ശിഹാ
നാഥാ അടിയാർക്കരുളണമേ

എൻ കർത്താവേ നിനക്കു സ്തുതി
നിനക്കുസ്തുതിസ്തുതിനിനക്കുസ്തുതി
ആയിരങ്ങളിന്മേലായിരമായ്
അളവു കൂടാതെ നിനക്കു സ്തുതി

വെളിവിൻ വെളിവു നീ ആകുന്നു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ നമിക്കുന്നു

പ്രാർത്ഥനകൾ കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളിൻ പ്രാർത്ഥനകൾ കേട്ട്
യാചനകൾ നൽകീടണമേ

കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ-കുറിയേലായിസ്സോൻ

## ലുത്തിനിയാ

പ. സത്യവാനായ ദൈവം തമ്പുരാനേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ. സകല ദോഷങ്ങളിൽ നിന്നും, സകല പാപങ്ങളിൽ നിന്നും, സകല ദുർവ്വികാരങ്ങളിൽ നിന്നും.. ..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. അശുദ്ധമായ വികാരങ്ങളിൽ നിന്നും, മ്ലേച്ഛമായ മോഹങ്ങളിൽ നിന്നും, ദുഃസ്വപ്നങ്ങളിൽ നിന്നും, സാത്താനടുത്ത വിചാരങ്ങളിൽ നിന്നും.. ..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. സകല ശത്രുക്കളിൽ നിന്നും, ചതിവുള്ള സ്നേഹിതന്മാരിൽ നിന്നും, പിശാചുക്കളുടെ പരീക്ഷയിൽ നിന്നും, ദുഷ്ടമനുഷ്യരുടെ ആലോചനയിൽ നിന്നും..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. മറഞ്ഞിരിക്കുന്ന കെണിയിൽ നിന്നും, വ്യർത്ഥ സംസാരത്തിൽ നിന്നും, വൻ ചതിവുകളിൽ നിന്നും, ദുർവ്യവഹാരങ്ങളിൽ നിന്നും, ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽ നിന്നും, നിന്നിൽ നിന്നു ഞങ്ങളെ അകറ്റുന്ന സകലത്തിൽ നിന്നും.. ..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. കോപത്തിൻെറ വടിയിൽ നിന്നും, പെട്ടെന്നുള്ള മരണത്തിൽ നിന്നും, കോപത്തിൽ നിന്നും, ക്രോധത്തിൽ നിന്നും, മിന്നലിൽ നിന്നും, ഇടയിൽ നിന്നും, ഭൂകമ്പത്തിൽ നിന്നും, പഞ്ഞത്തിൽ നിന്നും, യുദ്ധത്തിൽ നിന്നും, പകർച്ച വ്യാധിയിൽ നിന്നും..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. അസഹ്യമായ സങ്കടത്തിൽ നിന്നും, ദോഷകരമായ നാഴികയിൽ നിന്നും, ഉപദ്രവമുള്ള അധികാരങ്ങളിൽ നിന്നും, സഹിപ്പാൻ വഹിയാത്ത സകല ശിക്ഷകളിൽ നിന്നും.. ..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.

പ. അഗ്നി നടകത്തിൽ നിന്നും, കഠിനമായ വേദനകളിൽ നിന്നും, ചാകാത്ത പുഴുവിൽ നിന്നും, കെടാത്ത തീയിൽ നിന്നും, പല്ലുകടിയിൽ നിന്നും, കരച്ചിലിൽ നിന്നും, "പോകുവിൻ ഞാൻ നിങ്ങളെ അറിയുന്നില്ല" എന്നുള്ള ന്യായവിധിയിൽ നിന്നും..

ജ. കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചു കൊള്ളണമേ.. ആമ്മീൻ.

## ഹുത്താമ്മാ

പ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, നിൻെറ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, ഞങ്ങളുടെ സഹായത്തിന് നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കണമേ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും, ഞങ്ങളുടെ നമസ്ക്കാരം നിനക്കു പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാര്യവും, ഞങ്ങളുടെ പ്രർത്ഥന നിനക്കു ബഹുമാനകരവുമായിരിക്കണമേ. കർത്താവേ, നിൻെറ അനുഗ്രഹങ്ങളും കരുണകളും സഹായങ്ങളും കൃപകളും ദൈവീകമായ നിൻെറ സകല ദാനങ്ങളും, ബലഹീനരായ ഞങ്ങളുടെ മേലും ബലഹീനതയുള്ള ഞങ്ങളുടെ വർഗ്ഗത്തിന്മേലും വന്ന് ആവസിച്ച്, എന്നേക്കും പാർക്കുമാറാകണമേ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. സത്യവിശ്വാസികൾക്കു ബലമുള്ള കോട്ടയും പിശാചുകൾക്ക് ഭയങ്കരമായതും മാലാഖമാർക്കു ബഹുമാനമുള്ളതുമായ ദൈവപുത്രൻെറ വന്ദ്യമായ സ്ലീബാ രാപ്പകൽ നമ്മെ കാത്തുമറച്ചുകൊള്ളുമാറാകട്ടെ. ദുഷ്ടമനുഷ്യരുടെ കോപത്തിൽനിന്നും, പിശാചുക്കളുടെയും, അവിശ്വാസികളുടെയും അസൂയയിൽനിന്നും ഉപദ്രവകരമായ അധികാരങ്ങളിൽനിന്നും കരുണയില്ലാത്ത യജമാനന്മാരുടെ കൈകളിൽനിന്നും രഹസ്യവും പരസ്യവുമായ സകല ശത്രുക്കളിൽനിന്നും സാത്താൻെറ കെണിയിൽനിന്നും, ആത്മാവിനെയും ശരീരത്തെയും ക്ലേശിപ്പിക്കുന്ന ദുർവികാരങ്ങളിൽ നിന്നും, പാപത്തിൻെറ എല്ലാ ശക്തിയിൽനിന്നും കർത്താവു നമ്മെ വിടുവിച്ച് വീണ്ടെടുത്ത്, നമ്മുടെ ആയുഷ്കാലം മുഴുവനും നമ്മെ പരിപാലിക്കുമാറകട്ടെ.

ജ. ആമേൻ.

## ആശീർവാദം

പ. സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിൻെറ സമാധാനം, ദൈവത്തെയും അവൻെറ പുത്രനും നമ്മുടെ രക്ഷിതാവുമായ യേശുമ്ശിഹായേയും കുറിച്ചുള്ള അറിവിലും സ്നേഹത്തിലും നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും കാക്കട്ടെ. പിതാവും പുത്രനും വിശുദ്ധറൂഹായുമായ ത്രീ–ഏക ദൈവത്തിൻെറ കൃപയും അനുഗ്രഹവും നിങ്ങളോടു കൂടെയും നിങ്ങളുടെ ഇടയിലും ഉണ്ടായിരുന്ന്, സകല ദോഷങ്ങളിൽനിന്നും നിങ്ങളെ കാത്തുമറച്ച്, സകല നന്മകൾക്കും നിങ്ങളെ യോഗ്യതയുള്ള വരാക്കിത്തീർക്കുമാറാകട്ടെ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മീയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുങ്ങിവന്ന് സംബന്ധിച്ചിട്ടുള്ള എല്ലാവരെയും ദൈവമായ കർത്താവു അനുഗ്രഹിച്ച് ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവം ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാർത്ഥനകൾ ഉന്നതമായ തൻെറ സിംഹാസനത്തിൻമുമ്പാകെ കേൾക്കയും കൈക്കൊ ള്ളുകയും ചെയ്യുമാറാകട്ടെ.

ജ. ആമേൻ.

(അല്ലെങ്കിൽ)

പ. നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപയും, ദൈവത്തിൻെറ സ്നേഹവും പരിശുദ്ധറൂഹായുടെ സംബന്ധവും സഹവാസവും നാം എല്ലാവർക്കും എന്നേക്കും ഉണ്ടായിരിക്കട്ടെ.

ജ. ആമേൻ.

# Day 1 Sunday - ദിനം 1 ഞായർ

ധ്യാനവിഷയം – രൂപാന്തരം – കാനാവിലെ കല്യാണം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സകലത്തെയും സൃഷ്ടിച്ച നിത്യനായ ദൈവമേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പാപികളെ രക്ഷിപ്പാൻ ഭൂമിയിലേക്കു വന്ന് ക്രൂശിലെ മരണത്തിലൂടെ തൻെറ സൃഷ്ടിയെ വീണ്ടെടുക്കാൻ ദൈവസ്നേഹത്തെ വെളിപ്പെടുത്തിയ കർത്താവേ, ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ഈ ദൈവസ്നേഹം ഞങ്ങളിലേക്ക് നിരന്തരം പകരുന്ന പരിശുദ്ധാത്മാവേ നിനക്കു സ്തുതി. കർത്താവേ, നിൻെറ പ്രകാശം ഞങ്ങളുടെ മനസ്സുകളിൽ ഉദിപ്പിക്കണമേ. നിൻെറ സ്നേഹത്തിൻെറ പ്രകാശം ഞങ്ങളെ പ്രശോഭിപ്പിക്കുകയും നിൻെറ സോപ്പായാൽ ഞങ്ങളുടെ കടങ്ങൾ വെൺമയാക്കപ്പെടുകയും ചെയ്യണമേ. അവർണ്ണനീയവും നിത്യവുമായ ദൈവരാജ്യ അടയാളങ്ങളെ കാനാവിലെ കല്യാണ വീട്ടിൽ വെളിവാക്കിയ കർത്താവേ, നീ ക്ഷണിക്കപ്പെട്ടു എങ്കിലും ക്ഷണിക്കുന്നവനും വിരുന്നൊരുക്കുന്നവനുമല്ലോ. തൻെറ സ്വർഗ്ഗീയ മുത്താഴത്തിനു സകലരെയും ക്ഷണിക്കുന്നവനായ കർത്താവേ, നിത്യവും ആനന്ദത്തിൻെറ പരിപൂർത്തിയായ നിൻെറ മണവറയിലേക്കും അർത്ഥസംപൂർണ്ണമായ നിൻെറ വിരുന്നാകുന്ന നിത്യസന്തോഷത്തിലേക്കും ഈ നോമ്പിൽ ഞങ്ങളെ വഴി നടത്തേണമേ. അവസാനമില്ലാത്ത ആ വിരുന്നിൽ നിൻെറ വിരുന്നു കാരോടും തോഴ്മക്കാരോടും കൂടി ഞങ്ങളെ ആനന്ദിപ്പിക്കുമാറാകേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുവാനായിട്ടു തന്നെ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. കനാവിൽ വെള്ളം വീഞ്ഞാക്കിയതിലൂടെ തന്നിൽ വിശ്വസിക്കുന്നവർക്കു നൽകുന്ന രൂപാന്തരത്തിൻെറ സന്ദേശം ഞങ്ങളുടെ ആളത്വത്തിലും മനോഭാവങ്ങളിലും ഉൾക്കൊള്ളാൻ കഴിയാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നോമ്പിലൂടെ അനുതാപവും പുതുജീവൻെറ അനുഭവവും സാദ്ധ്യമാകണമെന്നറിഞ്ഞിട്ടും കഠിന ഹൃദയത്തോടെ ബാഹ്യമായ ഭക്തിയിൽ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പിതാവുമായുള്ള നിരന്തര സംസർഗ്ഗവും പ്രാർത്ഥനയും ദൈവഹിതം തിരിച്ചറിയുവാൻ ഞങ്ങളെ സഹായിക്കുന്നു എന്നറിഞ്ഞിട്ടും ഉപവാസത്തേയും പ്രാർത്ഥനയേയും ഞങ്ങൾ ഗൗരവമായി കാണാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ലോകത്തിൽ വൈരാജ്യശുശ്രൂഷ അനായാസവും സൗകര്യപ്രദവുമായ മാർഗ്ഗങ്ങളിലൂടെയല്ല, സ്വയം ജീവനെ ത്യജിക്കുന്നതിലൂടെയാണ് എന്ന് തിരിച്ചറിഞ്ഞിട്ടും സുരക്ഷിതത്വത്തിൻെറ വഴി തേടിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല മഹിമയും എല്ലായ്പ്പോഴും നിരന്തരം കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമേ.

അനാധിയായും ശാശ്വതമായും പിതാവിൽ നിന്ന് ജനിച്ചിരിക്കെ കാലാവസാനത്തിൽ കന്യകയിൽ ശരീരം ധരിക്കുകയും ഭൂമിയിൽ മനുഷ്യരോടുകൂടെ ജീവിക്കുകയും ചരിക്കുകയും ഗലീലയിലെ കാനാവിൽ വെള്ളത്തെ വീഞ്ഞാക്കുകയും നിൻെറ ശിഷ്യരെ അടയാളങ്ങളാൽ സന്തോഷിപ്പിക്കുകയും ചെയ്ത കർത്താവേ, നിൻെറ കരുണയെ സ്തുതിക്കാൻ ഞങ്ങളെ ഒരുക്കേണമേ. ദൈവമായ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനയും ആരാധനയും ഞങ്ങളുടെ വിശ്വാസത്തെ ജ്വലിപ്പിക്കുവാനും സ്നേഹത്തെ ഉദ്ദീപിപ്പിക്കുവാനും ഐക്യത്തെ ദൃഢീകരിക്കുവാനും സാഹോദര്യത്തെ വളർത്തുവാനുമുള്ള അവസരമാക്കിത്തീർക്കണമേ. ഞങ്ങളോടുള്ള നിൻെറ സകല കൃപകൾക്കുംവേണ്ടി നിനക്കു സ്തോത്രം ചെയ്യുന്നു. നിൻെറ ഉപവാസത്തേയും പ്രാർത്ഥനയേയും പീഡാനുഭവത്തേയും ക്രൂശുമരണത്തേയും ഉയിർത്തെഴുന്നേൽപ്പിനേയും ധ്യാനിക്കുന്ന ഈ നോമ്പു നാളുകളിൽ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സ്വർഗ്ഗീയ മണവാളനാകുന്ന കർത്താവേ, നീ സകലത്തിൻെറയും സൃഷ്ടാവായിരിക്കുമ്പോൾ തന്നെ മൺമയരുടെ വിരുന്നിൽ ക്ഷണിക്കപ്പെടുവാൻ തക്കവണ്ണം കരുണയുള്ളവനായി തീർന്നു. നിൻെറ വിസ്മയനീയ പ്രവർത്തികളാൽ നിൻെറ ശിഷ്യഗണം നിന്നിൽ വിശ്വസിക്കയും നിന്നെ സ്തുതിക്കയും ചെയ്തു. നിൻെറ വിരുന്നിൽ ക്ഷണിക്കപ്പെട്ടവരാകുവാനും നിൻെറ വിസ്മയനീയ രൂപാന്തരത്തിൻെറ അനുഭവക്കാരാകുവാനും നിൻെറ ആജ്ഞ അനുസരിക്കുന്ന ശുശ്രൂഷക്കാരാകുവാനും നിന്നിൽ വിശ്വസിച്ച് രൂപാന്തരപ്പെടുത്തുന്ന നിൻെറ അത്ഭുതങ്ങളെ വർണ്ണിക്കുവാനും നിൻെറ ശക്തിയെ പ്രസിദ്ധമാക്കുവാനും ഞങ്ങൾക്ക് കൃപ നൽകേണമേ.

യാഗങ്ങളിൽ അല്ല കരുണകളിൽ താൽപ്പര്യപ്പെടുന്നവനും സർവ്വാംഗഹോമങ്ങളേക്കാൾ അധികം; നുറുങ്ങിയ ഹൃദയത്തെ ഇഷ്ടപ്പെടുന്നവനും തടിച്ച കാളകളുടെയും കുഞ്ഞാടുകളുടെയും രക്തത്തെയും സുഗന്ധയാഗത്തേയും കാൾ അധികം വിനയവും സൗമ്യതയുമുള്ള ആത്മാവിനെ സ്വീകരിക്കുന്നവനുമായ ദൈവമേ, പരിശുദ്ധ റൂഹായെ ഞങ്ങൾക്കു തന്ന് തിന്മശക്തികൾക്കു നിത്യേന ഞങ്ങൾ മരിക്കുകയും നീതിക്കായി ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത് നിൻെറ ജീവൻെറ പുതുക്കത്തിൽ നടന്ന് സൽപ്രവർത്തികളാകുന്ന ഫലം പുറപ്പെടുവിക്കുകയും നിൻെറ അനവരതമായ അനുഗ്രഹങ്ങൾക്കു യോഗ്യരാകുകയും ചെയ്യുമാറാകണമേ. സ്വയം വെറുമയാക്കുകയും ദൈവരാജ്യം ശക്തിയോടെ വെളിപ്പെടുത്തുകയും ചെയ്ത കർത്താവേ, അതേ ശക്തിയോടെ ദൈരാജ്യത്തിൻെറ ശുശ്രൂഷ ചെയ്യുവാൻ ഈ നോമ്പിൻ നാളുകളിൽ ഞങ്ങളെ ശക്തീകരിക്കേണമേ.

ഞങ്ങളുടെ കഷ്ടതകളിൽ ഏറ്റവും അടുത്ത തുണയായ കർത്താവേ, പക്ഷവാതക്കാർ, കുരുടർ, ചെകിടർ, വരണ്ട കൈയ്യുള്ളവർ, കുഷ്ഠരോഗികൾ തുടങ്ങി നാനാവ്യധികളാൽ വലഞ്ഞ് നിസ്സഹായതയിൽ ജീവിച്ചവർക്ക് സൗഖ്യം നൽകി ജീവൻെറ പൂർണ്ണതയിലേക്ക് നയിച്ച കർത്താവേ, ഇന്ന് സമൂഹത്തിൽ മാരകമായ രോഗങ്ങളാൽ വലയുന്നവരെയും, നിസ്സഹായരെയും ബലഹീനരെയും നീ സൗഖ്യമാക്കണമേ. കർത്താവിൻെറ സൗഖ്യദായക ശുശ്രൂഷയിൽ ഞങ്ങളും പങ്കാളികളായി പ്രവർത്തിക്കുവാൻ ഈ നോമ്പുകാലത്ത് കൂടുതൽ താൽപ്പര്യം ഞങ്ങളിൽ ഉണ്ടാകേണമേ. രോഗക്കിടക്കയിൽ ആയിരിക്കുന്നവരെയും, സ്വാന്തന ശുശ്രൂഷയിൽ കഴിയുന്നവരെയും, കഠിനമായ വേദന അനുഭവിക്കുന്നവരെയും, മരണാസന്നരായി കഴിയുന്നവരെയും, ജീവിത പ്രതിസന്ധികളിൽ ആയിരിക്കുന്നവരേയും ഓർത്ത് അവരുടെ ആശ്വാസത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിരുന്നിന് ക്ഷണിക്കപ്പെട്ടവനായിരുന്നിട്ട് തൻെറ അടയാളങ്ങളാൽ ആത്മീയ മണവറയുടെ സന്തോഷത്തെ ദൃഷ്ടാന്തീകരിച്ച കർത്താവേ, നിൻെറ മണവറയ്ക്ക് നിൻെറ സഭയെ ഒരുക്കേണമേ. ഞങ്ങൾ നിനക്ക് ഈ നേരത്തും എല്ലാ

നേരങ്ങളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

കർത്താവേ നിൻ ബെത്ഗാസ്സായിൻ വാതിലിൽ മുട്ടീ–
ട്ടനുഗ്രഹമിരക്കുന്നേൻ
വഴിതെറ്റീട്ടകലെ പോയൊരു പാപി ഞാനയ്യോ
അനുതപിച്ചവയെ വിട്ടു ഞാൻ നിൻ കൃപയാൽ–
ജീവിപ്പാനരുൾക
ദയവാനേ തവ വാതിൽ വിട്ടിട്ടെവിടെപ്പോയി–
മുട്ടീടുന്നെങ്ങൾ
മന്നിലെ നൃപരാൽ വന്ദിത ബഹുമാനിതനാം മന്നാ–
നിൻ കൃപ നിന്നെ പ്രാർത്ഥിക്കാഞ്ഞാലെഭൾക്കായ്–
മറ്റാരെരന്നീടും

പിതൃ പുത്ര വിശുദ്ധാത്മാവേ ഞങ്ങളോടെതിർക്കും–
ദുഷ്ടനിൽ നിന്നും തൻ
സേനയിൽ നിന്നും ഗോപുരമഭയ സ്ഥാനവും നീയേ
ദുഷ്ട വിശിഷ്ട വിഭാഗേ ഞങ്ങളെ നിൻ കൃപയിൻ–
ചിറകിലൊളിക്കണമേ
നാഥാ ഞങ്ങളിൻ പ്രാർത്ഥനയിൻ സ്വരം വാനവാതിൽ–
തുറക്കുമാറാകട്ടെ
ദൂതർ ഞങ്ങളിൻ പന്തിയിലിങ്ങനെ ചൊല്ലീടട്ടെ–
മണ്ണോർ സ്വരമെത്ര മനോഹരമവരുടെ കെഞ്ചൽ–
ഉടയവനരുളീടും

### അപേക്ഷ

ප. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

### എത്രാ

പ. തൻെറ കൃപയാൽ ഞങ്ങളുടെ അടുക്കലേക്ക് താണിറങ്ങിവന്ന്, നീതിമാന്മാരെയല്ല പാപികളെയത്രെ രക്ഷിപ്പാൻ വന്നിരിക്കുന്നത് എന്ന് അരുളിച്ചെയ്ത കർത്താവേ, ഞങ്ങളുടെ പാപങ്ങളെ നിൻെറ ദയയാൽ ക്ഷമിക്കണമേ. ശുദ്ധീകരണത്തിനായുള്ള കൽഭരണികളിലെ വെള്ളത്തെ മുന്തിരിരസമാക്കുവാനായി നിൻെറ വചനത്തെ അനുസരിച്ച ശുശ്രൂഷകരെപ്പോൽ നിൻെറ കൽപ്പനകളെ അനുസരിപ്പാനായി ഈ നോമ്പുനാളുകളിൽ ഞങ്ങളെ ശീലിപ്പിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനകളാകുന്ന ധൂപം നിനക്കു പ്രസാദകരമായിക്കണമേ. നിന്നോടു കൂടെയുള്ള സുകൃത നടപടികളാൽ ഈ ആരാധനയെ ധന്യമാക്കേണമേ.

ജ. ആമ്മീൻ

**ബോവുസോ** (അപേക്ഷ) മാർ അപ്രേം

(ഈണം നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

കാനാവിൽ കല്യാണവീട്ടിൽ
എഴുന്നെള്ളി വന്നോൻ മ്ശിഹാ
വെള്ളത്തെ വീഞ്ഞാക്കിയപോൽ
മാറ്റുക ഞങ്ങളെ നന്മക്കായ്

നിന്നുടെ സമ്പന്നതയാലെ
ഞങ്ങളിൻ ക്ഷാമം തീർത്തോനേ
കൽപ്പാത്രങ്ങളിൽ എന്നപോൽ
നിറയ്ക്ക ഞങ്ങളിൽ നിൻകൃപയെ

സ്വർഗ്ഗത്തിൽ മണവാളനായോൻ
ക്ഷണിക്കപ്പെട്ടവനായ് തീർന്നു
സ്വർഗ്ഗീയമാം വിരുന്നിലേക്ക്
ക്ഷണിച്ചല്ലോ നീ ഞങ്ങളെയും

ഞങ്ങളുടെ കർത്താവേ
ഏകണമേ തവ കൃപകൾ
നിനക്കും നിൻ്റെ താതനും
റൂഹായ്ക്കും സ്തുതി എന്നേക്കും

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെഹ 36:22–28
2. റോമർ 5:16–21

ഏവൻഗേലിയോൻ വി. മത്തായി 26:26–29

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 2 Monday - ദിനം 2 തിങ്കൾ

ധ്യാനവിഷയം – ശുബ്ക്കോനൊ അനുരജ്ഞനം
(നോമ്പാരംഭം)

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. നിത്യനായ ദൈവമേ, സകല ഭയങ്ങളിൽ നിന്നും നീ ഞങ്ങളെ രക്ഷിക്കുന്ന ദൈവമാകയാൽ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. നീ ഞങ്ങൾക്ക് ഗോപുരവും ശരണശൈലവും ആയിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ പുകഴ്ത്തുന്നു. സകല സൃഷ്ടിക്കും വീണ്ടെടുപ്പും നവ്യമായ ജീവനും നിരപ്പും യോജിപ്പും സാദ്ധ്യമാക്കുവാനായി സ്വമനസ്സാ കഷ്ടതയേറ്റവനും കുരിശു മരണത്തിൻെറ പാനപാത്രം സ്വമേധയാ ഏറ്റുകൊണ്ടവനുമായ കർത്താവേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. വഴിതെറ്റിൽ നിന്നും ഞങ്ങളെ നേർ പാതയിൽ നടത്തുകയും വിശ്വാസത്തിൽ ഞങ്ങളെ നിരന്തരം നിലനിർ ത്തുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ദൈവമായ കർത്താവേ, ഈ നോമ്പിൻെറ ആരംഭത്തിൽ നിൻെറ സന്നിധിയോടു ചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിൻെറ കൽപ്പനകളുടെ വഴിയും ചട്ടങ്ങളുടെ അനുഷ്ഠാനവും ഞങ്ങളെ പഠിപ്പിക്കേണമേ. ഈ ആരാധനയും നോമ്പും ഞങ്ങൾ ശരീരത്തിലും മനസ്സിലും ആത്മാവിലും പുതുക്കവും രൂപാന്തരവും പ്രാപിച്ച് പഴയ മനുഷ്യനെ വിട്ട് പുതിയ മനുഷ്യനായി തീരുവാൻ മുഖാന്തരമാക്കേണമേ. ഞങ്ങൾ ഈ നോമ്പിൻെറ എല്ലാ ദിവസങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവൻ നിൻെറ തിരുസന്നിധിയിൽ കാണപ്പെടുവാൻ യോഗ്യതയുള്ളവരാക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ആരാധനകളും കൂദാശകളും ആത്മീയ ജീവിതത്തിൻെറ അടിസ്ഥാന കാര്യങ്ങളായിരിക്കെ അതിൻെറ ഗൗരവം ഉൾക്കൊ ള്ളാതിരുന്നതും അലംഭാവത്തോടെ ആരാധനയേയും കൂദാശകളേയും സമീപിച്ചതും കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഭക്ഷണവും ഭക്ഷണമേശയും സ്നേഹത്തിൻെറയും കൂട്ടായ്മ അനുഭവങ്ങളുടെയും മുഖന്തരമായിരുന്നിട്ടും അനുരജ്ഞനങ്ങളും ഏറ്റപറച്ചിലുകളും ഹൃദയ ഐക്യവും ഞങ്ങളുടെ വിരുന്നുകളിൽ സംഭവിക്കാൻ മനഃപൂർവ്വം ശ്രമിക്കാതിരുന്ന ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല" എന്ന കർത്താവിൻെറ ഉപദേശം ഗണ്യമാക്കാതെ ജീവിച്ചതും ഉയർന്ന നീതിക്കായി പ്രവർത്തിക്കാതെ പോയതുമായ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സഹോദരനോടു കോപിക്കുന്നവൻ എല്ലാം ന്യായവിധിക്കു യോഗ്യനാകുമെന്നും, നിസ്സാരാ എന്നു പറഞ്ഞാലോ ന്യായവിധി സഭയുടെ മുമ്പിൽ നിൽക്കേണ്ടി വരുമെന്നും, മൂഢാ എന്നു പറഞ്ഞാലോ അഗ്നി നരകത്തിന് യോഗ്യനാകും എന്നുമുള്ള കർത്താവിൻെറ മുന്നറിയിപ്പുകൾ ഗൗരവമായി കാണാതെ സഹോദരരെ നിസ്സാരരായി കണ്ട ഞങ്ങളുടെ മനോഭാവത്തെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പാപം ഒഴികെ സകലത്തിലും മനുഷ്യ സമനായി ജീവിച്ച് ദൈവീക നടപടികളെ നിറവേറ്റിയവനും നിൻെറ പറുദീസായാകുന്ന ഏദനിൽ വിലക്കപ്പെട്ട കനി ഭക്ഷിച്ചതിലൂടെ ഉളവായ ആദാമ്യ പാപത്തെ സ്വയത്യാഗത്താൽ ക്ഷമിച്ചവനും തിന്മയുടെ ശക്തിയെ തോൽപ്പിക്കുവാൻ ഞങ്ങൾക്ക് മാർഗ്ഗം തെളിയിച്ചവനുമായ കർത്താവേ, ഞങ്ങളോടുള്ള നിൻെറ സംസർഗ്ഗം പോലെ ഞങ്ങൾ നിന്നോടും ഞങ്ങളുടെ സഹോദരങ്ങളോടും സർവ്വസൃഷ്ടിയോടും അനുരജ്ഞനപ്പെടുവാനായി ഈ നോമ്പിൽ ഞങ്ങളെ സഹായിക്കേണമേ. നമ്മുടെ രക്ഷക്കായി തന്നെത്തന്നെ യാഗമായി അർപ്പിക്കുകയും തൻെറ മരണത്താൽ നമ്മെ ജീവിപ്പിക്കുകയും തൻെറ ഉയിർത്തെഴുന്നേൽപ്പിനാൽ നമ്മെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്ത യേശു മശിഹായ്ക്ക് ദൈവീകമായ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പിൻ നാളുകളിലും നമ്മുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. തന്റെ ദിവ്യമായ സഹായങ്ങൾക്ക് അളവില്ലാത്ത കരുണാസമുദ്രവും, തന്റെ അളവില്ലാത്ത സ്നേഹത്താൽ താഴേക്കിറങ്ങി വന്ന സ്വർഗ്ഗീയ വൈദ്യനും സ്വർഗ്ഗീയമായ നിന്റെ വിരുന്നിനു ക്ഷണിക്കപ്പെട്ടവരുടെ സ്വർഗ്ഗീയ മണവാളനും തന്റെ കൽപ്പനയാൽ വെള്ളം കൊണ്ടുള്ള വീഞ്ഞിനാൽ ആത്മീയ അടയാളങ്ങളെ വെളിപ്പെടുത്തിയ സൃഷ്ടാവും തന്റെ സ്പർശനത്താൽ കുഷ്ഠരോഗിയെ ശുദ്ധീകരിച്ച ശുദ്ധീകരണ സോപ്പായും പാപികളെ വെടിപ്പാക്കുന്ന ഉറവയും തന്റെ വചനത്താൽ മുടന്തരെ സുഖമാക്കുവാൻ മനസ്സായ ബലവാനും തളർന്നവർക്ക് തന്റെ വാക്കിനാൽ ബലം നൽകി ശക്തീകരിക്കുന്ന വചനവും തന്റെ ദയയാൽ രോഗികൾക്ക് സൗഖ്യം നൽകിയ സൗഖ്യത്തിന്റെ ശ്രീഭണ്ഡാരവും അന്ധരുടെ കണ്ണുകളെ തന്റെ പ്രകാശത്താൽ പ്രകാശിപ്പിച്ച സാക്ഷാൽ പ്രകാശവും കൂനിയവരെ നിവർത്തിയ കരുണാ സമ്പന്നനും ചെകിടരുടെ ചെവികളെ തന്റെ ശബ്ദം കേൾപ്പാനായി തന്റെ വചനത്താൽ തുറന്ന നാദവും ഊമരുടെ നാവിന്റെ കെട്ടുകളെ അഴിച്ചു വിടുവിക്കുന്നവനും മരുപ്രദേശത്ത് പുരുഷാരത്തിന്റെ വിശപ്പിനെ നീക്കിയ കൃപാലുവും, തന്റെ ശാസനയാൽ കാറ്റിനെയും കടലിനെയും അടക്കിയവനുമായ കരുണയുള്ള കർത്താവേ, വീഞ്ഞിനാൽ വിരുന്നുകാരെയും, ശരീരശുദ്ധിയാൽ കുഷ്ഠരോഗിയേയും, ദേഹബലത്താൽ തളർവാത രോഗിയേയും, കാഴ്ചശക്തിയാൽ അന്ധരെയും, സൗഖ്യത്താൽ രോഗികളെയും സന്തോഷിപ്പിച്ച പ്രകാരം തിരുസഭയേയും അതിന്റെ സന്താനങ്ങളെയും തവകൃപയാൽ സന്തോഷിപ്പിക്കേണമേ.

ഈ നോമ്പുകാലം ക്രിസ്തുവിൽ വസിക്കുവാനും ഞങ്ങളിലുള്ള പഴയ മനുഷ്യൻ മരിക്കുവാനും ഞങ്ങൾ പുതിയ സൃഷ്ടികളായി തീരുവാനും ഇടയാക്കണമേ. അനീതിയിൽ ജീവിക്കുന്നവരെ നീതിയുള്ളവരാക്കേണമേ. തെറ്റിപ്പോയവരെ യഥാസ്ഥാനപ്പെടുത്തേണമേ. അശുദ്ധരെ ശുദ്ധീകരിക്കേണമേ. മോഹാതുരരെ പരിപാകതയുള്ളവരാക്കണമേ. ബലഹീനരെ ശക്തീകരിക്കണമേ. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കണമേ. വീണുപോയവരെ എഴുന്നേൽപ്പിക്കണമേ. അനുതാപികളെ സ്വീകരിക്കണമേ. ഭിന്നിച്ചിരിക്കുന്നവരെ യോജിപ്പിക്കണമേ. വിദ്വേഷവും ഭിന്നതയുമുള്ളിടത്ത് അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ദൂതവാഹകരായി ഞങ്ങളെ തീർക്കേണമേ. നോമ്പ് ഞങ്ങൾക്ക് അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും രൂപാന്തരത്തിന്റെയും അവസരവും അനുഭവവുമാക്കിത്തിർക്കണമേ. ഈ നോമ്പുനാളുകൾ ഞങ്ങളുടെ ജീവിതത്തിന്റെ ഗുണകരമായ മാറ്റത്തിന് ഇടയാകണമേ. ഈ രൂപാന്തരം ഞങ്ങളുടെ ജീവിതവ്യാപാരങ്ങളുടെ സമസ്ത മേഖലകളെയും സ്വാധീനിക്കപ്പെടുമാറാകണമേ. ഞങ്ങളുടെ അദ്ധ്യാത്മികതയിൽ നൈർമ്മല്യവും, പ്രാർത്ഥനയിൽ നിസ്വാർത്ഥതയും, ബന്ധങ്ങളിൽ ഊഷ്മളതയും, ക്രയവിക്രയങ്ങളിൽ സുതാര്യതയും, സ്വകാര്യ ജീവിതങ്ങളിൽ വിശുദ്ധിയും, ഭക്തിയിൽ നിർമ്മലതയും, സംഭാഷണങ്ങളിൽ ആത്മാർത്ഥതയും പുലർത്തുവാൻ ഈ നോമ്പുകാലം ഞങ്ങളെ ജാഗ്രതയുള്ളവരാക്കണമേ. നിന്റെ മഹത്വപ്രത്യക്ഷതയിൽ നീ

വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യജീവിതത്തിന് ഞങ്ങൾ അർഹരായി തീരുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

ഗുണവാനേ നിൻ വാതിലിൽ മുട്ടുന്നു യാചനയിൻ നാദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ–യാ–ചന
കണ്ണീർ തൂകി വിളിച്ചവളാം ദോഷക്കാരി
പൊറുതി ലഭിച്ചല്ലോ നിങ്കൽ നിന്ന്
ഈശോ തന്നുടെ രക്തം കൊണ്ട്
തുണച്ചിടുക നിൻ സഭമേൽ
പിഴച്ചെന്നു ഗ്രഹിച്ചു ഞങ്ങൾ
തെറ്റുകളു–മസംഖ്യമല്ലോ
നരസുതനെ നീ ദയ ചെയ്തു
മ്ലേച്ഛതയിൽ നിന്നും ഞങ്ങളെ – ശുദ്ധീകരിക്ക ഇന്ന്

## അപേക്ഷ

 പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. മഹത്വവാനും പരിധിയില്ലാത്തവനുമായ കർത്താവേ നിൻെറ മനുഷ്യസ്നേഹത്താൽ നീ മനുഷ്യനായി മനുഷ്യരോടുകൂടെ വസിച്ചു. തൻെറ ദിവ്യമായ രക്ഷാകര ശുശ്രൂഷകളെ നിന്നിൽ ആരംഭിച്ചു. പ്രവാചകന്മർ സംഭാഷിച്ച ഈ നോമ്പിനെ പ്രവാചകന്മാരുടെ തലവനായ മോശെ ഞങ്ങൾക്കു ദൃഷ്ടാന്തീകരിച്ചു, അതിനാൽ ദൈവത്തെ അഭിമുഖമായി കാണുവാൻ അവൻ യോഗ്യനാകുകയും തൻെറ ജനത്തിനു വേണ്ടി ന്യായപ്രമാണമാകുന്ന കൽപ്പനകളെ സ്വീകരിപ്പാൻ ഒരുക്കപ്പെടുകയും ചെയ്തു. ഏലിയാ പ്രവാചകൻ തൻെറ നോമ്പും പ്രാർത്ഥനയിലൂടെയും ഉന്നതമായ ദൈവീക സംസർഗ്ഗത്തിനു യോഗ്യനാകുകയും ചെയ്തു. പ്രവാചകന്മാരുടെ നാഥനായ കർത്താവേ, നിൻെറ പ്രമാണങ്ങളുടെ വഴി ഈ നോമ്പിൽ ഞങ്ങളെ പരിശീലിപ്പിക്കുകയും ദൈവീക സംസർഗ്ഗത്തിനു ഞങ്ങളെ യോഗ്യരാക്കി തീർത്തുകയും ചെയ്യേണമേ. കർത്താവേ, ഈ നോമ്പ് ഞങ്ങളിലുള്ള നിൻെറ ദൈവത്വത്തിന് സൗരഭ്യവാസന യായും തീരേണമേ. ഞങ്ങളുടെ ശിഷ്ടായുസ്സു മുഴുവനും വിശുദ്ധയോടെ നിങ്കലേക്കു അടുത്തു വരുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

ഞങ്ങൾക്കായ് ക്രൂശേറ്റോനേ
സ്തോത്രം തേ നിൻ താതനും
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾമേൽ കൃപ ചെയ്യണമേ

മോശെയും ഏല്യാവും പോൽ
നോമ്പേറ്റൊരത്യുന്നതനെ
ദൂത സമന്മാരായ് ഞങ്ങൾ
ലോകരസം നിരസിക്കണമേ

ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾമേൽ കൃപ ചെയ്യണമേ

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. ഉൽപ്പത്തി 23:1–10

2. എഫെസ്യർ 2:13–22

ഏവൻഗേലിയോൻ വി. മത്തായി 5:21–26

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 3 Tuesday - ദിനം 3 ചൊവ്വ

ധ്യാനവിഷയം – ക്രിസ്തുവിൽ പുതുസൃഷ്ടി

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. നിത്യനിയമത്തിൻെറ രക്തത്താൽ ആടുകളുടെ വലിയ ഇടയനായ കർത്താവായ യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നു മടക്കി വരുത്തിയ സമാധാനത്തിൻെറ ദൈവമേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. അദൃശ്യനായ ദൈവത്തിൻെറ പ്രതിമയും സർവ്വസൃഷ്ടിക്കും ആദ്യജാതനുമായ കർത്താവേ, ഞങ്ങൾ തിരുമുമ്പാകെ വിശുദ്ധരും നിഷ്ക്കളങ്കരും കുറ്റമില്ലാത്തവരുമായി നിൽക്കേണ്ടതിന് നിൻെറ മരണത്താലും ഉയിർത്തെഴുന്നേൽപ്പിനാലും ഞങ്ങളെ യഥാസ്ഥാനപ്പെടുത്തിയതിനാൽ ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ഭയചികിതരായ ശിഷ്യരെ ദൗത്യത്തിനായി ശക്തീകരിച്ച പരിശുദ്ധാത്മാവേ, നിനക്കു സ്തോത്രം. ഈ നോമ്പും പ്രാർത്ഥനകളും ഞങ്ങളുടെ ജീവനെ ചൈതന്യമുള്ളതാക്കി ഞങ്ങളുടെ ഹൃദയങ്ങളെയും ഭാവങ്ങളെയും വിവേചിപ്പാനും രൂപാന്തരപ്പെടുവാനും ഞങ്ങളെ പ്രാപ്തിപ്പെടുത്തണമേ. ഞങ്ങൾ നിന്നെയും നിൻെറ പിതാവിനെയും നിൻെറ വിശുദ്ധറൂഹായേയും സ്തോത്രം ചെയ്തു വന്ദിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ ഞങ്ങളും മനസ്സലിവുള്ളവരാകേണ്ടവർ എങ്കിലും മനസ്സലിവില്ലാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മാനസാന്തരപ്പെടുന്ന ഒരു പാപിയെച്ചൊല്ലി സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകും എന്നരുളിയ കർത്താവേ, മാനസാന്തരപ്പെടാത്ത ഞങ്ങളുടെ മനോഭാവത്തെയും മറ്റുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിൽ ഞങ്ങൾ വരുത്തിയ വീഴ്ചകളേയും, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. തന്നെത്താൻ ഉയർത്തപ്പെടുന്നവൻ എല്ലാം താഴ്ത്തപ്പെടുമെന്നും തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടുമെന്നുമുള്ള നിൻെറ മുന്നറിയിപ്പ് ഗണ്യമാക്കാതെ സ്വയം ഉയർത്തപ്പെടാൻ കാണിച്ച വ്യഗ്രതകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കർത്താവും ഗുരുവുമായ നീ, നിൻെറ ശിഷ്യരുടെ കാൽ കഴുകിയതുപോലെ ഞങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാണെന്ന വിചാരമില്ലാതെ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൽ പരാജയപ്പെട്ടു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും.. ആദിയും അന്തവുമില്ലാത്ത വചനവും മനുഷ്യരായ ഞങ്ങൾക്ക് രക്ഷയുടെ വഴി തെളിയിക്കുകയും മരണമുള്ളവരായ ഞങ്ങളെ പാപ മരണത്തിൽ നിന്നു വീണ്ടെടുക്കുവാൻ ജഡപ്രകാരം മരണം ആസ്വദിക്കുകയും ചെയ്ത ജീവദാതാവും ഏദൻ പറുദീസായിൽ ആദമിനെ അടിമനുകത്തിൽ ബന്ധിച്ച സാത്താന്യ ശക്തിയെ ഒടുക്കത്തെ ആദാമായി തോൽപ്പിച്ച ജയാളിയുമായ കർത്താവേ, നിൻെറ നുകത്തിൻ കീഴെ താണിരിപ്പാൻ ഈ നോമ്പിൽ ഞങ്ങളെ ഒരുക്കേണമേ. അപരിമേയമായ നിൻെറ കൃപയാൽ ഞങ്ങളെ തേടി വരികയും തൻെറ ജീവിതം കൊണ്ടും കുരിശിലെ മരണം മൂലവും പുനരുത്ഥാനം കൊണ്ടും ഞങ്ങൾക്ക് അനശ്വര ജീവൻ സാദ്ധ്യമാക്കിയ നല്ല മ്ശിഹാ തമ്പുരാന് പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നോമ്പിൻെറ ഈ നാളുകളിലും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. കരുണയിൽ സമ്പന്നനും കൃപയിൽ ഐശ്വര്യവാനും സകലത്തെയും ഭരിക്കുന്നവനുമായ കർത്താവേ, പാപനുകത്തിൽ ബന്ധിക്കപ്പെട്ട് ഭാരപ്പെട്ടിരിക്കുന്ന ഞങ്ങളോട് “അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ എല്ലാവരും എൻെറ അടുക്കൽ വരുവീൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.” എന്ന് അരുളിയവൻ നീയല്ലോ. ഞങ്ങൾ

ദുഷ്ടൻെറ പാപനുകത്തിൽ അടിമപ്പെട്ട് പോകുമെന്ന് നീ ഗ്രഹിച്ചപ്പോൾ ഞങ്ങളുടെ രക്ഷയ്ക്കായി നീ എഴുന്നെള്ളി. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകകൊണ്ട് "എൻെറ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ" എന്നും "എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം കണ്ടെത്തും" എന്നും കൽപ്പിച്ച കർത്താവേ, മൃദുവായ നിൻെറ നുകം ഏറ്റുകൊൾവാൻ ഈ നോമ്പിലൂടെ ഞങ്ങളെ സഹായിക്കുകയും ഞങ്ങളുടെ ശരീരങ്ങളെ നിന്നെ വഹിക്കുന്ന വാഹനങ്ങളാക്കി തീർക്കുകയും ചെയ്യേണമേ. നിന്നിൽ നിന്നുള്ള വിശുദ്ധിയാൽ ഞങ്ങൾ വിശുദ്ധീകരിക്കപ്പെട്ട് പൂർണ്ണരാകുകയും നിന്നിൽ ഞങ്ങൾ സന്തോഷിക്കുകയും ജീവൻ നൽകുന്ന സുവിശേഷം ഞങ്ങൾ സർവ്വ ജനതകളുടെയും ഇടയിൽ അറിയിക്കുകയും ചെയ്വാൻ കൃപ നൽകണമേ. ദൈവരാജ്യ സുവിശേഷ ഘോഷണം സഭയുടെ അടിസ്ഥാന നിയോഗമാണെന്ന ബോദ്ധ്യം എപ്പോഴും ഞങ്ങൾക്ക് നൽകണമേ.

ദൈവമേ, നിൻെറ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങളുടെ ജീവിതത്തിൻെറ വിലയറിഞ്ഞ് അത് നഷ്ടമാക്കാതെ ലോകത്തിനു വെളിച്ചമായും മറ്റുള്ളവർക്ക് രുചി പകരുന്നവരുമായിത്തീരുവാനും ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. തൻെറ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവമേ, നിൻെറ സ്നേഹം ഞങ്ങളുടെ പരസ്പര ബന്ധങ്ങളുടെ അടിസ്ഥാനമായിരിക്കണമേ. നോമ്പിൻെറ ഈ കാലം ദൈവവചന പഠനത്തിനും ജീവിതത്തെ വിലയിരുത്തുന്നതിനും ശോധന ചെയ്യുന്നതിനും ത്യജിക്കേണ്ടതിനെ ഉപേക്ഷിക്കുന്നതിനുമുള്ള അവസരമാക്കണമേ.

നിരാശിതരായി എമ്മവുസിലേക്കു മടങ്ങിപ്പോയ ശിഷ്യരുടെ വഴിയാത്രയിൽ സഹയാത്രികനായി നടന്ന് തിരുവചന വ്യാഖ്യാനത്തിലൂടെ തൻെറ ജീവിതത്തെ വിവരിച്ചു കൊടുക്കുകയും അവരെ പ്രത്യാശഭരിതരാക്കുകയും ചെയ്ത കർത്താവേ, നിരാശിതരെ ഉത്സാഹഭരിതരാക്കാൻ ഈ നോമ്പുകാലം ഞങ്ങൾക്ക് ഇടയാകണമേ. ജീവിതത്തിൻെറ ഏതു സാഹചര്യങ്ങളിലും സന്തോഷിപ്പാനും ഇടവിടാതെ പ്രാർത്ഥിപ്പാനും മറ്റുള്ളവർക്ക് ഞങ്ങളാൽ ആവോളം നന്മ ചെയ്വാനും വ്യത്യസ്തതകളെ ഉൾക്കൊള്ളുവാനും ഉദാരമായി ദാനം ചെയ്വാനും കഷ്ടതയിൽ സഹിഷ്ണുത കാണിപ്പാനും ഈ നോമ്പുകാലത്ത് ഞങ്ങൾക്ക് ഇടയാകണമേ. നിരൻെറ മഹത്വപ്രത്യക്ഷതയിൽ നീ വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യ ജീവിതത്തിന് ഞങ്ങൾ അർഹരായി തീരുകയും ചെയ്യുമാറാകണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

സ്വർഗ്ഗപിതാവേ കേൾക്കണമേ–കുമ്പിടുന്നെങ്ങൾ
തുണചെയ്‌വാൻ മറ്റൊരുജനകൻ ഇല്ലേ നീയെന്യേ
ഇല്ലായ്മയിൽ നിന്നുരുവാക്കി ഞങ്ങളെ
ഇങ്ങനെയിരിക്കേ കോപിച്ചീടരുതേ
തിരുകൽപ്പനയാചരിപ്പാനും സൽക്രി–യ മൂലം
തിരുവിഷ്ടം നിറവേറ്റാനും പഠിപ്പിക്ക ഞ–ങ്ങളെ
ഹാലേലുയ്യാ ദയയാൽ കനിയണമേ – ബാറെക്മോർ

ശുബ്ഹോ

രക്ഷകനേ നിൻ വാഗ്ദാനം–കാത്തിരിപ്പോർക്കായ്
നിശ്ചയമായ് നൽകുന്നോൻ നീ വിശ്വസിക്കുന്നടിയാർ
ഇക്ഷിതി ഞങ്ങൾ – നിറവാനാത്മാവേ
പക്ഷമോടയച്ചും വിശുദ്ധിയിൽ വളർന്നും നിൻ
ജാതികൾക്കെല്ലാം സാക്ഷികളായ് – ചമച്ചടിയാരെ നീ
രക്ഷയിലന്ത്യം വരെ ഞങ്ങൾ നടപ്പാൻ കൃപ ചെയ്ക
ഹാലേലുയ്യാ മോക്ഷെ വസിപ്പാനും

## **അപേക്ഷ**

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## **എത്രാ**

പ. സർവ്വശക്തനായ ദൈവമേ, ഞങ്ങളിൽ ജീവശ്വാസം ഊതിയ സൃഷ്ടാവേ, അന്ധകാരത്തിലിരുന്നവർക്ക് പ്രകാശവും ബലഹീനർക്ക് ശക്തിയും തെറ്റിപ്പോകുന്നവർക്ക് ഏകാശ്രയവും നീ മാത്രമാകുന്നു. പരീശന്മാരെപ്പോലെ സ്വയനീതീകരണത്തിനും പുകഴ്ച്ചെക്കുമായിട്ടല്ല പിന്നെയോ സുകൃത നടപടികളാൽ നിന്നെ സന്തോഷിപ്പിക്കുകയും സ്വർഗ്ഗസ്ഥനായ നിൻെറ പിതാവിനെ മഹത്വപ്പെടുത്തുകയും ചെയ്‌വാൻ ഈ നോമ്പ് മുഖാന്തരമായി തീരേണമേ. മനുഷ്യരോടുള്ള നിൻെറ മനോഭാവം പോലെ ഞങ്ങൾ ഈ നോമ്പിൻ നാളുകളിൽ നിൻെറ മനസ്സിനൊത്ത ജീവിതം കഴിച്ച് നിനക്ക് പ്രീതികരമായ സകലവും ചെയ്ത് നിൻെറ ഹിതം നിറവേറ്റുവാൻ തക്കവണ്ണം ഞങ്ങളെ ശക്തരാക്കണമെ. നിൻെറ ശ്രേഷ്ഠതയുടെ സന്നിധിയിൽ നൽധൂപമായി ഈ പ്രാർത്ഥനകളെ സ്വീകരിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## **ബോവുസോ** (അപേക്ഷ) മാർ യാക്കൂബ്

(ഈണം – ദേവ സുതനെ വലങ്കൈ നീട്ടി.. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
യജമാനൻ തൻെറ വേലക്കാരോടു വേലയ്ക്കായി
മുന്തിരിത്തോപ്പിൽ ചെൽവാനായി ക്ഷണിച്ചിരുന്നു
നല്ലൊരു നാഥാ പ്രതിഫലമേകൂ തവ ദാസർക്ക്
പതിനൊന്നു മണിയിൽ ചേർന്നൊരു ഭൃത്യൻ എന്നതുപോൽ
കർത്താ നിന്നുടെ നുകമാം ക്രൂശിനെ ഏൽപ്പാനായി
കൃപയെ നൽക അതിനെ ധരിപ്പാൻ നിന്നെ വഹിപ്പാൻ

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെശയ്യ 43:14–21
2. 2 കൊരി 5:16–21

ഏവൻഗേലിയോൻ വി. യോഹ 3:1–8

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 4 Wednesday - ദിനം 4 ബുധൻ

ധ്യാനവിഷയം – ക്രിസ്തുവിൻെറ സ്വത്വം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. മഹാദയാലുവും കരുണാസമുദ്രവുമായ ഞങ്ങളുടെ സൃഷ്ടാവും പരിപാലകനുമായ ദൈവമേ, നിൻെറ വിശ്വസ്തത തലമുറതലമുറയായി ഞങ്ങളോടുകൂടെ ഇരിക്കുന്നതോർത്ത് ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിൻെറ ജനവും ആടുകളുമായ ഞങ്ങൾ നിൻെറ വാതിലുകളിൽ സ്തോത്രത്തോടും സ്തുതിയോടും കൂടെ വരുന്നു. ഞങ്ങൾ പാപികൾ ആയിരിക്കുമ്പോൾ തന്നെ അവർണ്ണനീയമായ തൻെറ കൃപയാൽ ഞങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച് ദൈവസ്നേഹത്തെ പ്രദർശിപ്പിച്ച കർത്താവേ, ഞങ്ങൾ നിന്നെ വന്ദിക്കുന്നു. രക്ഷിക്കുന്നതും ജീവൻ നൽകുന്നതുമായ നിൻെറ ക്രൂശ് മരണത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും ഞങ്ങൾ ധ്യാനിക്കുന്നു. ഉയരത്തിൽ നിന്നു ശക്തി പ്രാപിപ്പാനായി ഒരുമനപ്പെട്ട് കാത്തിരുന്ന ശിഷ്യരെ നിൻെറ സാന്നിദ്ധ്യത്താൽ നിറച്ച പരിശുദ്ധാത്മാവാം ദൈവമേ, നിൻെറ വരങ്ങൾക്കു ഞങ്ങളെയും അർഹരാക്കിയിരിക്കുന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ശോഭയുള്ളതും വിശുദ്ധിയിലേക്ക് ഞങ്ങളെ നയിക്കുന്നതുമായ ഈ നോമ്പിൽ ഞങ്ങളുടെ ആത്മാക്കളെ ശോഭിപ്പിക്കുവാനും നിർമ്മലമായ പ്രാർത്ഥനകളാൽ ഞങ്ങളുടെ ശരീരങ്ങളെ നിയന്ത്രിക്കുവാനും നല്ല ജാഗരണത്താൽ ഞങ്ങളുടെ ആത്മവിചാരങ്ങളെ ഉണർത്തുവാനും സ്തുതി സ്തോത്രങ്ങളാൽ ഞങ്ങളുടെ നാവുകളെ വിശുദ്ധീകരിക്കുവാനും പോരാട്ടത്തിൽ സാത്താന്യ ശക്തികളെ ജയിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങൾ ആത്മാവിൻെറ ഫലങ്ങളെ പുറപ്പെടുവിക്കുവാനും സകലത്തിലും സന്തോഷവും സമാധാനവും അനുഭവിക്കുവാനും നീ ഇടയാക്കണമേ. ഞങ്ങൾ ജയത്തോടെ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. മാനസാന്തരത്തിനായുള്ള ആഹ്വാനം കേൾക്കയും നിരന്തരം അതിനായി പ്രേരണ ലഭിക്കുകയും ചെയ്തിട്ടും മാനസാന്തരത്തിനു യോഗ്യമായ ഫലം നൽകാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ആഡംഭരവും ധൂർത്തും അമിതവ്യയവും ക്രിസ്തീയ ജീവിത ശൈലിക്ക് വിരുദ്ധമാണെന്ന് അറിഞ്ഞിട്ടും അത് ഒഴിവാക്കുവാൻ മനസ്സുകാണിക്കാതെ പോയ ഞങ്ങളുടെ വീഴ്ചകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. വചനം നിരന്തരമായി ഞങ്ങളെ രൂപാന്തരത്തിനും ക്രിസ്തീയ ജീവിതക്രമത്തിനും ക്ഷണിച്ചിട്ടും ദൈവവചന പഠനത്തെയും ധ്യാനത്തെയും ഗൗനിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കരുതലിനും പങ്കിടലിനും കൂട്ടായ്മയ്ക്കും ധാരാളം അവസരങ്ങൾ ലഭിച്ചിട്ടും അതിനായി ഹൃദയപൂർവ്വം ശ്രമിക്കാതെയും പ്രാധാന്യം നൽകാതെയും പോയ ഞങ്ങളുടെ ലംഘനങ്ങളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഞങ്ങൾക്കുവേണ്ടി ബലിയായി തീരുവാൻ തൻെറ പിതാവിൻെറ സന്നിധിയിൽ സ്വയം സമർപ്പിച്ച ആദ്യജാതനും പാപപരിഹാരം ചെയ്ത രക്ഷകനുമായ കർത്താവേ, ദുഷ്ടനെതിരെ തോറ്റു പോകാതെവണ്ണം പോരാടുവാനും ജയഘോഷത്തോടെ നിൽപ്പാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിൻെറ കൽപ്പനകളെ ആചരിക്കുന്ന വീരരായി ദുഷ്ടനോടുള്ള പോരാട്ടത്തിൽ ജയത്തോടുകൂടി നിൻെറ വിശുദ്ധർക്ക് ഒരുക്കുന്ന ജീവകിരീടം പ്രാപിപ്പാൻ യോഗ്യരായിത്തീരേണമേ. പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും നോമ്പിൻെറ ഈ നാളുകളിലും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും നിനക്ക് യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സകലത്തെയും ജീവിപ്പിക്കുന്ന സത്യപ്രകാശമായ കർത്താവേ, ഞങ്ങളെ അന്ധകാരശക്തികളിൽ നിന്നും സത്യവെളിച്ചത്തിലേക്ക് നയിക്കുന്നവൻ നീയല്ലോ. തികഞ്ഞ ദൈവാശ്രയത്താലും തന്നെത്തന്നെ ഒരുക്കുന്ന നോമ്പിനാലും ഉന്നതമായ നടപടികളാലും നിങ്കലേക്ക് അടുത്തുവന്ന മോശെയെ നിൻെറ ദിവ്യദർശനത്തിനും നീ യോഗ്യനാക്കി നോമ്പാൽ വിശുദ്ധിയുടെ വാളിൻെറ മൂർച്ച കൂട്ടിയ നിൻെറ പ്രവാചകനായ ഏലിയായെ സ്വർഗ്ഗത്തേക്ക് അഗ്നിത്തേരിൽ നീ എടുത്തുകൊണ്ടു. എല്ലാ സൗകര്യങ്ങളും നൽകപ്പെട്ടിരിക്കെ നോമ്പിൻെറ വ്രതത്താൽ തങ്ങളെത്തന്നെ വേർതിരിച്ച ദാനിയേലും കൂട്ടരും അവരുടെ ബാല്യത്തിൽ തന്നെ ജ്ഞാനികളായിത്തീർന്നു. കർത്താവേ, ഈ

നോമ്പും പ്രാർത്ഥനകളും ദുരഭിമാനത്തിനും സ്വാർത്ഥലാഭത്തിനും ഞങ്ങളുടെ പുകഴ്ചക്കുമായിട്ടല്ല, പിന്നെയോ ഉന്നത ക്രൈസ്തവ മൂല്യത്തിലേക്കും ദൈവീക പരിജ്ഞാനത്തിലേക്കും മനസ്സാക്ഷിയുടെ പുതുക്കത്തിലേക്കും ഞങ്ങളെ നയിക്കേണമേ. നിനവെക്കാരുടെ ഉപവാസത്തിലും അനുതാപത്തിലും ഇഷ്ടപ്പെട്ട് ദേശത്തെ വീണ്ടെടുത്ത കർത്താവേ, ഞങ്ങളിൽ സത്യ അനുതാപവും ദേശത്തിൻെറ സന്തുഷ്ടിയെക്കുറിച്ചും നന്മയെക്കുറിച്ചുമുള്ള താൽപര്യവും ഉരുവാക്കേണമേ. ക്രിസ്തുവിൽ എക ശരീരമാകുവാൻ വിളിക്കപ്പെട്ട സഭകൾ വ്യത്യസ്തരായിരിക്കുമ്പോൾത്തന്നെ ദൗത്യനിർവ്വഹണത്തിനായി ഐക്യത്തിൽ ജീവിക്കുവാൻ ഇടയാക്കണമേ.

മരുഭൂമിയിൽ പൈശാചിക പരീക്ഷകളെയും പ്രലോഭനങ്ങളെയും നിൻെറ വചനത്താൽ അഭിമുഖികരിച്ച കർത്താവേ, നോമ്പാചരണത്തിലൂടെ അനുപമമായ ദൈവസ്നേഹത്തിൻെറയും മനുഷ്യ സ്നേഹത്തിൻെറയും ഉദാത്ത ഭാവം ഞങ്ങൾ തിരിച്ചറിയുമാറാകണമേ. ദൈവവചനം ഞങ്ങളുടെ ഹൃദയങ്ങളിൽ പരിവർത്തനം വരുത്തണമേ. ദൈവവചനത്തിലൂടെ ഞങ്ങളെ നവീകരിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്ന കർത്താവേ, വചനവും അതിൻെറ വ്യാഖ്യാനവും തിരിച്ചറിവും വിവേകവും ഉള്ളവരാക്കിത്തീർണമേ. നിൻെറ സ്നേഹത്താൽ ഞങ്ങൾ രൂപാന്തരപ്പെടുന്നതിനും അനേകരെ രക്ഷയിലേക്കും പുതുജീവിതത്തിലേക്കും നയിക്കുന്നതിനും ഞങ്ങളെ ഉപകരണങ്ങളാക്കിത്തീർക്കേണമേ. സ്നേഹത്തിൻെറ പ്രവർത്തികൾ വിശ്വാസത്തിൻെറ തികവോടെയും പ്രത്യാശയുടെ സ്ഥിരതയോടെയും ലോകത്തിൽ നിറവേറ്റുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. പകയുള്ളിടത്ത് ക്ഷമയും വിദ്വേഷമുള്ളിടത്ത് അനുരജ്ഞനവും ഭിന്നതയുള്ളിടത്ത് നിരപ്പും ഉണ്ടാകുന്നതിനായി പ്രവർത്തിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. ദൈവമേ, ഞങ്ങളുടെ വിചാരങ്ങളെയും ആഗ്രഹങ്ങളെയും പ്രയത്നങ്ങളെയും നീ വിശുദ്ധീകരിക്കണമേ. കർത്താവേ, ഞങ്ങൾ അലസതയിൽ നിന്ന് ഉത്സാഹത്തിലേക്കും നിസ്സംഗതയിൽ നിന്ന് കർമ്മോന്മുഖതയിലേക്കും ആകുല ചിന്തയിൽ നിന്ന് ദൈവാശ്രയത്തിലേക്കും രൂപാന്തരപ്പെടണമേ. ത്രിത്വത്തിൽ വെളിവാക്കപ്പെട്ട പാരസ്പരികതയും കൂട്ടായ്മയും ഞങ്ങളുടെ പരസ്പര ബന്ധങ്ങൾക്ക് മാതൃകയായിരിക്കണമേ. ഞങ്ങൾക്ക് ലഭിച്ചിരിക്കുന്ന പരിപാലനവരം സഹായം ചെയ്വാനുള്ള വരം എന്നിവ പരമാവധി മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയുക്തമാക്കാൻ ഞങ്ങളെ ഉത്സുകരാക്കണമേ. ദൈവരാജ്യ മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ ഉണ്ടാകുന്ന ക്ലേശങ്ങളിലും വെല്ലുവിളികളിലും ഞങ്ങൾ സന്തോഷിക്കുവാൻ ഇടയാകണമേ. കർത്താവിൻെറ മഹത്വപ്രത്യക്ഷതയിൽ അവനോടുകൂടെ ചേർക്കപ്പെടുവാൻ യോഗ്യപാത്രമായി തീരുവാനും ഏറ്റവും വെൺമയായി കാണപ്പെടുവാനും ഞങ്ങളെ സഹായിക്കണമേ. നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – വാനം ഭൂമി ആസകലം)

കർത്താവേ, നിൻ ദാസരാ–മടിയങ്ങളുടെ
പ്രാർത്ഥകൾ കേട്ടുത്തരം അരുളിടേണമേ
ഇരുവരോ മൂവരോ എൻ നാമത്തിലൊരുമിച്ചീടിൽ
അവരോടുകൂടെ ഞാനും എന്നരുളിയ നാഥാ
നിൻ ശ്ലീഹന്മാരിൽ വസിച്ച വിശുദ്ധറൂഹായെ
ഞങ്ങളിൽ വസിക്കാനായി അയച്ചീടണമേ.

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സർവ്വശക്തനായ ദൈവമേ, നിന്റെ ദാസനായ ഫീനഹാസ് തന്റെ ദൈവത്തിനുവേണ്ടി തീഷ്ണതയുള്ളവനായി ദൈവീക ശുശ്രൂഷ ചെയ്ത് ജനത്തിൽ നിന്ന് വസന്തയെ നീക്കിയതുപോലെ ഞങ്ങളുടെ പ്രാർത്ഥനകളും യാചനകളും ദേശത്തിനു സൗഖ്യവും ഞങ്ങളുടെ രൂപാന്തരത്തിനുമാക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനകൾക്കും യാചനകൾക്കും നീ വാതിൽ തുറക്കേണമേ. രോഗത്തിൽ ഹെസക്കിയായും ഞെരുക്കത്തിൽ മനശ്ശെയും സമർപ്പിച്ച പ്രാർത്ഥന പോലെ ഞങ്ങളുടെ അപേക്ഷകൾ നിന്റെ ശ്രേഷ്ഠ സന്നിധിയിൽ നൽധൂപമായി തീരേണമേ. നീതിമാനായ നോഹിന്റെ വഴിപാടും ഏലിയാ പ്രവാചകന്റെ കാഴ്ചകളും പോലെ ഞങ്ങളുടെ ആരാധന സ്വർഗ്ഗീയമായ സന്തോഷത്തിനും നല്ല നിലയ്ക്കുമാക്കി തീർക്കേണമേ. ഞങ്ങൾ എന്നും എന്നേക്കും നിനക്കു സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഞങ്ങളിൻ പ്രാർത്ഥനയും നോമ്പും കൈക്കൊണ്ട്
ഞങ്ങളിലെന്നും നീ കാരുണ്യം ചെയ്ക
നോമ്പാൽ മോശെയുടെ ത്വക്കുവിളങ്ങിയപോൽ
നിന്നുടെ ശോഭയാൽ ഞങ്ങളെ വിളങ്ങിക്ക
സാത്താനെതിരായൊരു ആയുധമാം വണ്ണം
വചനം നൽകിയ നാഥാ നിനക്കു സ്തുതി
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും.

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. യെശയ്യ 9:1–7**

**2. 1 കൊരി 1:20–25**

**ഏവൻഗേലിയോൻ വി. മത്തായി 16:13–20**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 5 Thursday - ദിനം 5 വ്യാഴം

## ധ്യാനവിഷയം – ഊഷ്മള ബന്ധത്തിലേക്കുള്ള വിളി

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

### പ്രാർത്ഥന

പ. സകലത്തെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായ ദൈവമേ, ലോകത്തെ നിരന്തരം പ്രകാശിപ്പിക്കുന്ന നിൻെറ മഹിമയ്ക്കായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. വചനം ശരീരം ധരിച്ച് കൃപയും സത്യവും നിറഞ്ഞവനായി ഞങ്ങളുടെ ഇടയിൽ പാർത്ത് പിതാവായ ദൈവത്തെ വെളിപ്പെടുത്തിയ മ്ശിഹാ തമ്പുരാനേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. നിൻെറ വചനത്തെ ഓർമ്മപ്പെടുത്തുകയും സകലവും ഉപദേശിച്ച് തരികയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നോമ്പിൻെറ മർമ്മത്തെ ഞങ്ങൾക്കായി വെളിപ്പെടുത്തി സാത്താനെതിരായ ജയജീവിതം ഞങ്ങൾക്കായി ദൃഷ്ടാന്തീകരിച്ച നല്ലവനും ദിനം തോറും ഞങ്ങളെ പരിപാലിക്കുകയും ഞങ്ങളുടെ പ്രാണനെ മരണത്തിൽ നിന്നും, കണ്ണിനെ കണ്ണുനീരിൽ നിന്നും, കാലിനെ വീഴ്ചയിൽ നിന്നും സംരക്ഷിക്കുകയും ചെയ്യുന്ന ദൈവമേ, ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും നിൻെറ സഭയുടെ ഗുണീകരണത്തിനും നിൻെറ സർവ്വ സൃഷ്ടിക്കും മോചനത്തിനും ഞങ്ങൾക്കെല്ലാവർക്കും രക്ഷയുടെ അനുഭവത്തിനുമാക്കി തീർക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

### സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

### അനുതാപ പ്രാർത്ഥന

പ. ദൈവത്തിൻെറ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും ഞങ്ങളെ സൃഷ്ടിച്ച് തേജസ്സും ബഹുമാനവും അണിയിച്ച്, ദൈവം നല്ലതെന്നു കണ്ട മനോഹരമായ ഈ ഭൂമിയിൽ വേല ചെയ്‌വാനും കാപ്പാനും ഞങ്ങളെ നിയോഗിച്ചിരിക്കെ ഈ ഉത്തരവാദിത്വത്തിൽ വരുത്തിയ വീഴ്ചകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങൾക്ക് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും മാതാ പിതാക്കളെയും സഹോദര സഹോദരികളെയും ജീവിത പങ്കാളിയേും മക്കളേയും അയൽക്കാരേയും സ്നേഹിതരെയും നൽകിയിട്ടും പരസ്പര ബന്ധങ്ങളിൽ സ്നേഹത്തിൻെറയും കരുതലിൻെറയും ഊഷ്മളത നിലനിർത്താൻ പരാജയപ്പെട്ട കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണണേമേ.

പ. പരിമിതമായ ജീവിത സൗകര്യങ്ങൾ ഉണ്ടായിരുന്ന കാലഘട്ടങ്ങളിൽ സഭയെ ദൈവരാജ്യമൂല്യങ്ങളിലും സത്യ വിശ്വാസത്തിലും നിലനിർത്തുവാൻ അക്ഷീണം പ്രയത്നിച്ച ഞങ്ങളുടെ പൂർവ്വ മാതാപിതാക്കളുടെ സുവിശേഷ തീഷ്ണതയും ത്യാഗമനോഭാവവും ഞങ്ങളിൽ കുറഞ്ഞുപോയ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണണേമേ.

പ. കൃഷി, സാമൂഹ്യം, രാഷ്ട്രീയം, സംസ്കാരികം, സാമ്പത്തീകം, നീതി–ന്യായം, വ്യവസായം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വ്യത്യസ്ത മേഘലകളിൽ ദൈവരാജ്യ മൂല്യങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടിട്ടും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ വന്നുപോയ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണണേമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ട് അവരെക്കുറിച്ച് മനസ്സലിഞ്ഞ നല്ല ഇടയനായ കർത്താവേ, നിനക്കു സ്തുതി. തൻെറ വാതിലിൽ മുട്ടുന്ന പാപികളിൽ കരുണയുള്ളവനും അനുതാപികളിൽ സന്തോഷിക്കുന്നവനും തന്നിലേക്ക് തിരിയുന്ന തെറ്റിപ്പോയവരെ സ്വീകരിക്കുന്നവനും ചിതറിപ്പോയവരെ കൂട്ടിവരുത്തുന്നവനും വീണുപോയവരെ എഴുന്നേൽപ്പിക്കുന്നവനും ആടുകൾക്കുവേണ്ടി ജീവനെ നൽകുന്ന നല്ല ഇടയനുമായ മ്ശിഹാ തമ്പുരാന്, നോമ്പിൻെറ ഈ നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാല മൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. എല്ലാവർക്കും ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമായി വന്ന് ആടുകൾക്കുവേണ്ടി ജീവനെ നൽകിയവനായ നല്ല ഇടയനായ കർത്താവേ, നിനക്കു സ്തുതി, നിനക്കു സ്തോത്രം. നീയുമായുള്ള സജീവവും ആഴവുമായ ബന്ധത്തിൽ ജീവിപ്പാൻ ഞങ്ങൾക്ക് കൃപ നൽകണമേ. നിന്നിൽ നിന്ന് ഞങ്ങളെ അകറ്റുന്ന പാപസ്വഭാവങ്ങളെ ഞങ്ങൾ ഏറ്റുപറയുന്നു. തെറ്റി ഉഴന്നുപോയ ഒരാടിനെ തേടി കണ്ടെത്തുകയും അതിനെക്കുറിച്ച് അധികം സന്തോഷിക്കുകയും ചെയ്യുന്ന ഇടയനെപ്പോലെ ഞങ്ങളെ തേടി കണ്ടെത്തുവാനായി വന്ന കർത്താവേ, ഞങ്ങളോടുള്ള നിന്റെ കരുതലിനും വീണ്ടെടുപ്പിനുമായി സ്തോത്രം.

തിരുഹിതം തിരിച്ചറിഞ്ഞ് നിന്റെ സാക്ഷികളായി ജീവിപ്പാൻ ഞങ്ങളെ ഇടയാക്കണമേ. തിരുസഭയെ നിന്റെ ശുശ്രൂഷയിൽ സ്ഥിരപ്പെടുത്തണമേ. കർത്താവേ, ഞങ്ങളുടെ അനുതാപം നീ സ്വീകരിക്കണമേ. ഞങ്ങളുടെ രോഗങ്ങളെ സുഖപ്പെടുത്തണമേ. രോഗികളെ നീ സ്വസ്ഥതപ്പെടുത്തണമേ. ലോകത്തിൽ നിന്ന് യുദ്ധവും ക്ഷാമവും പഞ്ഞവും വസന്തയും ഇല്ലാതെയാക്കണമേ. പ്രകൃതി ക്ഷോഭങ്ങളിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേ. നിസ്സഹായരെയും ദൈവമല്ലാതെ മറ്റാരും ലോകത്തിൽ ആശ്രയമില്ലാത്തവരെയും സ്നേഹത്തിനായും കരുതലിനായും വാഞ്ജിക്കുന്നവരെയും കണ്ടെത്തുവാനും അവരെ ചേർത്തുനിർത്തുവാനുമുള്ള തൽപ്പരത ഞങ്ങൾക്ക് ഉണ്ടാകണമേ. കടബാദ്ധ്യത ഉള്ളവരെ നീ രക്ഷിക്കണമേ. ശാരീരികവും മാനസീകവും ആയ വെല്ലുവിളികൾ നേരിടുന്നവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും നീ ആശ്രയവും സാന്ത്വനവും ആയിരിക്കണമേ. ആവശ്യഭാരം കൊണ്ടും ദാരിദ്ര്യം കൊണ്ടും മനോവേദനപ്പെട്ടിരിക്കുന്ന എല്ലാവർക്കും നീ നല്ല ദാനങ്ങളെ നൽകണമേ. അവർക്ക് സഹായത്തിന്റെ കരങ്ങൾ നീട്ടിക്കൊടുക്കുന്ന എല്ലാവരെയും നീ അനുഗ്രഹിക്കണമേ. സഭയ്ക്ക് നിരപ്പും സമാധാനവും അതിനെ നയിക്കുന്നവർക്ക് ഉത്തമവും പ്രശാന്തവുമായ ജീവിതം നൽകണമേ. കർത്താവേ, വിശുദ്ധരുടെ ഓഹരിക്ക് ഞങ്ങൾ യോഗ്യതയുള്ളവരായി അക്ഷയത്വവും നിത്യാനന്ദവും അനുഭവിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്താവേ നിന്നോടടുപ്പാൻ വിശ്വ.. ..)

കർത്താവേ നിൻ ആർദ്രത കരുണാ സ്നേഹത്താൽ
ഞങ്ങൾക്കായ് നീ രക്ഷാദുർഗ്ഗമായി
ശുദ്ധതയിൻ വസ്ത്രങ്ങൾ നിർമ്മലമായ അങ്കികൾ
അണിഞ്ഞു നിന്നുടെ മണവറയിൽ പൂകാനായ്
ധൈര്യത്തോടു കൂടെ നിൻ പെസഹായിൻ വിരുന്നിനും
ജീവ മേശയിൽ നിന്നനുഭവിപ്പാനും
കൃപയേകുക നാഥാ നോമ്പാലും പ്രാർത്ഥനയാലും
നിന്നോടൊന്നിച്ചാനന്ദിപ്പാനായ്

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സർവ്വശക്തനായ ദൈവമേ, ഞങ്ങളിൽ ജീവശ്വാസം ഊതിയ സൃഷ്ടാവേ, അന്ധകാരത്തിലിരിക്കുന്നവർക്ക് പ്രകാശവും ബലഹീനർക്ക് ശക്തിയും തെറ്റിപ്പോകുന്നവർക്ക് ഏകാശ്രയവും നീ മാത്രമാകുന്നു. ദൈവമേ, നിൻെറ കരുണയാൽ ഞങ്ങളുടെ വീഴ്ചകൾക്ക് പൊറുതിയും കുറ്റങ്ങൾക്ക് ക്ഷമയും നൽകണമേ. നിൻെറ കരുണാധിക്യത്താൽ ദൈവരാജ്യത്തിൻെറ വാതിൽ എല്ലാവർക്കും തുറക്കപ്പെട്ടിരിക്കുന്നതിനാൽ ഞങ്ങളിലുള്ള വിവേചനങ്ങളുടെയും മുൻവിധികളുടെയും മനോഭാവത്തിൽ നിന്നു ഞങ്ങളെ വിടുവിക്കണമേ. നിൻെറ ശ്രേഷ്ഠതയുടെ സന്നിധിയിൽ നൽധൂപമായ് ഈ പ്രാർത്ഥനകളെ സ്വീകരിക്കണമേ. നിൻെറ കൃപാവരങ്ങളെ നഷ്ടപ്പെടുത്താതെ അതിനെ പൊതുപ്രയോജനത്തിനായി ഉപയോഗിക്കുവാൻ ഈ ആരാധനയാൽ ഞങ്ങളെ ശക്തീകരിക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എല്ലായ്പ്പോഴും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം – ദേവാ സുതനെ വലങ്കൈ നീട്ടി.. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
    നാവാൽ പാപം ചെയ്തിടായ്വാൻ അധരം കാപ്പാൻ
    നാവും അധരങ്ങളും നിന്നെ സ്തുതിപ്പാൻ ശീലിപ്പിക്ക
നിർമ്മലരാക്കാൻ വചനം നൽകിയ താതാ നിനക്കു സ്തുതി
തൻ തിരുമേനിയെ നൽകിയ പുത്രാ നിനക്കു വന്ദനം
    റൂഹായിൻ ആലയമാവാനായി എങ്ങൾ ശരീരങ്ങൾ
    തീരണമേ നിൻ ജനനരഹസ്യം വെളിവാകാനായ്

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. ആവർ 6:4–9**

**2. റോമർ 12:1–8**

**ഏവൻഗേലിയോൻ വി. മത്തായി 6:9–15**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 6 Friday - ദിനം 6 വെള്ളി

## ധ്യാനവിഷയം – ക്രിസ്തീയ ജീവിത ശൈലി

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. മനസ്സോടെ ക്രൂശുമരണത്തിനു തന്നെ ഏൽപിച്ചു കൊടുത്ത് മരണത്തിൻെറ കർത്തൃത്വം ഞങ്ങളിൽ നിന്നു നീക്കിയ കർത്താവേ, ആത്മശരീരങ്ങളുടെ സാക്ഷാൽ വൈദ്യൻ നീയാകുന്നുവല്ലോ. തൻെറ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ച ദൈവമേ, നിൻെറ താഴ്മയാൽ നീ മനുഷ്യനായി തീർന്നു. നിൻെറ എഴുന്നെള്ളത്തിനാൽ ഞങ്ങളുടെ അപൂർണ്ണതയെ നിൻെറ സാദൃശ്യത്തിൽ പൂർണ്ണമാക്കുകയും നിൻെറ സ്വരൂപത്തിലേക്ക് ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു. നിൻെറ ഏകജാതനായ പുത്രൻെറ ഉപവാസത്തേയും പ്രാർത്ഥനയേയും പീഡാനുഭവത്തേയും ക്രൂശുമരണത്തേയും ധ്യാനിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ദൈവത്തേയും മാമോനേയും സേവിപ്പാൻ കഴികയില്ല എന്നറിഞ്ഞിട്ടും മാമോനെ സേവിക്കുന്നതിൽ കാണിച്ച താൽപര്യത്തെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഉപവസിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത് എന്ന കർത്തൃവചനം ഗണ്യമാക്കാതെ മനുഷ്യർക്ക് വിളങ്ങേണ്ടതിന് മുഖം വിരൂപമാക്കിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മറ്റുള്ളവർ ഞങ്ങൾക്ക് ചെയ്യണമെന്ന് ഞങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും ഞങ്ങൾ അവർക്ക് ചെയ്യണം എന്നറിയാമായിരുന്നിട്ടും അപ്രകാരം ജീവിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ നിങ്ങൾ എല്ലാവരും എൻെറ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും എന്ന കർത്താവിൻെറ വാഗ്ദാനം ഗണ്യമാക്കാതെ ആകുലപ്പെട്ടു ജീവിച്ച കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഞങ്ങളുടെ പാപരോഗങ്ങൾക്കെതിരായി മാനസാന്തരമാകുന്ന ഔഷധത്തെ നൽകുകയും ഞങ്ങളുടെ മുറിവുകൾക്കും വ്രണങ്ങൾക്കും പരിഹാരമായി നിൻെറ ശരീരരക്തങ്ങളെ നൽകിയവനുമായ മ്ശിഹാ തമ്പുരാന് വിശ്വാസത്തിൽ തീഷ്ണത ഉള്ളവരായും ആത്മാവിൽ ചൈതന്യമുള്ളവരായും നിന്ന് നിന്നെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എല്ലായ്പ്പോഴും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. ഞങ്ങളുടെ രക്ഷകനായ മ്ശിഹാ തമ്പുരാനേ, നിൻെറ ക്രൂശിലെ സ്നാനം മൂലം നീ ഞങ്ങളെ നീതിയുടെ ആയുധം ധരിപ്പിച്ചു. ഞങ്ങളുടെ സൗഖ്യത്തിനായുള്ള ഔഷധം നിൻെറ അടിപ്പിണരാൽ ഞങ്ങൾക്ക് നൽകപ്പെട്ടു. ഞങ്ങളുടെ കറകളെ വെടിപ്പാക്കുന്ന സോപ്പായും ശുദ്ധീകരിക്കുന്ന തളിപ്പുമായി നിൻെറ രക്തം ചിന്തപ്പെട്ടു. ഞങ്ങൾ അശേഷം അനാഥമാക്കപ്പെടാതിരിക്കേണ്ട തിനായി നിൻെറ ആത്മാവിനെ കാര്യസ്ഥനായി നീ നൽകി. ഞങ്ങളുടെ പാപത്തിൻെറ ഘനമേറിയ ചുമടു നീ വഹിക്കുകയും സാത്താൻെറ അടിമനുകത്തിൽ നിന്ന് ഞങ്ങളെ രക്ഷിച്ച് ലഘുവായതും മൃദുവായതുമായ നിൻെറ നുകത്തോടു ചേർന്ന് പഠിപ്പാൻ ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു. നിൻെറ നുകത്തോടു ചേർന്ന് നിൻെറ കൽപ്പനകളെ അനുസരിപ്പാനും നിന്നെ സന്തോഷത്തോടെ വഹിപ്പാനുമായി ഞങ്ങളെ നിൻെറ വാഹനങ്ങളാക്കി തീർക്കേണമേ.

നിൻെറ കൃപയാൽ ഞങ്ങളുടെ എല്ലാവരുടെയും ഹൃദയങ്ങളെയും നാവുകളെയും അധരങ്ങളെയും വിശുദ്ധീകരി ക്കണമേ. വെടിപ്പുള്ള അധരങ്ങളോടും ലജ്ജ കൂടാത്ത മുഖത്തോടും കൂടെ നിനക്കു സ്തോത്രം കരേറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, ധന്യവും മഹത്വകരവുമായ നിൻെറ ശ്രേഷ്ഠജ്ഞാനമാകുന്ന മഹോന്നത പ്രകാശത്തിലേക്ക് ഞങ്ങളുടെ ചിന്തകളെ നയിക്കണമേ. സ്നേഹത്തിൻെറ ഉറവയും കൃപയുടെ

സമുദ്രവുമായ ദൈവമായ കർത്താവേ, ഞങ്ങൾ നിന്നെയും തമ്മിൽ തമ്മിലും അവസാനത്തോളവും സേവിപ്പാൻ കൃപയും സമാധാനവും ഐശ്വര്യവും നൽകുമാറാകണമേ. ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തുന്നവനും ഞങ്ങളെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തുന്നവനുമായ ദൈവമായ കർത്താവേ, അന്യായത്തിൻെറയും ദുഷ്ടതയുടെയും പാപത്തിൻെറയും സകല മലിനതകളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമേ. കർത്താവേ, ഞങ്ങളുടെ ബോധത്തെയും ബുദ്ധിയേയും നിൻെറ വിശുദ്ധാത്മാവുമൂലം നീ വെടിപ്പാക്കണമേ. ചെയ്യേണ്ടതു ചെയ്യാതെയും ചെയ്യരുതാത്തതു ചെയ്തും ഞങ്ങൾ നിന്നെ ദുഃഖിപ്പിച്ചു. ഞങ്ങളുടെ വിചാരങ്ങളെയും നിരൂപണങ്ങളെയും ആഗ്രഹങ്ങളെയും പ്രയത്നങ്ങളെയും വിശുദ്ധീകരിക്കണമേ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവർക്കുള്ള ഭാഗ്യാവസ്ഥ ഞങ്ങൾ അനുഭവിക്കുമാറാകണമേ. ഞങ്ങളുടെ പരസ്യവും രഹസ്യവുമായ വീഴ്ചകളെ സങ്കടപൂർവ്വം ഞങ്ങൾ ഏറ്റു പറയുന്നു. എല്ലായ്പ്പോഴും ഞങ്ങളോടുകൂടെ പാർക്കുവാനും സകല സത്യത്തിലേക്കും ഞങ്ങളെ വഴിനടത്തുവാനും അറിവിൻെറയും ശക്തിയുടെയും റൂഹായുടെ അറിവ് ഞങ്ങൾക്കു നൽകണമേ. പരിശുദ്ധാത്മാവിൻെറ ശക്തിയെ ഞങ്ങളിൽ പുതുക്കണമേ. കർത്താവേ, ഞങ്ങളെ സ്നേഹമുള്ളവരാക്കണമേ. ഞങ്ങൾ ഞങ്ങളിൽത്തന്നെ സ്നേഹമുള്ളവരും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നവരും ആയിത്തീരണമേ. ഞങ്ങൾ സമാധാനം അനുഭവിക്കുന്നവരായിരിക്കണമേ. ദീർഘക്ഷമയും ദയയും ഞങ്ങൾക്കു നൽകണമേ. ഞങ്ങൾ നിന്നോടും മറ്റുള്ളവരോടും ഞങ്ങളോടു തന്നെയും വിശ്വസ്ഥതയുള്ളവരായിരിക്കണമേ. പരോപകാര തൽപ്പരത ഞങ്ങളിൽ വളർന്നു വരേണമേ. സൗമ്യതയാകുന്ന അക്ഷയഭൂഷണത്താൽ ഞങ്ങളെ അലങ്കരിക്കണമേ. ഇന്ദ്രിയജയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾ സകല കാര്യങ്ങളിലും സന്തോഷവും ആനന്ദവും അനുഭവിക്കുകയും ചെയ്യുമാറാകണമേ. സർവ്വസൃഷ്ടികളുടെയും നാഥനായ ദൈവമേ, നിൻെറ കൃപാധിക്യത്താൽ ഞങ്ങളോടു കരുണ ചെയ്യണമേ. പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകൾക്ക് ഉത്തരമരുളുന്നവനുമായുള്ളോവേ, ഞങ്ങളുടെ അനുതാപത്തെ അംഗീകരിക്കണമേ. ഞങ്ങളുടെ ശുശ്രൂഷ തിരുമുമ്പാകെ പ്രവേശിക്കുമാറാകണമേ. സർവ്വ ലോകത്തിന്മേലും നിൻെറ രക്ഷ വർദ്ധിപ്പിക്കുമാറാകണമേ. നല്ലവനും ദയാലുവുമായ കർത്താവേ, ചുങ്കക്കാരനെപ്പോലെ ഞങ്ങൾ അപേക്ഷിക്കുന്നു, നിൻെറ പരിജ്ഞാനത്തിലേക്കു വളരുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ നിന്നിൽ ശരണപ്പെട്ട് പുണ്യപ്പെടുമാറാകണമേ. നിൻെറ കരുണയാകുന്ന ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചു കൊള്ളണമേ. ദൈവത്തിൻെറ സർവ്വായുധവർഗ്ഗം ഞങ്ങളെ ധരിപ്പിക്കണമേ. നിരപ്പും സമാധാനവും സ്നേഹവും അനുഗ്രഹങ്ങളുടെ ഉറവുമായി വലിയവനും നിത്യനുമായിരിക്കുന്ന ദൈവമേ, നിൻെറ സഭയെ സമാധാനപ്പെടുത്തുകയും നിൻെറ കൃപയാൽ ഭൂലോകത്തെ പരിപാലിക്കുകയും ചെയ്യണമേ. നിഷ്ക്കളങ്കവും നിർമ്മലവുമായ ഏക ഹൃദയത്തോടുകൂടി തിരുമുമ്പാകെ യോജിപ്പോടെ നിന്നുകൊണ്ട് നിനക്കും നിൻെറ പിതാവിനും വിശുദ്ധാത്മാവിനും സ്തുതി അർപ്പിക്കുവാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ഒന്നാം നാൾ അഗ്നിമയന്മാരും.. ..)

ആറാം നാൾ തൻ സാദൃശ്യത്തിൽ
മർത്യനെ മണ്ണാൽ മെനഞ്ഞീശൻ
അണിയിച്ചു തേജസ്സും മാനവും
സ്രഷ്ടാവിനുടെ ആർദ്രത പോൽ
സൃഷ്ടിയിൻ മകുടമതാക്കി താൻ
ശോഭിതമാം തിരു സ്വരൂപമായ്
പറുദീസിൻ ഭാഗ്യം പൂകാൻ
നാസാദ്വാരത്തിൽ ഊതി
കർത്തൻ തന്നുടെ റൂഹായെ – ബാറെക്മോർ

ശൂബഹൊ

ആറാം നാൾ ദൈവത്തിൻ സൂനു
ബലിയായ് തീർന്നു കാൽവറിയിൽ
പാപത്തിൽ വീണുപോയൊരു കുലത്തെ
തിരികെ നേടുവതിന്നായി
ബലയാറിൻ തല തകർത്തവിടെ
ബലവാനായോൻ ബലിയാടായ്
ബന്ധനമുക്തി നൽകിയവൻ
സ്ലീബായാൽ ജയമേകി
നഷ്ടംഗതരാമെങ്ങൾക്ക്

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തന്റെ സൃഷ്ടികൾക്കായി തന്റെ കൃപയെ പകർന്നു നൽകുന്നതിനായി സ്വയം ചെറുമയാക്കിയ മ്ശിഹാ തമ്പുരാനേ, തിരുരക്തത്താൽ വിലയ്ക്കു വാങ്ങുകയും വിശുദ്ധ റൂഹായാൽ രക്ഷിക്കുകയും ചെയ്ത തിരുസഭയുടെ സന്താനങ്ങളായ ഞങ്ങൾ തിരുസന്നിധിയിൽ കഴിക്കുന്ന ഈ ആരാധനയെ പരിമളധൂപമായി നീ കൈക്കൊള്ളണമേ. ഇതുമൂലം ഞങ്ങൾ അനുഗ്രഹം പ്രാപിക്കുകയും നിന്റെ ക്രൂശിനോട് അടുത്തു വരികയും അതിനെ വഹിപ്പാൻ ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും എല്ലായ്പ്പോഴും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഞങ്ങളിൻ പ്രാർത്ഥനയും നോമ്പും കൈക്കൊണ്ട്
ഞങ്ങളിലെന്നും നീ കാരുണ്യം ചെയ്ക

ആദിഫലമായ ദൈവത്തിൻ സുതനേ
പ്രതിഫലമേകാനായ് എഴുന്നെള്ളീടുമ്പോൾ
    ഇരുട്ടിലിരിക്കുന്നോർ വെളിച്ചം കണ്ടിടും
    വെളിവിൻ സുതരായവർ വന്ദനമേകീടും
വന്നവനും ഇനിമേൽ വരുവാനുള്ളവനും
ഇരുലോകങ്ങളിലും സ്തുതി ബഹുമാനങ്ങൾ
    വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
    കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **മീഖാ 6:1–8**
2. **റോമർ 12:12–21**

**ഏവൻഗേലിയോൻ വി. മത്തായി 5:1–12**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 7 Saturday - ദിനം 7 ശനി

## ധ്യാനവിഷയം – ദൈവരാജ്യത്തിൻെറ സാർവ്വത്രീകത

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

### പ്രാർത്ഥന

പ. സകലത്തിൻെറയും സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായ ദൈവമേ, ആകാശം നിൻെറ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം നിൻെറ കൈവേലയെ പ്രസിദ്ധമാക്കുന്നു. അത്ഭുതകരമായി ഈ പ്രപഞ്ചത്തെ സജീവമായി നിലനിർത്തുന്ന നിൻെറ സാന്നിദ്ധ്യത്തിനായും ഇടപെടലുകൾക്കുമായി ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. സകല സൃഷ്ടികളുടെയും വീണ്ടെടുപ്പിനായി ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്ന് വിചാരിക്കാതെ മനസ്സോടെ താണിറങ്ങി വന്ന് ഞങ്ങളോടുകൂടെ പാർക്കുകയും നോമ്പിൻെറ ദൃഷ്ടാന്തത്തെ ഞങ്ങൾക്ക് നൽകുകയും ചെയ്ത കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ത്രിത്വത്തിൽ ഒരുവനായിരിക്കുകയും എല്ലായ്പ്പോഴും ഞങ്ങളോടുകൂടെ വസിക്കുകയും ചെയ്യുന്ന സത്യാത്മാവും ആശ്വാസപ്രദനുമായ പരിശുദ്ധ റൂഹായേ, ഞങ്ങൾ നിന്നെ വന്ദിക്കുന്നു. ആഴ്ചവട്ടത്തിൻെറ ഏഴാം ദിവസം തൻെറ പ്രവർത്തിയിൽ നിന്ന് നിവൃത്തനായി തൻെറ സൃഷ്ടിയെ നല്ലതെന്നു കണ്ടവനും വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലുമാണ് നിങ്ങളുടെ ബലം എന്ന് ഞങ്ങളോട് കൽപ്പിച്ചരുളി ച്ചെയ്കയും ചെയ്ത ദൈവമേ, നിൻെറ സകല സൃഷ്ടിയുടേയും മോചനത്തിനുമായി ഞങ്ങളുടെ നോമ്പും ആരാധനയും ആയിത്തീരേണമേ. ഹോശോ.. ..

ജ. ആമ്മീൻ

### സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

### അനുതാപ പ്രാർത്ഥന

പ. ഞാൻ നിന്നോടു കൽപ്പിക്കുന്ന വചനങ്ങൾ നിൻെറ ഹൃദയത്തിൽ ഇരിക്കേണം. നീ അവയെ നിൻെറ മക്കൾക്ക് ഉപദേശിച്ചു കൊടുക്കുകയും, നീ വീട്ടിൽ ഇരിക്കുമ്പോഴും, വഴി നടക്കുമ്പോഴും, കിടക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും അവയെക്കുറിച്ച് സംസാരിക്കുകയും വേണം. എന്ന തിരുവചനത്തെ അവഗണിച്ച് ദൈവവചനത്തിനു പ്രാധാന്യവും മുൻഗണനയും നൽകാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ആകാശത്തിലെ പറവകളെ നോക്കുവിൻ, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെയ്ക്കുന്നതുമില്ല എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് അവയെ പുലർത്തുന്നു. അവയേക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ എന്ന് അരുളിച്ചെയ്ത കർത്താവേ, നിൻെറ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ ഞങ്ങളുടെ ദൈനംദിന ജീവിതത്തിൽ ആകുലചിത്തരായി ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. യേശു എഴുന്നേറ്റു കാറ്റിനെ ശാസിച്ചു, കടലിനോട് അനങ്ങാതിരിക്ക, അടങ്ങുക എന്നു പറഞ്ഞു. കാറ്റ് അമർന്നു വലിയ ശാന്തത ഉണ്ടായി. പിന്നെ അവൻ അവരോട് നിങ്ങൾ ഇങ്ങനെ ഭിരുക്കൾ ആകുവാൻ എന്ത്, നിങ്ങൾക്ക് ഇപ്പോഴും വിശ്വാസം ഇല്ലയോ എന്നു പറഞ്ഞു. ജീവിതത്തിൽ ഭയപ്പെട്ടുപോയ സാഹചര്യങ്ങളിലും പ്രതികൂലങ്ങളിലും, പ്രതിസന്ധികളിലും നിരാശിതരായി വിശ്വാസത്തിൽ ഉറപ്പില്ലാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സൽഗുണപൂർണ്ണരാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്കുക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്ക എന്നരുളിച്ചെയ്ത കർത്താവേ, നിൻെറ കൽപ്പനകളിൽ ഞങ്ങൾക്ക് സൗകര്യപ്രദമായതു മാത്രം സ്വീകരിക്കുകയും ഞങ്ങൾ പ്രായോഗികമാക്കേണ്ട മറ്റു കൽപ്പനകളെ മനഃപൂർവ്വമായി അവഗണിക്കുകയും ചെയ്ത കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സൃഷ്ടിയോടുള്ള നിസ്തുല സ്നേഹത്താൽ മനുഷ്യനായി തീരുകയും ക്രൂശിലെ മരണത്തിലൂടെ ഞങ്ങളെ വീണ്ടെടുക്കുകയും രക്ഷാകരമായ ഉയിർത്തെഴുന്നേൽപ്പിനാൽ ഞങ്ങൾക്ക് പുനരുത്ഥാന പ്രത്യാശ നൽകുകയും നിത്യമായ സമാധാനത്താൽ ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യുന്ന മ്ശിഹാ തമ്പുരാന് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളാലും ഞങ്ങളെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന യേശുക്രിസ്തുവിൻെറ പിതാവായ ദൈവമേ, നിൻെറ സന്നിധിയിൽ ഞങ്ങൾ വിശുദ്ധരും നിഷ്ക്കളങ്കരും ആകേണ്ടതിന് ലോക സ്ഥാപനത്തിനു മുമ്പേ ഞങ്ങളെ തിരഞ്ഞെടുത്തതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കൃപയാലെ ഞങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നും രക്ഷ ദൈവത്തിൻെറ ദാനം എന്നുള്ള ബോധ്യവും എപ്പോഴും ഞങ്ങൾക്കു തരേണമേ. ഞങ്ങൾ ദൈവത്തിൻെറ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ ഞങ്ങളുടെ ജീവിതം ക്രിസ്തുവിൻെറ ജീവിതത്തിന് അനുരൂപമാക്കണമേ.

ഞങ്ങളെ വിളിച്ചിരിക്കുന്ന വിളിക്ക് യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കുകയും സ്നേഹത്തിൽ അന്യോന്യം പൊറുക്കുകയും ആത്മാവിൻെറ ഐക്യത സമാധാനബന്ധത്തിൽ കാക്കുന്നതിനായി പരിശ്രമിക്കുന്നതിനും ഞങ്ങളെ പ്രാപ്തരാക്കേണമേ. ഞങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിൻെറ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിച്ചു കൊൾവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. ദൈവവചനം ഞങ്ങളുടെ കാലുകൾക്ക് വിളക്കും വഴിക്ക് പ്രകാശവും ആയിരിക്കണമേ.

ഞങ്ങളുടെ മാതാപിതാക്കളെ കർത്താവിൽ അനുസരിക്കുവാനും അവരെ ആദരിക്കുവാനും ഞങ്ങൾക്ക് എപ്പോഴും ഇടയാകണമേ. ഞങ്ങളുടെ മക്കളെ കോപിപ്പിക്കാതെ ബാലശിക്ഷയിലും പഥ്യോപദേശത്തിലും പോറ്റി വളർത്തുവാനും അവരെ ദൈവത്തിൻെറ കൃപയിലും അറിവിലും പരിജ്ഞാനത്തിലും ശക്തിയിലും വളർത്തിക്കൊണ്ടു വരുവാനും ഞങ്ങളെ പ്രാപ്തരാക്കേണമേ. ദൈവയിഷ്ടം പൂർണ്ണമനസ്സോടെ ചെയ്യുവാനും കർത്താവിനെ പ്രീതിയോടെ സേവിച്ച് അനുസരിപ്പാനും ഈ നോമ്പുകാലം ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ അന്യോന്യം കരുതുന്നവരും തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമക്കുന്നവരുമായി ജീവിപ്പാൻ ഇടയാക്കേണമേ. മുൻവിധിയും വിവേചനവും കൂടാതെ മറ്റുള്ളവരെ കാണുവാനുള്ള മനോഭാവം ഞങ്ങൾക്ക് നൽകേണമേ. എല്ലാവരും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന ബോധ്യത്തിൽ ആരെയും തള്ളിക്കളയാതെ എല്ലാവരെയും ക്രിസ്തുസ്നേഹത്തിൽ ചേർത്തു നിർത്തുവാനുള്ള മനസ്സ് ഞങ്ങൾക്ക് തരേണമേ.

സുഖാർ പട്ടണത്തിലൂടെ സഞ്ചരിച്ച് ശമര്യാക്കാരി സ്ത്രീയെ കണ്ട് താൻ മ്ശിഹാ ആണെന്ന് വെളിപ്പെടുത്തിയ കർത്താവേ, വേർപാടിൻെറ സകല നടുച്ചുവരുകളെയും നീക്കുന്ന നിൻെറ രക്ഷണ്യ പ്രവർത്തനത്തിൽ ഞങ്ങൾ ഭാഗഭാക്കുകളാകുവാനുള്ള ഉത്തമ താൽപ്പര്യം ഞങ്ങളിൽ ജനിപ്പിക്കേണമേ. ദൈവരാജ്യത്തിൻെറ സുവിശേഷം സാർവ്വത്രീകമാണെന്നും എല്ലാ

സീമകൾക്കും അതീതമാണ് സുവിശേഷമെന്നും ഉള്ള തിരിച്ചറിവോടെ ബലഹീനതകളെ ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും ആദരിക്കുവാനും സുവിശേഷത്തിൻെറ ജീവിക്കുന്ന സാക്ഷികളായി നിലകൊള്ളുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുടെ അന്യായത്തിൽ നിന്നു ഞങ്ങളെ പുണ്യപ്പെടുത്തുകയും നിൻെറ മോക്ഷത്തിലുള്ള ആനന്ദത്തിനു ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

ആലോഹൊ ഏക ജാതനെ
തവ കരുണകളിൻ – വാരിധി ഞാൻ
നോക്കിടുന്നേൻ – പാപങ്ങൾ ബഹുലം

തളിക്കണമെ നിൻ സോപ്പായാൽ
എൻ കണ്ണീരിനാൽ – നിർമ്മലനാക്കുക
യാചിക്കുന്നേൻ – തവ താതന്നൻപാൽ

മമ രിപു ദുഷിച്ചീട – ല്ലെന്നെ
അകൃത്യം വിട്ടനുതപിച്ചിടും
പാപിയിൽ ദൂതർ – സന്തോഷിച്ചുടനെ

അനുതാപികൾക്കെപ്പോഴും വാതിൽ
തുറക്കും കർത്തൻ – വാഴ്വേറ്റോൻ
ഹാലേല്ലൂയ്യാ – എന്നവർ പറയട്ടെ – ബാറെക്മോർ

### ശുബ്ഹൊ

കർത്തനെ കാൺ എൻ ക്ഷീണതയെ
പിഴച്ചേൻ ഏറ്റം – വെറുപ്പിച്ചേൻ
അഭയമെനിക്കാ – രെന്നറിയുന്നില്ല

വൈദ്യന്മാർ പക്കൽ – പോയ് ഞാൻ
അവരുടെ ചികിത്സകളേറ്റിട്ടും
എൻ വ്രണമേതും – സുഖമായില്ലയ്യോ

കേട്ടേൻ നീ നല്ലൊ–രു വൈദ്യൻ
ഏറിയോരൌഷധി – നിനക്കുണ്ടെനി–
ക്കുതവി ലഭിക്കാൻ – വന്നേൻ നിന്നരികിൽ

തവ ജനകനുടെ അൻപാലും
വില മതിയാ നിൻ – നിണത്താലും
ഹാലേലൂയ്യാ പരിഹരിക്കെൻ കടങ്ങൾ

## അപേക്ഷ

 പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ദൈവമായ കർത്താവേ, നോമ്പാകുന്ന ആത്മീയ പാഠശാലയിൽ നിന്നും നിൻെറ പ്രമാണങ്ങളെ പഠിപ്പാനും നോമ്പിൻെറ ഈ യാത്രയിൽ നായകനും നിയന്ത്രകനും ഗുരുവുമായി നിന്നെ ഞങ്ങൾ കാണുകയും ചെയ്യുമാറാകേണമേ. സൃഷ്ടിയോടു നിരക്കുകയും സകല സൃഷ്ടികളേയും തന്നിലേക്ക് ആകർഷിക്കുകയും ചെയ്യുന്ന സ്രഷ്ടാവായ കർത്താവേ, നിൻെറ സ്നേഹമാകുന്ന പരിമള വാസനയും നിൻെറ ദയയാകുന്ന പനിമഞ്ഞും ഞങ്ങൾ അനുഭവിപ്പാനായി ഈ പ്രാർത്ഥനകളെ നീ സ്വീകരിക്കേണമേ. പാപ ദുർഗ്ഗന്ധത്തിൽ ആയിരിക്കുന്ന ഞങ്ങളുടെ ചുറ്റുപാടുകളിൽ നിൻെറ കാരുണ്യത്തിൻെറ പരിമളം വീശുവാൻ ഞങ്ങളെ ഒരുക്കേണമേ. ഹോശൊ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

മോശാ തൻ മുഖചർമ്മത്തി
ന്നുണ്ടായി ശോഭ നിന്നാൽ
സൂര്യൻ തൻ കതിരേക്കാളും
ആ വദനം ചിന്തി ദീപ്തി

ദൈവസുതൻ ശുശ്രൂഷിക്കാനായ്
നാൽപ്പതു ദിനരാത്രങ്ങൾ
സാത്താനോടടരാടി താൻ
വചനത്താൽ നേടി ജയം

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. 1 ശമു 18:1–5**

**2. ഗലാ 3:23–29**

**ഏവൻഗേലിയോൻ വി. മർ 3:31–35**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 8 Sunday - ദിനം 8 ഞായർ

**ധ്യാനവിഷയം – സ്പർശനത്തിലൂടെയുള്ള സൗഖ്യം**
**(കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന കർത്താവ്)**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. പ്രപഞ്ചത്തിൻെറ സ്രഷ്ടാവും തലമുറതലമുറയായി ഞങ്ങളുടെ സങ്കേതവുമായ നിത്യനായ ദൈവമേ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. പാപരോഗത്താൽ വലഞ്ഞവരായ ഞങ്ങളെ സൗഖ്യമാക്കുവാൻ ഗാൽഗുത്തായുടെ ഉയരത്തിൽ യാഗമയി അർപ്പിക്കപ്പെടുകയും അതിനാൽ സകല സൃഷ്ടികളുടെയും വിമോചനം സാദ്ധ്യമാക്കുകയും ചെയ്ത പുത്രനാം ദൈവമേ നിന്നെ ഞങ്ങൾ വന്ദിക്കുന്നു. ദൈവീക സ്പർശനത്തിൻെറ ഓഹരിക്കാരാകുവാൻ ഞങ്ങളെ പ്രബോധിപ്പിക്കുകയും വഴി നടത്തുകയും ചെയ്യുന്ന പരിശുദ്ധ റൂഹായേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. ഞങ്ങൾ ജീവൻെറ വചനം പ്രമാണിച്ചുകൊണ്ട് ലോകത്തിൽ സൗഖ്യദായകരാകുവാൻ ഈ ആരാധന ഞങ്ങളെ സഹായിക്കണമേ. തൻെറ സ്നേഹത്താൽ ഞങ്ങളുടെ രോഗങ്ങളെയും കറകളെയും ഇല്ലാതാക്കുവാനായി ഈ ലോകത്തിൽ നിസ്സാരനെപ്പോലെ താണിറങ്ങി വന്നവനും തൻെറ അടുത്തു വന്ന കുഷ്ഠരോഗിയുടെ രോഗം സുഖപ്പെടുത്തുകയും ചെയ്ത സ്വർഗ്ഗീയ വൈദ്യനായ കർത്താവേ, ഞങ്ങളുടെ പഴയ മനുഷ്യൻെറ മലിന വസ്ത്രത്തെ നീക്കി നിന്നാൽ നിർമ്മിക്കപ്പെട്ട നീതിയിൻ പുതുവസ്ത്രം ഞങ്ങളെ ധരിപ്പിക്കണമേ. ഞങ്ങൾ വിശുദ്ധിയോടും വെടിപ്പോടും കൂടി നിനക്കു സ്തുതിയും സ്തോത്രവും സമർപ്പിക്കുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നു പഠിപ്പിച്ച കർത്താവേ, പ്രാർത്ഥനയിൽ വന്ന അലസതയും ദൈവ സംസർഗ്ഗത്തിനായി സമയം വേർതിരിക്കാതെ ലോകമയത്വത്തിൽ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മനസ്സലിഞ്ഞു കൈനീട്ടി കുഷ്ഠരോഗിയെ സ്പർശിച്ച കർത്താവേ, മറ്റുള്ളവരുടെ വേദനയിൽ മനസ്സലിവും സ്നേഹവും ഞങ്ങൾ കാണിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല, ശബ്ബത്തു മനുഷ്യൻ നിമിത്തമത്രേ എന്നരുളിച്ചെയ്ത ശബ്ബത്തിനും കർത്താവായുള്ളോവേ, സമ സൃഷ്ടങ്ങളെ ചേർത്തു നിർത്തുന്നതിലും സകല സൃഷ്ടിയുടെയും മോചനത്തേക്കാൾ ശബ്ബത്തിൻെറ നിയമങ്ങൾക്കു പ്രാധാന്യം കൊടുത്ത കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സ്നേഹവും ആദരവും കരുതലുമുള്ള സ്പർശനം സൗഖ്യദായക മെന്ന് ദൃഷ്ടാന്തീകരിച്ച കർത്താവേ, സൗഖ്യദായകമായ സ്പർശനം നൽകാതെ ഇരുന്നതും അസ്പർശ്യരെന്ന് സമൂഹം കരുതുന്നവരെ അവഗണിച്ചു പോയതുമായ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തിരുമനസ്സാലേ രോഗികളുടെ അടുക്കലേക്ക് ഇറങ്ങി വന്ന് രോഗങ്ങളെ സദയം സുഖപ്പെടുത്തിയ നല്ല വൈദ്യനും ആതുരർക്കിടയിൽ കൃപയാൽ കാണപ്പെട്ട് തൻെറ സഹായത്തെ എല്ലാവർക്കും ഒഴുക്കി കൊടുത്ത സൗഖ്യത്തിൻെറ ഉറവയും നിർദ്ധനർക്ക് തൻെറ സമ്പാദ്യത്തെ വിഭജിപ്പാൻ കരുണയോടെ താഴെയുള്ളവരുടെ അടുക്കലേക്ക് ചാഞ്ഞിറങ്ങിവന്ന ഉന്നതനുമായ കർത്താവിന് സ്തുതി. തനിക്ക് ദൈവീകമായ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുസ്സിൻ നാളൊക്കെയും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. അതുല്യമായ സ്നേഹത്താൽ ഞങ്ങളെ വീണ്ടെടുത്ത ദൈവമേ നിനക്കു സ്തുതി. കരുണ നിറഞ്ഞവനായ കർത്താവേ, നിൻെറ മരണത്താലും പുനരുത്ഥാനത്താലും ഞങ്ങൾക്ക് പാപമോചനവും വീണ്ടെടുപ്പും എന്ന സൗഖ്യം നീ പ്രദാനം ചെയ്തിരിക്കുന്നുവല്ലോ. ദൈവമേ, നീ ആരംഭിച്ച വീണ്ടെടുപ്പിൻെറയും നിരപ്പിൻെറയും സൗഖ്യം പ്രദാനം ചെയ്യുന്ന ശുശ്രൂഷയാൽ സകലതും ക്രിസ്തുവിൽ ഒന്നാക്കി തീർക്കുന്ന നിൻെറ രക്ഷാകരപദ്ധതിയിൽ വിശ്വസ്തതയോടെ പങ്കുചേരുവാൻ ഞങ്ങളെ സഹായിക്കേണമേ.

കാരുണ്യവാനും വീണ്ടെടുപ്പുകാരനുമായ കർത്താവേ, നീ ഞങ്ങൾക്കായി സാദ്ധ്യമാക്കിയ വീണ്ടെടുപ്പിനെ ധ്യാനിക്കുന്ന ഈ നേരുത്തു നിൻെറ സൗഖ്യദായക ശുശ്രൂഷയിൽ പങ്കുചേരുവാൻ ഞങ്ങളെ പൂർണ്ണവിനയമുള്ളവരും നിൻെറ ആത്മാവിനാൽ നയിക്കപ്പെടുന്നവരുമാക്കി തീർക്കണമേ. നല്ല ഇടയനായ ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, നിൻെറ കൈവേലയും മെനച്ചിലുമായ ഞങ്ങൾ ഞങ്ങളുടെ അയൽക്കാരേയും സകല സൃഷ്ടിയേയും ഞങ്ങളെപ്പോലെ തന്നെ സ്നേഹിക്കുവാൻ താൽപര്യമുള്ളവരാക്കണമേ. രക്ഷാകരമായ വേല പൂർത്തീകരിക്കുവാൻ പരിശുദ്ധാത്മാവിനാൽ നിൻെറ ശരീരമാകുന്ന സഭയെ സദാനേരവും ശക്തീകരിക്കണമേ. കാഴ്ച മങ്ങിയ ഞങ്ങളുടെ കണ്ണുകൾക്ക് ദിവ്യ ദർശനം തരേണമേ. ബധിരമായിപ്പോയ ഞങ്ങളുടെ കാതുകൾ മറ്റുള്ളവരുടെ നിലവിളി കേൾക്കാൻ പ്രാപ്തമാകണമേ. കഠിനമായി പോയ ഞങ്ങളുടെ ഹൃദയങ്ങളെ മനസ്സലിവുള്ളതാക്കണമേ. നിൻെറ ഹിതം ചെയ്‌വാൻ ഞങ്ങളുടെ കരങ്ങളെ ഉപയോഗിക്കണമേ. ഞങ്ങളുടെ പ്രവർത്തികൾ നിനക്കു പ്രസാദകരവും മറ്റുള്ളവർക്ക് ക്രിസ്തുവിങ്കലേക്കുള്ള വഴിയുമാക്കേണമേ. നീതിയിൻ സൂര്യനായ കർത്താവേ, അനീതിയുടെ ഉപകരണങ്ങളായി മാറ്റാതെ നീതിയുടെയും ന്യായത്തിൻെറയും വറ്റാത്ത ഉറവുകള:ാക്കി ഞങ്ങളെ തീർക്കേണമേ. ബലഹീനമായ ഞങ്ങളുടെ ശരീരങ്ങളെയും മനസ്സുകളെയും ആത്മാക്കളെയും നിൻെറ ദിവ്യ സാന്നിദ്ധ്യത്താൽ ശക്തീകരിക്കണമേ. ഞങ്ങളുടെ അധരങ്ങളെയും വിചാരങ്ങളെയും ദർശനങ്ങളെയും ദൈവവചനമാകുന്ന കനൽ കൊണ്ട് പ്രൊജ്വലിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ത്രീയേക ദൈവമേ, എല്ലായ്പ്പോഴും നിന്നെ സ്തുതിച്ച് മഹത്വപ്പെടുത്തി സാക്ഷ്യജീവിതത്തിലൂടെ നിൻെറ വീണ്ടെടുപ്പിൻെറ സുവിശേഷം വർത്തമാനകാലത്തിൽ യാഥാർത്ഥ്യമാക്കുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കുകയും ചെയ്യേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

താതന്നാത്മജനാം– ദേവ
തവകരുണകളിൻ വാരിധി ഞാൻ
നോക്കിടുന്നേൻ പാപങ്ങൾ ബഹുലം
    തളിക്കണമേ നിൻ സോ–പ്പായാൽ
    എൻ കണ്ണീരാൽ നിർമ്മലനാക്കുക
    യാചിക്കുന്നേൻ തവ താതന്നൻപാൽ
ദുഃഖത്തിൽ മിഴിനീ–രാലും
നെടുവീർപ്പാലും കർത്താവേ
നിൻ തിരു സവിധേ അണയുന്നീയടിയാർ
    താതനിൽ നിന്നുദയം ചെയ്ത
    ശോഭിതമായൊരു കതിരേ നിൻ
    കൃപ അടിയാർ മേൽ പൂർണ്ണമതാക്കണമേ

ശുബ്ഹോ

പാപത്താൽ പിഴചെയ്തോരാം
അടിയാരുടെമേൽ കൃപ ചെയ്ത്
ഉതവികൾ വർദ്ധിപ്പിക്കണമേ നാഥാ
നാഥാ നിൻ ദൃഷ്ടിയെ നീക്കി
കൈവെടിയരുതേ അടിയാരെ
നിന്നുടെ മുമ്പിൽ ലജ്ജിപ്പിക്കരുതേ
ഞങ്ങൾ തൻ കറകൾ കഴുകി
മായ്ക്കണമേ കട പാപങ്ങൾ
ഹാലേലുയ്യാ പൊറുക്കണമെൻ പിഴകൾ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. കുഷ്ഠരോഗികളെ വെടിപ്പാക്കുകയും പക്ഷവാതരോഗികൾക്ക് സ്വസ്ഥത നൽകുകയും ചെകിടർക്ക് കേൾവി നൽകുകയും കുഷ്ഠരോഗികൾക്ക് പൂർണ്ണ സൗഖ്യം നൽകുകയും ചെയ്ത പരിമള ധൂപമായിരിക്കുന്ന ഞങ്ങളുടെ കർത്താവേ, ഉപദ്രവകരമായിരിക്കുന്ന ഞങ്ങളുടെ ആത്മശരീര രോഗങ്ങളെ സൗഖ്യപ്പെടുത്തി ആന്തരീയ നൊമ്പരങ്ങളെ ശമിപ്പിക്കണമേ. ഞങ്ങളുടെ മനോനേത്രങ്ങളെ ശോഭിപ്പിക്കണമേ. ഞങ്ങളുടെ ബോധനീയ കാതുകളെ തുറന്നു തരണമേ. ഞങ്ങളെ പ്രതിയുള്ള നിന്റെ എല്ലാ സഹായങ്ങൾക്കും ദാനങ്ങൾക്കും വേണ്ടി ഞങ്ങളെല്ലാവരും എല്ലായ്പ്പോഴും നിനക്കു സ്തുതിയും ബഹുമാനവും പുകഴ്ചയും സമർപ്പിക്കുന്നു. ഹോശോ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം – ഈശോ നാഥാ വരിക.. ..)

മ്ശിഹാ നാഥാ കൈക്കൊള്ളണമെൻ അർത്ഥന നോമ്പും
നീതിമാന്മാർ ശുദ്ധരുടെ പോൽ സ്വീകരണം ചെയ്ക
ആധികൾ വ്യാധികൾ സർവ്വവും പോക്കാൻ ഉത്തമനാം വൈദ്യാ
കനിവാർന്ന നിൻ സമ്പർക്കത്താൽ ശുദ്ധമാക്ക
ഊമർ ചെകിടർ അന്ധർ മൂകർ ബാധയേറ്റോർ
എല്ലാവർക്കും നല്ലൊരു വൈദ്യാ തുണയായ് നീ മാത്രം
കുഷ്ഠത്തിന്റെ കഷ്ടം കണ്ട കരുണാർദ്രൻ മ്ശിഹാ
കനിവിൻ കരങ്ങൾ മനസ്സാൽ തൊട്ടു വീണ്ടെടുത്തു

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. 2 രാജാ 5:1–14**

**2. റോമർ 3:27–31**

**ഏവൻഗേലിയോൻ വി. മർ 1:40–45**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 9 Monday - ദിനം 9 തിങ്കൾ

**ധ്യാനവിഷയം – കൃതാർത്ഥ ഹൃദയം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. മനസ്സലിവുള്ള പിതാവും സർവ്വാശ്വാസവും നൽകുന്ന ദൈവമായ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. തൻെറ മരണത്തിലൂടെ ഞങ്ങൾക്കു നിത്യജീവൻ സാദ്ധ്യമാക്കിത്തീർത്ത മ്ശിഹാ തമ്പുരാനേ, നിന്നെ ഞങ്ങൾ വന്ദിക്കുന്നു. ഞങ്ങളുടെ തെറ്റുകളിൽ നിന്നു ഞങ്ങളെ അകറ്റി നിന്നിലേക്കു ഞങ്ങളെ മടക്കി വരുത്തുന്ന പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങൾ നിനക്കു സ്തോത്രം കരേറ്റുന്നു. നിന്നാൽ സൗഖ്യം പ്രാപിച്ച പത്തു കുഷ്ഠരോഗികളിൽ ഒരുവൻ മാത്രം തിരികെ വന്നു നിനക്കു സ്തുതി കരേറ്റിയതുപോൽ ഞങ്ങളുടെ ആരാധനയും നോമ്പും നിന്നിലേക്കുള്ള മടങ്ങി വരവും നിനക്കു പ്രസാധകരമായ സ്തുതി സ്തോത്രങ്ങളുമായി തീരേണമേ. ഞങ്ങൾ മാനസാന്തരപ്പെട്ട പാപികളെയും നീതികരണം പ്രാപിച്ച അനുതാപികളെയും പോൽ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ അർപ്പിക്കുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നീ ഞങ്ങളെ വീണ്ടെടുത്തു പുതിയ സൃഷ്ടികളാക്കി തീർത്തിട്ടും പാപസ്വഭാവങ്ങളിൽ ഞങ്ങൾ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മീയ ഗീതങ്ങളാലും നിറഞ്ഞവരാകേണ്ട ഞങ്ങൾ നന്ദി കാട്ടാതെ ദൈവത്തെയും മറ്റുള്ള വരെയും ദുഃഖിപ്പിച്ച് ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നിലൂടെ ലഭ്യമായ സൗഖ്യത്തെ മറ്റുള്ളവരുമായി വാക്കിലും പ്രവർത്തിയിലും പങ്കുവെയ്ക്കാതിരുന്ന കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ കുരിശുമരണത്തിലൂടെ ദൈവീകസ്നേഹം ഞങ്ങൾക്കു വെളിപ്പെടുത്തി തന്നു എങ്കിലും നിന്നോടും മറ്റുള്ളവരോടും പുലർത്തേണ്ട കൃതജ്ഞതാഭാവം ഇല്ലാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സകലത്തിൻെറയും സ്രഷ്ടാവും സംരക്ഷകനും പരിപാലകനുമായ കർത്താവേ, നിൻെറ ആർദ്രകരുണയിൽ ശരണംവെച്ച് ലജ്ജ കൂടാത്ത മുഖത്തോടും നന്ദിയുള്ള ഹൃദയത്തോടും തിരുസന്നിധിയിലേക്ക് അടുത്തുവരുവാൻ ഞങ്ങളെ സഹായിക്കേണമേ. സകല സൃഷ്ടിയുടേയും വീണ്ടെടുപ്പിനും വിമോചനത്തിനുമായി തന്നെത്തന്നെ യാഗമായി അർപ്പിക്കുകയും ക്രൂശാരോഹണത്താലും രക്ഷാകരമായ പീഢാനുഭവത്താലും മരണത്താലും ഉയിർത്തെഴുന്നേല്പിനാലും പുതിയ ജീവൻ സാദ്ധ്യമാക്കിയവനുമായ മ്ശിഹാ തമ്പുരാനു പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പാപത്താൽ ദൈവതേജസ്സ് നഷ്ടപ്പെടുത്തിയ ഞങ്ങളെ ചേർത്തു നിർത്തുവാൻ തിരുമനസ്സായ കർത്താവേ, നിൻെറ ആർദ്രതയെ ഞങ്ങൾ സ്തുതിക്കുന്നു. നിൻെറ യെരുശലേമിലേക്കുള്ള യാത്രയിൽ അശ്പൃശ്യരെന്നു കരുതിയ പത്തു കുഷ്ഠരോഗികളെ നീ സൗഖ്യമാക്കിയതുപോലെ നിന്നിലേക്ക് അടുത്തുവരുന്ന ഞങ്ങളിലെ രോഗത്തെ നീ സുഖപ്പെടുത്തേണമേ. അവരിൽ സൗഖ്യം പ്രാപിച്ച ഒരു ശമര്യാക്കാരൻ നിനക്കു നന്ദികരേറ്റുവാൻ മടങ്ങി വന്നതുപോലെ ഇ0 നോമ്പിൽ നിന്നിലേക്ക് ചേർന്നു വരുവാനും വീണു നമസ്ക്കരിപ്പാനും നന്ദികരേറ്റുവാനും ഞങ്ങളെ പഠിപ്പിക്കേണമേ. നിൻെറ കൃപയാലും കരുണയാലും അനുഗ്രഹങ്ങളുടെ ബഹുത്വത്താലും രോഗികൾക്കു പൂർണ്ണ സൗഖ്യവും ഞെരുങ്ങിയിരിക്കുന്നവർക്ക് ആശ്വാസവും ബദ്ധന്മാർക്കു വിടുതലും കാണാതെ പോയവർക്ക് തിരിച്ചുവരവും ഭിന്നിച്ചിരിക്കുന്നവർക്ക് ഐകമത്യവും ദുഃഖിക്കുന്നവർക്ക് ആശ്വാസവും പ്രത്യാശയും നൽകണമേ.

ആർക്കും പകരത്തിനു പകരം ചെയ്യാതെയും നന്മയാൽ തിന്മയെ ജയിപ്പാനും സകല മനുഷ്യരോടും കൃതജ്ഞതയുള്ള വരാകുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ദൈവമേ, നീ ഞങ്ങൾക്കു നൽകിയിട്ടുള്ള സകല നന്മകൾക്കും കരുതലിനും സൗഖ്യത്തിനും വേണ്ടി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനം ഞങ്ങളിൽ എപ്പോഴും ഉണ്ടായിരിക്കണമേ. ഞങ്ങൾ ജീവാവസാനത്തോളം നിൻെറ സാക്ഷികളായി നന്ദിയോടെയും സ്തുതിയോടെയും നിലനിന്ന് നിൻെറ വലത്തുഭാഗത്തുള്ള നിലയ്ക്ക് യോഗ്യതയുള്ളവരായി തീരുകയും നിൻെറ മഹത്വ പ്രത്യക്ഷതയിൽ നീ വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യ ജീവിതത്തിന് ഞങ്ങൾ അർഹരായി തീരുകയും ചെയ്യുമാറാകണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ഗുണവാനേ നിൻ വാതിലിൽ.. ..)

നല്ലവനേ സ്തുതിയാം ബലികൾ ഏകുന്നു
നിൻെറ മഹാ കരുണയ്ക്കായി
ജീവദമാം നിൻ സ്പർശനത്താൽ ശുദ്ധം ചെയ്കെങ്ങളെ
ഈശാ നാഥാ കനിവേകണമെന്ന്
അലറിക്കരയും പത്തു കുഷ്ഠർ പോൽ
വൈദ്യാ നിന്നുടെ വചനം കൊണ്ട്
വെടിപ്പാക്കിടുക ഈ നോമ്പിൽ
പിഴച്ചേനേവം ഓതുന്നു മടങ്ങിവരാൻ
മറന്നൊരു പാപി ഞാൻ
കൃപയിൻ കടലേ നിൻ പാദം
പൂകാനും പിന്തുടരാനും ശക്തീകരിക്ക ഈ നോമ്പിൽ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, ബലഹീനരും പാപികളുമായ ഞങ്ങളെ നീ സുഖപ്പെടുത്തി വീണ്ടെടുക്കുകയും നിൻെറ കൃപയാൽ നിന്നോടുള്ള സംസർഗ്ഗത്തിലേക്ക് മടങ്ങിവരുവാൻ ഇടയാക്കുകയും ചെയ്തിരിക്കുന്നുവല്ലോ. തിരുസന്നിധിയിൽ മടങ്ങി വന്ന് ഞങ്ങൾ അണയ്ക്കുന്ന ഈ പ്രാർത്ഥനകളെ നൽധൂപമായി കൈക്കൊള്ളേണമേ. നിൻെറ പരിമള വാസന ഞങ്ങളിൽ വീശി നിന്നെ സ്തുതിച്ചു വണങ്ങി മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലേ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഞങ്ങളിൻ പ്രാർത്ഥനയും നോമ്പും കൈക്കൊണ്ട്
കാരുണ്യം ചെയ്ക ഞങ്ങളിലെന്നും നീ
കുഷ്ഠത്തിൽ നിന്നും സൗഖ്യം നേടിയൊരു
ശമര്യാക്കാരനെപ്പോൽ ആക്കുക ഞങ്ങളെ നീ
നൽകപ്പെട്ടൊരു നൽദാനങ്ങളെ ഓർത്തു
നന്ദി പറഞ്ഞീടാൻ ശീലിപ്പിക്കണമേ
സ്തുതി ബഹുമാനങ്ങൾ വന്ദനവും പുകഴും
എന്നേക്കും യോഗ്യം നിനക്കെൻ കർത്താവേ
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. 2 ശമു 7:8–18**

**2. 1 തെസ്സലോ 5:12–22**

**ഏവൻഗേലിയോൻ വി. ലൂക്കോ 17:11–19**

### മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 10 Tuesday - ദിനം 10 ചൊവ്വ

**ധ്യാനവിഷയം – വിനയത്തിൻെറ മാതൃക**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സർവ്വശക്തനും നീതിമാനും ആയിരിക്കുന്ന പരമപിതാവാം ദൈവമേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. ഞങ്ങളെ പ്രതി ജഡം ധരിച്ച കർത്താവേ, ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. തൻെറ ആരാധകരിൽ പാപബോധം ഉളവാക്കുന്ന പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങൾ നിന്നെ വന്ദിക്കുന്നു. നിൻെറ വിശുദ്ധ റൂഹായുടെ കൃപയാൽ ഞങ്ങളുടെ ശരീരങ്ങളെയും മനസ്സുകളെയും വിശുദ്ധീകരിക്കണമേ. നിൻെറ ഐഹീക ജീവിതത്തെയും സഹനത്തെയും പീഢാനുഭവത്തെയും ധ്യാനിക്കുന്ന ഈ ആരാധനയിലൂടെ ഞങ്ങൾക്ക് പാപബോധവും സത്യ അനുതാപവും ഉണ്ടാകുമാറാകണമേ. ചുങ്കക്കാരനായ പാപിയോടു ക്ഷമിച്ചതുപോലെ ഞങ്ങളുടെ പാപങ്ങളും ഞങ്ങളോട് ക്ഷമിക്കുകയും ദൈവത്താൽ നീതീകരിക്കപ്പെട്ടവരായിരിപ്പാൻ ഇടയാകുകയും ചെയ്യേണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എപ്പോഴും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ചുറ്റുപാടുകളോടുള്ള നിസംഗതയും മൗനവും അനീതിയും തിന്മയാണ് എന്ന് മനസ്സിലാക്കിയിട്ടും ബലഹീനർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ചെയ്യുവാൻ കഴിയുമായിരുന്ന നന്മ ചെയ്യുവാൻ കഴിയാതെ പോകുന്ന കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ തോട്ടത്തിൽ വേല ചെയ്യുന്നതിനും അതിനെ പരിപാലിക്കുന്നതിനും നിയോഗിതരായ ഞങ്ങൾ സ്വാർത്ഥതയ്ക്കും താൽക്കാലിക നേട്ടങ്ങൾക്കുമായി ദൈവദാനമായ പ്രകൃതി വിഭവങ്ങളെ വിനയോഗിച്ച. ഉത്തരവാദിത്വ നിർവ്വഹണത്തിൽ വന്ന ഞങ്ങളുടെ വീഴ്ചകളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. എളിയവരിൽ എളിയവനായി മനുഷ്യനായി ജീവിച്ചു മരിച്ചു ഉയിർത്ത കർത്താവേ, എളിയവരിൽ നിൻെറ മുഖം ദർശിപ്പാൻ കഴിയാതെ പോകുന്ന ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ മാത്രം സുഖലോലുപതകൾക്കുവേണ്ടി ചിന്തിച്ചതും പ്രയത്നിച്ചതുമായ ഞങ്ങളുടെ മനോഭാവത്തെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നെ ആരാധിപ്പാൻ ക്രമമായി ഞങ്ങൾ വന്നിട്ടും ഞങ്ങളുടെ പാപങ്ങളെ തിരിച്ചറിഞ്ഞ് പശ്ചാത്താപിച്ച് നിൻെറ കരുണയോടു യാചിപ്പാൻ മനസ്സാകാതിരുന്ന കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

മഹാ കരുണയും മനസ്സലിവും ദീർഘക്ഷമയുമുള്ള കർത്താവേ, രക്ഷിക്കുന്നവനും സകലരെയും സ്നേഹിക്കുന്നവനും എല്ലാവർക്കും വീണ്ടെടുപ്പ് സാദ്ധ്യമാക്കുവനും നീയാകയാൽ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. ഞങ്ങളെ സകല നന്മയിലേക്കും ജ്ഞാനത്തിലേക്കും സത്യത്തിലേക്കും വഴി നടത്തുന്ന മ്ശിഹാ തമ്പുരാനേ, നോമ്പിൻെറ ഈ കാലത്തും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. നീതീകരിക്കുന്നവനും ശുദ്ധീകരിക്കുന്നവനും ക്ഷമിക്കുന്നവനും ഞങ്ങളുടെ ദോഷങ്ങൾ ഓർക്കാതെവണ്ണം മായിച്ച് ഇല്ലാതാക്കുന്നവനുമായ ദൈവമായ കർത്താവേ, സംഖ്യയില്ലാതെവണ്ണം പെരുപ്പവും വലിപ്പവുമുള്ള ഞങ്ങളുടെ പാപങ്ങൾ നിൻെറ സ്നേഹകാരുണ്യത്താൽ മായിച്ച് നല്ലവനേ, ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ. നിൻെറ ആലയത്തിൽ നിന്നോടു പ്രാർത്ഥന ചെയ്ത ചുങ്കക്കാരൻെറ പ്രാർത്ഥനയെ കൈക്കൊണ്ട് അവൻെറ താഴ്മയെ അംഗീകരിച്ച കർത്താവേ പരീശനെപ്പോലെ സ്വയ നീതീകരണത്തിനും ആത്മപ്രശംസക്കുമായിട്ടല്ല, പിന്നെയോ ഞങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനകൾ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ വിമോചനത്തിനുമായി ഭവിക്കുമാറാകേണമേ. സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുന്നവനും തെറ്റിപ്പോയവരുടെ തിരിച്ചുവരവിലും മാനസാന്തരത്തിലും സന്തോഷിക്കുന്നവനുമായ കർത്താവേ, തിന്മശക്തികളുടെ മുമ്പിൽ വീണുപോകാതെയിരിപ്പാൻ ഞങ്ങളെ നീ കാത്തുകൊള്ളണമേ. സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്

ക്കാന്തിയുള്ളോരു സ്വന്തജനമായി ഞങ്ങളെ ശുദ്ധീകരിക്കേണമേ. ഞങ്ങൾ ചെയ്ത നീതിപ്രവർത്തികളാലല്ല, നിൻെറ കരുണ പ്രകാരം ഞങ്ങളെ രക്ഷിച്ച കർത്താവേ, എല്ലാ നന്മയിലേക്കും ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ. ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല എന്നരുളിയ കർത്താവേ, നിൻെറ സാന്നിദ്ധ്യം എപ്പോഴും ഞങ്ങൾക്ക് സംരക്ഷണ മായിരിക്കേണമേ. ഞങ്ങൾ വിശ്വാസത്തിൻെറ പൂർണ്ണ നിശ്ചയം പൂണ്ട് പരമാർത്ഥഹൃദയത്തോടെ കർത്താവിനോട് അടുത്തു ചെല്ലുവാനും പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിച്ചുകൊൾവാനും വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ എന്ന നിശ്ചയദാർഢ്യത്തോടെ ജീവിപ്പാനും ഞങ്ങളെ പ്രാപ്തരാക്കണമേ. ശാഠ്യവും ദുരഭിമാനവും ഞങ്ങൾ നീക്കിക്കളഞ്ഞ് താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ടരായി എണ്ണിക്കൊൾവാനും മറ്റുള്ളവരുടെ ഗുണത്തിനായി പ്രവർത്തിക്കുവാനും ഞങ്ങളെ മനസ്സൊരുക്കമുള്ളവരാക്കണമേ. ക്രിസ്തുശിഷ്യരായി വിളിക്കപ്പെ ട്ടിരിക്കുന്ന ഞങ്ങൾ ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും ഉള്ള സമർപ്പണമുള്ള വരാക്കണമേ. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പീൻ നിങ്ങളെ പകയ്ക്കുന്നവർക്ക് ഗുണം ചെയ്വീൻ എന്നരുളിയ കർത്താവേ, ഞങ്ങളെ സ്നേഹിക്കാത്തവരെ സ്നേഹിക്കുവാനും മറ്റുള്ളവർ ഞങ്ങൾക്കു ചെയ്യേണം എന്ന് ഞങ്ങൾ കരുതുന്നത് ഞങ്ങൾ അവർക്ക് ചെയ്യുവാനുമുള്ള ദൈവീക താൽപര്യം ഞങ്ങൾക്ക് നൽകേണമേ. ഒന്നും പകരം പ്രതീക്ഷിക്കാതെ മറ്റുള്ളവരെ സ്നേഹിക്കുവാനും ദാനം ചെയ്യുവാനുമുള്ള മനോഭാവം ഞങ്ങളിൽ വർദ്ധിപ്പിക്കേണമേ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ ഞങ്ങളും മനസ്സലിവുള്ളവർ ആകുവാൻ ഇടയാകണമേ. നല്ല ഫലം കായ്ക്കുന്ന നല്ല വൃക്ഷത്തെപ്പോലെ ഞങ്ങളുടെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലത് പുറപ്പെടുവിക്കുവാൻ തക്കവണ്ണം ഞങ്ങളുടെ ജീവിത ശൈലി രൂപാന്തരപ്പെടുമാറാകണമേ. ദൈവമേ, നീ സൃഷ്ടിച്ച ഈ ലോകത്തിലെ എല്ലാ മനുഷ്യരെയും സഹോദരരായി കാണുവാനും അവർക്ക് ദൈവസ്നേഹം പകർന്നു നൽകുവാനും അവരെ ശുശ്രൂഷിക്കുവാനുമുള്ള സമർപ്പണബോധം ഈ നോമ്പുനാളുകളിൽ ഞങ്ങൾക്ക് നൽകേണമേ. നിൻെറ മഹത്വ പ്രത്യക്ഷതയിൽ ഇമ്പവും ആനന്ദവും ഞങ്ങൾ എല്ലാവരും അനുഭവിക്കുമാറാകേണമേ. നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റി ക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

നിൻ വ–ത്സലരാം സഹദേന്മാർ കാദീശന്മാർ
എന്നിവരൊപ്പം സർവ്വേശാ നിർത്തീടണമേ
ഞങ്ങളെയും നിൻ വലഭാഗേ
നിന്നെ കീർത്തിച്ചീടാനായ്
ഹാലേലുയ്യാ – ദേവാധീശാ – ബാറേക്മോർ

ശുബ്ഹോ

മക്കൾക്കായ് തിരുസഭ നിന്നോടേറ്റം ദുഃഖ–
ത്തലേ കേണീടുന്നേവം നാഥാ
മാമോദീസായാൽ നിന്നെ പുണ്ടോർ
തീനരകം പൂകിടാതെ–
ഹാലേലുയ്യാ മോദിക്കണമേ
മൊറിയോ റാഹേമ്മേലൈനു ആദാറൈൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സകലത്തിൻെറയും നാഥനും സർവ്വത്തെയും ശുദ്ധീകരിക്കുന്നവനുമായ ദൈവമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു, നിൻെറ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളുടെ ആത്മാക്കളെ ശുദ്ധീകരിക്കണമേ. നിൻെറ കാരുണ്യ സോപ്പാകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കണമേ. നിൻെറ കൃപയാൽ ഞങ്ങളുടെ വിചാരങ്ങളെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കുകയും ചെയ്യേണമേ. ഹാബേലിൻെറ കാഴ്ചയെ നീ കൈക്കൊണ്ടതുപോൽ ഞങ്ങളുടെ നമസ്ക്കാരങ്ങളും പ്രാർത്ഥനകളും നിനക്ക് പ്രസാധകരമായ ധൂപമായി തീരേണമേ. നിനക്കു സ്തുതിയും ബഹുമാനവും ആരാധനയും ഇപ്പോഴും എപ്പോഴും യോഗ്യമാകുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

തന്നത്താൻ താഴ്ത്തിടുന്നോൻ
ഉയർത്തപ്പെടുമെന്നീശൻ
ഉരചെയ്തു ശീലിപ്പിച്ചു
താപത്തോടു പ്രാർത്ഥിപ്പാൻ

പാപി ഞാൻ മാ പാപി ഞാൻ
എന്നിൽ കനിയേണമെന്ന്
മാറത്തടിച്ചൊരു ചുങ്ക–
ക്കാരൻ പ്രാർത്ഥിച്ചതു പോൽ

ഞങ്ങൾക്കായ് നോമ്പേറ്റോനേ
ശീലിപ്പിക്കുക ഞങ്ങളെയും
നിന്നുടെ ഭാവം ധരിപ്പാൻ
താഴ്മ ധരിപ്പോനാം മ്ശിഹാ

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. യെശയ്യാ 57:15–19**

**2. യാക്കോബ് 4:1–8**

**ഏവൻഗേലിയോൻ വി. ലൂക്കോ 18:9–14**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 11 Wednesday - ദിനം 11 ബുധൻ

**ധ്യാനവിഷയം – ക്രിസ്തുവിൻെറ ആധികാരികത**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. പരമകാരുണ്യവാനായ ദൈവമേ, നീ സകലത്തിൻെറയും സ്രഷ്ടാവും ഉടയവനും പരിപാലകനും ആകയാൽ ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. നിൻെറ ഉടമസ്ഥാവകാശത്തെ അംഗീകരിച്ചു കൊണ്ടും നിനക്കു മാത്രമേ ഞങ്ങളെ വീണ്ടെടുക്കുവാൻ കഴികയുള്ളു എന്നറിഞ്ഞുകൊണ്ടും നിൻെറ ദാസീദാസന്മാരായ ഞങ്ങൾ തിരുമുമ്പാകെ ചേർന്നു വരുന്നു. നീ മാത്രം ആർദ്രവാനും മനസ്സലിവുള്ളവനും ആകയാൽ ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരവും പാപങ്ങൾക്ക് മോചനവും നിന്നോടു യാചിച്ചുകൊള്ളുന്നു. ഞങ്ങളുടെ നോമ്പും പ്രാർത്ഥനകളും നിനക്കു പ്രസാദമുള്ള യാഗമായി കൈക്കൊള്ളണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും സമർപ്പിക്കും. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. എൻെറ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നരുളിച്ചെയ്ത കർത്താവേ, ഞങ്ങൾക്ക് ലഭ്യമായ ഭൗതീക സാഹചര്യങ്ങളും സമ്പന്നതയും അർതഹപ്പെട്ടവർക്കും കൂടെ പങ്കിടേണ്ടതാണ് എന്ന തിരുവചന ശബ്ദത്തെ അവഗണിച്ച് സുവിശേഷ വേലയുടെ പങ്കുകാരാകുവാൻ കഴിയാതെ പോയ ഞങ്ങളുടെ മനസ്സില്ലായ്മയെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സ്നേഹത്തിൻെറയും ക്ഷമയുടെയും മാതൃക ക്രൂശിലൂടെ വെളിപ്പെടുത്തിയ കർത്താവേ, ഞങ്ങളുടെ അനുദിന ജീവിത ഇടങ്ങളിലും അദ്ധ്യാത്മീക ബന്ധങ്ങളിലും സ്നേഹവും ക്ഷമയും നൽകുവാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ക്രൂശുവരെയും പ്രലോഭനങ്ങളിൽ കൂടെ കടന്നു പോകുകയും അതിനെ അതിജീവിക്കുകയും ചെയ്ത കർത്താവേ, ഞങ്ങളുടെ സഹനങ്ങളിൽ തുടർന്നു പോകുകയും പ്രലോഭനങ്ങളിൽ വീണു പോകുകയും ചെയ്ത ഞങ്ങളുടെ കുറവുകളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം എന്നു പഠിപ്പിച്ച കർത്താവേ, ദാസ്യഭാവം ഉൾക്കൊള്ളുന്നതിനു പകരമായി സമസൃഷ്ടങ്ങളെ കരുതാതെ സ്വയ പുകഴ്ചക്കായി ആഗ്രഹിച്ചു പോയ കുറവുകളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സ്വർഗ്ഗീയരാജാവും കർത്താധികർത്താവും അധികാരികൾക്ക് ഭയങ്കരനുമായ കർത്താവേ, നീ സകലത്തിൻെറയും ഉടമസ്ഥനും മഹതവും അധികാരവും അനാദ്യന്തമായി ഉള്ളവനും വന്ദിക്കപ്പെടുന്നവനും ആയിരിക്കെ, ഞങ്ങളുടെ ബുദ്ധിക്കപ്പുറമായും ഏകനായും സ്ഥിതി ചെയ്യുമ്പോൾത്തന്നെ ത്രിത്വമായി ഗ്രഹിക്കപ്പെട്ട് വിശ്വസിക്കപ്പെടുന്നവനുമല്ലോ. ഞങ്ങളിലുള്ള നിൻെറ കർത്തൃത്വത്തെ അംഗീകരിച്ചും വണങ്ങിയും ഈ നോമ്പുനാളുകളിൽ കഴിക്കുന്ന പ്രാർത്ഥനയും ആരാധനയും നിൻെറ ദൈവത്ത്വത്തിൻെറ മഹനീയ കാര്യങ്ങൾ ഗ്രഹിപ്പാൻ മുഖാന്തരമാകണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും എന്നേക്കും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. അദൃശ്യനും അധികാരികൾക്ക് ഭയങ്കരനുമായ ദൈവമേ, നിൻെറ വാക്കിനാൽ കാറ്റും കടലും അശുദ്ധാത്മാക്കളും അടങ്ങുകയും അനുസരിക്കുകയും ചെയ്യുന്നു. കണ്ണുകൾ വളരെയുള്ള ക്രോബേന്മാരും നിനക്ക് കാദീശ് പാടുന്ന സ്രാഫേന്മാരും സകല സ്വർഗ്ഗീയ സൈന്യങ്ങളും ഭയത്തോടും വിറയലോടും കൂടി നിൻെറ മുമ്പാകെ നിൽക്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും നൽകപ്പെട്ടിരിക്കുന്നവനുമായിരിക്കെ സ്വർഗ്ഗോന്നതി വെടിഞ്ഞ് മനുഷ്യരോടുകൂടെ കൂടാരമടിക്കുകയും തൻെറ ക്രൂശിലെ മരണത്താൽ രക്ഷയുടെ സന്തോഷത്തിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്തു. നീ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു നി രാജാധിരാജാവും കർത്താധി കർത്താവും ആയിരിക്കെ വിനീതനായി

കഴുതക്കുട്ടിമേൽ യെരുശലേമിൽ പ്രവേശിച്ചു. നീ മാളികമുറിയിൽ ശിഷ്യരുമൊത്ത് പ്രവേശിച്ചപ്പോൾ ശാന്തനായി അവരുടെ കാലുകളെ കഴുകി. നിന്റെ അതിരറ്റ സ്നേഹത്താൽ എല്ലാവരെയും ഒരേ പാനപാത്രത്തിൽ നിന്ന് കുടിക്കുവാൻ അനുവദിക്കുകയും ചെയ്തു. വിനീതനും ദീർഘക്ഷമയുള്ള വനുമായി ഞങ്ങളിൽ വെളിപ്പെട്ട കർത്താവേ, നിന്റെ അധികാരത്തിൻ കീഴ് താണിരിപ്പാനും നിന്റെ കർത്തൃത്വത്തെ സ്തുതിപ്പാനും നിന്റെ വിസ്മനീയ കാര്യങ്ങളെ ഗ്രഹിപ്പാനുമുള്ള കൃപ ഞങ്ങൾക്കു നൽകേണമേ.

നിന്റെ ദൈവത്വത്തിൽ വിശ്വസിക്കുകയും നിന്റെ കർത്തൃത്വത്തെ ഏറ്റുപറയുകയും നിന്റെ കരുണയിൽ ശരണപ്പെടുകയും ചെയ്യുന്ന ഞങ്ങൾക്ക് നിന്റെ രാജ്യത്തിന്റെ സമാധാനവും അനുരഞ്ജനവും നൽകണമേ. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു എന്നും ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നും അരുളിയ കർത്താവേ, ഈ സ്നേഹത്തിൽ വളർന്നു വരുവാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ. വ്യവസ്ഥ കൂടാത്ത നിന്റെ സ്നേഹത്തിൽ ഞങ്ങളെ പരസ്പരം ബന്ധിപ്പിക്കേണമേ. ഞങ്ങളുടെ ഹൃദയങ്ങളെ അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും ഐക്യത്തിന്റേയും വാസസ്ഥലമാ ക്കേണമേ. ഞങ്ങൾ ഉത്തമമാകും വിധം സമാധാനം നൽകുന്നതിന് ഇടയാക്കേണമേ. നിന്റെ അറുതിയില്ലാത്ത സമാധാനത്താൽ കൃപയും പാപമോചനവും ഞങ്ങൾക്കു ദാനം ചെയ്യേണമേ. നിന്റെ സമാധാനത്താൽ ഞങ്ങളുടെ നിരൂപണങ്ങളെയും വിചാരങ്ങളെയും ശുദ്ധീകരിക്കേണമേ. നിന്റെ നീതിയാലും സമാധാനത്താലും കരുണയില്ലത്ത യജമാനന്മാരിൽ നിന്നും ഞങ്ങളെ മോചിപ്പി ക്കേണമേ. നിന്റെ ഐക്യം ഞങ്ങളുടെ ഇടയിൽ എന്നും വാഴുമാറാകേണമേ.

കോപിച്ചിരിക്കുന്നവർക്കും ഭിന്നിച്ചിരിക്കുന്നവർക്കും നിരപ്പും നിരസ്സിക്കപ്പെടുന്നവർക്കും അപഹൃദന്മാർക്കും അംഗീകാരവും മേൽപ്പട്ടക്കാർക്ക് ജ്ഞാനവും പട്ടക്കാർക്ക് സ്വഭാവ ശ്രേഷ്ഠതയും ശെമ്മാശ്ശന്മാർക്ക് നിർമ്മല ജീവിതവും വിശ്വാസസമൂഹത്തിന് പരിപൂർണ്ണമായ ഐക്യവും നീ നൽകേണമേ. സകലത്തിന്മേലും അധികാരമുള്ള പുത്രത്വത്തിന്റെ റൂഹായെ, അറിവിന്റെയും ശക്തിയുടെയും റൂഹായെ തന്നെ ഞങ്ങൾക്കു നൽകേണമേ. സ്വർഗ്ഗീയ രാജാവും സത്യാത്മാവായ ആശ്വാസപ്രദനും സർവ്വവ്യാപിയും സകലവും പൂർണ്ണമാക്കുന്നവനും നന്മകളുടെ ശ്രീഭണ്ഡാരവും ജീവൻ നൽകുന്നവനുമായ പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങളിലേക്ക് തിരിഞ്ഞ് ഞങ്ങളിൽ പാർക്കേണമേ. നിന്റെ രാജത്വത്തിൽ ഓഹരി കണ്ടെത്തി നിന്റെ മഹത്വമുള്ള സന്നിധിയിൽ കാണപ്പെടുവാൻ ഞങ്ങളെ സഹായിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്താവേ നിന്നോടടുപ്പാൻ.. ..)

കർത്താവേ, നിൻെറ ക്രൂശാലും പീഡകളാലും
ഞങ്ങളെ നിന്നുടെ സ്വന്തമാക്കി തീർത്തു
നിന്നുടെ വകയെന്ന ബോധ്യത്തിൽ ജീവിപ്പാനും
നിന്നുടെ ഇഷ്ടം നിറവേറ്റപ്പെടാനും
നിന്നധികാരത്തിൽ കീഴ്പ്പെടുവാനും നിലനിൽപ്പാനും
ഉടയോനാം കർത്താ നിന്നെ സ്തുതിപ്പാനും
കൃപയേകുക നാഥാ നോമ്പാലും പ്രാർത്ഥനയാലും
നിന്നോടൊന്നിച്ചാനന്ദിപ്പാനായ്

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. മഹത്വവാനായ കർത്താവേ, ഞങ്ങളിലുള്ള നിൻെറ കർത്തൃത്വത്തെ ക്കുറിച്ചുള്ള ബോധ്യത്തോടും ഞങ്ങളുടെ ജീവൻെറ മേലുള്ള നിൻെറ അധികാരത്തെ അംഗീകരിച്ചും തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന ഈ പ്രാർത്ഥനകളെ നൽധൂപമായി കൈക്കൊണ്ട് ഞങ്ങളുടെ നമസ്ക്കാരത്തിൽ പ്രസാദം തോന്നേണമേ. ഞങ്ങളുടെ ഹൃദയങ്ങൾ നിൻെറ തിരുനിവാസമായും ഞങ്ങളുടെ ശരീരങ്ങൾ നിൻെറ വാസസ്ഥലമായും ഞങ്ങളുടെ ആത്മാക്കൾ നിൻെറ വിശുദ്ധിയെ സൂക്ഷിക്കുന്ന പാത്രങ്ങളുമായി തീരുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രുശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

പുതിയതാം നിൻ കൃപകൾ
പ്രാപിച്ചു നിർമ്മലരാവാൻ
ശ്രേഷ്ഠമതാം നിൻ സന്നിധിയിൽ
നിൽപ്പാൻ തുണയ്ക്കെങ്ങളെ

ദൈവമേ രക്ഷാകരമാം
നിൻ സ്നേഹത്തിൽ ചേർക്കുക
നിൻ കർത്തൃത്വത്തെ സ്തുതിപ്പാൻ
ഏകണമേ നിൻ കൃപയെ

ഞങ്ങൾക്കായ് നോമ്പേറ്റോനേ
സ്തോത്രം തേ നിൻ താതനും
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾ മേൽ കൃപ ചെയ്യണമേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. യെശയ്യാ 26:3–13**

**2. അപ്ര 9:1–6**

**ഏവൻഗേലിയോൻ വി. മർ 1:21–28**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 12 Thursday - ദിനം 12 വ്യാഴം

**ധ്യാനവിഷയം – ശരീരമാകുന്ന മൺപാത്രങ്ങൾ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സകലത്തെയും മെനഞ്ഞുണ്ടാക്കിയവനും സകലത്തിൻെറയും പരിപാലകനുമായ ദൈവമേ, കുശവൻെറ കയ്യിൽ കളിമണ്ണുപോലെ ഞങ്ങളെ നിനക്കു കൊള്ളാവുന്ന പാത്രങ്ങളാക്കി സൃഷ്ടിച്ചതിനാൽ ഞങ്ങൾ നിന്നെ ആരാധിക്കുന്നു. സ്ലീബായിൽ തിരുശരീരമാകുന്ന പാത്രത്തെ ഉടച്ചവനായ കർത്താവേ, നിൻെറ ക്രൂശു മരണത്തെ ഞങ്ങൾ ധ്യാനിക്കുന്നു. പാഴും ശൂന്യവുമായതിനെ ക്രമപ്പെടുത്തിയ പരിശുദ്ധാത്മാവാം ദൈവമേ, നിൻെറ സൃഷ്ടി വൈഭവത്തെ ഞങ്ങൾ പുകഴ്ത്തുന്നു. ഉടഞ്ഞ പാത്രങ്ങളായ ഞങ്ങളെ വീണ്ടും മെനയുവാൻ മനസ്സായ ത്രീഏക ദൈവമേ, നിൻെറ സന്നിധിയിൽ ചേർന്നു വന്നിരിക്കുന്ന ഞങ്ങളെ അനുഗ്രഹിക്കേണമെന്നു ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. രൂപാന്തരത്തിലേക്കു നയിക്കുന്ന കർത്താവേ, നിന്നിൽ നിന്നും ഞങ്ങളെ അകറ്റുന്ന പാപസ്വഭാവങ്ങളാകുന്ന അത്യാഗ്രഹം, ദ്രവ്യാഗ്രഹം, അവിശ്വസ്തത, അധാർമ്മികത എന്നീ കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. തിരിച്ചറിവുകളിലേക്കു നയിക്കുന്ന കർത്താവേ, ജഡത്തിൻെറ പ്രവർത്തികളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്ക്കാമം, വിഗ്രഹാരാന, ആഭിചാരം പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ വിട്ടൊഴിയുവാൻ കഴിയാതെയ പോയ ഞങ്ങളുടെ കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സാഹോദര്യത്തിലേക്കു വഴി നടത്തുന്ന കർത്താവേ, ക്രിസ്തുവിൽ എല്ലാവരും ഒന്നാണെന്നറിഞ്ഞിട്ടും ജാതി, വംശീയ വിവേചനങ്ങൾ, സ്വജനപക്ഷവാതം എന്നീ ദേഷങ്ങൾക്കു വശംവദരായി പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സകല സത്യത്തിലേക്കും വഴി നടത്തുന്ന പരിശുദ്ധാത്മാവാം ദൈവമേ, യഥാർത്ഥ സത്യം നീയാണെന്നറിഞ്ഞിട്ടും അസത്യത്തിൻെറ പാത പിൻപറ്റിപ്പോയതും നീതി, വിശ്വസ്തത എന്നിവയെ വിസ്മരിക്കുകയും ചെയ്തു പോയ ഞങ്ങളുടെ കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

മനുഷ്യനേത്രങ്ങൾക്കു മറഞ്ഞിരിക്കുന്നവനും സർവ്വവ്യാപിയും തൻെറ കൃപയാൽ വിശുദ്ധ കന്യക മറിയാമിൽ ശരീരം ധരിച്ച് സകല സഷ്ടികളെയും മാനപാത്രമാക്കി മെനഞ്ഞവനും തന്നോടുകൂടെ കൈ താലത്തിൽ മുക്കിയവനേയും ആർദ്രതയോടെ കൈക്കൊണ്ടവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ സൂക്ഷ്മ നയനങ്ങൾക്ക് മറഞ്ഞിരിക്കുന്നതായി യാതൊന്നുമില്ലല്ലോ. കൃപാലുവായ ദൈവമേ, ഞങ്ങളിൽ നിറച്ചിട്ടുള്ള കൃപാവരങ്ങളെ സൂക്ഷ്മതയോടെ കാപ്പാനും നിൻെറ ആരാധകരായ ഞങ്ങൾ നിൻെറ മഹിമയെ വന്ദിച്ച് സദാ നേരത്തും നിന്നെ സ്തുതിപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കേണമേ.

ജ. ആമ്മീൻ

## സെദറ

പ. സകലത്തിൻെറയും ഉടയവനും തൻെറ സൃഷ്ടി നശിക്കുന്നതിനെപ്പറ്റി ദുഃഖിക്കുന്നവനുമായ കർത്താവേ, നിൻെറ സ്വർഗ്ഗീയ പറുദീസായുടെ അനുഭവത്തിൽ നിന്നും വീണുപോയ ഞങ്ങളെ മാനപാത്രങ്ങളാക്കി തീർക്കുവാൻ നിൻെറ കരുണയാൽ നീ മനുഷ്യനായി തീർന്നു. ഉന്നതത്തിൽ നിന്നും താണിറങ്ങി വരികയും വിശുദ്ധ കന്യകമറിയാമിൻെറ ഗർഭപാത്രത്തിൽ നീ ആവസിക്കുകയും ചെയ്തു. രക്ഷയുടെ പാനപാത്രം ഞങ്ങൾക്കായി നീ പാനം ചെയ്തു. നിൻെറ വിലാപ്പുറത്തെ മുറിവിലൂടെ ഒഴുകിയ രക്തത്താലും വെള്ളത്താലും നിൻെറ ശരീരമാകുന്ന സഭയെ നീ കഴുകി ശുദ്ധീകരിച്ചു. നിൻെറ ശരീരം ഞങ്ങൾക്കു ആഹാരമായും നിൻെറ രക്തം ഞങ്ങൾക്കു പാനീയമായും നൽകി. ജീവമന്നയായും തലമുറകൾക്ക് ചീഞ്ഞുപോകാതെ ഓർമയുടെ ഭക്ഷണമായും മന്ന ഇട്ടുവെച്ച പൊൻപാത്രത്തെ നീ ദൃഷ്ടാന്തീകരിച്ചു. നിൻെറ ദാസനായ മോശെയോടു തലമുറകൾക്കു സാക്ഷ്യമായി മന്നയെ

സൂക്ഷിപ്പാൻ കൽപ്പിച്ചവനും പ്രവാചകനായ ദാനിയേൽൻെറ ജീവിതത്തെ ഉപവാസത്താൽ തെളിച്ചവനും സാധാരണക്കാരായ നിൻെറ ശിഷ്യരെ നിൻെറ ശ്ലൈഹീക ശുശ്രൂഷയ്ക്ക് പാത്രങ്ങളാക്കി തീർക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, കൽപ്പാത്രങ്ങളിലെ വെള്ളം വീഞ്ഞാക്കിയതുപോലെ മൺപാത്രങ്ങളായ ഞങ്ങളെ നിൻെറ സ്വർഗ്ഗീയ നിക്ഷേപ പാത്രങ്ങളാക്കി തീർക്കേണമേ. നിൻെറ ശിഷ്യഗണങ്ങളാകുന്ന ഞങ്ങൾ തന്നത്താൻ ത്യജിച്ച് സ്ലീബായാകുന്ന പാനപാത്രം എടുത്ത് അതിനെ അനുഗമിപ്പാൻ ഞങ്ങളോടു നീ അരുളിച്ചെയ്തുവല്ലോ. മൺപാത്രങ്ങളാകുന്ന ഞങ്ങളിൽ നിറച്ചിട്ടുള്ള നിൻെറ കൃപ നഷ്ടപ്പെടാതിരിപ്പാൻ ഞങ്ങളെ പഠിപ്പിക്കേണമേ. സാരെഫാത്തിലെ വിധവയുടെ ഭരണിയിൽ എണ്ണ തീർന്നുപോകാതിരുന്നതുപോലെ, കുശവൻെറ കയ്യിൽ കളിമണ്ണുപോലെ തിരുഹിതം ഞങ്ങളിൽ നിറവേറപ്പെടുവാൻ ദിനം തോറും നിൻെറ സഭയെ പണിയേണമേ.

നിൻെറ ആരാധനക്കാരായ ഞങ്ങൾ തിരുമുമ്പാകെ ചേർന്നു വന്നിരിക്കുന്ന ഈ സമയത്ത് തിരുശരീരമാകുന്ന സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു. അതിൻെറ ചുമതലയിൽ നടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും പ്രവർത്തനങ്ങൾക്കും വേണ്ടി ഞങ്ങൾ അപേക്ഷിക്കുന്നു. അവയുടെ ചുമതലക്കാരെയും അവയിൽ പ്രവർത്തിക്കുന്നവരെയും നീ കരുണയോടെ കടാക്ഷിക്കണമേ. അവയുടെ ചുമതല വഹിക്കുന്നവർക്ക് വേണ്ടുന്ന ഉത്തമ ദർശനവും പരിജ്ഞാനവും കാര്യ പ്രാപ്തിയും നൽകണമേ. അവർ സ്വന്ത തൽപ്പര്യപ്രകാരമല്ല തിരുഹിതപ്രകാരം അവരുടെ കൃത്യം നിർവ്വഹിക്കാൻ നിൻെറ ആത്മവരം അവർക്കു നൽകുകയും ചെയ്യണമേ. ഉണങ്ങിയ അസ്ഥികളെ ജീവിപ്പിക്കുന്ന കർത്താവേ, ഞങ്ങളെ നിൻെറ ആത്മാവിനാൽ നിറച്ച് ജീവനിലേക്കും സത്യപ്രകാശത്തിലേക്കും നയിക്കണമേ. ഞങ്ങളുടെ ജീവിതങ്ങളെ നവ്യമായ ദൈവീക അനുഭവത്താൽ നിറച്ച് ജീവനും ചൈതന്യവും ഉള്ളതാക്കണമേ. ക്രിസ്തുവിനെയും സഹജരെയും പ്രകൃതിയെയും കാണുവാൻ കഴിയാതെവണ്ണം കുരുടായിപ്പോയ ഞങ്ങളുടെ കണ്ണുകൾക്ക് പുതിയ കാഴ്ച നൽകണമേ. നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – മോറോനീശോ മ്ശിഹായെ നിൻ.. ..)

കുശവൻ തന്നുടെ ഹിതം പോലൊരു മൺപാത്രത്തെ
മെനയും പോൽ ഞങ്ങളെയും നീ മെനഞ്ഞിതല്ലോ
മാനപാത്രമാക്കുവാനായി മനുജകുലത്തിൻ
മൂക്കിൽ ഊതിയ റൂഹായെ എടുത്തീടരുതേ
ഹീനമായൊരു പാത്രത്തെ നേടുവതിനായ്
ഹീനമായൊരു സ്ക്കീപ്പായിൽ നിൻ പാത്രം ഉടച്ചല്ലോ
ഉടഞ്ഞതാം നിൻ ഗാത്രത്തെ ഭുജിപ്പോരായി
ഞങ്ങൾ വീണ്ടും നിൻ ഹിതം പോൽ മെനയപ്പെടേണമേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സകല ചരാചരങ്ങളുടെയും സൃഷ്ടാവും വീണ്ടെടുപ്പുകാരനും ചരിത്രത്തിൽ പ്രവേശിച്ചു പ്രപഞ്ചത്തെ വീണ്ടെടുത്തവനുമായ ദൈവമേ, നിൻെറ വീണ്ടെടുപ്പിൻെറ സുഗന്ധത്താൽ ഈ ലോകത്തെ നിറയ്ക്കുകയും അങ്ങനെ ദൈവസ്നേഹം ലോകത്തിനു വെളിപ്പെടുത്തുകയും ചെയ്തതിനാൽ നിനക്കു സ്തുതി. നിൻെറ ആരാധനക്കാരായ ഞങ്ങൾ നിൻെറ രക്ഷയുടെ പാനപാത്രം എടുത്ത് നിനക്കു സ്തുതി സ്തോത്രം അർപ്പിക്കുവാൻ ഇടയാകേണമേ. ഞങ്ങളുടെ യാചനകൾ നിനക്കു പ്രസാധകരമായ ധൂപമായ് തീരുവാൻ കൃപയരുളുകയും ചെയ്യുമാറാകേണമേ. ഹോശോ..,..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂഹ്

(ഈണം – ദേവാ സുതനെ വലകൈ നീട്ടി. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
ഓർമ്മയ്ക്കായ് മോശെ പൊൻപാത്രത്തിൽ വെച്ചൊരു മന്നാ പോൽ
നിത്യവും ഞങ്ങൾ നിൻ ഓർമ്മയെ കൊണ്ടാടേണമേ
കർത്താവേ നീ പാനം ചെയ്തൊരു പാത്രമതിനാൽ
പുതിയൊരു ഗാത്രം ഞങ്ങൾക്കേകി കൃപകൾ നിറപ്പാൻ
മാറ്റുക നാഥാ ഞങ്ങളെയും തവ പാത്രങ്ങളാവാൻ
നിന്നുടെ ആത്മനിറവാലെങ്ങൾ ശോഭിച്ചിടാൻ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. യിര 18:1–6**

**2. റോമർ 9:20–25**

**ഏവൻഗേലിയോൻ വി. മത്തായി 13:47–51**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 13 Friday - ദിനം 13 വെള്ളി

**ധ്യാനവിഷയം – സംപുഷ്ടമാക്കുന്നതിലെ സമ്പന്നത**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ദൈവമായ കർത്താവേ, ജീവനുള്ളതും ജീവനുണ്ടാക്കുന്നതുമായ നിന്റെ സ്ലീബായെ ഞങ്ങൾ ധ്യാനിച്ച് അതിൽ ഞങ്ങൾ പങ്കാളികളായി ആത്മാവിലും സത്യത്തിലും കഴിക്കുന്ന നിത്യാരാധനയായി ഞങ്ങളെ സമർപ്പിപ്പാൻ യോഗ്യതയുള്ള വരാക്കേണമേ. ഇന്നെന്നപോലെ ആഴ്ചവട്ടത്തിന്റെ ആറാം ദിവസം ഞങ്ങളുടെ രക്ഷയ്ക്കായി കുറ്റക്കാരനെപ്പോലെ ന്യായവിസ്താര സ്ഥലത്തേയ്ക്ക് ആനയിക്കപ്പെടുകയും ദാസനാൽ ചെകിട്ടത്ത് അടിയേൽക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, വിശുദ്ധ വിചാരങ്ങളോടും ദൈവീക നടപടികളോടും സത്യവിശ്വാസ ത്തോടും കൂടെ നിന്റെ കുരിശിൻ ചുവട്ടിൽ തൃപ്പാദങ്ങൾ ചുംബിച്ചു വന്ദിക്കുവാനും പാപമോചനം പ്രാപിപ്പാനും ഞങ്ങളുടെ ആയുഷ്ക്കാലം മുഴുവനും നിന്നിൽ ശരണം പ്രാപിച്ച് സമാധാനത്തോടെ ജീവിപ്പാനും ഞങ്ങൾക്കു കൃപ നൽകണമേ. നിനക്ക് സ്തുതിയും ബഹുമാനവും ആധിപത്യവും എന്നേക്കും യോഗ്യമായിരിക്കുന്നു ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. മാദ്ധ്യമങ്ങളുടെ അമിത സ്വാധീനത്താൽ മുൻഗണനകളും സമയക്രമങ്ങളും ജീവിത ശൈലിയിലും വഴിതെറ്റിപ്പോയി എന്നറിഞ്ഞിട്ടും തിരുത്താൻ തയ്യാറാകാതെയും മനസ്സൊരുക്കാതെയും പോയ ഞങ്ങളുടെ പിഴവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സഹോദരബന്ധത്തിന്റെ മഹത്വം കേട്ടിട്ടും സഹജീവികൾക്കായി ആർദ്രത പുലർത്തേണ്ട ഉത്തരവാദിത്വം അറിഞ്ഞിട്ടും നല്ല ശമര്യാക്കാരന്റെ ജീവിതം ദൃഷ്ടാന്തമായി ഉണ്ടായിട്ടും അപ്രകാരം ജീവിക്കുവാൻ മനസ്സു കാണിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളിൽ തന്നെ കുറവുള്ളവരായിരിക്കെ സഹോദരങ്ങളുടെയും കൂട്ടുകാരുടെയും ജീവിതത്തിൽ സംഭവിച്ചു പോകുന്ന വീഴ്ചകളും കുറവുകളും പരസ്യമാക്കുന്നതിനു ശ്രമിച്ച ഞങ്ങളുടെ മനോഭാവത്തെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്റെ സ്നേഹവും സഹനവും ജീവിതത്തിന്റെ അടിസ്ഥാന പ്രമാണമാക്കേണ്ടവരായ ഞങ്ങളിലെ സ്നേഹമില്ലായ്മയും അസഹിഷ്ണുതയും കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഇല്ലായ്മയിൽ നിന്ന് നമ്മെ സൃഷ്ടിക്കുകയും ഉൺമയിലേക്ക് നമ്മെ കൊണ്ടുവരികയും ചെയ്ത ജീവന്റെ ആരംഭവും തന്റെ സ്നേഹം മൂലം ഞങ്ങളുടെ ഇടയിലേക്ക് താണിറങ്ങി വന്ന് രക്ഷാകരമായ ജീവിതം കൊണ്ടും കുരിശിലെ മരണത്താലും ഉത്ഥാനത്താലും സ്വർഗ്ഗത്തിൽ ഞങ്ങൾക്കു നിക്ഷേപം ഒരുക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, ഭൂമിയിലല്ല സ്വർഗ്ഗത്തിലത്രെ നിക്ഷേപങ്ങൾ കരുതേണ്ടതെന്ന് മൺമയരായ ഞങ്ങളെ പ്രബോധിപ്പിച്ച് സ്വർഗ്ഗീയരായി ഈ ഭൂമിയിൽ ജീവിക്കുവാൻ ഞങ്ങളെ നിയോഗിച്ചവനുമായ മ്ശിഹാ തമ്പുരാന് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുഷ്ക്കാലമെക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമീൻ

## സെദറ

പ. പൂർണ്ണഹൃദയത്തോടെ തന്നെ നോക്കി വിളിക്കുന്നവരിൽ നിന്ന് സ്തോത്രമെന്ന യാഗം കൈക്കൊള്ളുന്ന കർത്താവേ, തിന്മശക്തികളുടെ സകല അടിമത്വത്തിൽ നിന്നും വ്യർത്ഥ കാര്യങ്ങളെക്കുറിച്ചുള്ള ചിന്താകുലത്തിൽ നിന്നും വെറുക്കത്തക്ക പ്രവർത്തികളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കി രക്ഷിക്കേണമേ. സ്വർഗ്ഗത്തിൽ ഞങ്ങൾക്കു നിക്ഷേപം കരുതുവാൻ നീ സ്വയം വെറുമയാക്കി. കാൽവറിയിലെ പരമയാഗത്തിലൂടെ സ്വർഗ്ഗാരോഹണം ചെയ്തതിനെ ഈ അവസരത്തിൽ ഞങ്ങൾ ധ്യാനിക്കുന്നു.

നിന്റെ അടുക്കൽ വന്ന ന്യായപ്രമാണിയോട് ഒരു കുറവ് നിനക്കുണ്ടെന്ന് കൽപ്പിച്ചരുളിയ കർത്താവേ, നിന്റെ ആരാധനക്കാരായ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകളും നമസ്ക്കാരങ്ങളും കൈക്കൊണ്ട് ഞങ്ങളുടെ കുറവുകൾ ഞങ്ങൾക്കു കാണിച്ചു

തരേണമേ. രണ്ട് യജമാനന്മാരെ സേവിപ്പാൻ നിങ്ങൾക്കു കഴികയില്ല എന്നു പഠിപ്പിച്ച പരമഗുരുവായ കർത്താവേ, ലോകത്തിൽ പലതിനെച്ചൊല്ലി ഞങ്ങൾ വ്യാകുലപ്പെടുന്നതും ഭൂമിയിൽ മാത്രം നിക്ഷേപം സ്വരുക്കൂട്ടുവാൻ തത്രപ്പെടുന്നതുമായ പാപസ്വഭാവത്തെ ഞങ്ങൾക്കു വെളിവാക്കി തരേണമേ. സകല ദ്രവ്യാഗ്രഹവും സൂക്ഷിച്ച് ഒഴിഞ്ഞു കൊൾവീൻ എന്നും ഒരുത്തന് സമൃദ്ധി ഉണ്ടായാലും വസ്തുവകയല്ല അവൻെറ ജീവന് ആധാരമായിരിക്കുന്നത് എന്നും അരുളിയ കർത്താവേ, എന്തു തിന്നും എന്ന് ജീവനായിക്കൊണ്ടും; എന്തു ഉടുക്കും എന്ന് ശരീരത്തിനായിക്കൊണ്ടും വിചാരപ്പെടാതെ ആഹാരത്തേക്കാൾ ജീവനും ഉടുപ്പിനേക്കാൾ ശരീരവും വലുതാണ് എന്ന് എണ്ണുവാൻ ഞങ്ങൾക്കു കൃപ നൽകേണമേ. നീ നൽകുന്ന വരദാനങ്ങളിൽ സമ്പന്നരായിരിപ്പാൻ ഈ നോമ്പുനാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. ദരിദ്രരായി നിന്നെ നിന്ദിപ്പാനും സമ്പന്നരായി നിന്നെ മറന്നു പോകുവാനും ഞങ്ങൾക്കിടയാകരുതേ. നിന്നോട് അനുസരണം ഉള്ളവരായും പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം കരുതുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഇപ്രകാരമുള്ള ഞങ്ങളുടെ ജീവിതം ലോകത്തിനു ദൃഷ്ടാന്തമായിരിക്കുവാൻ ഞങ്ങളെ തുണയ്ക്കുകയും ചെയ്യേണമേ. ഞങ്ങൾക്ക് സമൃദ്ധിയായി ജീവൻ ഉണ്ടാകുവാൻ ക്രൂശിൽ ബലിയായി തീർന്ന രക്ഷകനേ, നിൻെറ ക്രൂശിൽ ആശ്രയിക്കുന്ന ഞങ്ങളെ നിന്നോടൊപ്പം പറുദീസായിൽ ചേർത്തുകൊൾവാൻ തിരുമനസ്സാകണമെന്ന് നിൻെറ കരുണയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ആരിടത്തിൽ പോകേണ്ടു ഞാൻ.. ..)

ആഴ്ചയിലാറാം ദിവസത്തിൽ മ്ശിഹാ കുഞ്ഞാടുപോൽ
അരമനയിൽ വിസ്തരിക്കപ്പെട്ടവനായ് നിന്നീടുന്നു
നിന്ദകൾ പീഡകൾ ഏറ്റു അനവധിയായ്
പരിഹാസങ്ങൾ ദുഷ്ടരാൽ താനേറ്റു
ന്യായവിസ്താരത്തിന്നധിപൻ ന്യായാസനമുമ്പിൽ
ഊനമറ്റൊരു കുഞ്ഞാടുപോൽ നിന്നു മൗനമായ്
ഹാലേലുയ്യാ സ്തുതി നിനക്കെന്നേക്കും

ശുബ്ഹൊ

മൺപാത്രങ്ങളാം ഞങ്ങളിൽ നിക്ഷേപം നൽകുവാനായി
പാനപാത്രമാം സ്ലീബായിൽ നിൻ പാത്രം ഉടച്ചീടുന്നു
സ്വർഗ്ഗീയമാം നിൻ തിരുരാജ്യത്തെ
പൂകാനായ് വരമേകണം നാഥാ
വെൺകൽ പാത്രത്തിൻ നിക്ഷേപം ഉടച്ചിടുവാനും
നീയാം നിക്ഷേപത്തിൻ വില അറിഞ്ഞിടുവാനും
കൃപയേകണമേ സ്വൽഗ്ഗത്തിൻ കതിരേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തൻെറ സ്ലീബായിലെ അടിപ്പിണരാലുള്ള സൗഖ്യത്തെ ഞങ്ങൾക്കു പ്രദാനം ചെയ്ത മ്ശിഹാ തമ്പുരാനേ, നിൻെറ രക്ഷയുടെ സന്തോഷത്താൽ സ്വർഗ്ഗീയ പറുദീസയ്ക്കായി ഞങ്ങളെ ഒരുക്കേണമേ. വെൺകൽ ഭരണി പൊട്ടിച്ച് തനിക്കുണ്ടായിരുന്ന നിക്ഷേപം എല്ലാം തൃപ്പാദത്തിൽ ഒഴുക്കിയ സ്ത്രീയെപ്പോലെ ഞങ്ങളെയും ഞങ്ങൾക്കുള്ള സർവ്വത്തെയും നിനക്കായി സമർപ്പിക്കുവാൻ കൃപയരുളേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഞങ്ങളിൻ പ്രാർത്ഥനയും നോമ്പും കൈക്കൊണ്ട്
കാരുണ്യം ചെയ്ക ഞങ്ങളിലെന്നും നീ
മിസ്രേമിൻ നിക്ഷേപത്തേക്കാൾ മോശെ
ക്രിസ്തു നിന്ദകളെ ധനമായ് കണ്ടതുപോൽ
സ്വർഗ്ഗത്തിൽ നിക്ഷേപമുള്ളവരാവാനും
നീയാകും ധനത്തെ പ്രാപിച്ചിടുവാനും
കൃപ നൽകുക നാഥാ ഈ നോമ്പിൻ നാളിൽ
നിന്നെ വരിപ്പാനും നിൻ വകയാവാനും
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവോം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. സദൃശ 11:23–30**

**2. 1 കൊരി 1:3–9**

**ഏവൻഗേലിയോൻ വി. ലൂക്കോ 18:18–30**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 14 Saturday - ദിനം 14 ശനി

**ധ്യാനവിഷയം – അളക്കപ്പെടുവാനാവാത്ത ദാനം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ദൈവമായ കർത്താവേ സകലത്തെയും നീ നിർമ്മിച്ച് ഉൺമയിലേക്കു വരുത്തുകയും സകല ചരാചരങ്ങളെയും പരിപാലിക്കുകയും ചെയ്യുന്നതിനായി ഞങ്ങൾ നിനക്കു സ്തോത്രം കരേറ്റുന്നു. ഈ പ്രപഞ്ചത്തെ വീണ്ടെടുക്കുന്നതിനായി സ്വപുത്രനെ ലോകത്തിലേക്ക് അയച്ചതിനായി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. സ്വർഗ്ഗത്തിന്റെ സകല മഹിമകളും വെടിഞ്ഞ് തന്നെത്താൻ താഴ്ത്തി മനുഷ്യവേഷത്തിലായി ക്രൂശിലെ മരണം വരെ അനുസരണമുള്ളവനായിത്തീർന്ന കർത്താവേ, നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. സകല സൃഷ്ടിയേയും പുതുക്കുന്ന പരിശുദ്ധാത്മാവിന്റെ നടത്തിപ്പുകൾ തിരിച്ചറിയുവാൻ ഞങ്ങളെ സഹായിക്കണമേ. എണ്ണിക്കൂടാവതല്ലാത്ത ദാനങ്ങളാൽ ഞങ്ങളെ അനുദിനം വഴി നടത്തുന്ന ദൈവമേ, നിന്റെ ദിവ്യ ദാനങ്ങളെ എണ്ണിയെണ്ണി സ്തുതിപ്പാനും അതിന്റെ ആഴവും പരപ്പും ഗ്രഹിപ്പാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ ഒരുക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിന്റെ സ്വന്ത സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ ഞങ്ങളെക്കുറിച്ചുള്ള ദൈവഹിതം തിരിച്ചറിയാതെ സ്വാർത്ഥ വഴികലിൽ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിങ്ങൾ അളക്കുന്ന അളവു കൊണ്ട് നിങ്ങൾക്കും അളന്നു കിട്ടും എന്നരുളിയ മ്ശിഹായേ, ഞങ്ങളുടെ അളവുകോലുകളിൽ വന്നു പോയ പിഴവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നിലൂടെ നൽകപ്പെട്ട ദൈവീക ദാനങ്ങളുടെ വിലയറിയാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മറ്റുള്ളവർക്ക് നൽകപ്പെട്ട വരദാനങ്ങളെ വിലകുറച്ച് കണ്ടു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പറഞ്ഞുതീരാത്ത ദാനമായി ഞങ്ങളിലേക്ക് ശരീരം ധരിച്ച് താണിറങ്ങി വന്ന മ്ശിഹാ തമ്പുരാനേ, നിൻെറ വലിമയെ ദർശിപ്പാനും നിൻെറ കുരണാധിക്യത്തെ നമസ്ക്കരിപ്പാനും നിൻെറ കൃപാമുഖാന്തിരങ്ങളെ സ്തുതിപ്പാനും ഈ ആരാധനാ സമയത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലമെക്കെയും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. ആലോചനകളിൽ അറുതിയില്ലാത്തവനും കൃപയിലും ജ്ഞാനത്തിലും മഹോന്നതനും ഉൺമയുടെ തേജസ്സാൽ സൃഷ്ടികളെ അലങ്കരിച്ചു വെടിപ്പാക്കുന്നവനുമായ ദൈവമേ, ഗ്രഹിക്കപ്പെടാവതല്ലാത്തതും നിർണ്ണയിക്കപ്പെടാനാവാത്തതുമായ നിൻെറ ആളത്വത്തെ പുത്രനിലൂടെ നീ വെളിപ്പെടുത്തി. സ്വയം ഭൂവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവുമായ കർത്താവേ, നിന്നിൽ നിന്നും പകരപ്പെട്ട നിൻെറ പ്രകാശത്തെ തണ്ടിന്മേൽ വെയ്ക്കപ്പെട്ട വിളക്കുപോലെ പ്രകാശിപ്പിക്കുവാൻ ഞങ്ങളെ നീ ക്ഷണിച്ചു. ഹോരേബിൽ നിന്നാൽ ജ്വലിപ്പിക്കപ്പെട്ട മുൾപ്പടർപ്പ് മോശെയെ ആകർഷിച്ച് അതിലൂടെ നീ സംവേദിച്ചതുപോലെ ഞങ്ങളുടെ ജീവിതവും അപ്രകാരം ജ്വലിപ്പിക്കപ്പെടുവാനും ഞങ്ങൾ നിന്നിലേക്ക് ആകർഷിക്കപ്പെട്ട് നിൻെറ ജനത്തെ നിന്നിലേക്ക് ആകർഷിക്കുവാനുമായി ഈ നോമ്പിൽ ഞങ്ങളെ ക്ഷണിച്ചിരിക്കുന്നുവല്ലോ. നിൻെറ അളവില്ലാത്ത ദാനത്തിൻെറ പ്രഘോഷകരും നിൻെറ അവർണ്ണനീയമായ സ്നേഹത്തിൻെര വാഹകരും നിൻെറ വിലമതിക്കാവതല്ലാത്ത രക്ഷയുടെ അനുഭവക്കാരുമായി ഞങ്ങളെ തീർക്കേണമേ.

മലമേൽ സ്ഥാപിക്കപ്പെട്ട പട്ടണം പോലെയും തണ്ടിന്മേൽ വെച്ച ദീപം പോലെയും ഞങ്ങൾ മറ്റുള്ളവർക്ക് പ്രഭ ചൊരിയുന്നവരാകേണമേ. മനുഷ്യർ ഞങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് ഞങ്ങളുടെ വെളിച്ചം മറ്റുള്ളവരുടെ മുമ്പിൽ പ്രകാശിക്കുവാൻ ഇടയാകേണമേ. സുവിശേഷത്തെക്കുറിച്ച് ലജ്ജയില്ലാതെ ദൈവരാജ്യത്തിൻെറ സദ്വാർത്ത വാക്കിലും പ്രവർത്തിയിലും ലോകത്തിൽ സംവേദനം ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ക്രിസ്തുവിൻെറ സ്നേഹത്തിൽ നിന്നും

ഞങ്ങളെ ഒന്നിനും വേർപെടുത്താൻ കഴിയില്ല എന്ന ആഴമായ സമർപ്പണം ഞങ്ങൾക്ക് ഉണ്ടായിരിക്കണമേ. കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ, ജീവനോ; മരണത്തിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള സ്നേഹത്തിൽ നിന്നും ഞങ്ങളെ പിന്തിരിപ്പിപ്പാൻ കഴിയില്ല എന്ന ഉറപ്പ് ഞങ്ങൾക്ക് ഉണ്ടാകണമേ. ശിഷ്യത്വത്തിൽ ഉൾച്ചേർന്നിരിക്കുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കുവാനുള്ള വിശ്വാസ സ്ഥിരതയും പ്രതിബദ്ധതയും ഞങ്ങൾക്ക് ഉണ്ടായിരിക്കേണമേ.

ലോകമൊക്കെയും പൂർണ്ണസമയം ദൈവരാജ്യ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവരെ നീ ശക്തീകരിക്കേണമേ. ഞങ്ങളുടെ ജോലി സ്ഥലങ്ങളിലെ ജീവതത്തിലൂടെ ക്രൈസ്തവ സാക്ഷ്യം നിറവേറ്റുന്നവർക്ക് വിശ്വാസ തീഷ്ണതയും സഹിഷ്ണുതയും നൽകേണമേ. പ്രതികൂലങ്ങളുടെയും പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ സുവിശേഷ സാക്ഷികളായി പ്രയത്നിക്കുന്ന എല്ലാവരെയും നിൻെറ ആത്മാവിനാൽ ശക്തീകരിക്കണമേ. നിരാശിതർക്ക് പ്രതീക്ഷയും മനം തകർന്നവർക്ക് ആത്മധൈര്യവും ദുഃഖിതർക്ക് ആശ്വാസവും ദ്വേഷിച്ചിരിക്കുന്നവർക്ക് അനുരഞ്ജനവും വിഭാഗീയതയിൽ കഴിയുന്നവർക്ക് ഐകമത്യവും പിന്മാറ്റക്കാർക്ക് തിരിച്ചുവരവും വിലപിക്കുന്നവർക്ക് ആശ്വാസവും പാപികൾക്ക് വിമോചനവും യുദ്ധങ്ങൾക്ക് വിരാമവും ഭൂമിയിലെ രാജ്യങ്ങളിൽ നിൻെറ സമാധാനവും നൽകുമാറാകണമേ. നിൻെറ മഹത്വ പ്രത്യക്ഷതയിൽ നീ വാഗ്ദാനം ചെയ്തിരിക്കുന്ന സൗഭാഗ്യ ജീവിതത്തിന് ഞങ്ങൾ അർഹരായിത്തീരുകയും ചെയ്യുമാറാകണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം) – മൊറിയൊ മോറാൻ

(ഈണം – ഒന്നാം നാളാകുന്നീ ദിവസത്തിൽ.. ..)

സ്വർഗ്ഗത്തിൻ മഹിമകൾ വെടിഞ്ഞു താഴ്ത്തി താൻ
മനുജനായി ക്രൂശിലെ മരണത്തോളം
അനുസരണമുള്ളവനായ് തീർന്നൊരു കർത്താ നിൻ
വിനയം താഴ്മ ഞങ്ങൾ പഠിപ്പാനായ് – ബാറെക്മോർ

ശുബ്ഹോ

തണ്ടിന്മേൽ വെച്ചൊരു വിളക്കിൻ ശോഭ പോൽ
പരക്കട്ടെ നിൻ പ്രഭയാം സ്തുതികൾ നന്നായ്
ആയിരമായിരമായ് സ്തുതി നിനക്കെന്നെന്നേക്കും
അളവുകൂടാതെ നിനക്കു സ്തുതി കരേറ്റും

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സ്വർഗ്ഗീയർ ആരുടെ സന്നിധിയിൽ തൻെറ പരിശുദ്ധതയെ ആർക്കുന്നുവേ, മൺമയർ ആരുടെ ദൈവത്വത്തെ സ്തുതിക്കുന്നുവോ, ആ സർവ്വ വല്ലഭനായ കർത്താവേ, നിൻെറ അപരിമേയമായ ദാനത്തെപ്രതി ഞങ്ങൾ നിൻെറ തിരുസന്നിധിയിൽ അർപ്പിക്കുന്ന ഈ പ്രാർത്ഥനകൾ പരിമള ധൂപമായി നീ കൈക്കൊള്ളേണമേ. ഞങ്ങളുടെ എളിയ ബുദ്ധിക്കു ഗ്രഹിച്ചു കൂടാവതല്ലാത്ത നിൻെറ രക്ഷാകര മർമ്മങ്ങളുടേയും നിൻെറ അഗാതമായ കാരുണ്യത്തിൻെറയും പ്രവാഹം ഞങ്ങളിലേക്ക് ഒഴുക്കിത്തരേണമേ. ഞങ്ങളുടെ പാപങ്ങൾ മോചിക്കുകയും ഞങ്ങളുടെ ആത്മാക്കൾ ദൈവീക ഫലങ്ങൾ കൊണ്ട് നിറയപ്പെടുകയും ചെയ്യണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവൂസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രുശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

മുൾപ്പടർപ്പിൽ മോശെയോടു
തീ നാവായ് സംഭാഷിച്ചോൻ
അഗ്നി സമന്മാരായ് ഞങ്ങൾ
നിൻ ശബ്ദം കേട്ടീടേണമേ

അഗ്നി നാവാൽ ശ്ലീഹർ മേൽ
പൊരുന്നു വന്നൊരു റൂഹായെ
നൽകുക ഞങ്ങളിലെന്നും നീ
നിൻ കൃത്യങ്ങൾ ചെയ്‌വാനായ്

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **ലേവ്യ 19:32–37**
2. **2 കൊരി 10:7–13**

**ഏവൻഗേലിയോൻ വി. മർ 4:21–25**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 15 Sunday - ദിനം 15 ഞായർ

**ധ്യാനവിഷയം – സൗഖ്യത്തിൻെറ സഖിത്വം**

(പക്ഷവാതക്കാരൻെറ സൗഖ്യം)

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

പ്രാർത്ഥന

പ. ദീർഘക്ഷമയും മനസ്സലിവുമുള്ള പിതാവായ ദൈവമേ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ശുശ്രൂഷിപ്പാനും തൻെറ ജീവനെ മറുവിലയായി കൊടുപ്പാനുമായി വന്നു ശുശ്രൂഷയുടെ മാതൃക കാട്ടിത്തന്ന പുത്രനാം ദൈവമേ, നിനക്കു സ്തോത്രം. സത്യാത്മാവും ആശ്വാസപ്രദനും സകലവും പൂർണ്ണമാക്കുന്നവനുമായ പരിശുദ്ധാത്മാവാം ദൈവമേ, നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. രോഗികളുടെ വൈദ്യനും ദീനക്കാരുടെ ആശ്വാസപ്രദനും രോഗം നീക്കുന്ന മരുന്നുമായ കർത്താവേ, നിൻെറ ആർദ്രകരുണയാൽ ഞങ്ങളുടെ ശരീരാത്മ ദേഹികളെ സുഖപ്പെടുത്തേണമേ. നിൻെറ കൃപയാൽ പക്ഷവാതക്കാരനു പരിപൂർണ്ണമായ സ്വസ്ഥത നൽകിയതുപോലെ ഞങ്ങളെയും ഈ നോമ്പിൻ നാളുകളിൽ നീ സ്വസ്ഥതപ്പെടുത്തേണമേ. നിൻെറ വചനത്തിൻെറ പ്രകാശം കൊണ്ട് ഞങ്ങളുടെ മനസ്സുകളെയും ഹൃദയങ്ങളെയും പ്രകാശിപ്പിക്കണമേ. ഹോശേ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ആലംബഹീനർ, രോഗികൾ, ഏകാകികൾ, നിസ്സഹായർ, ബലഹീനർ തുടങ്ങിയവർക്ക് കരുതലും സാന്ത്വനവും നൽകേണ്ടവരായ ഞങ്ങൾ അവർക്കു നൽകേണ്ട പരിഗണന നൽകാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പാപങ്ങളെ മോചിപ്പിക്കുവാൻ മനസ്സായി പാപികളെ വീണ്ടെടുത്ത കർത്താവേ, പലരേയും പലപ്പോഴും പാപികളെന്നു മുദ്രകുത്തി വീണ്ടെടുപ്പിൻെറ ശുശ്രൂഷ നിറവേറ്റാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. വചനമാകുന്ന നിൻെറ ശക്തിയെ ഗ്രഹിക്കാതെ പരീശന്മാരെപ്പോലെ പിറുപിറുത്തുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മറ്റുള്ളവരെ സഹായിക്കുവാനും സാന്ത്വനം പകരുവാനും അവസരം ലഭിച്ചിട്ടും വിമുഖത കാട്ടിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ നിത്യവും നിരന്തരവുമായ സ്നേഹത്താൽ ഞങ്ങളുടെ അടുക്കലേക്ക് തിരുഹിതപ്രകാരം പുറപ്പെടുകയും തൻെറ മഹാ കൃപയാൽ ഞങ്ങളെ സുഖപ്പെടുത്തുവാൻ വന്ന സ്വർഗ്ഗീയ വൈദ്യനും ഞങ്ങളുടെ മുറിവുകളെ കെട്ടിയ ഉത്തമ സൗഖ്യദായകനും ഞങ്ങളുടെ രോഗങ്ങളെ ശമിപ്പിച്ച സ്ലീബായും ഞങ്ങളുടെ പാപക്കറകളെ വെടിപ്പാക്കിയ സോപ്പായുമായ മ്ശിഹാ തമ്പുരാനേ, പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും എന്നേക്കും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. വചനമായ ദൈവമേ, നിൻെറ വാക്കിനാൽ നീ സകലത്തെയും ഉളവാക്കി. മഹത്തായ നിൻെറ രഹസ്യങ്ങളെ നിൻെറ ജഡ ധാരണത്താൽ ഞങ്ങൾക്കു നീ വെളിവാക്കിത്തന്നു. നിൻെറ വചനത്താൽ ഞങ്ങളുടെ പാപബന്ധനങ്ങളെ നീ അഴിച്ചു. നിൻെറ കൽപ്പനയാൽ ദുരാത്മാക്കളെ നീ പുറത്താക്കി, പാപികളെ നീതീകരിച്ചു, രോഗികളെ സുഖപ്പെടുത്തി; ആകയാൽ സ്വർഗ്ഗീയ വൈദ്യനായ കർത്താവേ, നിൻെറ കരുണയുടെ വാതിലിൽ മുട്ടുന്ന പാപികളായ ഞങ്ങളെ നിൻെറ കരുണയുടെ കണ്ണാൽ ദർശിക്കേണമേ. ലോകത്തെ മുഴുവൻ പാപത്തിൽ നിന്നും വീണ്ടെടുക്കുവാനായി മരണത്തിൻെറ നുകം തകർത്ത് തൻെറ സ്വരൂപത്തിൽ മെനയപ്പെട്ട മനുഷ്യ വർഗ്ഗത്തെ പാപത്തിൽ നിന്നു നീ മോചിപ്പിച്ചു. കഫർന്നഹൂം എന്ന പട്ടണത്തിൽ എഴുന്നള്ളി പക്ഷവാതക്കാരനെ നിൻെറ വചനത്താൽ പാപങ്ങളിൽ നിന്നു മോചിപ്പിക്കുകയും അവനെ ചുമന്നു കൊണ്ടുവന്നവരുടെ വിശ്വാസത്താൽ അവനോട് മനസ്സലിയുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, ഞങ്ങളുടെ പാപങ്ങളെ വഹിപ്പാൻ തക്കവണ്ണം നീ മനസ്സലിവുള്ളവനാകുകയും പാപത്തെ വിമോചിക്കുന്ന നിൻെറ സൗഖ്യദായക ശുശ്രൂഷയിലേക്ക് ഞങ്ങളെ വിളിച്ചടിപ്പിക്കുകയും ചെയ്തിരിക്കുന്നുവല്ലോ.

സൗഖ്യദായകമായ നിൻെറ വചനം നല്ല നിലത്തു വീണ വിത്തു പോലെ ഞങ്ങളുടെ ഹൃദയങ്ങളിൽ വളർന്ന് നൂറുമേനി ഫലം പുറപ്പെടുവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ ഐക്യമത്യപ്പെട്ട് മറ്റുള്ളവർക്കായി പ്രാർത്ഥിക്കുവാനും രോഗികളുടെ സൗഖ്യത്തിനായി പ്രവർത്തിക്കുവാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും നിർമ്മലവും സുതാര്യവുമായ ജീവിതത്തിൽ ഞങ്ങളെ കാത്തുകൊള്ളണമേ. ദോഷം ചെയ്യാതെ ഞങ്ങളുടെ നാവിനെയും വ്യാജം പറയാതെ ഞങ്ങളുടെ അധരങ്ങളെയും കാത്തുകൊള്ളണമേ. ദോഷം വിട്ടകന്ന് ഗുണം ചെയ്‌വാനും സമാധാനം അന്വേഷിച്ച് പിന്തുടരുവാനും ഞങ്ങളെ സഹായിക്കണമേ. ദേശത്ത് പാർത്ത് വിശ്വസ്തത ആചരിപ്പാൻ ഞങ്ങൾക്ക് ഇടയാകണമേ. ഞങ്ങളുടെ മുഖപ്രകാശ രക്ഷയും ദൈവവുമായ കർത്താവേ, നിന്നിൽ പ്രത്യശ വെച്ച് ഞങ്ങളുടെ ജീവിതയാത്രയിൽ മറ്റുള്ളവരുടെ വേദനകൾ കാണുന്നതിന് ഞങ്ങളുടെ കണ്ണുകളെയും നിലവിളി ശ്രവിക്കുന്നതിന് കാതുകളെയും അവരുടെ അരികിലെത്തുന്നതിന് കാലുകളെയും കണ്ണുനീർ തുടയ്ക്കുന്നതിന് കൈകളെയും സഹായിച്ച് ചേർത്തു പിടിക്കുന്നതിന് ഞങ്ങളുടെ ഹൃദയങ്ങളെയും ബലപ്പെടുത്തണമേ. നിഷ്ക്കളങ്കമായി നടന്ന് നീതി പ്രവർത്തിക്കുവാനും ഹൃദയപൂർവ്വം സത്യം സംസാരിക്കുവാനും ഞങ്ങളെ പ്രാപ്തരാക്കണമേ. മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി ഞങ്ങളെ മോചിപ്പിക്കണമേ. സ്വമേധാ പാപങ്ങളെ അകറ്റി ഞങ്ങളെ കാക്കണമേ. ഇഹലോകത്തിൻെറ മായാവസ്ഥയെ തിരിച്ചറിയുവാൻ ഞങ്ങളുടെ ബോധത്തിൻെറ കണ്ണുകളെ നീ പ്രകാശിപ്പിക്കണമേ. സ്നേഹവും അനുകമ്പയും മനസ്സലിവും സാഹോദര്യവും പരോപകാര തൽപര്യതയും ഞങ്ങളിൽ വർദ്ധിച്ചു വരേണമേ. ദൈവമായ കർത്താവേ നിന്നെ ആത്മാവിലും സത്യത്തിലും ആരാധിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഈ നോമ്പുകാലത്ത് ഞങ്ങൾ വിശ്വാസത്തോട് വീര്യവും, വീര്യത്തോട് പരിജ്ഞാനവും, പരിജ്ഞാനത്തോട് ഇന്ദ്രിയജയവും, ഇന്ദ്രിയജയത്തോട് സ്ഥിരതയും, സ്ഥിരതയോട് ഭക്തിയും, ഭക്തിയോട് സഹോദര പ്രീതിയും, സഹോദര പ്രീതിയോട് സ്നേഹവും കൂട്ടിക്കൊൾവാൻ ഉത്സുകരാക്കണമേ. സകലത്തെയും ന്യായം വിധിക്കുന്ന നിൻെറ മഹത്വ പ്രത്യക്ഷതയിൽ ഞങ്ങൾ നിൻെറ വലത്തു ഭാഗത്തുള്ള നിലയ്ക്ക് യോഗ്യരായി തീരണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ദൈവസുതർ നാം ആയിടുവാൻ.. ..)

ദൈവസുതന്മാരാക്കിടുവാൻ വചന ശരീരിയായ് തീർന്നവനേ
വചനമയച്ചൊരു സൗഖ്യത്തെ ഞങ്ങൾക്കേകാനായ്
മരണനുകം വെന്നൊരു നാഥാ മരണക്കാസ ഏറ്റു നീ
മനസ്സോടെ മരക്കുരിശിൽ മരുന്നായ് തീർന്നല്ലോ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. വചനത്തിൻെറ പരിമള വാസന കൃപയാൽ ഞങ്ങളിലേക്ക് സൗഖ്യമായി വീശിയ കർത്താവേ, ഞങ്ങളുടെ പ്രാർത്ഥനകളുടെ സൗരഭ്യവും ഞങ്ങളുടെ ജീവിതത്തിൻെറ സാക്ഷ്യവും നിന്നെ പ്രസാദിപ്പിക്കുകയും ഞങ്ങളുടെ ചുറ്റുപാടുകളെ ആനന്ദിപ്പിക്കുകയും സൗഖ്യം നൽകുകയും ചെയ്യണമേ. ദേശത്തിൻെറ കാവൽക്കാരായിരുന്ന് മറ്റുള്ളവർക്ക് നിൻെറ രക്ഷ പകർന്നു കൊടുപ്പാനും കണ്ണുനീരോട് പ്രാർത്ഥിപ്പാനും കൃപ നൽകണമേ. ഞങ്ങളുടെ പ്രാർത്ഥന നിൻെറ മുമ്പിൽ സൗരഭ്യവാസനയായും ഞങ്ങളുടെ കണ്ണുനീർ നിനക്ക് പ്രസാദമുള്ള യാഗമായും ഞങ്ങളുടെ ഹൃദയം നിൻെറ മന്ദിരമായും ഞങ്ങളുടെ ഭവനം നീ വസിക്കുന്ന ആലയമായും രൂപാന്തരപ്പെടുത്തേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലേ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
   തളർന്നൊരു പാപിയുടെ പാപം പൊറുത്തതുപോൽ
   ഞങ്ങളെ വിടുവിക്ക നിൻ തിരുവചനത്താൽ
സൗഖ്യത്തിന്നുറവേ മ്ശിഹാ കർത്താവേ
ജീവനൗഷധമായി ഒഴുകുക ഞങ്ങളിൽ നീ
   സോദര സ്നേഹത്താൽ നാലാൾ ചേർന്നതുപോൽ
   സൗഖ്യ നിദായകരായ് ചേർക്കുക ഞങ്ങളെയും
ആദാമ്യരിൻ പാപം നീ വഹിച്ചതിനാലെ
നിന്നെ വഹിപ്പാനായ് ഒരുക്കുക ഞങ്ങളെ നീ
   വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
   കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. പുറ 4:10–17**

**2. അപ്ര 5:12–16**

**ഏവൻഗേലിയോൻ വി. മർ 2:1–12**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 16 Monday - ദിനം 16 തിങ്കൾ

**ധ്യാനവിഷയം – വാക്കുകളിലെ വചനപ്പെരുമ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സകല സൃഷ്ടികളോടുമുള്ള അതുല്യ സ്നേഹത്താൽ ഞങ്ങളിൽ ഒരുവനായി തീർന്ന നിത്യനായ ദൈവമേ, യഥാർത്ഥ മനുഷ്യത്വത്തിൻെറ മാഹാത്മ്യം നിൻെറ പുത്രനിലൂടെ വെളിവാക്കുകയും ക്രൂശു മരണത്തിലൂടെ ഞങ്ങളെ വീണ്ടെടുക്കുകയും ചെയ്തതിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അശിരീകളായ സ്വർഗ്ഗീയ സൈന്യങ്ങളാൽ ഭയ ഭക്തിപൂർവ്വം വന്ദിക്കപ്പെടുന്നവനും മഹത്വീകരിക്കപ്പെടുന്നവനുമായ ദൈവമേ, നിൻെറ അതിരില്ലാത്ത സമാധാനം ഞങ്ങൾക്കു നൽകണമേ. നിൻെറ ജനവും നിൻെറ അവകാശവുമാകുന്ന ഞങ്ങൾ നിനക്കർപ്പിക്കുന്ന ഈ ആരാധനയിൽ നീ കടാക്ഷിക്കേണമേ. നിൻെറ ശബ്ദം ശ്രവിപ്പാൻ തക്കവണ്ണം ഞങ്ങളുടെ കാതുകളെ തുറക്കേണമേ. നോമ്പിൻെറ അനുഭവക്കാരായ ഞങ്ങളുടെ നാവുകൾ നിൻെറ വചനത്തിൻെറ ഉപകരണങ്ങളായും ഞങ്ങളുടെ ശരീരങ്ങൾ നിൻെറ വാസ സ്ഥലങ്ങളായും തീരേണമേ. സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ഞങ്ങൾ പാപികൾ ആയിരിക്കുമ്പോൾ തന്നെ ക്രൂശിലെ മരണത്തിലൂടെ ദൈവസ്നേഹം പ്രദർശിപ്പിക്കുകയും പാപമോചനവും വീണ്ടെടുപ്പും ഞങ്ങൾക്കു സാദ്ധ്യമാക്കുകയും ചെയ്ത നിൻെറ സ്നേഹത്തെ ഗണ്യമാക്കാതെ ജീവിച്ചുപോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. വാക്കിലും നടപ്പിലും സാക്ഷ്യത്തിലും നിർമ്മലതയും സുതാര്യതയും പാലിക്കേണ്ട ഞങ്ങൾ ലോകമയത്വത്തിലും സ്വാർത്ഥ ലാഭേച്ഛയിലും അവിശ്വസ്തതയിലും ജീവിച്ചുപോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ നാവുകൊണ്ട് ഞങ്ങൾ ജയിക്കും ഞങ്ങളുടെ അധരങ്ങൾ ഞങ്ങൾക്കു തുണ ഞങ്ങൾക്കു യജമാനൻ ആര്? എന്ന മനോഭാവത്തിൽ ജീവിച്ചുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. തമ്മിൽ അവയവങ്ങളായ സഹോദരങ്ങളോടും കൂട്ടുകാരോടും അസത്യം സംസാരിക്കുകയും കോപം വെച്ചുകൊണ്ടിരിക്കുകയും ചെയ്യരുത് എന്ന ബോധ്യം ഉണ്ടായിട്ടും സത്യം സംസാരിക്കാതെയും കോപം വെച്ചുകൊണ്ടിരിക്കുകയും ചെയ്ത കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ ശബ്ദത്താൽ സകലത്തെയും സൃഷ്ടിച്ചു ഭരിക്കുന്നവനും അതിനാൽ സകലത്തെയും നിയന്ത്രിച്ച് പരിപാലിക്കുന്നവനും സ്വർഗ്ഗീയ സൈന്യങ്ങളുടെ നാവാൽ പുകഴ്ത്തപ്പെടുന്നവനും മൺമയരുടെ നാവിൻ സ്തുതികളിൽ പ്രീതിപ്പെടുന്നവനുമായ മ്ശിഹായ്ക്കു സ്തുതി. പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. അഗ്നി ജ്വാല ധരിച്ചിരിക്കുന്ന ഗണങ്ങളാൽ സ്തുതിക്കപ്പെടുകയും സർവ്വ പരിശുദ്ധ മാലാഖമാരാലും വൃന്ദങ്ങളാലും പുകഴ്ത്തപ്പെടുകയും ചെയ്യുന്ന മഹത്വമുള്ള വചനമായിരിക്കുന്ന ഞങ്ങളുടെ ദൈവമേ, നിൻെറ കൃപയാൽ ഞങ്ങളെ ദൈവ സ്വഭാവത്തിന് അംശികളാക്കിത്തീർപ്പാൻ നിൻെറ സ്നേഹംകൊണ്ടു നീ മനുഷ്യനായി തീർന്നു. നിൻെറ നാവാൽ ചെകിടരുടെ ചെവി നീ തുറന്നു. ഊമരുടെ നാവിൻ ബന്ധനങ്ങളെ നീ അഴിച്ചു. കുരുടരുടെ കണ്ണിൻെറ അന്ധകാരം നീ നീക്കി. മുടന്തരുടെ കാലുകളെ നീ ഉറപ്പിച്ചു. തളർന്നവരെ എഴുന്നേൽപിച്ചു; ഭൂതങ്ങളെ പുറത്താക്കി; കാറ്റിനെയും കടലിനെയും ശാസിച്ചു; പാപികളെ വിടുവിച്ചു; ലാസറിനെ കബറിൽ നിന്നുയർപ്പിച്ചു. കർത്താവേ, നിൻെറ വിസ്മയനീയ കാര്യങ്ങൾ ഗ്രഹിപ്പാൻ ഞങ്ങളുടെ ബുദ്ധിയെ തെളിക്കേണമേ. നിൻെറ ശുശ്രൂഷയ്ക്കായി നീ വിളിച്ചടുപ്പിച്ച പ്രവാചകരുടെ തലവനായ മോശെയുടെ തടിച്ച നാവിനോടു കൂടെ നീ ഇരുന്നതുപോലെ ഞങ്ങളുടെ നാവിനെ നീ

സുഖപ്പെടുത്തി ഞങ്ങളുടെ വാക്കുകൾ എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതുമാക്കി തീർക്കേണമേ.

മൂന്നാം മണി നേരം അഗ്നി നാവിൻെറ സാദൃശ്യത്തിൽ വിശുദ്ധ റൂഹായാൽ നിൻെറ ശിഷ്യരെ പ്രബലരാക്കിയതുപോലെ നിൻെറ ശുശ്രൂഷയ്ക്കായി ഞങ്ങളെ ബലപ്പെടുത്തേണമേ. ഞങ്ങളുടെ നാവുകൾ പരിശുദ്ധാത്മാവിൻെറ കിന്നരങ്ങളായും നിൻെറ പ്രവാചകനിലൂടെ അരുളിച്ചെയ്തതുപോലെ "തളർന്നിരിക്കുന്നവനെ വാക്കു കൊണ്ട് താങ്ങുവാൻ അറിയേണ്ടതിനു യഹോവയായ കർത്താവ് എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു" [യെശ 50:4] എന്നത് ഞങ്ങളിൽ നിവൃത്തിയാകുവാനും നീ സഹായിക്കേണമേ. നിൻെറ കൃപയാൽ ഞങ്ങളുടെ എല്ലാവരുടെയും ഹൃദയങ്ങളേയും നാവുകളേയും അധരങ്ങളെയും വിശുദ്ധീകരിക്കണമേ. വെടിപ്പുള്ള അധരങ്ങളോടും ലജ്ജ കൂടാത്ത മുഖത്തോടുംകൂടെ നിനക്കു സ്തോത്രം കരേറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, ധന്യവും മഹത്വകരവുമായ നിൻെറ ശ്രേഷ്ഠജ്ഞാനമാകുന്ന മഹോന്നത പ്രകാശത്തിലേക്ക് ഞങ്ങളുടെ ചിന്തകളെ നയിക്കണമേ. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയെ കാത്തുകൊൾവാനും മറ്റുള്ളവർക്ക് മാതൃകയായിരിപ്പാനും ഞങ്ങളെ സഹായിക്കണമേ. നിന്നിൽ ആശ വെയ്പ്പാനും നന്മ ചെയ്‌വാനും സൽപ്രവർത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരായി സാക്ഷാലുള്ള ജീവനെ പിടിച്ചുകൊള്ളുന്നവരായി ജീവിപ്പാനും ഞങ്ങളെ പ്രാപ്തരാക്കണമേ. അങ്ങനെ നിൻെറ നാമത്തിങ്കൽ സ്വർലോകരും ഭൂലോകരും അധോലോകരും മുഴങ്കാൽ മടക്കി യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിൻെറ മഹത്വത്തിനായി ഏറ്റു പറയുകയും ചെയ്യുമ്പോൾ നിൻെറ വലത്തു ഭാഗത്തുള്ള കുഞ്ഞാടുകളോടൊപ്പം നിന്നെ സ്തുതിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

### കോലോ (ഗീതം) – മൊറിയൊ മോറാൻ

(ഈണം – ഒന്നാം നാളാകുന്നീ ദിനത്തിൽ.. ..)

ക്രോബകൾ സ്രാഫകൾ വാഴ്ത്തി സ്തുതിപ്പവനെ
ഞങ്ങളിൻ നാവാൽ സ്തുതി ബഹുമാനങ്ങൾ
തന്നുടെ നാവാൽ കർത്തൻ ഉളവാക്കി, വീണ്ടു
ഊമരിൻ വായ്കൾ തുറന്നു നിന്നെ സ്തുതിപ്പു – ബാറെക്മോർ

ശുബ്ഹൊ

യാഗപീഠമതിൻ കനലധരെ വെച്ചേൻ
ഇതു നിൻ നാവിൽ തൊട്ടതിനാൽ ശുദ്ധം.
അഗ്നി നാവാൽ ശ്ലീഹരെ പ്രബലപ്പെടുത്തിയവൻ
തോടുകെൻ അധരെ ശുദ്ധമതായ് തീർക്ക

### അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ദൈവമായ കർത്താവേ, നിനക്കു പരിമള വാസനയായി ഞങ്ങളുടെ സൽപ്രവർത്തികളും; വെടിപ്പുള്ള ധൂപമായി ഞങ്ങളുടെ പ്രാർത്ഥനകളും സമർപ്പിക്കുന്നു. നാവുകൊണ്ടു പാപം ചെയ്യാതിരിപ്പാൻ ഞങ്ങളുടെ വഴികളെ സൂക്ഷിക്കുവാനും നാവിനെ കടിഞ്ഞാണിട്ട് കാക്കുവാനും ഈ നോമ്പുനാളുകളിൽ നീ സഹായിക്കേണമേ. നല്ല ഇടയനാകുന്ന നിൻെറ നാവിലൂടെ പുറപ്പെടുന്ന ഇമ്പമുള്ള ശബ്ദം ദിനം തോറും ശ്രവിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. നിഗളമുള്ള നാവും കപടമുള്ള അധരങ്ങളും ഞങ്ങളിൽ നിന്ന് നീക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

ഈശോ നാഥാ വരിക തുണപ്പാൻ വിളി കൂട്ടുന്നു
പ്രാർത്ഥന കേട്ടീത്തവദാസരിലൻ പുണ്ടാകേണം
    ദൈവതനുജാ നിൻ തിരുമൊഴിയെൻ കാലിനു ദീപം
    സൂര്യനൊക്കും തൽ പ്രഭയിൽ ഞാൻ നടകൊള്ളേണം
വായും നാവും വചനവുമുള്ളോൻ മൂകതയേലും
സൃഷ്ടിഗണങ്ങൾക്കായ് സ്തുതി പാടാൻ ബാദ്ധ്യതയുള്ളോൻ
    തൊടുകെൻ നാഥ തവസൃഷ്ടിയുടെ അധരങ്ങളെ
    നിന്നുടെ ആത്മ കിന്നരമാവാൻ തുണയേകിടൂ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **സദൃശ 18:15–21**
2. **യാക്കോബ് 3:1–6**

**ഏവൻഗേലിയോൻ വി. മത്തായി 15:16–20**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 17 Tuesday - ദിനം 17 ചൊവ്വ

**ധ്യാനവിഷയം – അഗണ്യമായ ഭക്തി**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സകലത്തിൻെറയും ഉടയവനും പരിപാലകനുമായ ദൈവമേ, സകല സൃഷ്ടിക്കും വേണ്ടി നീ ചെയ്ത അത്ഭുത പ്രവർത്തികളും ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ വിചാരങ്ങളും വളരെയാകുന്നു. സർവ്വ ലോകത്തിൻെറയും വീണ്ടെടുപ്പിനായി തന്നെത്തന്നെ യാഗമായി അർപ്പിക്കുകയും ക്രൂശാരോഹണത്താലും മരണത്താലും ഞങ്ങളെ വീണ്ടെടുക്കയുകയും ഉയിർത്തെഴുന്നേൽപ്പുകൊണ്ട് ഞങ്ങൾക്ക് പുതിയ ജീവൻ പ്രദാനം ചെയ്ത പുത്രനാം തമ്പുരാനേ, നിന്നെ ഞങ്ങൾ പുകഴ്ത്തുന്നു. പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ഞങ്ങൾക്ക് ബോദ്ധ്യം വരുത്തുകയും നിരന്തര സാന്നിദ്ധ്യം കൊണ്ട് ഞങ്ങളെ ശക്തീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവാം ദൈവമേ, ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. ഞങ്ങൾ ദൈവവിഷയമായി സമ്പന്നരാകുന്നതിനും ഈ ലോകത്തിലെ നിക്ഷേപങ്ങളേക്കാൾ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുന്നവരുമായിരിപ്പാൻ ഞങ്ങൾ പുതുക്കപ്പെട്ട് ഉണർവ്വോടും സമർപ്പണത്തോടും നിൻെറ ശുശ്രൂഷയിൽ സജീവമായി നില കൊള്ളുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. പങ്കുവെയ്ക്കലിൻെറ ഉദാത്ത മാതൃക നീ നിന്നെത്തന്നെ നൽകിയതിലുടെ ഞങ്ങൾക്കു വെളിപ്പെടുത്തിത്തന്നു എങ്കിലും ഞങ്ങളെയും ഞങ്ങൾക്കുള്ളതിനെയും ലോകത്തിനു പകർന്നു നൽകുവാൻ മനസ്സാകാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നീയാകുന്ന സമ്പത്തിനെ തിരിച്ചറിയാതെ ലൗകീക സമ്പത്തിൽ മതിമറന്നു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിനക്കുവേണ്ടി നൽകപ്പെടുവാൻ ഞങ്ങളുടെ ജീവിതങ്ങൾ ഉഴിഞ്ഞു വെയ്ക്കേണ്ടവരായിരുന്നിട്ടും സമ്പത്തുക്കൾ സ്വരുക്കൂട്ടി സ്വർഗ്ഗത്തിലെ നിക്ഷേപങ്ങളെ മറന്നു ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നോടുള്ള ഞങ്ങളുടെ അഗണ്യമായ ഭക്തിയും സ്നേഹവും കൊണ്ട് ലോകത്തിൻെറ സൗരഭ്യവാസനയായി നിന്നെ പകരേണ്ടുന്ന ഇടങ്ങളിൽ അങ്ങനെ ഞങ്ങൾക്ക് സാധിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ യാഗത്താൽ പാപികളെ നീതീകരിക്കുകയും മലിനരെ ശുദ്ധീകരിക്കുകയും കുരുടർക്ക് പ്രകാശം കൊടുക്കുകയും കുഷ്ഠരോഗികളെ സുഖപ്പെടുത്തുകയും പക്ഷവാതക്കാരനെ ബലപ്പെടുത്തുകയും ആതുരർക്ക് സ്വസ്ഥത നൽകുകയും മരിച്ചവരെ പുനർജ്ജീവിപ്പിക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, നിൻെറ രക്ഷാകര സംഭവങ്ങളെ ധ്യാനിക്കുന്ന ഈ നാളുകളിൽ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റിക്കൊള്ളുന്നു. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. ജീവൻെറ തുറമുഖവും ആശയറ്റവരുടെ സങ്കേതവുമായ ദൈവമായ കർത്താവേ, നിൻെറ കൃപയാൽ പാഴും ശൂന്യവുമായതിനെ നീ ക്രമപ്പെടുത്തി. നിൻെറ വചനത്താൽ സകലത്തെയും നീ ഉളവാക്കി. പാപത്താൽ മലിനമാക്കപ്പെട്ട തൻെറ സൃഷ്ടിയെ നിശേഷം നഷ്ട പ്പെടുത്തിക്കളയാതെ അതിനെ വീണ്ടെടുപ്പാൻ നീ സ്വമനസ്സാലെ താണിറങ്ങിവന്നു. അഗോചരമായ ദൈവീക മർമ്മങ്ങളെ നിൻെറ പ്രവർത്തിയാൽ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തന്നു. മനുഷ്യരെ സ്നേഹിക്കുവാനും മനുഷ്യരോടുകൂടി വസിക്കുകയും ചെയ്ത കർത്താവേ, നീ ഉയിർപ്പിച്ച ബേഥാന്യയിലെ ലാസറിനോടും നിന്നോടുമൊപ്പം പന്തിക്കിരിപ്പാൻ ഞങ്ങളെയും നീ ക്ഷണിച്ചിരിക്കുന്നുവല്ലോ. നീ ചെയ്തിരിക്കുന്ന വിസ്മയനീയ കാര്യങ്ങളെ സ്മരിച്ചും കീർത്തിച്ചും ലാസറിൻെറ സഹോദരി മറിയ നിൻെറ പാദത്തിൽ പൂശിയ സ്വച്ഛജടാമാംസി തൈലം പോലെ നിന്നിലുള്ള ഭക്തിയോടെ നിന്നിലേക്ക് അടുത്തു വരുവാൻ ഈ നോമ്പുനാളുകളിൽ ഞങ്ങളെയും നീ സഹായിക്കേണമേ.

നിൻെറ കൃപയാൽ ഞങ്ങളുടെ എല്ലാവരുടെയും ഹൃദയങ്ങളെയും നാവുകളെയും അധരങ്ങളെയും

വിശുദ്ധീകരിക്കണമേ. വെടിപ്പുള്ള അധരങ്ങളോടും ലജ്ജ കൂടാത്ത മുഖത്തോടും കൂടെ നിനക്കു സ്തോത്രം കരേറ്റുവാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, ധന്യവും മഹത്വകരവും ശ്രേഷ്ഠജ്ഞാനവുമാകുന്ന നിൻെറ മഹോന്നത പ്രകാശത്തിലേക്ക് ഞങ്ങളുടെ ചിന്തകളെ നയിക്കണമേ. സ്നേഹത്തിൻെറ ഉറവയും കൃപയുടെ സമുദ്രവുമായ ദൈവമായ കർത്താവേ, ഞങ്ങൾ നിന്നെയും തമ്മിൽ തമ്മിലും അവസാനത്തോളം സ്നേഹിപ്പാൻ കൃപയും സമാധാനവും ഐശര്യവും ഞങ്ങൾക്കു നൽകുമാറാകണമേ. ഞങ്ങളുടെ ബലഹീനതയെ ശക്തിപ്പെടുത്തുന്നവനും ഞങ്ങളെ ആശ്വസിപ്പിച്ച് ധൈര്യപ്പെടുത്തുന്നവനുമായ ദൈവമായ കർത്താവേ, അന്യായത്തിൻെറയും ദുഷ്ടതയുടെയും പാപത്തിൻെറയും സകല മലിനതകളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമേ. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവർക്കുള്ള ഭാഗ്യാവസ്ഥ ഞങ്ങൾ അനുഭവിക്കുമാറാകണമേ. ഞങ്ങളുടെ ജീവിതകാലം മുഴുവനും നിങ്കലുള്ള ഭക്തിയോടെ നിന്നെ ആരാധിപ്പാനും നിൻെറ രണ്ടാമത്തെ എഴുന്നള്ളത്തിൽ നിഷ്ക്കളങ്കവും നിർമ്മലവുമായ ഏക ഹൃദയത്തോടുകൂടി തിരുമുമ്പാകെ യോജിപ്പോടെ നിന്നുകൊണ്ട് നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതി അർപ്പിക്കുവാൻ ഞങ്ങളെ എല്ലാവരെയും യോഗ്യരാക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

ഗുണവാനേ നിൻ വാതിലിൽ മുട്ടുന്നു യാചനയിൻ നാദം
നിന്നാശ്രിതരിൽ നിന്നയ്യോ മുടക്കരുതേ–യാ–ചന
കണ്ണീർ തൂകി വിളിച്ചവളാം ദോഷക്കാരി
പൊറുതി പ്രാപിച്ചല്ലോ നിങ്കൽ നിന്ന്
ഈശോ തന്നുടെ രക്തം കൊണ്ട്
തുണച്ചീടുക നിൻ സഭാ മേൽ
പിഴച്ചെന്നു ഗ്രഹിച്ചു ഞങ്ങൾ
തെറ്റുകളു–മസംഖ്യമല്ലോ–
നരസുതനെ നീ ദയ ചെയ്തു
മ്ലേച്ഛതയിൽ നിന്നും ഞങ്ങളെ – ശുദ്ധീകരിക്ക ഇന്ന്

## അപേക്ഷ

ப. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. മരണത്തിൻെറ നുകം തകർത്ത് തൻെറ ശ്രേഷ്ഠസ്വരൂപമായ ആദാമ്യ വർഗ്ഗത്തെ ദുഷ്ടൻെറ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ചവനായ കർത്താവേ, നിൻെറ ജീവൻെറ സമൃദ്ധി ഞങ്ങളുടെ അനുഭവമാക്കേണമേ. ലാസറിൻെറ സഹോദരിയായ മറിയ നിൻെറ നന്മകളെ പ്രതി സ്നേഹത്തോടെ നിൻെറ തൃപ്പാദത്തിൽ പകർന്ന സുഗന്ധ തൈലം നിൻെറ സംസ്ക്കാരത്തിനായി എന്നവണ്ണം നീ കൈക്കൊണ്ടതുപോലെ ഞങ്ങളുടെ പ്രാർത്ഥനകളും ആരാധനയും നോമ്പും നിനക്കു

പ്രസാദമുള്ള പരിമള തൈലമായി സ്വീകരിക്കേണമേ. ഞങ്ങളുടെ കുറവുകളെ നിന്റെ പരിപൂർണ്ണതയാൽ പരിഹരിക്കേണമേ. നിനക്കു പ്രീതികരമായ അവസാനത്തിനും നിന്റെ വലത്തു ഭാഗത്തുള്ള നിൽപ്പിനും ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവൂസോ (അപേക്ഷ) മാർ അപ്രേം

(ഈണം - നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രുശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

മരണത്തിൻ വിഷമുള്ളിനെ
മരണത്താൽ നീ വെന്നതുപോൽ
മലിനമായൊരു മാനസ്സം
മാറ്റുവാൻ കൃപയേകണമേ

ബേഥാന്യയിൽ ലാസറിന്റെ
വീട്ടിൽ എഴുന്നെള്ളിയോൻ
സ്വച്ഛജടാമാംസി തൈലം
പ്രീതിയായ് കൈക്കൊണ്ടതുപോൽ

ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾ മേൽ കൃപ ചെയ്യണമേ

**ക്രോമ്പകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **1 ദിന 29:7-14**
2. **1 കൊരി 8:4-9**

**ഏവൻഗേലിയോൻ വി. യോഹ 12:1-8**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 18 Wednesday - ദിനം 18 ബുധൻ

**ധ്യാനവിഷയം – കൃപയിൽ മുതിരുവാനുള്ള കാത്തിരിപ്പ്**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ആദിയും അന്തവും ഇല്ലാത്തവനും സർവ്വസൃഷ്ടികളാലും ആരാധിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ നിത്യനായ ദൈവമേ, ഞങ്ങൾ നിന്നെ വന്ദിക്കുന്നു. സ്വന്ത ജീവനെ ലോകത്തിനു നൽകി ഞങ്ങളെ സ്നേഹിച്ച പുത്രനാം തമ്പുരാനേ, നിൻെറ കൃപയുടെയും കരുണയുടെയും ബഹുത്വത്തിനായും നിസ്തുല സ്നേഹത്തിനായും ഞങ്ങൾ നിനക്ക് നന്ദി കരേറ്റുന്നു. നീ വെളിപ്പെടുത്തിയ സ്നേഹം ഞങ്ങളിലൂടെ ലോകത്തനു പകരുവാൻ ഞങ്ങളെ ദിനം തോറും പ്രാപ്തരാക്കുന്ന പരിശുദ്ധാത്മാവേ, നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. കൃപയുടെ തീരവും കരുണയുടെ സമുദ്രവുമായ ദൈവമായ കർത്താവേ, നിൻെറ ആർദ്രസ്നേഹത്താൽ ദിവ്യമായ രക്ഷാകരപദ്ധതിയിലേക്ക് ഞങ്ങളെ വിളിച്ചടുപ്പിച്ചിരിക്കുന്നുവല്ലോ. വിശ്വാസത്തിൽ നിൻെറ കൃപയെ അനുഭവിക്കുന്നതിനും അതിൽ വേരൂന്നി വളരുന്നതിനും ഞങ്ങളെ നിൻെറ ശരീരമാകുന്ന തിരുസഭയിൽ സത്യനടുതലയായി നീ നട്ടു. നിൻെറ ആരാധനക്കാരായ ഞങ്ങൾ നിന്നോടുള്ള സ്നേഹത്തിലും നിന്നിൽ വളരുവാനുള്ള താൽപര്യത്തിലും അടുത്തു വരുന്ന ഈ നോമ്പുനാളുകളിൽ നിൻെറ കരുണയുടെ കണ്ണാൽ ഞങ്ങളെ ദർശിക്കണമേ. ഈ ആരാധന നിന്നിലേക്കു ഞങ്ങളെ അടുപ്പിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ലോകത്തിനു രുചിയും പ്രകാശവും നൽകുവാനും വ്യത്യസ്തരായി ജീവിക്കുവാനും വിളിക്കപ്പെട്ട ഞങ്ങൾ ലോക മയത്വത്തിൽ സ്വാധീനിക്കപ്പെട്ടും ലോകത്തിനു അനുരൂപരായും ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ലോകമയത്വത്തിന് കീഴ്പ്പെട്ട് ഭവനത്തോടും കുടുംബത്തോടും സമൂഹത്തോടും ഉള്ള ഉത്തരവാദിത്വങ്ങൾ വിസ്മരിച്ച് ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ദൈവരാജ്യത്തിന്റെ പ്രഘോഷകരും സാക്ഷികളും മൂല്യങ്ങളുടെ സംരക്ഷകരും ആകേണ്ടവരായ ഞങ്ങൾ ആ ദൗത്യത്തിൽ അലസരും നിശബ്ദരുമായി ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ദൈവവചനത്തിന്റെ വിത്തുകൾ വിതയ്ക്കപ്പെട്ടിട്ടും നൽ നിലങ്ങളായി അതിനെ വളർത്തുവാനും ഫലം നൽകുവാനും കൃപയിൽ മുതിർന്നു വരുവാനും കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പാപികൾക്കായി തുറന്നിട്ട കരുണയുടെ വാതിലും നന്മകളുടെ ശ്രീഭണ്ഡാരവും തന്നിലേക്ക് അടുത്തു വരുന്നവരെ ആകർഷിക്കുന്ന പ്രകാശവുമായ മ്ശിഹാ തമ്പുരാനേ, നിന്നിലുള്ള വിശ്വാസത്തോടെ നിന്നിലേക്ക് യാത്ര ചെയ്യുന്ന ഈ നോമ്പു നാളുകളിൽ നിന്നെ മാത്രം ലക്ഷ്യമാക്കി യാത്ര ചെയ്യുവാൻ ഞങ്ങളെ സഹായിക്കേണമേ. നിന്റെ സാക്ഷ്യം വഹിക്കുന്ന സത്യവിശ്വാസികളുടെ സുകൃത നടപടികളോടും നിർമ്മല മനസ്സാക്ഷിയോടും യോഗ്യതയുള്ളവരായിരിപ്പാൻ ഞങ്ങളെ ഒരുക്കേണമേ. നൽകപ്പെട്ടിരിക്കുന്ന കൃപാവരങ്ങളെ ജ്വലിപ്പിക്കുന്ന കാറ്റായും ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കുന്ന എണ്ണയായും ഞങ്ങളുടെ ആരാധന തീരുമാറാകേണമേ. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. സത്യവാനും സുകൃതവാനും പ്രകാശത്തിന്റെ കതിരുകളെക്കൊണ്ട് ഞങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്നവനുമായ ദൈവമായ കർത്താവേ, നീ കൽപ്പിച്ചുളവാക്കിയ ഏദൻ പറുദീസായിൽ ഞങ്ങളെ നീ നട്ടു വളരുമാറാക്കി. എന്നാൽ പാപത്തിന്റെ മേഘപടലങ്ങൾ ഞങ്ങളുടെ കണ്ണുകളെ മൂടുകയും നിന്റെ പ്രകാശത്തിലേക്കുള്ള നോട്ടം ഞങ്ങൾക്ക് അസാദ്ധ്യമാവുകയും ചെയ്തു. അതിനാൽ സാത്താൻ; നിന്നിലേക്കുള്ള ഞങ്ങളുടെ വളർച്ചയെ മുരടിപ്പിച്ചു കളഞ്ഞു. ഇരുളാകുന്ന പാപത്തെ നീക്കുവാനായി നീതിയിൻ സൂര്യനായ നീ താഴേക്കിറങ്ങി വന്നു. ഞങ്ങളെ പ്രതിയുള്ള നിന്റെ സ്നേഹത്തെ നന്ദിയോടെ സ്തുതിച്ചുകൊണ്ട് ഈ നോമ്പുനാളുകളിൽ നിന്റെ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കാണുവാനും നിന്നിലേക്ക് വളരുവാനും നിനക്കു പ്രീതികരമായ ഫലങ്ങളെ പുറപ്പെടുവിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. ക്രിസ്തുവാകുന്ന തലയോളം വളർന്ന്

വചനമാകുന്ന പാൽ കുടിച്ച് പുഷ്ടി പ്രാപിപ്പാനും ആത്മാവിൻെറ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ പുറപ്പെടുവിക്കുവാനും ഞങ്ങളെ ഉത്സുകരാക്കണമേ. ഞങ്ങൾ നിന്നോടും മറ്റുള്ളവരോടും ഞങ്ങളേടുതന്നെയും വിശ്വസ്തതയുള്ള വരായിരിക്കേണമേ. പരോപകാര തൽപ്പരത ഞങ്ങളിൽ വളർന്നു വരേണമേ. സൗമ്യതയാകുന്ന അക്ഷയഭൂഷണത്താൽ ഞങ്ങളെ അലങ്കരിക്കണമേ. ഇന്ദ്രിയജയം ഞങ്ങൾക്കു നൽകണമേ. ഞങ്ങൾ സകല കാര്യങ്ങളിലും സന്തോഷവും ആനന്ദവും അനുഭവിക്കുകയും ചെയ്യുമാറാകണമേ.

പ്രപഞ്ചത്തിൻെറ സൃഷ്ടാവും പരിപാലകനുമായ കർത്താവേ, നിൻെറ ഇഷ്ടം നിറവേറ്റുവാനും ഞങ്ങളുടെ വിശ്വാസ ജീവിതം പരിശുദ്ധവും നിർമ്മലവും ആയിത്തീരുവാനും ഞങ്ങളെ സഹായിക്കണമേ. നിൻെറ പീഡാനുഭവത്തെയും ക്രൂശ് മരണത്തെയും ഉയിർത്തെഴുന്നേൽപ്പിനെയും ധ്യാനിപ്പാനും അതിലൂടെ നീ സാദ്ധ്യമാക്കിയ വീണ്ടെടുപ്പിൻെറ അനുഭവം ഞങ്ങളുടെ ജീവിതത്തെ പുതുക്കുവാനും രൂപാന്തരപ്പെടുത്തുവാനും ഈ നോമ്പുകാലം ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ ഈ നേരത്തും ഞങ്ങളുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും കരേറ്റുന്നു.. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

പറുദീസായിൻ ജീവദമാം ഒരു വൃക്ഷത്തെ
വാഴ്ത്തപ്പെട്ടൊരു ചെടിയായ് സ്ക്കീപ്പായിൽ താതൻ നൽകി
നിന്നുടെ കുരിശിൻ ശാന്തിയതാൽ
ഹാലേലുയ്യാ – നിർത്തീടണമേ – ബാറെക്മോർ

ശുബ്ഹോ

നൽദാനങ്ങളായ് നൽകപ്പെട്ടൊരു നിൻ
കൃപയിൻ കനലുകൾ ജ്വലിപ്പാനായ് വീശുക ഞങ്ങളിലെന്നും നീ
കൃപയാൽ രക്ഷിതരായവരായ്
ഹാലേലുയ്യാ പാടിടുമേ
മോറയോ റാഹേമ്മോലൈനു ആദാറൈൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിൻെറയും മനുഷ്യരുടെയും കൃപയിൽ മുതിർന്നു വരുവാൻ ഞങ്ങൾക്കു മാതൃക തന്ന സ്വർഗ്ഗീയ നാഥനായ മ്ശിഹാ തമ്പുരാനേ, നീ സർവ്വത്തിനും അധിപതിയായിരിക്കെ നസറേത്തു പട്ടണത്തിൽ നിൻെറ മാതാപിതാക്കൾക്കു കീഴടങ്ങിയിരുന്ന നിൻെറ മാഹാത്മ്യത്തെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. നിൻെറ താഴ്മയെ ഞങ്ങൾ

കൊണ്ടാടുന്നു. ഞങ്ങൾ സ്തോത്രത്തോടെ അർപ്പിക്കുന്ന ഈ ആരാധനയെ നൽധൂപമായി കൈക്കൊള്ളണമേ. നിൻെറ കൃപയിലും പരിജ്ഞാനത്തിലും അനുദിനം വളരുവാൻ ഞങ്ങളെ സഹായിക്കേണമേ. നിൻെറ പ്രകാശ രശ്മികൾ ഞങ്ങളുടെ ജീവൻെറ പോഷണവും ആത്മാവിൻെറ അച്ചാരവും ആക്കിത്തീർക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ക്രൂശിൽ നിന്നൊഴുകും കൃപയിൻ നീരുറവ
ഞങ്ങളിൽ നിറവായ് കനിയണമേ നാഥാ
മണ്ണും ചാരവുമാം മൺപാത്രങ്ങളെ നീ
കൃപയിൻ ധനമായ് തീർത്തതിനാൽ സ്തോത്രം
ഊതുക നിൻ ശ്വാസം ഉണങ്ങിയൊരസ്ഥിയിന്മേൽ
ജീവൻ നൽകിടുവാൻ പരിശുദ്ധാത്മാവേ
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **ഹോശെ 6:1–6**
2. **2 പത്രാ 3:14–18**

**ഏവൻഗേലിയോൻ വി. ലൂക്കോ 2:47–52**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 19 Thursday - ദിനം 19 വ്യാഴം

**ധ്യാനവിഷയം – ഒഴുകപ്പെട്ട ദൈവകൃപ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ജീവൻെറ ഉറവയായി ഞങ്ങളിലേക്ക് ഒഴുകി വന്ന കർത്താവേ, നിൻെറ വിലാവിൽ നിന്നും ഒഴുക്കപ്പെട്ട ജീവജലനദിയിൽ നിന്ന് പാനം ചെയ്യുവാൻ ഞങ്ങളെ സഹായിക്കേണമേ. നിൻെറ രക്തത്താലും വെള്ളത്താലും കഴുകി ശുദ്ധീകരിക്കപ്പെട്ട നിൻെറ കൃപയുടെ പ്രവാഹത്തെ തടസ്സപ്പെടുത്തുന്നവരായിട്ടല്ല, പിന്നെയോ നീ ആഗ്രഹിക്കുന്ന ഇടങ്ങളിലേക്ക് നീർച്ചാലുകളായി ഒഴുകുവാൻ ഈ നോമ്പിലൂടെ സഹായിക്കേണമേ. മണ്ണിൽ നിന്നു ഞങ്ങളെ മെനഞ്ഞെടുത്ത കർത്താവേ, കുഴഞ്ഞ ചേറായി മാറാമായിരുന്ന ഞങ്ങളെ നിൻെറ സ്വരൂപത്തിൽ വാർത്തെടുക്കുവാൻ മനസ്സായതുപോലെ ഈ നോമ്പും പ്രാർത്ഥനകളും ഞങ്ങളെ നിൻെറ സ്വരൂപത്തിലും ഛായയിലും ആകുന്നതിനു ഇടയാക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നോമ്പുകാലത്ത് ആത്മശിക്ഷണത്തിലൂടെ വിനയത്തിൻെറയും സഹനത്തിൻെറയും ഭാവതലങ്ങൾ സ്വയം വരിക്കുവാൻ തയ്യാറാകാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നോടും സഹജീവികളോടുമുള്ള അനുരഞ്ജനത്തിൽ ജീവിക്കേണ്ടവരായ ഞങ്ങൾ സ്വാർത്ഥപ്രേരിതരായി നിരപ്പിൻെറ അനുഭവത്തെ അവഗണിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ക്രൈസ്തവസാക്ഷ്യം ഞങ്ങളുടെ ആളത്വത്തിൻെറ പ്രകാശനമായും ജീവിതത്തിൻെറ ആകമാനമായ ആവിഷ്ക്കാരമായും മനസ്സിലാക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കൃപയുടെ നദിയായി ഞങ്ങളിലേക്ക് നീ ഒഴുകി വന്നിട്ടും അതിൻെറ നീർച്ചാലുകളെ ഞങ്ങളിൽ നിന്നും പുറപ്പെടുവിക്കുവാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

കൃപയുടെ സ്നാനത്താൽ ലോകത്തിൽ വെളിച്ചമായി കാണപ്പെട്ടവനായുള്ളോവേ, നിൻെറ കൃപാ മുഖന്തരങ്ങളെ ധ്യാനിക്കുന്ന ഈ നാളുകളിൽ സ്തുതിയോടും സ്തോത്രത്തോടും സ്നേഹത്തോടും നിൻെറ സന്നിധിയിലേക്ക് ഞങ്ങൾ അടുത്തു വരുന്നു. നിൻെറ അധരങ്ങളിൽ നിന്നൊഴുകുന്ന ലാവണ്യമുള്ള വചനം ഞങ്ങൾക്ക് പാനീയമായിത്തീരേണമേ. പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുസ്സിൻെറ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. അനാദ്യനും കാരുണ്യവാനും തൻെറ കൃപ ഞങ്ങളിൽ സദാ പ്രവഹിപ്പിച്ചുകൊണ്ടിരിക്കുന്നവനും നീതിമാന്മാരെയല്ല പാപികളെയത്രെ രക്ഷിപ്പാൻ വന്നിരിക്കുന്നത് എന്ന് കൽപ്പിച്ചരുളി ചെയ്തവനായ ദൈവമായ കർത്താവേ, ഞങ്ങളെപ്രതിയുള്ള നിൻെറ ആർദ്ര സ്നേഹത്താൽ നീ ജഡാവതാരം ചെയ്യുകയും വേർപാടിൻെറ വിടവിനെ നീ നികത്തുകയും ചെയ്തു. കൃപയും സത്യവും നിറഞ്ഞവനായി ഞങ്ങളുടെ ഇടയിൽ പാർത്ത നീ കൃപയുടെ ഉറവിങ്കക്കേു ഞങ്ങളെ ആകർഷിച്ചു. സകല ജലാശയങ്ങളെയും നിയന്ത്രിക്കുന്നവനായ നീ ശമര്യാക്കാരി സ്ത്രീയോട് ദാഹജലം ചോദിക്കുകയും നീ അവൾക്ക് കൃപയുടെ ജീവജലം പകരുകയും ചെയ്തു. നിൻെറ ക്രൂശിൽ നിന്നും ഒഴുകപ്പെട്ട ജീവനദിയിൽ നിന്നും പാനം ചെയ്യുവാനും കുളിച്ച് ശുദ്ധീകരിക്കപ്പെടുവാനും തിരുസഭയെ നീ അനുവദിച്ചു. നിൻെറ ശരീരമാകുന്ന സഭയെ ഉപദ്രവിച്ച ശൗലിനെപ്പോലും നിൻെറ കൃപയുടെ പ്രവാഹത്തിൽ ചേർത്തുകൊള്ളുകയും അവനെ രൂപാന്ത രീകരിച്ച് കൃപയുടെ നീർച്ചാലാക്കുവാൻ നീ ഒരുക്കുകയും ചെയ്തു. ആകയാൽ കൃപയിൻ സമുദ്രമായ കർത്താവേ, നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നതെന്തെന്നാൽ ഞങ്ങളിലുള്ള സകല മലിനതകളും കറകളും കഴുകി ശുദ്ധീകരിച്ച് ഉറച്ച മഞ്ഞിനേക്കാൾ വെൺമയുള്ള താക്കി ധൈര്യത്തോടെ നിൻെറ കൃപാസനത്തിൻെറ മുമ്പാകെ നിൽപ്പാൻ ഞങ്ങളെ തുണയ്ക്കേണമേ.

ഞങ്ങളുടെ രഹസ്യവും പരസ്യവുമായ വീഴ്ചകളെ സങ്കടപൂർവ്വം ഞങ്ങൾ ഏറ്റു പറയുന്നു. എല്ലായ്പ്പോഴും ഞങ്ങളോടുകൂടെ പാർക്കുവാനും സകല സത്യത്തിലും ഞങ്ങളെ വഴി നടത്തുവാനും അറിവിൻെറയും ശക്തിയുടെയും റൂഹായെ ഞങ്ങൾക്കു നൽകേണമേ. സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്നവനായ കർത്താവേ, പരിശുദ്ധാത്മാവിൻെറ ശക്തിയെ ഞങ്ങളിൽ പുതുക്കണമേ. കർത്താവേ, ഞങ്ങളെ സ്നേഹമുള്ള വരാക്കണമേ. ഞങ്ങൾ ഞങ്ങളിൽ തന്നെ സന്തോഷമുള്ളവരും മറ്റുള്ളവരെ സന്തോഷിപ്പിക്കുന്നവരും ആയിത്തീരണമേ. ഞങ്ങൾ സമാധാനം അനുഭവിക്കുന്നവരായിരിക്കണമേ. ദീർഘക്ഷമയും ദയയും ഞങ്ങൾക്കു നൽകണമേ. സത്യമായി അനുതപിക്കുന്നവരെ കൈക്കൊള്ളുന്നവനും തെറ്റിപ്പോയവരുടെ തിരിച്ചുവരവിലും മാനസാന്തരത്തിലും സന്തോഷിക്കുന്നവനുമായ കർത്താവേ, തിന്മശക്തികളുടെ മുമ്പിൽ വീണുപോകാതെയിരിപ്പാൻ ഞങ്ങളെ നീ കാത്തുകൊള്ളണമേ. സകല അധർമ്മത്തിൽ നിന്നും വീണ്ടെടുത്ത് സൽപ്രവർത്തികളിൽ ശുഷ്ക്കാന്തിയുള്ളോരു സ്വന്ത ജനമായി ഞങ്ങളെ ശുദ്ധീകരിക്കേണമേ. സകല നൽവരങ്ങളെയും വിഭാഗിച്ചു കൊടുക്കുന്നവൻ നീയാകയാൽ സ്വർഗ്ഗീയരും ഭൗമീകരുമായ സകല സൃഷ്ടികളിൽ നിന്നും നിൻെറ പിതാവിനോടും ജീവനും വിശുദ്ധിയുമുള്ള നിൻെറ റൂഹായോടും കൂടി സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമാകുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്താ! നിൻ ബെത്ഗാസായിൻ.. ..)

കർത്താവേ നിൻ കൃപയിൻ ഉറവ തുറന്നതിനാലെ
സ്തുതിച്ചിടുന്നെങ്ങൾ
സ്ലീബായിൽ ചങ്കുതുറന്നു പുറപ്പെട്ടുറവ
പാനം ചെയ്തതിമോദാൽ കുമ്പിടുന്നെങ്ങൾ

ശുബ്ഹൊ

ദയവാനേ നൽകുക നിൻകൃപ ഞങ്ങൾക്കെന്നും–
കരുണ ലഭിപ്പാനായ്
ജീവദമാം ജീവന്നുറവ ഒഴുകിവരട്ടെ–
നിന്നെ വിട്ടടിയാർ ഞങ്ങൾ എവിടെ പോകും –
ജീവജലത്തിന്നായ്

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. കെരൂബുകളുടെ മദ്ധ്യേ വസിക്കുന്നവനായുള്ളോവേ, കൃപയാൽ ഉള്ള നിന്റെ രക്ഷ സൗജന്യമായി ഞങ്ങൾക്ക് സാദ്ധ്യമാക്കി തീർത്തതിനാൽ നിന്റെ കൃപാസനത്തിൻ മുമ്പാകെ നിന്റെ സാക്ഷ്യ സമൂഹമായി ഞങ്ങൾ ചേർന്നു വന്ന് അർപ്പിക്കുന്ന ഈ ആരാധനയെ നിനക്കുള്ള ധൂപശകലമായും സൗരഭ്യ വാസനയായും തീരേണമേ. ഞങ്ങൾക്കു നൽകപ്പെട്ട കൃപാവരത്തെ ഉപേക്ഷയായി വിചാരിക്കാതെ നിന്നിലൂടെ ലഭ്യമായ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായി തീരേണ്ടതിന് അതിനെ ജ്വലിപ്പിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. അതുകൊണ്ട് കരുണ ലഭിപ്പാനും തക്ക സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു വരുവാൻ ഞങ്ങളെ സഹായിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം - ദേവാ സുതനെ വലങ്കൈ നീട്ടി.. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
എന്നുടെ കൃപ മതി നിനക്കെന്നേക്കും ചൊല്ലീ നാഥൻ
നിന്നുടെ കൃപകൾ അനുദിനമേകൂ നിൻ ശക്തിക്കായ്
രക്തം വെള്ളം ഒഴുകപ്പെട്ടൊരുനിൻ വിലാവിൽ
നിന്നുളവായൊരു തിരുസഭ നിന്നെ സ്തുതിച്ചിടുന്നു
പറുദീസായിൻ ഭാഗ്യം നേടിയ കള്ളനെ പോൽ
നൽകുക ഭാഗ്യം നിന്നോടൊപ്പം നിൻ രാജ്യത്തിൽ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **പുറ 30:1-6**
2. **1 തിമൊഥെ 1:12-17**

**ഏവൻഗേലിയോൻ വി. യോഹ 1:9-14**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 20 Friday - ദിനം 20 വെള്ളി

**ധ്യാനവിഷയം – പങ്കിടലിൻെറ നോമ്പനുഭവം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. തൻെറ യാഗത്താൽ ലോകത്തിൻെറ പാപം പരിഹരിക്കുകയും തൻെറ താഴ്മയാൽ ഞങ്ങളിലേക്ക് ഇറങ്ങി വരികയും ചെയ്ത ഊനമറ്റ കുഞ്ഞാടായ മ്ശിഹാ തമ്പുരാനേ, ആഴ്ച്ചവട്ടത്തിൻെറ ആറാം ദിവസമായ വെള്ളിയാഴ്ച്ച ജീവപ്രദമായ നിൻെറ പീഡാനുഭവത്തിൻെറയും മരണത്തിൻെറയും ഓർമ്മയെ കൊണ്ടാടുവാനും ക്രൂശിലെ നിൻെറ സ്നേഹത്തെ ധ്യാനിക്കുവാനും ഉയർത്തെഴുന്നേൽപ്പിൻെറ ദിവസത്തിൽ നിന്നോടുകൂടെ സന്തോഷിപ്പാനും ഞങ്ങളെ യോഗ്യതയുള്ള വരാക്കേണമേ. അർത്ഥവത്തായ നോമ്പിൻെറ അനുഭവത്തിലൂടെ നിൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുവാനും നിൻെറ ഹിതം ഞങ്ങളിൽ നിറവേറ്റപ്പെടുവാനും നീ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും സമർപ്പിക്കുന്നു. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. യഹോവേ, നിൻെറ കണ്ണു വിശ്വസ്തതയല്ലയോ നോക്കുന്നത് (യിര 5:3) എന്ന തിരുവെഴുത്ത് സൗകര്യപൂർവ്വം മറന്ന് അവിശ്വസ്തരായി തീർന്ന ഞങ്ങളുടെ ലംഘനങ്ങളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്ന് എന്നെ അന്വേഷിപ്പിൻ (ആമോ 5:4) എന്ന തിരുമൊഴിയിൽ നിന്നും വ്യതിചലിച്ച് നിന്നിൽ നിന്നും അകന്നു പോയ ഞങ്ങളുടെ പാപ വഴികളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന്ന് തിന്മയല്ല നന്മ തന്നെ അന്വേഷിപ്പിൻ, (ആമോസ് 5:14) എന്നാൽ നന്മ ചെയ്‌വാനുള്ള അവസരങ്ങളെ കണ്ടില്ലെന്ന് നടിച്ച ഞങ്ങളുടെ ലംഘനങ്ങളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അന്യായ ബന്ധനങ്ങളെ അഴിക്കുക, നുകത്തിൻെറ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക, എല്ലാ നുകത്തെയും തകർക്കുക, ഇതല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം (യെശ 58:6). ദൈവത്തിന് ഇഷ്ടമുള്ള നോമ്പും ഉപവാസവും അനുഷ്ഠിക്കുവാൻ കഴിയാതെ പോയ ഞങ്ങളുടെ അലസതയെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

അറുതിയില്ലാത്ത മനുഷ്യ സ്നേഹത്താൽ ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി സ്വമനസ്സാ കഷ്ടതയനുഭവിച്ച കാരുണ്യവാനും ദയാലുവുമായ മ്ശിഹാ തമ്പുരാനേ, ഞങ്ങളെ കഷ്ടയില്ലാത്തവരും മരണമില്ലാത്തവരും ആക്കിത്തീർക്കുവാൻ നീ കഷ്ടം സഹിച്ചു മരിച്ചു. നിൻെറ പീഡാനുഭവത്തിലൂടെ ഞങ്ങളുടെ കുറ്റപത്രങ്ങൾ കീറിക്കളയുകയും സ്വർഗ്ഗവാസികളെയും ഭൂവാസികളെയും തമ്മിൽ സംയോജിപ്പിക്കുകയും ചെയ്തു. നിൻെറ രക്ഷാകരമായ പീഡാനുഭവങ്ങളെയും മരണത്തെയും ധ്യാനിക്കുന്ന ഈ നാളിൽ കഴിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം ഒക്കെയും സ്തുതിയും ബഹുമാനവും വന്ദനവും നിനക്കു യോഗ്യമായിരിക്കുന്നു. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. കരുണയിൽ സമ്പന്നനും ആലോചനയിൽ അറുതിയില്ലാത്തവനും ജ്ഞാനത്തിൽ മഹോന്നതനും ഉൺമയുടെ തേജസ്സാൽ സൃഷ്ടികളെ അലങ്കരിച്ച് ഭൂലോകത്തെ മഹത്വീകരിച്ചവനും നിത്യജ്ഞാനിയുമായ സൃഷ്ടാവ് നീയാകുന്നു. പാപത്താൽ നിരസിക്കപ്പെട്ട സഭയെ ന്യായപ്രമാണം ആകുന്ന മോതിരത്താൽ നീ അലങ്കരിച്ചു, മഹത്വമുള്ള മുന്തിരിവള്ളി എന്ന് അവൾക്ക് പേരിടുകയും വിശുദ്ധ കൽപ്പനകൾ ആകുന്ന വേലി ചുറ്റും കെട്ടുകയും പ്രവാചകന്മാർ ആകുന്ന ശീതമേഘങ്ങളിൽ കൂടി അതിനെ നനയ്ക്കുകയും സന്തോഷവർഷം കൊണ്ട് അതിനെ തഴപ്പിക്കുകയും ചെയ്തു. ഇവയൊക്കെയും നീ ചെയ്തിട്ടും അവൾ നിൻെറ ന്യായപ്രമാണങ്ങളുടെ വ്യവസ്ഥയെ നിരസിച്ചു. എന്നാൽ നീ കരുണയുള്ളവൻ ആകയാൽ അവളെ തള്ളിക്കളയാതെ നീ നിന്നെത്തന്നെ മറുവിലയായി നൽകി അവളെ വീണ്ടെടുത്തു. ഇതു നിമിത്തമായി തിരുസഭ ആത്മതപനത്തോടും സത്യാനുതാപ ത്തോടും കൂടെ യാചിക്കുന്നത് എന്തെന്നാൽ നിൻെറ ഹൃദയപ്രകാരമുള്ള നോമ്പിൻെറ അനുഭവക്കാരായി തീരുവാൻ

ഞങ്ങളെ തുണയ്ക്കേണമേ. നിൻെറ ദാസനായ യെശയ്യാ പ്രവാചകനിലൂടെ നീ അരുളിച്ചെയ്തതു ഗ്രഹിപ്പാൻ ഞങ്ങളുടെ ബോധമണ്ഡലങ്ങളെ തെളിക്കേണമേ. “എനിക്ക് ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ച് കിടക്കുക; ഇതാകുന്നുവോ ഉപവാസം, ഇതിനോ നീ നോമ്പെന്നും യഹോവെയ്ക്കു പ്രസാദമുള്ള ദിവസം എന്നും പേർ പറയുന്നത്?; അന്യായ ബന്ധനങ്ങളെ അഴിക്കുക, നുകത്തിൻെറ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം; വിശപ്പുള്ളവനു നിൻെറ അപ്പം നുറുക്കി കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിൻെറ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിൻെറ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറെക്കാതിരിക്കുന്നതും അല്ലയോ? അപ്പോൾ നിൻെറ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിൻെറ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിൻെറ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിൻെറ പിമ്പട ആയിരിക്കും. അപ്രകാരം ഞങ്ങൾ നോമ്പു നോറ്റുകൊണ്ട് ഞങ്ങളുടെ പ്രാർത്ഥനകൾ ഉയരത്തിൽ കേൾപ്പാനും ഞങ്ങളിലുള്ള നിൻെറ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കുവാനും, ഞങ്ങളുടെ മുറിവുകൾക്കു പൊറുതിവരുവാനും നിൻെറ നീതി ഞങ്ങൾക്കു മുമ്പായി നടക്കുവാനും നീ ഇടയാക്കേണമേ. ഞങ്ങൾ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവ പോലെ ആകുവാനും അതിൽ നിൻെറ നീതി അനുഭവിക്കുവാനും അതിൽ പങ്കുകാരാകുവാനും നീ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ഒന്നാം നാൾ അഗ്നിമയന്മാരും. ..)

എശയ്യാ ദീർഘദർശിയാൽ
കർത്തൻ തൻ ജനത്തോടരുളി
എന്നുടെ പ്രീതികരമാം നോമ്പും
ആത്മതപന നാൾ ഇങ്ങനെയോ
    തല വേഴത്തെപ്പോൽ കുനിക്ക
    രട്ടിലും വെണ്ണീറിലും കിടക്ക
    ഇതു തന്നെയോ നിൻ ഉപവാസം
നോമ്പും കർത്തൃപ്രസാദ ദിനവും
ഇതിനെയോ നീ പേർ വിളിക്ക – ബാറെക്മോർ

ശുബഹൊ

ഇതു താൻ എന്നുടെ ഉപവാസം
അന്യായത്തിൻ ബന്ധനമഴിക്ക
അടിമനുകത്തിൻ കയറുകളഴിക്ക
പീഡിതരെ വിടുവിച്ചീടുക
    വിശപ്പുള്ളവനു നിൻ അപ്പം കൊടുക്ക
    സാധുക്കളെ വീട്ടിൽ ചേർക്ക
    നഗ്നനെ കണ്ടാൽ ഉടുപ്പിക്ക
അപ്പോൾ നിന്നുടെ വെളിച്ചം ശോഭിക്കും
മുറിവിനു വേഗത്തിൽ പൊറുതി വരും

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. മരത്തിന്മേൽ യാഗമായി അർപ്പിക്കപ്പെട്ടവനും പാപത്തിൻെറ കുഴിയിൽ നിന്നും ഞങ്ങളെ കരേറ്റിയവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ രക്തത്താൽ വിലയ്ക്കു വാങ്ങിയ തിരുസഭയിലെ മക്കൾ നോമ്പിൻെറ സുകൃതത്തോടും നിർമ്മല നടപടികളോടും കൂടി നിൻെറ സന്നിധിയിൽ കഴിക്കുന്ന ഈ പ്രാർത്ഥനകളെ സൗരഭ്യ വാസനയുള്ള യാഗമായി സ്വീകരിക്കേണമേ. ഞങ്ങൾ അനുഭവിക്കുന്ന നിൻെറ സ്നേഹം മറ്റുള്ളവർക്ക് പകർന്നു കൊടുക്കുവാനും നിൻെറ തിരുഹിത പ്രകാരം ഞങ്ങളുടെ ജീവിതത്തെ ക്രമപ്പെടുത്തുവാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ മനസ്സൊരുക്കമുള്ളവരാക്കി തീർക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

പ്രീതികരമാം നിൻ നോമ്പ്
ഏതെന്ന് പഠിപ്പിച്ചോനേ
ദീർഘദർശിമാരാൽ നീ
ഞങ്ങളോടരുളിച്ചെയ്തു

ബദ്ധർക്കു വിടുതലിനും
കുരുടർക്കു കാഴ്ചെക്കുമായ്
പീഡിതരെ വിടുവിപ്പാനും
വന്നോനാം കർത്തൻ മ്ശിഹാ

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **യെശയ്യാ 58:3–11**
2. **ഗലാ 6:7–10**

**ഏവൻഗേലിയോൻ വി. മത്തായി 5:38–48**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 21 Saturday - ദിനം 21 ശനി

**ധ്യാനവിഷയം – ക്രിസ്തുവിൽ നങ്കൂരമിട്ട പ്രത്യാശ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ആശയറ്റവരുടെ ശരണവും സാധുക്കളുടെ പ്രത്യശയുമായ ദൈവമായ കർത്താവേ, ആഴ്ചവട്ടത്തിൻെറ അവസാന നളിൽ നിൻെറ പീഡാനുഭവത്തിലും മരണത്തിലും കബറടക്കത്തിലും പുനരുദ്ധാനത്തിലും വിശ്വസിക്കുന്നവരായ ഞങ്ങൾ നിന്നിലുള്ള പ്രത്യാശയോടും കാത്തിരിപ്പോടും കൂടി ഒരുക്കമുള്ളവരായി നിൻെറ സന്നിധിയിൽ വിശ്രമം കണ്ടെത്തുവാൻ സംഗതിയാക്കേണമേ. ഞങ്ങളുടെ ജീവിതമാകുന്ന പടകിൽ നീ അമരക്കാരനായും പടക് ഉലയുന്ന ജീവിത സാഹചര്യങ്ങളിൽ പ്രത്യാശയുടെ നങ്കൂരമായും തീരേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും സമർപ്പിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ ഉയർത്തെഴുന്നേൽപ്പിൻെറ സാക്ഷികളാകുവാൻ വിളിക്കപ്പെട്ട ഞങ്ങൾ ഉത്ഥാനത്തിൻെറ പ്രത്യാശ ലോകത്തിന് നൽകാതെ ജീവിച്ചു കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പ്രത്യശയുടെ കിരണങ്ങൾ ഞങ്ങളുടെ ജീവിതത്തിൽ പല തവണ വീശിയിട്ടും അതു ഞങ്ങൾ അനുഭവിച്ചിട്ടും ഞങ്ങളുടെ ജീവിത പ്രതിസന്ധികളുടെ മദ്ധ്യേ പ്രത്യശയില്ലാതെ ഞങ്ങൾ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ ആളത്വങ്ങളുടെ രൂപാന്തരത്തിന് അവസരങ്ങൾ ഉണ്ടായിട്ടും അത് പ്രയോജനപ്പെടുത്താതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ ഭൗതീക അനുഗ്രഹത്തിനായി മാത്രം അദ്ധ്യാത്മികതയെ കാണുകയും കുരിശിൻെറ ജീവിത ശൈലി സൗകര്യപൂർവ്വം അവഗണിക്കുകയും ചെയ്തു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പ്രകൃത്യാ ജീവനുള്ളവനും ജീവൻ നൽകുന്നവനും മരിച്ചവരുടെ ശരണവും മണ്ണിൽ നിദ്ര പ്രാപിച്ചവരുടെ ആനന്ദവും കബറടക്കപ്പെടുന്നവരുടെ ഉയിർപ്പും ദുഃഖിച്ചിരിക്കുന്നവരുടെ ആശ്വാസവും ആയ മ്ശിഹാ തമ്പുരാനേ, നിന്നിൽ സങ്കേതപ്പെടുന്ന ഞങ്ങളുടെ പ്രാർത്ഥനകളെ നീ കൈക്കൊള്ളേണമേ. നിൻെറ രക്ഷാകരമായ പീഡാനുഭവങ്ങളെയും മരണത്തേയും ധ്യാനിക്കുന്ന പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പു നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലം ഒക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. ഞങ്ങളുടെ മുഖപ്രകാശരക്ഷയും ഞങ്ങളുടെ ദൈവവുമായ കർത്താവേ, നിന്നെ സ്തുതിക്കുവാനും നിന്നിൽ പ്രത്യാശ കണ്ടെത്തുവാനും നീ ഞങ്ങളെ വിളിച്ചിരിക്കുന്നുവല്ലോ. നീ നിൻെറ ജനത്തിൻെറ കഷ്ടത കണ്ട് അവരോടു മനസ്സലിയുകയും അവരെ അടിമത്വത്തിൻെറ ശക്തികളിൽ നിന്ന് വിമോചിപ്പിച്ച് പാലും തേനും ഒഴുകുന്ന ദേശത്തെക്കുറിച്ച് പ്രത്യാശ നൽകി നടത്തിക്കൊണ്ടു വന്നതുപോലെ നിൻെറ തിരുസഭയെയും പാപത്തിൻെറ അടിമത്വത്തിൽ നിന്ന് വീണ്ടെടുത്ത് രക്ഷിക്കുകയും സ്വർഗ്ഗീയ കനാൻ വാഗ്ദത്തമായി നൽകുകയും ചെയ്തിരിക്കുന്നുവല്ലോ. വാഗ്ദാനങ്ങളിൽ വിശസ്വസ്ഥനായ നിന്നിലുള്ള പ്രത്യാശയുടെ സ്വീകാര്യം മുറുകെ പിടിച്ചുകൊണ്ട് നിൻെറ രക്ഷയെ അനുഭവിപ്പാൻ നീ ഞങ്ങളെ ക്ഷണിച്ചിരിക്കുന്നുവല്ലോ. പകൽ മേഘസ്തംഭമായും രാത്രി അഗ്നി സ്തംഭമായും മരുഭൂയാത്രയിൽ നിൻെറ ജനം അനുഭവിച്ച നിരന്തര സാന്നിദ്ധ്യം പരിശുദ്ധാത്മാവിനാൽ ഞങ്ങളുടെ ഹൃദയങ്ങളിൽ പകരപ്പെടുവാനും ഞങ്ങളുടെ പ്രത്യാശയ്ക്ക് ഭംഗം വരാതെ കാണിപ്പാൻ ഇരിക്കുന്ന ദേശത്തേക്ക് വിശ്വാസികളുടെ പിതാവായ അബ്രഹാം യാത്ര ചെയ്തതുപോലെ യാത്ര ചെയ്യുവാനും ഞങ്ങളെ സഹായിക്കേണമേ. കാണാത്ത കാര്യങ്ങളെക്കുറിച്ചുള്ള നിശ്ചയവും കാണാത്തതിനായി കാത്തിരിപ്പാനുള്ള മനസ്സും നിൻെറ സഭയ്ക്കു നൽകേണമേ. പ്രത്യാശ നഷ്ടപ്പെട്ടവരുടെ ഇടയിൽ നിൻെറ പ്രകാശത്തിൻെറ കിരണങ്ങൾ പകരുവാൻ ഞങ്ങളെ സഹായിക്കണമേ. ദുഃഖിതരെയും പീഡിതരെയും രോഗികളെയും

പ്രയാസമനുഭവിക്കുന്നവരേയും നിൻെറ പ്രത്യാശയാൽ നിറയ്ക്കണമേ.

ശക്തിയുടെയും സ്നേഹത്തിൻെറയും സുബോധത്തിൻെറയും ആത്മാവിനെ ഞങ്ങൾക്കു ദാനം നൽകിയ ദൈവമേ, ഞങ്ങളിലുള്ള ദൈവത്തിൻെറ കൃപാവരം ജ്വലിപ്പിക്കുവാൻ ഞങ്ങളെ ശക്തീകരിക്കണമേ. ദൈവത്തിൻെറ കൈപ്പണിയായി സൽപ്രവർത്തികൾക്കായി നിന്നിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങൾ നല്ല ഫലങ്ങളെ പുറപ്പെടുവിക്കുന്നവരായി ജീവിപ്പാൻ സഹായിക്കണമേ. ഞങ്ങളുടെ വാക്കുകളും പ്രവർത്തിയും സ്വയം പ്രശംസയുടെ ഉപാധികളായി തീരാതെ നിന്നിൽ വെളിപ്പെട്ട ദൈവീക സ്നേഹത്തിനുള്ള ഉർജ്ജസ്രോതസ്സുകളാക്കി തീർക്കണമേ. നിൻെറ സ്വർഗ്ഗീയ കനാനെക്കുറിച്ചുള്ള ഉറപ്പും നിന്നിലേക്ക് അടുത്തു വരുന്നതിൻെറ ആനന്ദവും നിന്നിൽ ശരണപ്പെടുന്നതിൻെറ ബലവും ഞങ്ങൾക്കു നൽകേണമേ. ആ മഹത്വകരമായ എഴുന്നെള്ളത്തിൽ നിൻെറ വാഗ്ദത്ത ദേശത്തെ അവകാശമാക്കുവാൻ ഞങ്ങൾക്കും നീ തുണയരുളേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം) – കുക്കായ

(ഈണം – വിശ്വസിച്ചിടുവിൻ പാപികളെ.. ..)

വരുമേ ഈശോ ഉണർന്നിരിപ്പിൻ വരുമേ വേഗം
പെരും കാഹളം ധ്വനിച്ചിടുമപ്പോൾ അരുളപ്പാടാലെ
നിരയണിയായി മരിച്ചവരുയർത്തിടുമേ
അരിഗണങ്ങളും ഉരുകും മനസ്സിൽ
വീര്യപ്രതാപത്തോടെ വരുമേ വിധിനാഥൻ
പാരിടത്തിൽ ബഹുകൂട്ടം പാരം ദുഃഖിക്കും
ഹാലേലുയ്യാ ഉ ഹാലേലുയ്യാ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. നിൻെറ കൽപ്പനകളെ അനുസരിക്കുന്നവർക്ക് നീ ഒരുക്കിയിട്ടുള്ള രക്ഷയെ അടയാളപ്പെടുത്തുവാൻ നോഹയുടെ പെട്ടകത്തെ ദൃഷ്ടാന്തീകരിച്ച കർത്താവേ, നിന്നിലുള്ള പ്രത്യശയോടെ നിന്നെ കാത്തിരിക്കുന്ന സമൂഹമായി ഞങ്ങൾ നിനക്കർപ്പിക്കുന്ന ഈ ആരാധനയെ നീ കൈക്കൊള്ളേണമേ. നിന്നോട് ഒന്നിച്ചുള്ള ഭാഗ്യ നാടിനെ നോക്കിപ്പാർത്തും നിന്നിൽ നങ്കൂരമിട്ടും ഞങ്ങൾ അർപ്പിക്കുന്ന ഈ ആരാധന നിൻെറ ബഹുമാനത്തിനും വന്ദനയ്ക്കുമുള്ള സുഗന്ധധൂപമായി കൈക്കൊള്ളണമേ, ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം – കർത്താ കർത്താ വിളിക്കുന്നെങ്ങൾ.. ..)

മോറാൻ യേശു കർത്താ നിന്നെ വിളിച്ചിടുന്നു
ഞങ്ങളിൻ പ്രാർത്ഥന കേട്ടു സഹായം നൽകീടേണമേ
ദൈവ സുതനേ നിന്നുടെ അഴിവില്ലാത്തൊരു രാജ്യേ
നീതിജ്ഞർക്കും ശുദ്ധർക്കുമൊപ്പം സ്വസ്ഥത നൽക
മൃതരെ കബറീന്നുയർപ്പിക്കും ഉത്ഥാന നാളിൽ
വെള്ളനിലയങ്കി ധരിപ്പിക്കും കർത്താ സ്തുതി
ആദമിനെ മണ്ണിൽ നിന്നും മെനഞ്ഞ പിതാ സ്തുതി
സ്ലീബായാൽ അവനെ വീണ്ടവനാം പുത്രാ വന്ദനം
അന്ത്യനാളിൽ ഉത്ഥാനദിനേ അവനെ മഹത്വം
ധരിപ്പിക്കുന്ന റൂഹായേ നിനക്കു സ്തോത്രം
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **യിര 7:7–14**
2. **എബ്രായർ 6:13–20**

**ഏവൻഗേലിയോൻ വി. യോഹ 5:25–29**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 22 Sunday - ദിനം 22 ഞായർ

**ധ്യാനവിഷയം – മദ്ധ്യസ്ഥതയുടെ മാഹാത്മ്യം**

(കനാന്യ സ്ത്രീയുടെ മകളുടെ സൗഖ്യം)

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ദയയുടെ സമുദ്രവും കരുണകളിൽ അറുതിയില്ലാത്തവനും അഗാധമായ സ്നേഹമുള്ളവനുമായ കർത്താവേ, ഞങ്ങളുടെ ദേഹദേഹി ആത്മാക്കളുടെ വൈദ്യൻ നീയാകുന്നുവല്ലോ. തൻെറ മകളുടെ സൗഖ്യത്തിനായി നിങ്കലേക്ക് ഓടി വന്ന കനാന്യ സ്ത്രീയുടെ കണ്ണുനീരിൽ മനസ്സലിഞ്ഞവനും തൻെറ വചനത്താൽ അവളെ സുഖപ്പെടുത്തിയവനും ആയ കർത്താവേ, നിൻെറ ആരാധനക്കാരായ ഞങ്ങൾ നിങ്കലേക്ക് അടുത്തു വന്ന് ഞങ്ങൾക്കു വേണ്ടിയും ഞങ്ങളുടെ സമസൃഷ്ടങ്ങൾക്കു വേണ്ടിയും ഇടിവിൽ നിൽപ്പാനും നിൻെറ അടിപ്പിണരാലുള്ള സൗഖ്യത്തെയും നിൻെറ സ്ലീബായാൽ ഉള്ള ജയത്തേയും പകർന്നു കൊടുക്കുവാനും സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ദേശത്തിനു വേണ്ടിയും അതിലെ നിവാസികൾക്കു വേണ്ടിയും ഇടിവിൽ നിൽക്കുവാൻ ഞങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നവരായിരിക്കെ അതു ചെയ്യാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ സമസൃഷ്ടങ്ങളോടു കരുണയും മനസ്സലിവും കാണിക്കേണ്ട ഞങ്ങൾ അവരെ ചേർത്തു നിർത്താതെ ഹൃദയ കാഠിന്യത്തിൽ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ദാസരൂപമെടുത്ത യേശുക്രിസ്തുവിന്റെ ശൈലി മനസ്സിലാക്കിയിട്ടും പരിത്യജിക്കുന്നതിനുള്ള മനസ്സും സ്വയം ശൂന്യമാക്കുന്നതിനുള്ള ഭാവവും ഞങ്ങളിൽ ഇല്ലാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ആവശ്യങ്ങളിലിരിക്കുന്നവർക്ക് തുണയാകുന്നതും പരദേശികളെ സ്വീകരിക്കുന്നതും സ്വസഹോദരങ്ങളെയും മാതാപിതാക്കളെയും കരുതുന്നതും യഥാർത്ഥ ആത്മീയതയുടെ ഭാഗമാണെന്നറിഞ്ഞിട്ടും ഞങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സൗഖ്യത്തിന്റെ വറ്റാത്ത ഉറവയും ഔഷധത്തിന്റെ ഭണ്ഡാരവും വൈദ്യന്മാരുടെ തലവനും തന്റെ അടുക്കൽ വരുന്ന ഏതു രോഗിയേയും സുഖപ്പെടുത്തുന്നവനും ആശ്വസിപ്പിക്കുന്നവനും അപേക്ഷകരുടെ സഹായ സ്ഥാനവും ആയ മശിഹാ തമ്പുരാനേ, നിന്റെ കൃപയാൽ ഈ ആരാധനയെ കൈക്കൊള്ളുകയും ആരാധകരെ സുഖപ്പെടുത്തുകയും ആവശ്യത്തിൽ ഇരിക്കുന്നവർക്ക് സഹായ ഹസ്തവും നീട്ടേണമേ. ദൈവീകമാകുന്ന ശുശ്രൂഷ പൂർണമാക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പിൻ നാളുകളിലും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും നിനക്ക് സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. അപരിമിതനും സ്വയം ഭൂവും കരുണയാൽ എഴുന്നെള്ളി വന്ന് തന്റെ സൃഷ്ടിയെ സന്ദർശിക്കുകയും അദൃശ്യമായ തന്റെ ഔഷധങ്ങളാൽ മനുഷ്യരുടെ രോഗങ്ങളെ സുഖപ്പെടുത്തുകയും ചെയ്ത മഹാ വൈദ്യനായ കർത്താവേ, നീ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനും തന്റെ പിതാവിന്റെ സന്നിധിയിൽ നിന്റെ ശിഷ്യർക്കു വേണ്ടിയും തിരുസഭയ്ക്ക് വേണ്ടിയും ലോകത്തിനു വേണ്ടിയും ഇടിവിൽ നിൽക്കുന്നവനുമല്ലോ. ഞങ്ങൾ ഞങ്ങൾക്കുവേണ്ടി മാത്രമല്ല, ദേശത്തിനു വേണ്ടിയും സമസൃഷ്ടങ്ങൾക്കു വേണ്ടിയും കരയുവാൻ നിന്റെ ആർദ്ര സ്നേഹത്താൽ ഞങ്ങളെ പഠിപ്പിച്ചു, ഉറച്ച നിലവിളിയോടും നെടുവീർപ്പോടും ലോകത്തിനു വേണ്ടി തന്റെ പിതാവിന്റെ സന്നിധിയിൽ മദ്ധ്യസ്ഥത അണച്ച കർത്താവേ, വിശ്വാസികളുടെ പിതാവായ അബ്രഹാം തന്റെ സഹോദരനു വേണ്ടി നിന്നോട്

കഴിച്ച പ്രാർത്ഥന പോലെയും നിന്റെ ജനത്തിനു വേണ്ടി മോശെ കഴിച്ച മദ്ധ്യസ്ഥത പോലെയും ഫെലിസ്ത്യരോടുള്ള യുദ്ധത്തിൽ ശമുവേൽ തന്റെ ജനത്തിനു വേണ്ടി കഴിച്ച യാഗം പോലെയും ദേശത്തിൽ നിന്നും ബാധ അകറ്റുവാൻ അഹറോൻ അണച്ച ധൂപം പോലെയും അധർമ്മത്താൽ തെറ്റിപ്പോയ ദൈവജനത്തിന്റെ പാളയത്തിൽ നിന്ന് ഫീനെഹാസ് കഴിച്ച അപേക്ഷ പോലെയും ചുമന്നു കൊണ്ടുവന്നവരുടെ വിശ്വാസം പക്ഷവാതക്കാരന് സൗഖ്യം നൽകിയതുപോലെയും ശതാധിപന്റെ അപേക്ഷയെ കൈക്കൊണ്ട് അവന്റെ ദാസനു സൗഖ്യം വരുത്തിയതുപോലെയും യായിറോസിന്റെ യാചന കൈക്കൊണ്ട് അവന്റെ മകളെ ഉയിർപ്പിച്ചതുപോലെയും സഹോദരിമാരുടെ കണ്ണുനീരിൽ കണ്ണുനീർ വാർത്ത് ലാസറിനെ ഉയിർപ്പിച്ചതുപോലെയും കനാന്യ സ്ത്രീയുടെ അപേക്ഷ കൈക്കൊണ്ട് അവളുടെ മകളെ സൗഖ്യം ആക്കിയതു പോലെയും ഞങ്ങളുടെ പ്രാർത്ഥനകളും അപേക്ഷകളും നീ ഉയരത്തിൽ കൈക്കൊണ്ട് ദേശത്തെയും അതിലെ നിവാസികളെയും തിരുസഭയെയും അതിന്റെ സന്താനങ്ങളെയും സുഖപ്പെടുത്തേണമേ. നിന്റെ സഹായത്താൽ ഞെരുക്കത്തിൽ ഇരിക്കുന്നവരെ ദർശിക്കേണമേ. നിന്റെ ഔഷധത്താൽ രോഗികളെ സൗഖ്യമാക്കണമേ. നിന്റെ രശ്മികളാൽ അന്ധകാരത്തിൽ ഇരിക്കുന്നവരെ പ്രകാശിപ്പിക്കേണമേ. നിന്റെ മഹാശക്തിയാൽ വീണുപോയവരെ എഴുന്നേൽപ്പിക്കേണമേ. നിന്റെ വിശുദ്ധിയാൽ ലോകത്തിന്റെ മ്ലേച്ഛതകളെ വെടിപ്പാക്കണമേ. നിന്റെ മനോഗുണത്താൽ ദൂരസ്ഥരെ സമീപസ്ഥരാക്കണമേ. നിന്റെ യാഗത്താൽ പാപത്തിന്റെ നുകത്തിൽ നിന്ന് ലോകത്തെ വിടുവിക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

മൃതിയെ രോധിച്ചോരഹറോൻ തൻ ധൂപം പോലെ
കൈക്കൊള്ളുക നാഥാ ഞങ്ങളണച്ചൊരു പ്രാർത്ഥനയെ
    കർത്താവേ സ്തുതിതേ നിൻ സ്മൃതി വാനിലുമൂഴിയിലും
    നിന്നെ സ്തുതി ചെയ്തു അഗ്നിമയന്മാരോടൊപ്പം
ശോഭ ദാതാവേ ഞങ്ങടെ ചിന്താ നയനങ്ങൾ
ശോഭിപ്പിക്കണമേ നിൻ ദാനങ്ങൾ നൽകണമേ
    ഓളങ്ങളിൽ നിന്നും ശീമോനെ രക്ഷിച്ചോനേ
    ദുഷ്ടനിൽ നിന്നടിയാർ രക്ഷിതരായി തീരണമേ.
പാപി മനം തിരിയുന്നേരം സന്തോഷിപ്പോനേ
അടിയാർക്കനുതാപത്തിന്നാത്മാവിനെയേകണമേ
    എന്നെ വിളിപ്പീൻ ഞാൻ ഉത്തരമരുളാം മുട്ടുവീൻ ഞാ–
    നേറ്റാം വാതിൽ തുറന്നെന്നല്ലോ നിൻ വാഗ്ദത്തം – ബാറെക്മോർ

ശുബഹോ

കർത്താവിൻ കൃപ സ–മ്പാദിക്കാൻ തരമുള്ളപ്പോൾ
യാചിക്കണമനിശം–മടിയെന്യേ പ്രാർത്ഥിക്കേണം
മൊറിയോ റാഹേമ്മേലൈനു ആദാറൈൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ഞങ്ങൾക്കുവേണ്ടി പിതാവായ ദൈവത്തിനു തന്നെത്തന്നെ ധൂപമായി തീർത്തവനും തൻെറ കുരിശിനാൽ മരണത്തിൽ നിന്ന് ജീവനിലേക്കു ഞങ്ങളെ വിളിച്ച സുഗന്ധ വാസനയായ പരിമളവും സുഗന്ധധൂപവും സത്യനാഥനുമായ മ്ശിഹാ തമ്പുരാനേ, പാപികളായ ഞങ്ങൾ നിനക്കായി സമർപ്പിച്ചിരിക്കുന്ന ഈ പ്രാർത്ഥന കൈക്കൊള്ളേണമേ. ഞങ്ങളുടെ അപേക്ഷകളും പ്രാർത്ഥനകളും ദേശത്തിനു വേണ്ടി ഇടിവിൽ നിൽക്കുന്നതും അതിനെ നശിപ്പിക്കാതിരിക്കുന്നതിന് മതിൽ കെട്ടി കാക്കുന്നതുപോലെയും ആയിത്തീരണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം – ദേവ സുതനെ വലങ്കൈ നീട്ടി.. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
പിതൃസന്നിധിയിൽ ലോകത്തിനു മദ്ധ്യസ്ഥനായി
നീ നിന്നതു പോൽ ഞങ്ങളും നിൽപ്പാൻ കൃപയേകണം
കനാന്യ സ്ത്രീയുടെ കണ്ണീർ കണ്ടു കരളലിഞ്ഞോൻ
ഏറ്റണം ഞങ്ങളിൻ പ്രാർത്ഥനയും നീ തിരുസന്നിധിയിൽ
ഇടിവിൽ നിൽപ്പാൻ ഇടയാകണം ഈശാ നാഥാ
കോട്ടകൾ കെട്ടി ദേശത്തെ നീ സൂക്ഷിപ്പതിനായ്
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **പുറ 33:12–23**
2. **റോമർ 8:24–39**

**ഏവൻഗേലിയോൻ വി. മത്തായി 15:21–28**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 23 Monday - ദിനം 23 തിങ്കൾ

**ധ്യാനവിഷയം – നിത്യതയുടെ ഇടുക്കുവാതിൽ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. കരുണകളിൽ സമ്പന്നനും അടുത്തുവരുന്നവരെ ആശ്വസിപ്പിക്കുന്നവനും തന്നെ മുട്ടി വിളിക്കുന്നവരെ ശ്രദ്ധിക്കുന്നവനും തൻെറ വാതിലിൽ മുട്ടുന്നവർക്ക് തുറന്നു കൊടുക്കുന്ന നല്ല ഇടയനും ആയ കർത്താവേ, തുറക്കപ്പെട്ട നിൻെറ ശ്രീഭണ്ഡാരത്തിൽ നിന്നും അനുഗ്രഹങ്ങളും കൃപകളും വർഷിപ്പിക്കേണമേ. വിശാമായ നാശത്തിൻെറ വഴിയിലേക്ക് ഞങ്ങൾ പ്രലോഭിക്കപ്പെടാതെ ജീവങ്കലേക്കു പോകുന്ന നിൻെറ വഴിയിലേക്ക് ഞങ്ങൾ നയിക്കപ്പെടുമാറാകേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ജീവങ്കലേക്കുള്ള വാതിൽ ഇടുക്കവും വഴി ഞെരുക്കവും ഉള്ളത് എന്നറിഞ്ഞിട്ടും നാശത്തിലേക്ക് പോകുന്ന വിശാലമായ വാതിൽ സൗകര്യപൂർവ്വം തിരഞ്ഞെടുത്ത ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ജീവൻെറ വഴി തിരഞ്ഞെടുക്കുന്നവർ ചുരുക്കം പേരെങ്കിലും അതിൽ നിലനിൽക്കാതെ അനേകർ തിരഞ്ഞെടുക്കുന്ന നാശത്തിൻെറ വഴി തിരഞ്ഞെടുക്കുവാൻ ഞങ്ങൾ പ്രലോഭിതരായി പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. വ്യത്യസ്ത ജീവിത മേഖലകളിലെ ഞങ്ങളുടെ ജീവിതം തന്നെയാണ് ക്രൈസ്തവ സാക്ഷ്യം എന്ന് തിരിച്ചറിഞ്ഞിട്ടും ഞങ്ങളുടെ ഇടപാടുകളിൽ വന്നു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നോമ്പ് ആത്മസംതൃപ്തിക്കു വേണ്ടി ഉള്ളതല്ല മറിച്ച്; ആത്മ പ്രകാശത്തിനായുള്ളതാണ് എന്ന് തിരിച്ചറിഞ്ഞിട്ടും ഞങ്ങളുടെ അദ്ധ്യാത്മിക ജീവിതത്തെ അലക്ഷ്യമാക്കിയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ വാതിൽക്കൽ മുട്ടുന്ന പാപികളിൽ സന്തോഷിക്കുകയും അവരുടെ മടങ്ങി വരവിൽ ആനന്ദിക്കുകയും തൻെറ സന്നിധിയിലേക്ക് തിരിയുന്ന തെറ്റിപ്പോയവരെ സ്വീകരിക്കുകയും സത്യത്തിൻെറ പാതയെ ഞങ്ങൾക്കു തുറക്കുകയും ചെയ്ത വഴിയും സത്യവും ജീവനും ആകുന്ന മ്ശിഹാ തമ്പുരാനേ, നിൻെറ സന്നിധിയിൽ അടുത്തു വന്നിരിക്കുന്ന ഞങ്ങളെ യഥാസ്ഥാനപ്പെടുത്തേണമേ. ഞങ്ങളുടെ ലക്ഷ്യം നിങ്കലേക്കാകണമേ. നിൻെറ സ്വർഗ്ഗീയ കനാൻ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന ഞങ്ങൾക്ക് രാവും പകലും നീ തുണയായിരിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. ലോകത്തിലേക്കുള്ള തൻെറ എഴുന്നെള്ളത്താൽ സ്വർഗ്ഗരാജ്യത്തേക്കുള്ള വാതിലും വഴിയും ഞങ്ങൾക്ക് തുറന്നു തരികയും തൻെറ ആവസിപ്പാൽ കോവണി വെച്ച് തൻെറ ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന നിൻെറ ആലയമായി ഞങ്ങളുടെ ഭവനങ്ങളെ തീർക്കുകയും ചെയ്ത ജീവൻെറ ഉറവും അനുഗ്രഹങ്ങളുടെ ഒഴുക്കും നന്മകളുടെ ഉൽപ്പത്തിസ്ഥാനവും ആനന്ദത്തിൻെറ പ്രവാഹവുമായി തീർന്ന ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, സ്വർഗ്ഗീയ സഭയാകുന്ന മേലുള്ള ഊർശ്ലേമിൻെറ വാതിലുകളെ ഞങ്ങൾക്കായി തുറക്കുകയും നിൻെറ ദിവ്യ സംസർഗ്ഗത്തിന് ഞങ്ങളെ അവകാശപ്പെടുത്തുകയും ചെയ്തിരിക്കുന്നുവല്ലോ. നിൻെറ ഹിതം നിറവേറ്റപ്പെടുവാനായി തിരുസഭയെ നിൻെറ ദൈവീക ശുശ്രൂഷകൾക്ക് നിയോഗിക്കുകയും നിത്യതയുടെ പ്രത്യാശയാൽ അവളെ ആനന്ദിപ്പിക്കുകയും ചെയ്യുന്ന ആടുകളുടെ വാതിൽ ആയ കർത്താവേ, നിന്നിലൂടെ അകത്തു പ്രവേശിപ്പാനും നീ ഒരുക്കുന്ന മേച്ചൽ കണ്ടെത്തുവാനും നീ തെളിയിക്കുന്ന വഴിയെ നടപ്പാനും ഞങ്ങളെ സഹായിക്കണമേ. നിൻെറ അനുഗ്രഹങ്ങളുടെ വാതിൽക്കൽ മുട്ടുന്ന സകല പാപികൾക്കും കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും

സൗജന്യം ചെയ്യണമേ. നിന്റെ വിശുദ്ധ സഭയെ തർക്കങ്ങളിൽ നിന്നും വഴക്കുകളിൽ നിന്നും രഹസ്യവും പരസ്യവുമായ ശത്രുക്കളുടെ കഠിനതരങ്ങളായ ഉപദ്രവങ്ങളിൽ നിന്നും നാശകരമായ സകല വേദവിപരീതങ്ങളിൽ നിന്നും വീണ്ടുകൊള്ള ണമേ. അത്യുന്നതമായ നിന്റെ സ്വർഗ്ഗത്തിൽ നിന്നു സഹായങ്ങളുടെ ഭണ്ഡാരവും അനുഗ്രഹങ്ങളുടെ നിക്ഷേപവും അതിന് നീ അയച്ചുകൊടുക്കണമേ. കർത്താവേ, സമീപസ്ഥരെ കാത്തുകൊള്ളുകയും ദൂരസ്ഥരെ മറച്ചുകൊള്ളുകയും വൃദ്ധരെ താങ്ങുകയും യൗവനക്കാരെ ബലപ്പെടുത്തുകയും പൈതങ്ങളെ വളർത്തുകയും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുകയും വഴിതെറ്റി പ്പോയവരെ തിരിച്ചുവരുത്തുകയും അടിമപ്പെട്ടവരെ രക്ഷിക്കുകയും ചിതറിപ്പോയവരെ കൂട്ടിച്ചേർക്കുകയും പാപികളെ നീതീ കരിക്കുകയും കുറ്റക്കാരെ പുണ്യപ്പെടുത്തുകയും വിലപിച്ചിരിക്കുന്ന വരെയും സങ്കടത്തിലിരിക്കുന്നവരെയും ആശ്വസിപ്പിക്കുകയും ദുഃഖി ച്ചിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും വൈധവ്യം അനുഭവിക്കുന്ന വരെ സംരക്ഷിക്കുകയും അനാഥരെ പുലർത്തുകയും ചെയ്യേണമേ. ഞങ്ങളുടെ ഹൃദയവാതിൽക്കൽ നിന്നു മുട്ടുന്ന നിന്റെ ശബ്ദത്തെ കേൾപ്പാനും ഞങ്ങളുടെ ഹൃദയങ്ങൾ തുറന്ന് നിന്നെ സ്വീകരിപ്പാനും നിന്നോടുകൂടെ അത്താഴം കഴിക്കുന്ന മഹത്വകരമായ നിന്റെ രണ്ടാം വരവിനെ നോക്കി പാർക്കുവാനും ഞങ്ങളെ തുണയ്ക്കേണമേ. വിശുദ്ധന്മാരുടെ കൂട്ടങ്ങളിലും സഹദേന്മാരുടെ(രക്തസാക്ഷികൾ) നിരകളിലും മലിനതയില്ലാത്ത തോഴ്മക്കാരുടെ ഇടയിലും നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – മോറോനീശോ മ്ശിഹായെ നിൻ.. ..)

മേലുള്ളൂർശലേമിന്നുടെ വാതിൽ തുറന്നിട്ടോനേ
നിന്നിലൂടകത്തു കടപ്പാൻ നൽകുക കൃപയെ
ഞെരുക്കത്തിന്നുടെ ഊടുവഴിയെ നടന്നിടുവാൻ
ശീലിപ്പിക്കുക ഞങ്ങളെയും ഈ നോമ്പാലെ
ഇടർച്ച വരാതെ നിൻ വഴി തന്നിൽ നടന്നിടുവാൻ
തിന്മപ്പെട്ടവനിൽ നിന്നും രക്ഷിക്ക ഞങ്ങളെ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. കട്ടിളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടിയ കുഞ്ഞാടിന്റെ രക്തം നിന്റെ ജനത്തിന് സംഹാരകനിൽ നിന്നുള്ള രക്ഷ ആയതുപോലെ സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെട്ട ഞങ്ങളുടെ ശരീരങ്ങളും ഭവനങ്ങളും നിന്റെ ആലയമാക്കി തീർക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനകളും ആരാധനകളും ആ

ആലയത്തിൽ നിൻെറ ബഹുമാനത്തിന് അണയ്ക്കപ്പെടുന്ന ധൂപമായി തീരണമേ. നിന്നാൽ തുറക്കപ്പെട്ട വാതിൽ ഒരു നാളും ഞങ്ങൾക്കു നേരെ അടച്ചു കളയരുതേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – കരുണ നിറഞ്ഞവനേ.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രുശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

വിശാലമാം നാശ വഴിയെ
ആളനേകം പോകുമ്പോൾ
ജീവങ്കലേക്കെത്തുന്ന
ഇടുക്കു വഴി കണ്ടെത്താൻ

വഴി സത്യം ജീവനുമാം
നിന്നുടെ ക്രൂശിങ്കൽ എത്താൻ
ഈ നോമ്പാൽ നീ തുണയ്ക്ക
മാർഗ്ഗം തുറന്നോൻ മ്ശിഹാ

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **യെശയ്യാ 26:1–10**
2. **വെളി 7:9–17**

**ഏവൻഗേലിയോൻ വി. മത്തായി 7:7–14**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 24 Tuesday - ദിനം 24 ചൊവ്വ

**ധ്യാനവിഷയം – പുറപ്പാടിൻെറ നൊമ്പരങ്ങൾ**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സകല മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യ വെളിച്ചമായി തേജസ്സിൻെറ പ്രഭയുമായുള്ളോവേ, നിൻെറ പ്രകാശത്തിൻെറ കതിരുകൾ കൊണ്ട് ഞങ്ങളുടെ ജീവിതത്തെ പ്രകാശിപ്പിക്കേണമേ. അന്ധകാരത്തിൻെറ ശക്തികളിൽ നിന്ന് വിടുതൽ പ്രാപിപ്പാനും വെളിച്ചത്തിൻെറ ഉണർവ്വും ഉത്സാഹവും ഉള്ളവരായി നിനക്ക് ആരാധന ചെയ്യുവാനും ഞങ്ങളെ നീ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ ഉയിർത്തെഴുന്നേൽപ്പിൻെറ സാക്ഷികളാകുവാൻ വിളിക്കപ്പെട്ട ഞങ്ങൾ മരണത്തിനതീതമായ ഉത്ഥാനത്തിൻെറ പ്രത്യാശ ലോകത്തിന് നൽകാതെ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മറ്റുള്ളവരെ സഹായിക്കുവാനും സാന്ത്വനം പകരുവാനും അവസരം ലഭിച്ചിട്ടും വിമുഖത കാട്ടിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ ആളത്വങ്ങളുടെ രൂപാന്തരത്തിന് അവസരങ്ങൾ ഉണ്ടായിട്ടും അത് പ്രയോജനപ്പെടുത്താതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളെ പ്രതിയുള്ള നിൻെറ സ്നേഹത്തിൻെറ ആഴം ഞങ്ങൾ കണ്ടിട്ടും നിന്നെ സ്നേഹിക്കാതെ ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഇരുന്നവനും ഇരിക്കുന്നവനും സദാ നേരവും പ്രകാശിച്ചു കൊണ്ടിരിക്കുന്നവനും ജീവൻെറ പ്രകാശവും സകലത്തെയും പ്രകാശിപ്പിക്കുന്നവനും സ്വർഗ്ഗത്തിൻെറ കതിരായി ഞങ്ങളിൽ എത്തിയവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ പ്രകാശത്തിൻെറ കിരണങ്ങളിലൂടെ ലഭ്യമാകുന്ന ജീവൻെറ സമൃദ്ധി ആഘോഷിപ്പാൻ ഞങ്ങളെ നീ തുണയ്ക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സർവ്വ സൃഷ്ടികളെയും പ്രകാശിപ്പിക്കുന്ന ദൈവവുമായ കർത്താവേ, ഉന്നതത്തിലെ സൈന്യങ്ങൾക്ക് പ്രകാശമുള്ള വാസസ്ഥലത്തെ നീ യഥാസ്ഥാനപ്പെടുത്തി. നിനക്ക് തിരുവിഷ്ടം തോന്നി ഈ ലോകത്തെ നിർമ്മിച്ചപ്പോൾ സകലവും പ്രകാശത്താൽ നിറഞ്ഞിരിപ്പാനായി സൃഷ്ടി പ്രകാശം മുതൽ ആരംഭിക്കുകയും ചെയ്തു. ജീവൻ സംഗ്രഹിക്കുന്ന ആ പ്രകാശത്തെ ജീവദമായി നൽകുവാൻ നീ ഭൂമിയെ സന്ദർശിച്ചു. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ച് ഞങ്ങളുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന് നിൻെറ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്ന് ഉദയം ചെയ്ത് ഞങ്ങളെ സന്ദർശിച്ചു. അവൻ സ്വന്തത്തിലേക്കു വന്നു സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല എന്ന് യോഹന്നാൻ ശ്ലീഹാ നിന്നെക്കുറിച്ച് സാക്ഷിക്കുന്നതു പോലെ വെളിച്ചത്തിൻെറ മക്കൾ ആകുവാനുള്ള വിളി ഞങ്ങൾ നിരസിക്കുകയും വെളിച്ചത്തേക്കാൾ ഇരുളിനെ സ്നേഹിക്കുകയും ചെയ്തു. വെളിച്ചത്തിലേക്ക് വരുവാൻ വിളിച്ചവനായ നിന്നെ ഇരുളിൻെറ മക്കൾ വിദ്വേഷിച്ചു. നിൻെറ ജനമായ യിസ്രായേലിനെ വെളിച്ചത്തിൽ നടത്തുവാൻ അഗ്നിയായും സൂര്യനായും നീ കൂടെ നടന്നിട്ടും മ്ലേച്ഛ വിഗ്രഹങ്ങൾക്കു പുറകെ പോകുവാൻ അവർ താൽപ്പര്യപ്പെട്ടു. നിൻെറ ജനത്തിൻെറ അവിശ്വസ്തത തൻെറ ഭാര്യയുടെ പരസംഗമായി ഹോശേയ പ്രവാചകനിലൂടെ നീ വെളിപ്പെടുത്തി. ഇതു നിമിത്തമായി ഞങ്ങൾക്കുവേണ്ടി കഷ്ടം സഹിപ്പാൻ താണിറങ്ങി വന്ന മ്ശിഹാ തമ്പുരാനേ, സ്വർഗ്ഗോന്നതികളുടെ മാഹാത്മ്യങ്ങൾ നീ വെടിഞ്ഞതിനെയും മാനുഷീക പരിമതികളിൽ നീ ഒതുങ്ങിയതിനെയും നീ ജീവൻ

തന്നു സ്നേഹിച്ചിട്ടും നിന്നെ സ്നേഹിക്കാത്തതിനെയും സമ്മതിച്ചു കൊണ്ട് നിൻെറ വേദനയിൽ പങ്കു ചേരുവാനും നിന്നിലേക്ക് മടങ്ങി വരുവാനും നിൻെറ വിശുദ്ധിയെ കാത്തുകൊൾവാനും നിൻെറ പ്രകാശത്തെ പകരുവാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. നിൻെറ പ്രകാശത്തിൻെറ മണവറയ്ക്ക് യോഗ്യരായി തീരുന്ന പുണ്യ നിമിഷത്തിൽ നിൻെറ തിരഞ്ഞെടുക്കപ്പെട്ട ഭാഗ്യവാന്മാരോടും ഭാഗ്യവതികളോടും കൂടെ ഞങ്ങളും കാണപ്പെടുമാറാകണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്താവേ നിന്നോടടുപ്പാൻ .. ..)

കർത്താവേ, നിൻെറ ആർദ്ര കരുണ സ്നേഹത്താൽ
സന്ദർശിച്ചു സ്വർഗ്ഗത്തിൻ വെളിവേകാൻ
ഇരുളിലും മരണ താഴ്വരയിൽ നിൽപ്പോർക്ക്
വെളിവേകാനായ് കതിരോനായ് നീ ഉദിച്ചു
ഇടയാകരുതേ നാഥാ പറയിൻ കീഴെ വിളക്കുപോൽ
നിന്നുടെ വെളിച്ചം മറഞ്ഞിടുവാനായ്
തുണയേകുക നാഥാ തണ്ടിൽ നിൽപ്പതു വിളക്കുപോൽ
വെളിവേകാനായ് നിന്നുടെ വെളിവിൽ നിൽപ്പാൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തൻെറ തേജസ്സിൻെറ പ്രഭയും തത്വത്തിൻെറ മുദ്രയും വഹിക്കുന്നവനും സകലത്തെയും തൻെറ ശക്തിയുള്ള വചനത്താൽ ഉളവാക്കിയവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ പ്രഭയെ പറയിൻ കീഴെ വെച്ച വിളക്കു പോലെ മറച്ചു കളയുവാൻ ഞങ്ങൾക്കിടയാകരുതേ. പ്രകാശത്തിൽ വസിക്കുന്നവനായുള്ളോവേ, നിൻെറ പ്രകാശത്താൽ ഞങ്ങൾ പ്രകാശം കണ്ട് നിൻെറ സ്നേഹത്തിൻെറ വലിമയ്ക്കും വിശുദ്ധിയുടെ അലങ്കാരത്തിനുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന പരിമളവാസനയായും സുഗന്ധ ധൂപമായും നീ കൈക്കൊള്ളേണമേ. നിൻെറ പ്രകാശത്തിലേക്ക് വളർന്ന് പ്രകാശിതരായി തീരുവാൻ തിരുസഭയെ നീ ഒരുക്കേണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഉന്നതമാം മഹിമ സ്വയമായ് വെടിഞ്ഞവനേ
സ്വർഗ്ഗത്തിൻ കതിരേ നിന്നെ വന്ദിപ്പൂ
ഉൺമയിൽ ദൈവം താൻ, വേഷത്തിൽ മനുജൻ
നരകത്തിൽ നിന്നും നരരെ രക്ഷിപ്പാൻ
പുറപ്പെട്ടൊരു മുന്തിരി വള്ളിയായ് തിരുസഭയെ
നട്ടവനാം മ്ശിഹാ ചേർക്കുക ഞങ്ങളെയും
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **പുറ 3:1–10**
2. **ഫിലി 1:18–24**

**ഏവൻഗേലിയോൻ വി. യോഹ 3:16–21**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 25 Wednesday - ദിനം 25 ബുധൻ പകുതി നോമ്പ്

**ധ്യാനവിഷയം – ക്രൂശിതനിലേക്കുള്ള നോട്ടം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. പ്രവാചകനായ മോശെയാൽ മരുഭൂമിയിൽ വെച്ച് പിച്ചള സർപ്പത്തെ ഉയർത്തി തൻെറ ക്രൂശാരോഹണത്തിൻെറ സ്ലീബായെ ദൃഷ്ടാന്തപ്പെടുത്തിയവനുമായ ഞങ്ങളുടെ ദൈവമായ കർത്താവേ, ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ നിൻെറ സ്ലീബായുടെ അടയാളം ഞങ്ങളുടെ ഹൃദയങ്ങളിൽ സ്ഥാപിക്കേണമേ. ഞങ്ങൾ അതിലേക്ക് നോക്കി ഞങ്ങളുടെ വിചാരങ്ങൾ വിശുദ്ധീകരിക്കുകയും ദുഷ്ടൻെറ സകല വഞ്ചനകളും ദുരീകരിക്കപ്പെടുകയും ചെയ്യുമാറാകണമേ. നിൻെറ സ്ലീബായുടെ വിജയപതാക ഉയർത്തി “ഞാൻ ഉയർത്തപ്പെടുമ്പോൾ എല്ലാവരെയും എന്നിലേക്ക് ആകർഷിക്കും” (യോഹ 12:32) എന്നരുളിച്ചെയ്തതുപോലെ ഞങ്ങളും നിന്നാൽ ആകർഷിക്കപ്പെടുവാൻ ഈ ആരാധന മുഖാന്തിരമാകേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തൻെറ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ എന്നരുളിച്ചെയ്ത നാഥാ, കുരിശിൻെറ പാതയിൽ നിന്നെ അനുഗമിപ്പാൻ ഞങ്ങൾക്കു കഴിയാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ കുരിശുമരണത്തെയും കുരിശിലെ സ്നേഹത്തെയും ത്യാഗത്തെയും ഗൗരവമായി മനസ്സിലാക്കാതെ സ്വാർത്ഥതയിൽ ജീവിച്ച ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കുരിശ് സ്നേഹത്തിൻെറയും വിമോചനത്തിൻെറയും അടയാളമാണെന്നറിഞ്ഞിട്ടും, ഞങ്ങളുടെ ജീവിതത്തിൽ വിദ്വേഷവും പകയും സ്പർദ്ധയും പുലർത്തിപ്പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കുരിശിൻെറ ജീവിത ശൈലിയിലൂടെ ക്രിസ്തീയ ശിഷ്യത്വത്തിൻെറ ശ്രേഷ്ഠ മാതൃക ഞങ്ങൾക്കു കാട്ടിത്തന്നിട്ടും ക്രൂശിൻെറ പാതയിൽ നിന്നെ അനുഗമിക്കുന്നതിൽ ഞങ്ങളിൽ വന്നു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ആകാശത്തിൻെറയും ഭൂമിയുടെയും നാഥനും ആകാശത്തിൻെറയും ഭൂമിയുടെയും മദ്ധ്യേ തൂക്കപ്പെട്ടവനും ഞാനോ ഭൂമിയിൽ നിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കും എന്ന് അരുളിച്ചെയ്തവനുമായ മ്ശിഹാ തമ്പുരാനേ, വഞ്ചനകളിൽ ആഴ്ന്നു പോയ ഞങ്ങൾ നിങ്കലേക്ക് ആകർഷിക്കപ്പെടുവാനും നിൻെറ ജീവപ്രദമായ സ്ലീബായിലേക്ക് കണ്ണുകൾ ഉയർത്തി സൗഖ്യം പ്രാപിപ്പാനും നിന്നെ വണങ്ങി നമസ്ക്കരിപ്പാനും ഞങ്ങളെ ഒരുക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. മരത്തിന്മേൽ തൂക്കപ്പെടുകയും തൻെറ കൈകൾ വിരിച്ചതിനാൽ സകല ജാതികളെയും കൂട്ടിച്ചേർക്കുകയും ഉത്തമ ഇടയനെ പോലെ സകല സൃഷ്ടികൾക്കും വേണ്ടി ജീവൻ വെയ്ക്കുകയും തന്നിലേക്കുള്ള നോട്ടത്താൽ സകലർക്കും ജീവൻ നൽകിയവനുമായ മ്ശിഹാ തമ്പുരാനേ, പാപമാകുന്ന മാരക വിഷത്തെ ഞങ്ങളിൽ നിന്ന് നീക്കക്കളയുകയും സാത്താൻെറ ശക്തികളിൽ നിന്നും ഞങ്ങളുടെ ആത്മാക്കളെയും ശരീരങ്ങളെയും വീണ്ടു കൊള്ളുകയും ചെയ്തവൻ നീയല്ലയോ. നിൻെറ കൽപ്പനയാൽ മോശെ ഉയർത്തിയ പിച്ചള സർപ്പത്തിൽ സൂക്ഷിച്ചു നോക്കിയവർ സൗഖ്യമാക്കപ്പെട്ടതുപോലെ ഞങ്ങളുടെ നോട്ടം നിന്നിൽ പതിച്ചിരിക്കുന്നതിനാലും ഞങ്ങളുടെ ആശയും ആശ്രയവും എല്ലായ്പ്പോഴും നിന്നിലാകയാലും ഞങ്ങളുടെ രോഗങ്ങളെയും വേദനകളെയും നീ സുഖപ്പെടുത്തേണമേ. തല ഉയർത്തി നോക്കുവാനുള്ള നിൻെറ വിളിയെ ഗൗരവമായി കണ്ട് ഇഹലോകത്തിൻെറ മായാവസ്ഥയിൽ നിന്ന് ഞങ്ങളുടെ കണ്ണുകളെ ഉയർത്തി നിന്നിലുള്ള ദർശനം സാദ്ധ്യമാകുവാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ തല താഴ്ത്തുന്ന സാത്താന്യ ശക്തികളിൽ നിന്ന് നീ ഞങ്ങളെ വിടുവിക്കേണമേ. ഈ നോമ്പിൽ അനുതാപികൾ പൂർണ്ണ വിശുദ്ധി പ്രാപിക്കുന്നതിനും ഞങ്ങളുടെ ശരീരങ്ങൾ പുതുക്കപ്പെടുന്നതിനും ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്തതിനെ

അവകാശപ്പെടുത്തുന്നതിനും ഇടയാക്കേണമേ. കർത്താവേ, പാപത്തിൽ നിന്ന് ഒഴിഞ്ഞു നിൽപ്പാനും എന്നാൽ പാപികളെ സ്നേഹിപ്പാനും പൈശാചിക മോഹങ്ങളെ നശിപ്പിക്കുവാനും ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് അന്യായത്തിൻെറ ബന്ധനങ്ങളെ അഴിപ്പാനും ശക്തി നൽകേണമേ. രോഗികളെയും വിഷമിച്ചിരിക്കുന്നവരെയും നീ സന്ദർശിക്കേണമേ. ഞങ്ങളെ നിൻെറ ആത്മാവിൻെറ ഫലത്താൽ നിറയ്ക്കേണമേ. നിൻെറ വലിയ ദിവസത്തിലേക്ക് ഞങ്ങളെ ഉയർത്തി നിന്നെ നോക്കി പാർക്കുന്നവരും നിൻെറ സകല വിശുദ്ധന്മാരോടും കൂടെ മുഖപ്രസന്നതയോടെ നിന്നെ എതിരേൽപ്പാനും വാടാത്ത മുഖത്തോടു കൂടി വാടാകിരീടം പ്രാപിപ്പാനും ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ഗീതം

സൗഖ്യം പിച്ചള സർപ്പത്തെ
വീക്ഷിച്ചോർക്കുളവായതു പോൽ
കർത്താവിനെ ദർശിക്കുന്നോർ
രോഗോപശമം നേടുന്നു
കരുണാ സാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**
**കുറിയേ–ലായി–സ്സോൻ**
നോമ്പിൻ മദ്ധ്യേ ജീവദമാം
സ്ലീബായിൻ വിജയ പതാക
നൽകിയ രക്ഷകനേ നിൻെറ
അവതാരം വിസ്മയനീയം
കരുണാ സാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**
**കുറിയേ–ലായി–സ്സോൻ**

ദുഷ്ടാത്മാവോടടരാടാൻ
ശക്തി നരർക്കില്ലാത്തതിനാൽ
കൃപയും ജീവരക്ഷയും
നാഥൻ നമ്മൾക്കായ് നൽകി
കരുണാ സാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**
**കുറിയേ–ലായി–സ്സോൻ**
ദുഷ്ടാത്മാവിൻ സേനയെ വെ
ന്നാത്മീയം ജീവൻ നേടാൻ
ഗോൽഗോഥായുടെ മലമുകളിൽ
സ്ലീബായെ രക്ഷകനേകി
കരുണാ സാഗരമാം നാഥാ
പ്രാർത്ഥിച്ചടിയാരോതുന്നു
**കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ**
**കുറിയേ–ലായി–സ്സോൻ**

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ലോകത്തിൻെറ രക്ഷയ്ക്കായി മരത്തിന്മേൽ മരിച്ചവനായ ജീവദായകനായ കർത്താവേ, ഏദൻ തോട്ടത്തിൽ നീ നട്ട ജീവവൃക്ഷം പോലെ നിൻെറ സ്ക്കീപ്പായെ ഞങ്ങൾക്ക് ജീവദായകമായി നൽകിയല്ലോ. നിൻെറ ക്രൂശാൽ രക്ഷിക്കപ്പെട്ടവരായ ഞങ്ങൾ നിൻെറ ആലയമായി തീരുവാനും ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥനകൾ നിൻെറ സ്വർഗ്ഗീയ ആലയത്തിൽ പരിമളവാസനയായി തീരുവാനും നീ സഹായിക്കേണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

കർത്താ കർത്താ വിളിക്കുന്നെങ്ങൾ തുണയ്ക്കായ് വരിക
പ്രാർത്ഥന കേട്ടിട്ടാത്മാക്കളിലൻപുണ്ടാകേണം
സാത്താനാലെ വന്നൊരു വിനകൾ സ്ലീബായാലെ
സൗഖ്യമാക്കി തീർത്തോൻ മ്ശിഹാ സ്തുതി നിനക്കു
നിൻ നോട്ടത്താൽ സൗഖ്യമായോർ രോഗികൾ ഞങ്ങൾ
കൺകളുയർത്തി നിൻ സ്ലീബായിൻ രക്ഷ നേടാൻ
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

പ. മാലാഖമാർ ശുശ്രൂഷ ചെയ്യുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ക്രോബേന്മാർ വാഴ്ത്തുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. സ്രഫേന്മാർ നിൻെറ വിശുദ്ധതയെ ആഘോഷിക്കുന്ന മരണമില്ലാത്തവനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. മാലാഖമാർ പുകഴ്ത്തുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ആത്മീയർ ആഘോഷിക്കുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ആത്മീയന്മാർ മഹത്വീകരിക്കുന്ന മരണമില്ലാത്തവനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. മേലുള്ളവർ സ്തുതിക്കുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. മദ്ധ്യേയുള്ളവർ പുകഴ്ത്തുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. താഴെയുള്ളവർ വന്ദിക്കുന്ന മരണമില്ലാത്തവനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി

പ. സ്രഷ്ടാവേ നിനക്കു സ്തുതി

ജ. പാപികളായ നിൻെറ അടയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി – ബാറെക്മോർ.

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

ജ. നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമേ.. ..

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. സംഖ്യ 21:4–9
2. ഘലാ 6:11–16

ഏവൻഗേലിയോൻ വി. യോഹ 3:1–17

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 26 Thursday - ദിനം 26 വ്യാഴം

ധ്യാനവിഷയം – ജീവിപ്പിക്കുന്ന വചനം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. മനുഷ്യരുടെ വെളിച്ചമായ ജീവനുള്ള വചനമായ കർത്താവേ, നിന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ട സർവ്വ ചരാചരങ്ങളും നിന്നെ സ്തുതിച്ചു വന്ദിക്കുന്ന ആരാധനയോടു കൂടി ഞങ്ങളുടെ സ്തുതികളെയും കലർത്തേണമേ. വചനം വെളിച്ചമായും ജീവൻ നല്കുന്നതായും ഇരു വായ്ത്തലയുള്ളവാളായും സൗഖ്യം പകരുന്നതായും ഉയർപ്പിക്കുന്നതായും ഞങ്ങളിൽ ക്രിയ ചെയ്യേണമേ. നിന്റെ ആരാധനക്കാരായ ഞങ്ങൾ ഈ നോമ്പുകാലത്ത് ജീവദായകമായ നിന്റെ സ്ലീബായിലേക്ക് കണ്ണുകളെ ഉയർത്തി വചനപ്രകാരം ഞങ്ങളുടെ ജീവിതത്തെ ക്രമീകരിക്കുന്നതിനും വചനം ഞങ്ങളിൽ ജഡം ധരിക്കുന്നതിനും സംഗതിയാക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും അർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനം ആഴമായി പഠിക്കാതെയും വചനാനുസരണം ഞങ്ങളുടെ ജീവിതങ്ങളെ ക്രമപ്പെടുത്താതെയിരുന്നതുമായ ഞങ്ങളുടെ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ,

പ. നോമ്പുകാലത്ത് ഉപവാസത്തിലൂടെയും വേദപഠനത്തിലൂടെയും നിരന്തരധ്യാനത്തിലൂടെയും പരിത്യാഗ പ്രവർത്തനങ്ങളിലൂടെയും നിന്റെ കുരിശിന്റെ പാതയിൽ അനുഗമിക്കേണ്ട ഞങ്ങൾ ഉദാസീനമായി ജീവിച്ച കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ,

പ. തിരുവചനം കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആണെന്നറിഞ്ഞിട്ടും ദൈവവചനത്തെ ഗൗരവമായി എടുക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ,

പ. ദൈവവചനത്തിലൂടെയും സഭയിലൂടെയും മാതാപിതാക്കളിലൂടെയും ഞങ്ങൾക്കു ലഭിച്ച ക്രൈസ്തവ ദർശനങ്ങളും മൂല്യങ്ങളും ജീവിതത്തിൽ പ്രായോഗികമാക്കാൻ കഴിയാതെപോയ ഞങ്ങളുടെ വീഴ്ചകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ,

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും യാചിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പിതാവിന്റെ തേജസ് വചനത്തിലൂടെ ഞങ്ങൾക്കു വെളിപ്പെടുത്തി ഞങ്ങളുടെ ഇടയിൽ പാർത്തവനായ മ്ശിഹാ തമ്പുരാനെ, നിന്റെ നാമത്തിൽ വിശ്വസിക്കുന്നവരായ ഏവർക്കും ദൈവമക്കൾ ആകുവാൻ അധികാരം നല്കിയതുപോലെ ഞങ്ങളെയും നിന്റെ മക്കളും അവകാശികളും ആക്കി തീർത്തിരിക്കുന്നുവല്ലോ. നിന്റെ പ്രമാണങ്ങളെ അനുസരിച്ച് വിവേകമുള്ളവരായും നിന്റെ വചനം പ്രമാണിച്ച് സകല ദുർമാർഗത്തിൽ നിന്നും കാൽ വിലക്കപ്പെട്ടവരായും നിന്റെ ജീവന്റെ വഴിയെ നടപ്പാൻ ഈ നോമ്പും പ്രാർത്ഥനകളും മുഖാന്തരം ആക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. വചനമാം ദൈവമേ, ഞങ്ങളുടെ സത്യമുള്ള സൃഷ്ടാവായ നിന്നിൽ ഞങ്ങൾ ജീവിക്കുകയും ചരിക്കുകയും ചെയ്യുന്നതിനാൽ ആശ്ചര്യ പൂർണ്ണമായ നിന്റെ രക്ഷാകരവ്യാപാരത്തിന്റെ രഹസ്യത്തെ ഞങ്ങൾ പരിശോധിച്ചുകൊണ്ട് നിന്റെ കർത്തൃത്വത്തിനു സ്തോത്രങ്ങളും മാഞ്ഞുപോകാത്ത പുകഴ്ചയും ഇടവിടാതെ അർപ്പിക്കുന്നു. യുഗങ്ങൾക്കു മുന്നമെ മാതാവില്ലാതെ തന്റെ മഹത്വമുള്ള പിതാവിൽ നിന്നും ജനിക്കുകയും കാലാവസാനത്തിൽ പിതാവില്ലാതെ കന്യാവ്രതമുള്ള മാതാവിൽനിന്ന് ജാതം ചെയ്ത സർവ്വ സൃഷ്ടികൾക്കും ആദ്യജാതനും മനസ്സോടെ സ്ലീബാ മരത്തിന്മേൽ യാഗമായി അർപ്പിക്കപ്പെട്ടവനും ആയ മ്ശിഹാ തമ്പുരാനേ, സർവ്വ സൃഷ്ടികൾക്കും ആദ്യഫലമായി നീ നിന്നെത്തന്നെ നൽകി. ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ രക്ഷാകരമായ കഷ്ടാനുഭവത്തിനും ഉയർപ്പിനും കാരണമായി

ത്തീർന്ന നിൻെറ ദൈവീക സ്നേഹത്തെ നിൻെറ തേജസ്ക്കരണത്താൽ ശിഷ്യന്മാർക്കു നീ വെളിപ്പെടുത്തി. “ഇവൻ എൻെറ പ്രീയപുത്രൻ ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, ഇവനു ചെവി കൊടുപ്പിൻ” എന്ന് വചനമായ നിന്നെക്കുറിച്ച് പിതാവു സാക്ഷീകരിച്ചു. ആകയാൽ നിത്യവചനമായ ദൈവമേ, നിനക്കു ചെവി തരുവാനും നിൻെറ വചനത്താൽ ലഭ്യമാകുന്ന സമൃദ്ധമായ ജീവനിലേക്ക് അനേകരെ ആദായപ്പെടുത്തുവാനും നിൻെറ വചനത്തിൻെറ ഉപകരണങ്ങളായി ഞങ്ങളുടെ അധരങ്ങൾ ചലിക്കപ്പെടുവാനും ഈ നോമ്പുനാളുകളിൽ നീ സഹായിക്കേണമേ.

ഇരുൾ നിറഞ്ഞ ജീവിതാനുഭവങ്ങളിൽ ഞങ്ങൾക്കായി രക്ഷയുടെ പ്രകാശത്തിൻെറ വഴി തുറക്കുന്ന മ്ശിഹാ തമ്പുരാനേ, അനിശ്ചിതത്വത്തിൻെറ നിഴലിൽ കഴിയുന്ന പരദേശികളെയും വിധവകളെയും അനാഥരെയും കരുതുന്ന നിൻെറ സ്നേഹത്തെ ഞങ്ങൾ ധ്യാനിക്കുന്നു. ഞങ്ങളെ ഉയിർപ്പിൻെറ പ്രത്യാശയാൽ നീ നിറച്ചു ഞങ്ങൾക്കു വീണ്ടെടുപ്പു സാദ്ധ്യമാക്കിയ നിൻെറ പീഢാനുഭവത്തെയും മരണത്തെയും ഉയിർപ്പിനെയും ധ്യാനിക്കുവാനും ഉയിർപ്പിനു സാക്ഷികളായി ജീവിക്കുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കേണമേ. കർത്താവിൻെറ കഷ്ടതയിൽ പങ്കാളികളാകുവാനും അതിലൂടെ ബന്ധങ്ങളുടെ പുതുക്കത്തിനും ജീവൻെറ സമൃദ്ധിക്കുമായി പ്രയത്നിക്കുവാനും ഞങ്ങളെ സഹായിക്കേണമേ. വചനത്തിലൂടെ ഞങ്ങളെ തിരിച്ചറിവും വിവേകവുമുള്ളവരാക്കിത്തീർക്കേണമേ. പാപത്തിൽ വീണുപോയ ഞങ്ങളെ യഥാസ്ഥാനപ്പെടുത്തി നിർമ്മല ഹൃദയമുള്ളവരാക്കേണമേ. ഞങ്ങളെ അടിമപ്പെടുത്തുന്ന എല്ലാ തിന്മ ശക്തികളിൽ നിന്നും ആസക്തികളിൽ നിന്നും ഞങ്ങളെ ചികിത്സിച്ചു സൗഖ്യമാക്കണമേ. നേരോടെ നടക്കുന്നവർക്ക് ഒരു നന്മയും മുടക്കുകയില്ല എന്നു വിശ്വസിച്ചു വിശ്വാസപാതയിൽ വിശ്വസ്തതയോടെ ജീവിപ്പാൻ ഞങ്ങളെ നിൻെറ പരിശുദ്ധാത്മാവിനാൽ ശക്തിപ്പെടുത്തേണമേ. നീ ഞങ്ങളുടെ ദൈവവും ഞങ്ങൾ നിൻെറ സ്വന്തജനവുമായി തീർത്ത പുതിയ ഉടമ്പടിയിൽ നിലനില്പാൻ നിൻെറ വചനത്താൽ ഞങ്ങളെ രൂപാന്തരപ്പെടുത്തണമേ. നിൻെറ ദാസനായ മോശ നാൽപതു ദിവസം ഉപവസിച്ചു കഴിഞ്ഞപ്പോൾ ന്യായപ്രമാണം അവനു വെളിപ്പെടുത്തിയ കർത്താവേ, തിരുവചനത്തിൻെറ ആഴങ്ങളെ തിരിച്ചറിയുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ദൈവവചനം നല്ല നിലത്തു വീണ വിത്തു പോലെ ഞങ്ങളുടെ ഹൃദയങ്ങളിൽ വളർന്ന് നൂറുമേനി ഫലം പുറപ്പെടുവിക്കാൻ പ്രാപ്തരാക്കണമേ. നിൻെറ രണ്ടാമത്തെ എഴുന്നെള്ളത്തിങ്കൽ നിൻെറ എതിരേൽപിനു പുറപ്പെടുവാനും നിങ്ങൾ വന്ന് ഉൾപ്രവേശിച്ച് വിശുദ്ധിയും മഹത്വവുമുള്ള സ്വർഗ്ഗരാജ്യം അവകാശമാക്കിക്കൊൾവീൻ എന്ന് അരുളിച്ചെയ്യുന്ന നിൻെറ ശബ്ദം നിന്നിൽ നിന്നു കേൾപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – വാനം ഭൂമി ആസകലം.. ..)

വാനം ഭൂമി ആസകലം
ഉളവായ് തീർന്നൊരു നിൻ വചനത്താൽ
    വെളിച്ചം കണ്ടോർ വെളിവിൻ സുതരായ്
    കൺകളുയർത്തി നോക്കീടുന്നു
ഒളിവാം മർമ്മം വെളിവാക്കാനായ്
ശരീരിയായ് താണിറങ്ങി
    ദൈവമക്കൾ ആക്കിടുവാനായ്
    ദൈവസുതൻ മർത്ത്യനായി
വചനത്തിനുടെ വാഗ്ദാനങ്ങൾ
തൻ തിരുമേനിയിൽ നിറവേറ്റുന്നു
    ഇവനെൻ വത്സല സുതനാകുന്നു
    കാതു കൊടുപ്പീൻ ഇവനു നിങ്ങൾ
വചനശരീരി കേട്ടീടുന്നു
സ്വർഗ്ഗത്തിന്നുടെ വിത്താകുന്നോൻ
    നിനക്കും താതനും വിശുദ്ധാത്മനും
    സ്തുതിയുണ്ടാകട്ടെന്നും ആമ്മീൻ
നിന്നുടെ രാജ്യാവകാശം തന്നി
ട്ടെന്നും സ്തോത്രം പാടാനരുൾക.

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തൻെറ ശബ്ദത്താൽ ആടുകളെ നിയന്ത്രിക്കുകയും അതിനു വാസസ്ഥലം ഒരുക്കുകയും മേച്ചിൽ കണ്ടെത്തുകയും വഴി തെളിക്കുകയും ചെയ്ത് തൻെറ ആടുകൾക്കുവേണ്ടി ജീവൻ നൽകിയ ഉത്തമ ഇടയൻ ആയുള്ളോവേ, നിൻെറ സ്നേഹത്തെ പ്രതി നിൻെറ വിശുദ്ധ സഭയിൻ മക്കളാകുന്ന കുഞ്ഞാടുകളുമായി നിൻെറ സന്നിധിയിൽ കഴിക്കുന്ന ഈ സ്തുതി സ്തോത്രങ്ങൾ നിനക്ക് പ്രസാധമുള്ള ധൂപമായി തീരണമേ. ശബ്ദകോലാഹലങ്ങളുടെ മദ്ധ്യേ നിൻെറ ശബ്ദം തിരിച്ചറിയുവാനും നിന്നോടു കൂടെയുള്ള വാസത്തിന് യോഗ്യതയുള്ളവരായിരിപ്പാനും ഞങ്ങളെ സഹായിക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

**ബോവുസോ** (അപേക്ഷ) മാർ അപ്രേം
(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

ദൈവമേ നിൻ സുവിശേഷം
വിലമതിയായുള്ളതു
അതിശയകരമാം ദാനം
ഞങ്ങൾക്കായി നൽകിയോനേ

തേനിലും തേൻ കട്ടയിലും
മധുരമുള്ള നിൻ വചനം
ഭുജിപ്പാനായ് കൃപയേകുക
നോമ്പിൻ ജീവിതമാം നാളിൽ

പാപികളെ പരലോകത്തിൽ
ചേർപ്പാൻ നല്ലൊരു വഴിയായ്
നിർമ്മലമാം നിൻസുവിശേഷം
കൽപ്പിച്ചൊരു രക്ഷകനേ
പാപികളാം അടിയാർ മദ്ധ്യേ

എഴുന്നെള്ളി വിളങ്ങീടുക
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾ മേൽ കൃപ ചെയ്യണമേ

ക്രോബകളുടെ സ്തുതി (പുറം 19)
വിശ്വാസ പ്രമാണം (പുറം 20)
പാഠം വായന
1. സദൃശ 3:1–8
2. യാക്കോബ് 1:12–18
ഏവൻഗേലിയോൻ വി. ലൂക്കോ 8:50–56
മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം
ശയന നമസ്ക്കാരം (പുറം 21)
ലുത്തിനിയാ (പുറം 22)
ഹുത്താമ്മാ (പുറം 23)
ആശിർവാദം (പുറം 24)

* * * * * *

# Day 27 Friday - ദിനം 27 വെള്ളി

ധ്യാനവിഷയം – ജീവനുള്ള മൂലക്കല്ല്

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ഞങ്ങളുടെ രക്ഷയുടെ പാറയായ ദൈവമേ, നീ ഞങ്ങളെ നാശകരമായ കുഴിയിൽ നിന്നും കയറ്റി ഞങ്ങളുടെ കാലുകളെ പാറമേൽ നിർത്തിയവനും ഞങ്ങളുടെ ഗമനത്തെ സ്ഥിരമാക്കിയവനും ആകുന്നുവല്ലോ. ഞങ്ങൾക്ക് അത്യുന്നതമായ പാറയിലേക്ക് നയിക്കപ്പെടുവാൻ ഈ നോമ്പിൻ നാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. വിശ്വാസത്തിൻെറ പാറമേൽ പണിയപ്പെട്ട തിരുസഭയിൻ മക്കളാകുന്ന ഞങ്ങൾ ജീവനുള്ള കല്ലുകളായി ദിനംപ്രതി നിന്നാൽ പണിയപ്പെടുവാൻ ഈ നോമ്പു കാലം ഇടയാക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിന്നിൽ ആരംഭിച്ച ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകുവാൻ വിളിക്കപ്പെട്ടവരും തിരഞ്ഞെടുക്കപ്പെട്ടവരുമായ ഞങ്ങൾ ദൈവവിളിയോട് അവിശ്വസ്തരായും സ്വാർത്ഥരായും ജീവിച്ചുപോയ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അനുദിനം നിൻെറ സഭയെ പണിയുവാൻ ഞങ്ങൾ വിളിക്കപ്പെട്ടവരായിട്ടും ആത്മാവിൽ ഒരുക്കമില്ലാതെയും കാപട്യം നിറഞ്ഞും ജീവിച്ചുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പിളർന്നോരു പാറയായ നിന്നിൽ നിന്നും പാനം ചെയ്ത് ദാഹം ശമിപ്പിച്ചിട്ടും നിൻെറ വിശ്വാസമാകുന്ന പാറയിൽ നിലനിൽക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ലോകത്തിന്റെ വെളിച്ചമായും ഭൂമിയുടെ ഉപ്പായും ജീവിച്ച് പ്രകാശം പരത്തുന്നവരും രുചി നൽകേണ്ടവരും ആകേണ്ട ഞങ്ങൾ ഇടുട്ടിന്റെ അംശികളും രുചിയില്ലാത്ത ഉപ്പായും തീർന്നുപോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

യാക്കോബിന്റെ സന്തതികളായ പന്ത്രണ്ട് ഗോത്രങ്ങൾക്ക് ജലനദികളെ ഒഴുക്കിയ തീക്കൽ പാറയും, പണിക്കാർ നിരസിച്ചതും ശോധന ചെയ്യപ്പെട്ടതും വിലയേറിയ മൂലക്കല്ലുമായ മ്ശിഹാ തമ്പുരാനേ, ഞങ്ങൾക്ക് എപ്പോഴും വന്നു പാർക്കേണ്ടതിനു നീ ഞങ്ങൾക്ക് ഉറപ്പുള്ള പാറയായിരിക്കുന്നുവല്ലോ. നീ മൂലക്കല്ലും അപ്പൊസ്തലന്മാരും പ്രവാചകന്മാരും അടിസ്ഥാനവുമായി പണിതിരിക്കുന്ന തിരുസഭയുടെ മക്കളാകുന്ന ഞങ്ങളെ നിന്റെ നിവാസമായി തീർക്കുകയും ആത്മാവിൽ ഒന്നിച്ചു പണിയുന്നതിനു ഈ നോമ്പും പ്രാർത്ഥനകളും മുഖാന്തരമായി തീരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സത്യമുള്ളതും ഇളകി പോകാത്തതും വിശുദ്ധ സഭ സ്ഥാപിക്കപ്പെട്ട പാറയും ആകുന്ന മ്ശിഹാ തമ്പുരാനേ നിനക്കു സ്തുതി. നിന്റെ സഭ ഉറപ്പില്ലാത്ത മണലിന്മേൽ അല്ല; പിന്നെയോ, പരിശോധിക്കപ്പെട്ട ക്രിസ്തുവാകുന്ന കല്ലിന്മേൽ അത്രേ പണിയപ്പെട്ടിരിക്കുന്നത്. അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് നീ നടത്തിക്കൊണ്ടുവന്ന നിന്റെ ജനത്തിന്റെ സീയോൻ യാത്രയിൽ അവരെ അനുഗമിച്ച ആത്മീയ പാറ നീ തന്നേ. നിന്റെ ദാസൻ ആകുന്ന മോശയെക്കൊണ്ട് ആ പാറമേൽ അടിപ്പിച്ച് പിളർന്ന പാറയായി ജീവനദി ഒഴുക്കിയവനും നീ തന്നെ. അപ്രകാരം നീ നിന്റെ തുറക്കപ്പെട്ട വിലാവിനെ ദൃഷ്ടാന്തീകരിച്ചു. നീ അടിയേറ്റതിന്റെയും നിന്റെ വിലാവ് തുറന്ന് നിത്യ ജീവന്റെ ഉറവ ഞങ്ങൾക്ക് തുറക്കപ്പെട്ടതിന്റെയും ഞങ്ങളുടെ ദാഹം തീർത്തതിന്റെയും അനുഭവക്കാരായിത്തീരുവാൻ തിരുസഭയെ നീ അനുവദിച്ചു. സ്വജനം തള്ളിക്കളഞ്ഞതിനെ പണിക്കാർ നിരസിച്ച മൂലക്കല്ലായും ഇടർച്ചക്കല്ലായും തടങ്കൽ പാറയായും നിന്റെ വചനത്തിലൂടെ ഞങ്ങളോടു പ്രഘോഷിച്ചു. എന്നാൽ നീ നിന്റെ ക്രൂശ് മരണത്താൽ വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞ്

ഞങ്ങൾക്ക് സമാധാനവും പിതാവിങ്കലേക്ക് പ്രവേശനവും വിശുദ്ധന്മാരുടെ സഹപൗരത്വവും നൽകിത്തരികയും നിന്റെ ഭവനക്കാരായി ഞങ്ങളെ തീർക്കുകയും ചെയ്തു. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ നിന്റെ അടുക്കൽ വന്നിട്ട് ഞങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മീയഗൃഹമായി നിനക്ക് പ്രസാദമുള്ള ആത്മീയ യാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗം ആകേണ്ടതിന് ഈ നോമ്പു നാളുകളിൽ ഞങ്ങൾ പണിയപ്പെടേണമേ. കർത്താവേ, നിന്റെ പരിശുദ്ധ സഭയെ നീ ഓർത്തുകൊള്ളേണമേ. അതിൽ രക്ഷയുടെ കൊമ്പിനെ നീ ഉയർത്തേണമേ. ഇടവിടാതെ അതിൽ സമാധാനം വർദ്ധിപ്പിക്കേണമേ. ഐശ്വര്യമേറിയ സമാധാനം അതിൽ വാഴുമാറാകണമേ. നിന്റെ കൃപയാൽ അതിലെ ഭാഗ്യവാന്മാരായ ഇടയന്മാർക്കു ഉണർച്ചയും അതിലെ ഭരണക്കാർക്ക് താല്പര്യവും പട്ടക്കാർക്ക് ഐക്യവും ശെമ്മാശന്മാർക്ക് വെൺമയും പാപികൾക്ക് അംഗീകാരായോഗ്യമായ അനുതാപവും ദേശത്തിന്റെ ഭരണാധിപന്മാർക്ക് നീതിയും സത്യവും നീ നൽകേണമേ. നീ മഹത്വത്തോടെ എഴുന്നെള്ളുമ്പോൾ നിന്റെ തിരുസഭയുടെ മക്കളാകുന്ന ഞങ്ങൾ ലജ്ജ കൂടാത്തവരും നിന്നെ എതിരേല്ക്കുന്നതിന് ഒരുക്കവും ഉള്ളവരായി കാണപ്പെടുമാറാകണമേ. കർത്താവേ, നിന്നിലേക്കുള്ള വിശ്വാസ യാത്രയിൽ സകലഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാനും വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ നിന്നെ നോക്കുവാനും ഇടയാക്കേണമേ. ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവാനും ബലഹീനരെ താങ്ങുവാനും ഞങ്ങൾക്ക് താൽപര്യം നൽകേണമേ. വിശ്വാസത്തിൽ ബലഹീനരായവരെ ചേർത്തുകൊൾവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. സകലവിധ ദോഷവും വിട്ടകലുവാനും സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിക്കുവാനും ഞങ്ങൾ ഉത്സാഹിക്കുമാറാകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

### **കോലോ** (ഗീതം)

(ഈണം – ഒന്നാം നാൾ അഗ്നിമയന്മാരും.. ..)

യാക്കോബിൻ പന്തിരു ഗോത്രത്തെ
പുറപ്പെടുവിച്ചൊരു തീക്കൽ പാറ
അഗ്നിത്തൂണായ് മേഘസ്തംഭമായ്
രാവും പകലും കൂടിരുന്നോൻ

മരുഭൂയാത്രയിൽ കൂട്ടാളിയായ്
മാറാ മധുരമതാക്കിയവനായ്
മന്നാ പൊഴിക്കും മന്നവനായ്

അടിയേറ്റൊരു പാറ പിളർന്നൊഴുകി
ദാഹജലം തൻ മക്കൾക്കായ് – ബാറെക്മോർ

## ശുബ്ഹൊ

തിരുസഭയെ സ്ഥിരമായൊരു പാറമേൽ
ഉറപ്പിച്ചവനാം ദൈവസുതാ
പിളർന്നതാം നിൻ തിരുവിലാവിൽ
നിന്നൊഴുകിയൊരു ജീവനദി

പാനം ചെയ്തോരാം ഞങ്ങൾ
പാപിയെ പുണ്യമതാക്കീടും
പാവന രുധിരത്തിൻ അൻപാൽ

വീണ്ടവനാം ദൈവകുഞ്ഞാടേ
കുമ്പിടുന്നെങ്ങൾ തൃപ്പാദത്തിൽ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സ്വമനസ്സാലെ പിളർക്കപ്പെടുവാൻ ഏൽപിച്ചുകൊടുത്ത പാറയായ ദൈവമേ, നിന്നിൽ നിന്ന് പാനം ചെയ്ത തിരുസഭയുടെ മക്കളാകുന്ന ഞങ്ങൾ നന്ദിയോടും സ്തോത്രത്തോടും നിൻെറ സന്നിധിയിൽ കഴിക്കുന്ന ഈ ആരാധന കൈക്കൊള്ളേണമേ. തിരുസഭയെ നീയാകുന്ന സ്ഥിരമാം പാറമേൽ ഉറപ്പിക്കേണമേ. ഞങ്ങൾ ആ പാറമേൽ പണിയപ്പെട്ട ആലയമായും നിൻെറ വാസസ്ഥലമായും ചേർന്നുവന്ന് ആത്മീയമായ പരിമളധൂപം അർപ്പിക്കുന്ന ഈ സമയം ഞങ്ങളിൽ കടാക്ഷിക്കണമേ. നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
അത്യുന്നതമാർന്നൊരു പാറയിൽ നിർത്തിയവൻ
തിരുസഭയതിനെ നീ ഉറപ്പിച്ചതിനാലെ
പാതാളത്തിൻ ഗോപുരമതിനെ ജയിപ്പാൻ
കഴിവില്ലാത്തതുപോൽ ഭദ്രമതാക്കി നീ
വിശ്വാസത്തിന്നുടെ കേഫായിൽ നിന്ന്
ഞങ്ങൾ വിളിക്കുന്നു, പ്രാർത്ഥന കേൾക്കണമേ
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെശയ്യാ 28:16-22

2. എബ്രായർ 2:1-9

ഏവൻഗേലിയോൻ വി. മത്തായി 21:33-46

## മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 28 Saturday - ദിനം 28 ശനി

ധ്യാനവിഷയം – ക്രിസ്തുവിൻെറ മണവാട്ടി സഭ

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സ്വർഗ്ഗീയ മണവാളൻ ആകുന്ന കർത്താവേ, മേലുള്ളവരാലും താഴെയുള്ളവരാലും വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും പരിശുദ്ധസഭയ്ക്ക് വിവാഹം നിശ്ചയിക്കപ്പെട്ടവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ മണവാട്ടിയാകുന്ന ഭൗമസഭയുടെ മക്കളാകുന്ന ഞങ്ങൾ നന്ദിയോടെയും സ്തോത്രത്തോടെയും സന്തോഷത്തോടെയും നിൻെറ സന്നിധിയിൽ അണയ്ക്കുന്ന ഈ ആരാധന നീ കൈക്കൊള്ളേണമേ. നിന്നിലുള്ള ഞങ്ങളുടെ സന്തോഷം പൂർണ്ണതപ്പെടുവാനും ഈറേന്മാരും മാലാഖമാരും ഇടവിടാതെ സന്തോഷിക്കുന്ന ഇടമായ നിൻെറ സന്തോഷകരമായ മണവറയ്ക്ക് ഒരുക്കപ്പെടുവാനും ഞങ്ങൾ പാപത്തിൽ നിന്നും വെറുപ്പുകളിൽ നിന്നും പിഴകളിൽ നിന്നും സ്നേഹപൂർവ്വം സ്വാതന്ത്ര്യപ്പെടുവാനും ഇടയാകേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ മണവാട്ടിയായി വിവാഹം നിശ്ചയിക്കപ്പെട്ടിട്ടും നീയുമായുള്ള ഉടമ്പടി ബന്ധത്തിൽ നിലനിൽക്കുവാൻ കഴിയാതെ വീണുപോയ ഞങ്ങളുടെ കുറവുകളെ കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിർമ്മല പ്രവർത്തികളാൽ വിവാഹ വസ്ത്രം ഒരുക്കേണ്ടവരായ ഞങ്ങൾ അതിനെ മറന്ന് ജീവിച്ചു പോയ കുറവുകളെ കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങൾക്കായി ഒരുക്കപ്പെടുന്ന മണിയറയേയും വാസസ്ഥലത്തേയും മറന്ന് ഇഹലോകത്തിലെ മായാവസ്ഥയിൽ മതിമറന്നു പോയ കുറവുകളെ കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളെ ചേർത്തുകൊള്ളുവാനുള്ള നിൻെറ രണ്ടാമത്തെ വരവിനായി ബുദ്ധിയുള്ള കന്യകമാരെപ്പോലെ ഒരുങ്ങിയിരിക്കേണ്ടവരായ ഞങ്ങൾ ഒരുക്കമില്ലാത്തവരായി ജീവിച്ചു പോയ കുറവുകളെ കർത്താവേ.. ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

കന്യാവ്യതവും വെടിപ്പുമുള്ള തിരുസഭയെ തനിക്ക് വിവാഹത്തിന് നിശ്ചയിക്കുന്ന സത്യമണവാളനും സ്ലീബായിലുള്ള തൻെറ മരണത്താൽ തൻെറ മണവാട്ടിസഭയുടെ വീണ്ടെടുപ്പുകാരനുമായ മ്ശിഹാ തമ്പുരാനേ, മാഞ്ഞുപോകാത്ത ആ കല്ല്യാണ വിരുന്നിനും അഴിഞ്ഞുപോകാത്ത ആ മണവറയ്ക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിൻെറ മണവാട്ടിസഭ വിശുദ്ധിയുടെ ശുഭ്രവസ്ത്രം ധരിച്ച് നിനക്കായി ഒരുക്കപ്പെടുവാൻ ഈ നോമ്പുനാളുകളിൽ സഹായിക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സത്യമണവാളനും തിരുസഭയെ വഴിതെറ്റിൽ നിന്നും വീണ്ടെടുത്തവനുമായ മ്ശിഹാ തമ്പുരാനുമായ കർത്താവേ, പിതാവിൻെറ ഹിതപ്രകാരം തിരുസഭയെ വിവാഹം നിശ്ചയിക്കപ്പെടുവാനായി താണിറങ്ങി വരികയും തന്നെത്തന്നെ നൽകി അവളുടെ വീണ്ടെടുപ്പുകാരനായി തീരുകയും കാനാ എന്ന പട്ടണത്തിൽ ക്ഷണിക്കപ്പെട്ടവനായി വന്ന് വെള്ളത്തെ വീഞ്ഞാക്കി നൽകി തൻെറ സ്വർഗ്ഗീയ വിരുന്നിനെ അടയാളപ്പെടുത്തുകയും തൻെറ ക്രൂശുമരണത്താൽ തൻെറ മണവാട്ടിസഭയെ വെടിപ്പാക്കി വിശുദ്ധീകരിക്കുകയും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ ശുദ്ധവും നിഷ്ക്കളങ്കയുമായി തനിക്കുതന്നെ തേജസ്സോടെ മുൻ നിറുത്തേണ്ടതിനു നീ തന്നെത്താൻ ഏൽപിച്ചു കൊടുക്കുകയും ചെയ്തു. എൻെറ പിതാവിൻെറ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കും നാൾവരെ ഞാൻ മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്നു ഇനി കുടിക്കയില്ല എന്നും ഞാൻ വരുവോളം ഇതു എൻെറ ഓർമ്മയ്ക്കായി ചെയ്‌വീൻ എന്നും അരുളിച്ചെയ്ത് നിൻെറ ഓർമ്മയ്ക്കായി പുതിയ നിയമത്തെ നീ സ്ഥാപിക്കുകയും മരണക്കാസായാകുന്ന പാനപാത്രത്തെ നീ നുകരുകയും ചെയ്തു. തൻെറ വിശ്വാസസമൂഹത്തിനു വാസസ്ഥലം ഒരുക്കുവാനായി നീ

സ്വർഗ്ഗാരോഹണം ചെയ്യുകയും നിന്റെ പരിശുദ്ധറൂഹായെ കാര്യസ്ഥനായി അവൾക്കുവേണ്ടി നീ നൽകുകയും നീ മടങ്ങി വരുമെന്നുള്ള ഉറപ്പും സ്വർഗ്ഗീയ മണവറയിലേക്കുള്ള വാഗ്ദാനവും അവൾക്കു നൽകുകയും ചെയ്തു. നിന്റെ മണവാട്ടിയാകുന്ന സഭ വിവാഹത്തിനായി വിശുദ്ധരുടെ നീതിപ്രവർത്തികളാകുന്ന ശുദ്ധവും ശുഭ്രവുമായുള്ള വിവാഹവസ്ത്രത്തെ ഒരുക്കി കാന്തനെ വേൾക്കുവാനായി കാത്തിരിക്കുന്നു. നിനക്കു വഴി ഒരുക്കുവാനായി നീ അയച്ച നിന്റെ സ്നേഹിതനായ യോഹന്നാൻ നിന്റെ മണവാളത്വത്തെ ഞങ്ങളോടു സാക്ഷിച്ചിരുന്നു. ദീർഘദർശിമാരാൽ നീ അതു ഞങ്ങളോടു പ്രഘോഷിച്ചിരുന്നു. ആയതിനാൽ സ്വർഗ്ഗീയ മണവാളനാകുന്ന കർത്താവേ, നോമ്പാലും പ്രാർത്ഥനകളാലും തിരുസഭയിൻ മക്കളാകുന്ന ഞങ്ങൾ ഞങ്ങളെത്തന്നെ വിശുദ്ധീകരിച്ച് വിശുദ്ധർക്കു യോഗ്യമായ നിർമ്മല നടപടികളോടെ നിന്നെ എതിരേൽപാൻ ഒരുങ്ങി നിന്ന ബുദ്ധിയുള്ള കന്യകമാരെപ്പോലെ കാത്തിരിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. കർത്താവേ നിന്റെ പരിശുദ്ധരുടെ സംഘങ്ങൾക്കു തുല്യരും അന്യോന്യം സ്നേഹിക്കുന്നവരും തിന്മപ്പെട്ടവനെ ദ്വേഷിക്കുന്നവരും നിന്റെ ദൈവത്വത്തിനു അനുസരണമുള്ളവരും ആയിട്ട് ഞങ്ങളെ ആക്കേണമേ. നിന്റെ രാജ്യത്തിന്റെ ശുശ്രൂഷയിൽ മടികൂടാതെ ജാഗ്രതയോടും വിശ്വസ്തതയോടും ലാളിത്യത്തോടും കൂടെ പ്രവർത്തിപ്പാൻ നിന്റെ സഭയെ പ്രാപ്തയാക്കണമേ. ഞങ്ങൾ അന്യോന്യം സ്നേഹിക്കുന്നവരും കരുതുന്നവരും ക്ഷമിക്കുന്നവരും തമ്മിൽ ഭാരങ്ങളെ ചുമക്കുന്നവരും സത്യം സംസാരിക്കുന്നവരും അത്യാഗ്രഹമില്ലത്തവരും ആയി എപ്പോഴും കാണപ്പെടുമാറാകണമേ. സകല അരിഷ്ടതകളും ആവലാതികളും സങ്കടങ്ങളും ഒഴിഞ്ഞിരിക്കുന്ന സൗഭാഗ്യകരമായ അവസാനത്തിന് ഞങ്ങൾ യോഗ്യരായിത്തീരണമേ. നിന്റെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

(ഈണം – ഒന്നാം നാൾ അഗ്നിമയന്മാർ.. ..)

സ്വർഗ്ഗമണവാളൻ തിരുസഭയെ
പാണിഗ്രഹണം ചെയ്തപ്പോൾ
ശിമയോൻ യോഹന്നാൻ എന്നിവരെ
ഭരമേൽപിച്ചു കൊടുത്തു
    ഗ്രഹവിചാരം ശിമയോനും
    പ്രസംഗം യോഹന്നാനും
    കൽപ്പിച്ചവരോടരുളി
വിലയേറിയ രക്തം കൊണ്ടു
വാങ്ങിയോരീസഭയെ സൂക്ഷിപ്പിൻ – ബാറെക്മോർ

ശുബ്ഹൊ

വിശ്വസ്ത സഭയേ, ഭയമേതും വേണ്ടാ
നിൻെറ സ്വഭാവഗുണമതിനാലെ
ഒന്നിനു മറ്റൊന്നായ് ആരെയും ഞാൻ
ഗ്രഹണം ചെയ്തീടുകില്ലൊരു നാളും
ഭ്രമമേറുന്നൊരു അന്ത്യത്തിൽ
ആകാശം ഭൂമിയുമൊഴിയുമ്പോൾ
വേണ്ടാ ലേശം ഭ്രമം നിന്നിൽ
നിൻ വാസം സ്ഥിരമാക്കിയതാം
പിതൃപുത്രവിശുദ്ധാത്മ ഭവനേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

 പ. രാജസുതനായി തൻെറ അനുഗ്രഹങ്ങൾ പകർന്ന മണവാളനായുള്ളോവേ, ഞങ്ങൾ സൽപ്രവർത്തികളാൽ പരിമള വാസന നൽകുന്ന വിശേഷ വസ്ത്രം ധരിച്ചും നിന്നെ പ്രസാദിപ്പിക്കുന്ന നിർമ്മല വിശ്വാസത്തിൻെറ പനിനീർ പുഷ്പങ്ങൾ നിൻെറ സ്വർഗ്ഗീയ മണവറയിൽ വിതറിയും നിന്നിലുള്ള ആരാധനയാൽ നിർമ്മല മന്ദിരങ്ങളായും തീർന്ന് നിന്നെ പ്രസാദിപ്പിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനകളാകുന്ന ധൂപം നിൻെറ കർത്തൃത്വത്തെ സന്തോഷിപ്പിക്കേണമേ. നിൻെറ സ്നേഹത്താൽ ഞങ്ങൾക്കായ് ഒരുക്കപ്പെട്ടിരിക്കുന്ന സൗഭാഗ്യ ഭവനങ്ങളിൽ ഞങ്ങളെ വസിപ്പിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

**ബോവുസോ** (അപേക്ഷ) മാർ യാക്കൂബ്
(ഈണം – ദേസുതനേ വലങ്കൈ നീട്ടി.. ..)

മ്ശിഹാ നാഥാ കൈക്കൊള്ളണമേ നോമ്പും പ്രാർത്ഥനയും
നിൻ മണവാട്ടി സഭയതിനെ നീ കൈക്കൊണ്ടതുപോൽ
ബുദ്ധിയുള്ളൊരു കന്യകമാർ പോൽ നിർത്തീടേണമേ
കാത്തിരിപ്പോരായ് എണ്ണയുള്ളവരായ് എതിരേൽപ്പാനായ്
രക്ഷകനേ നിൻ സ്ലീബാ മകുടം ഏകിയതിനയ്
സ്തോത്രം പാടി അതിനെ ധരിപ്പാൻ അതിനെ വഹിപ്പാൻ
സത്യമണാളാനിൻ വകയാകും മണവറ പൂകാൻ
നിർമ്മലവസ്ത്രം ധരിച്ചെതിരേൽപ്പാൻ സന്തോഷിപ്പാൻ

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. ഹോശേ 2:16-23
2. എഫെ 5:25-32

ഏവൻഗേലിയോൻ വി. യോഹ 3:26-30

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 29 Sunday - ദിനം 29 ഞായർ

ധ്യാനവിഷയം – ശബ്ബത്തെന്ന ആത്മീയ അനുഭവം

കൂനിയായ സ്ത്രീയുടെ സൗഖ്യം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. നിവർക്കുന്നവനും എഴുന്നേൽപിക്കുന്നവനും സകല ബന്ധനങ്ങളിൽ നിന്നും വിടുവിക്കുന്നവനും മനുഷ്യരുടെ ആവശ്യങ്ങൾ അറിഞ്ഞ് അവരെ സഹായിക്കുന്നവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ ശബ്ബത്തുനാളിൽ യഥാർത്ഥമായ ശബ്ബത്ത് അനുഭവത്തെ പഠിപ്പിക്കുവാനായി കൂനിയായ സ്ത്രീയെ നീ സൗഖ്യമാക്കി. കൂനിപ്പോകുന്ന ജീവിത സാഹചര്യങ്ങളിൽ നിവരുവാൻ സഹായിക്കുന്ന നിന്റെ കൃപയെ പ്രാപിപ്പാനും നിന്നിൽ ബലം സംഭരിപ്പാനും നിവർത്തി നിർത്തുന്ന ദൈവ കൃപയെ ധ്യാനിപ്പാനും ഈ നോമ്പു മൂലം സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹാശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ നീ കൽപ്പിച്ചതുപോലെ നിന്നോടുകൂടെ ഇരിപ്പാനും നിന്നിൽ വിശ്രമിപ്പാനും സമയം കണ്ടെത്താതെ അതിന്റെ ബാഹ്യപ്രകടനങ്ങളിൽ മാത്രം ശ്രദ്ധിച്ചുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അന്യായത്തിന്റെ ബന്ധനങ്ങൾ കണ്ടിട്ടും കാണാത്തവരെപ്പോലെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അനേകരെ നിവർന്നു നിൽക്കുവാൻ സഹായിക്കേണ്ട ഞങ്ങൾ ഞങ്ങളുടെ വാക്കിലും പ്രവർത്തിയിലും മറ്റുള്ളവരെ നിലംപരിചാക്കി കളയുന്ന കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ദൈവത്തോടും സമസൃഷ്ടങ്ങളോടും പ്രകൃതിയോടുമുള്ള നിരപ്പിൻെറ ശുശ്രൂഷയെ അവഗണിച്ച് സ്വാർത്ഥപ്രേരിതരായി ജീവിച്ചുപോകുന്ന ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

കരുണയാൽ തൻെറ സൃഷ്ടിയെ സന്ദർശിക്കുകയും അതിൻെറ രോഗങ്ങളെയും വേദനകളെയും സുഖപ്പെടുത്തുകയും ചെയ്യുന്ന നന്മകളുടെ ശ്രീഭണ്ഡാരവും അനുഗ്രഹങ്ങളുടെ നിക്ഷേപവും വൈദ്യത്തിൻെറ അരുവിയും ആയിരിക്കുന്ന മ്ശിഹാ തമ്പുരാനേ, നിൻെറ പ്രമാണങ്ങളുടെ സത്യം ഗ്രഹിപ്പാനും നിൻെറ സൗഖ്യത്തെ അനുഭവിപ്പനും ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിപ്പാനും സ്വീകരിക്കേണ്ടവയെ ഉൾക്കൊള്ളുവാനും ഈ നോമ്പിൻെറ യാത്രയിൽ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. നിയമദാതാവും ന്യായധിപതിയും നീതിയിൻ സൂര്യനുമായ മ്ശിഹാ തമ്പുരാനേ, നീ സകലത്തെയും സൃഷ്ടിക്കുകയും എല്ലാറ്റിനെയും ക്രമപ്പെടുത്തുകയും; അനുസരിപ്പാൻ നിയമങ്ങളും പ്രവർത്തിക്കുവാൻ സ്വാതന്ത്ര്യവും തൻെറ സൃഷ്ടിക്ക് നൽകി. നിന്നിൽ സ്വസ്തത കണ്ടെത്തുന്നതിനും നിൻെറ മടിത്തട്ടിൽ ഉള്ള വിശ്രമം ആഘോഷിക്കുന്നതിനും നീയുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനും നീ ആഴ്ചവട്ടത്തിൻെറ എഴാം ദിവസമാകുന്ന ശബ്ബത്ത് ദിവസത്തെ ശുദ്ധീകരിച്ച് വേർ തിരിച്ചു, നീ വിശ്രമിച്ചു. നിന്നിൽ വിശ്രമം കണ്ടെത്തുവാൻ നിൻെറ സൃഷ്ടിയെ നീ ക്ഷണിച്ചു. തൻെറ സൃഷ്ടിയെ സ്വസ്ഥതപ്പെടുത്തുകയും യഥാസ്ഥാനപ്പെടുത്തുകയും ചെയ്യുന്നതായ ശബ്ബത്തിൻെറ പ്രമാണങ്ങൾ നീ നിൻെറ ജനത്തിനു നൽകി. ശബ്ബത്തിൻെറ കർത്താവായി നിൻെറ കൽപ്പനകളുടെ മർമ്മം ഗ്രഹിപ്പാൻ നിൻെറ പുത്രനെ ഞങ്ങളിലേക്ക് അയച്ചു. നിൻെറ നിയമത്തിൻെറ സാരം മറന്ന് നിസ്സാരന്മാരായി നിയമങ്ങൾക്കുവേണ്ടി വാദിക്കുന്ന പരീശരെ നീ നിൻെറ നിയമത്തിൻെറ സാരം ശബ്ബത്തു നാളിൽ ഗ്രഹിപ്പിച്ചു. ബന്ധനങ്ങൾക്ക് വിമോചനവും വീണ്ടെടുപ്പും ആകേണ്ട ശബ്ബത്ത് നാളിനെ സാത്താന്യബന്ധനത്തെ അഴിക്കുവാൻ നീ തിരഞ്ഞെടുത്തു. അതിനാൽ നീ ശബ്ബത്തിനും കർത്താവാകുന്നു എന്നും മനുഷ്യൻ ശബ്ബത്തിനു വേണ്ടിയല്ല, ശബ്ബത്ത് മനുഷ്യനുവേണ്ടിയത്രെ എന്ന പ്രമാണം പഠിപ്പിക്കുകയും ചെയ്തു. അതിലൂടെ ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്ക് കാഴ്ചയും

പീഡിതരെ വിടുവിച്ചയപ്പാനും കർത്താവിൻെറ പ്രസാദവർഷം പ്രസംഗിപ്പാനുമുള്ള തൻെറ വലിയ ശുശ്രൂഷയെ നിൻെറ ജനത്തിന് വെളിപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട് നിൻെറ കരുണയോട് ചേർന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു, ആലസ്യത്തിൽ പെട്ടിരിക്കുന്നവരെയും പീഡിതരെയും ഞെരുങ്ങിയിരിക്കുന്ന വരെയും വ്യസനിച്ചിരിക്കുന്നവരെയും; ആവശ്യം കൊണ്ടും ദാരദ്ര്യം കൊണ്ടും വലഞ്ഞിരിക്കുന്നവരെയും പരദേശികളെയും അഗതി കളെയും ബന്ധനസ്ഥരെയും ഏകാന്തവാസികളെയും അനാഥരെയും വൈധവ്യം അനുഭവിക്കുന്നവരെയും നീ സ്വസ്ഥത പ്പെടുത്തേണമേ. നിൻെറ ക്രൂശ് മരണത്താൽ ലഭ്യമായ പാപങ്ങളിൽ നിന്നുള്ള വിമോചനവും ബന്ധനങ്ങളിൽ നിന്നുള്ള വിടുതലും സർവ്വകാലവും ഞങ്ങൾക്ക് ശേഷിച്ചിരിക്കുന്ന ശബ്ബത്തനുഭവം ആയിരിക്കേണമേ. നിൻെറ ശബ്ബത്തിൻെറ പൂർണ്ണതയായ നിൻെറ രണ്ടാമത്തെ എഴുന്നെള്ളത്തിങ്കൽ നിന്നെ എതിരേൽപ്പാനും നിൻെറ വലത്തു ഭാഗത്തുള്ള കുഞ്ഞാടുകളോടുകൂടി എണ്ണപ്പെടുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

കർത്താവേ, പാപത്തിൻെറ അടിമത്വത്തിൽ നിന്നും വ്യർത്ഥ കാര്യങ്ങളിൽ നിന്നുള്ള ചിന്താകുലത്തിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കി ലഘുവായുള്ളതും ഇമ്പമായുള്ളതുമായ നിൻെറ നുകത്തിൻ കീഴെ നിനക്കു ഞങ്ങൾ ഉത്തമവും പരിപൂർണ്ണവു മായുള്ള ശുശ്രൂഷ ചെയ്യുവാൻ ഞങ്ങളെ യോഗ്യതയുള്ള വരാക്കേണമേ. നീതിയും സമാധാനവും സന്തോഷവും പരിപൂർണ്ണ തയിൽ വാഴുന്ന നിൻെറ രാജ്യത്തിൻെറ സാക്ഷികളായി ദൈവ ത്തോടൊപ്പം പ്രയത്നിപ്പാൻ ഞങ്ങളെ ശക്തീകരിക്കേണമേ. നിൻെറ രണ്ടാമത്തെ വരവിങ്കൽ അവിടുത്തെ വലത്തു ഭാഗത്തുള്ള നിലയ്ക്കു യോഗ്യരായി തീരുവൻ ഇടയാകുന്ന വിധത്തിൽ ഞങ്ങളുടെ ജീവിതങ്ങളെ ക്രമീകരിക്കുവാൻ ശക്തീകരിക്കണമേ. ഞങ്ങൾ നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – ദൈവസുതർ നാം ആയിടുവാൻ. ..)

ബന്ധനമുക്തി നൽകിയോനേ
ബന്ധിതരായി ഞങ്ങൾ തീർന്നതാലെ
പാപനുകത്തിൻ അമ്മിക്കയറുകളഴിപ്പാനായി
ശബ്ബത്തിനും കർത്താവായോൻ
കൂനിപ്പോകും ബന്ധനങ്ങൾ അഴിപ്പാനും നിവർപ്പാനും
തുണ ചെയ്തീടണമേ
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. വീണ്ടെടുക്കുന്നവനും വിടുവിക്കുന്നവനും ഞങ്ങളുടെ പാപബന്ധനങ്ങളെ ഞങ്ങളിൽ നിന്ന് അകറ്റിയവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ രക്ഷാകരമായ സകലവ്യാപാരങ്ങളെയും നന്ദിയോടെ ഓർത്തുകൊണ്ട് നിന്റെ സന്നിധിയിൽ കഴിക്കുന്ന ഈ ആരാധനയെ നിന്റെ വിശുദ്ധ യാഗപീഠത്തിന്മേൽ അർപ്പിക്കുന്ന പരിമളധൂപമായി കൈക്കൊണ്ട് നിന്റെ സ്വസ്ഥതയാകുന്ന ശബ്ബത്തനുഭവത്തെ ഞങ്ങളിൽ പകരേണമേ. നിന്നിൽ വിശ്രമം കണ്ടെത്തുവാനും നിന്നിൽ വിശ്രമിക്കുന്നവരായ എല്ലാവരുടെയും ഒപ്പം ഞങ്ങൾ ചേരുവാനും ഞങ്ങളെ ഒരുക്കമുള്ളവരാക്കി തീർക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയർപ്പാൽ വിടുതൽ തന്ന. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

ന്യായപ്രമാണം ചമച്ചോൻ
ന്യായത്തെ അവരോടോതി
ബന്ധനമഴിപ്പാനത്രെ
ശബ്ബത്തിന്നുടെ സാരാംശം

പതിനെട്ടു സംവത്സരമായി
കൂനിപ്പോയതാം സ്ത്രീയെ
നിന്നുടെ ആർദ്രതയാൽ നിവർത്തി
ശബ്ബത്തിലും നീ കർത്താവായി

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് നോമ്പേറ്റോനേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **യെശയ്യാ 50:1–5**
2. **അപ്ര 16:13–24**

**ഏവൻഗേലിയോൻ വി. ലൂക്കോ 13:10–17**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 30 Monday - ദിനം 30 തിങ്കൾ

**ധ്യാനവിഷയം – ക്രിസ്തു – കരുണയുടെ സങ്കേതം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. കരുണയിൽ സമ്പന്നനും കരുണയുടെ ഭവനം ആകുന്ന ബേഥെസ്ദായിൽ എഴുന്നെള്ളിയവനും തന്റെ കരുണയാൽ സകലരെയും സുഖപ്പെടുത്തുന്നവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ കരുണയാൽ ഞങ്ങളോടു മനസ്സലിയേണമേ. തന്റെ സൃഷ്ടിയുടെ നിസ്സഹായതയിൽ സഹായഹസ്തം നീട്ടുന്നവനും വിടുവിക്കുന്നവനും രക്ഷിക്കുന്നവനും സൗഖ്യമാക്കി വീണ്ടെടുക്കുന്നവനുമായ കർത്താവേ, നിന്റെ കരുണാർദ്ര ഹൃദയം ഞങ്ങൾക്ക് തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ ദൃഷ്ടികളും ഹൃദയങ്ങളും നിന്നിൽ ആയിരിക്കുവാനും നിന്നിൽ നിന്ന് സഹായങ്ങൾ ലഭിപ്പാനും ഞങ്ങളെ തുണയ്ക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ബേഥെസ്ദ കുളക്കര പോലെ കാര്യസാദ്ധ്യത്തിനായി ഒന്നാമതായി ഓടി എത്താൻ ഉള്ള പാച്ചിലിൽ പരാജിതരായി പോകുന്ന നിസ്സഹായരെ നിന്റെ കണ്ണിലൂടെ കാണുവാൻ സാധിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. തന്റെ മുഴുവൻ പ്രതീക്ഷയും ബേഥെസ്ദ കുളക്കരയിൽ അർപ്പിച്ചു കഴിഞ്ഞ നിസ്സഹായനായ രോഗിയെ പോലെ ഞങ്ങളുടെ ചുറ്റുപാടിൽ അനേകർ ഉണ്ടായിട്ടും സ്വർഗ്ഗീയ വൈദ്യൻ ആകുന്ന നിന്നെ അവർക്കു പരിചയപ്പെടുത്തി കൊടുക്കുവാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സൗഖ്യം കാത്തുകിടന്ന ദീനക്കാരുടെ ഇടയിലേക്ക് ബേഥെസ്ദ കുളക്കരയുടെ പടികൾ ചവിട്ടി ഇറങ്ങിയ കർത്താവേ, നിൻെറ കരുണയുടെ പ്രവാഹം ഞങ്ങളിലെത്തിയിട്ടും അതിനെ പ്രവഹിപ്പിക്കുവാൻ സാധിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സൗഖ്യമാക്കുവാനുള്ള മനസ്സോടെ നിനക്കു സൗഖ്യമാകുവാൻ മനസ്സുണ്ടോ എന്നു ചോദിച്ച കർത്താവേ, നിൻെറ മനസ്സറിഞ്ഞ് ജീവിക്കുവാൻ മറന്നു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ആടുകളുടെ വലിയ ഇടയനായി തൻെറ ആടിനെ രക്ഷിപ്പാൻ അറുക്കപ്പെട്ട കുഞ്ഞാടായി തീർന്ന മ്ശിഹാ തമ്പുരാനേ, യെരുശലേമിലെ ആട്ടുവാതിലിൽ നീ എഴുന്നെള്ളി വന്ന് ഞങ്ങൾക്കു നിൻെറ സൗഖ്യദായക ശുശ്രൂഷയുടെ മർമ്മങ്ങളെ വെളിപ്പെടുത്തി തൻെറ കരുണയാകുന്ന ഔഷധത്താൽ ഞങ്ങളെ പരിപാലിക്കുകയും തൻെറ കൃപയാകുന്ന നോട്ടത്താൽ ഞങ്ങളെ ദർശിക്കുകയും ചെയ്യുന്ന നല്ല വൈദ്യനുമായ തനിക്ക് പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. തൻെറ ആടുകളിൽ ചിതറി പോയവരെ കൂട്ടിച്ചേർക്കുന്നവനും നഷ്ടപ്പെട്ടു പോയതിനെ തേടി വന്ന് രക്ഷിക്കുന്നവനും തൊഴുത്തിലേക്ക് പ്രവേശിപ്പിക്കുന്നവനും ആടുകളുടെ വാതിലായി തീർന്നവനുമായ ദൈവമായ കർത്താവേ, നിൻെറ ആ ദിവ്യ സ്നേഹത്തെ നിൻെറ സൃഷ്ടിക്ക് നീ വെളിപ്പെടുത്തി. ഞെരുക്കത്തിൽ ഇരിക്കുന്നവർക്ക് രക്ഷകനായും പീഡിതരെ വിടുവിച്ചയക്കുന്നവനായും അലഞ്ഞിരിക്കുന്നവരടെ സങ്കേതമായും അന്യായം അനുഭവിക്കുന്നവരുടെ വീണ്ടെടുപ്പുകാരനായും വിശ്വാസത്തോടെ നിന്നെ വിളിക്കുന്നവരുടെ സഹായഹസ്തമായും ആശയറ്റവരുടെ പ്രത്യാശയായും നീ നിന്നെത്തന്നെ നൽകിയിരിക്കുന്നുവല്ലോ. യാഗത്തിനായുള്ള ആടുകളെ ശുദ്ധീകരിക്കുന്ന തീർത്ഥവും കരുണയുടെ ഭവനം എന്ന പേർ വിളിക്കപ്പെട്ടതും കരുണ ലഭ്യമല്ലാതായി പോയ അനേകരുടെ സങ്കേതസ്ഥലവും പുറന്തള്ളപ്പെട്ട എല്ലാ രോഗികളുടെയും സൗഖ്യസ്ഥാനവുമായ ബേഥെസ്ദ കുളക്കരയിൽ നീ ഊനമറ്റ

കുഞ്ഞാടായും വ്യാധിതരുടെ അഭയസ്ഥാനവുമായിത്തീർന്നു, മുപ്പത്തി എട്ടു സംവത്സരമായി സൗഖ്യത്തിനായുള്ള പോരാട്ടത്തിൽ തളർന്നു പോയവനും എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനുമായ രോഗിയായവനെ നീ കണ്ടെത്തുകയും സൗഖ്യത്തിന്റെ ഉറവയെ നീ തുറന്നു കൊടുക്കുകയും ചെയ്തു. തന്റെ നോട്ടത്താലും വചനത്താലും ഞങ്ങളെ സുഖപ്പെടുത്തുന്ന കർത്താവേ, നിന്റെ നോട്ടം ഞങ്ങൾക്ക് സൗഖ്യ വിഷയവും നിന്റെ വചനം ഞങ്ങൾക്ക് ബലദായകവുമല്ലോ. ഈ നോമ്പുനാളുകളിൽ നിന്റെ ദൃഷ്ടി ഞങ്ങളുടെ മേൽ പതിക്കുകയും നിന്റെ സൗഖ്യത്തിന്റെ അനുഭവക്കാരായി ഞങ്ങൾ തീരുകയും നിന്റെ കണ്ണിലൂടെ ലോകത്തെ കാണുവാനും നിന്റെ നാവായി ഞങ്ങളുടെ അധരങ്ങൾ ചലിക്കപ്പെടുവാനും ഞങ്ങളെ പരിശീലിപ്പിക്കേണമേ. തന്റെ രോഗം മൂലം എല്ലാവരിൽ നിന്നും ദൂരത്താക്കപ്പെട്ട രോഗിയെ സൗഖ്യം നൽകി യഥാസ്ഥാനപ്പെടുത്തുന്ന കരുണയെ ധ്യാനിച്ച്, പുറത്താക്കപ്പെട്ടവരിലേക്കും അതിരുകളിലും തീരങ്ങളിലും ആയിരിക്കുന്നവരിലേക്കും നിന്റെ കരുണയെ എത്തിപ്പാൻ ഞങ്ങളെ ഈ നോമ്പുനാളുകളിൽ സഹായിക്കണമേ.

ഞങ്ങൾ ഐക്യമത്യപ്പെട്ട് മറ്റുള്ളവർക്കായി പ്രാർത്ഥിക്കുവാനും രോഗികളുടെ സൗഖ്യത്തിനായി പ്രവർത്തിക്കുവാനും ഞങ്ങളെ സഹായിക്കണമേ. രോഗങ്ങളിലും ദുഃഖങ്ങളിലും ആവശ്യങ്ങളിലും ഇരിക്കുന്നവരെ സഹായിക്കുവാനുള്ള താൽപ്പര്യം ഞങ്ങളിൽ വർദ്ധിപ്പിക്കേണമേ. ബലഹീനരെയും നിസ്സഹായരെയും പരദേശികളെയും വ്യസനത്തിലിരിക്കുന്നവരെയും നീ കടാക്ഷിക്കണമേ. രോഗികൾക്കു ദൈവകൃപയും ആത്മവിശ്വാസവും ധൈര്യവും പ്രതിസന്ധികളെ അതിജീവിപ്പാനുള്ള പരിശുദ്ധാത്മ ശക്തിയും നൽകണമേ. അറുക്കപ്പെട്ട കുഞ്ഞാടിന്റെ കല്യാണ ദിവസം നിന്റെ മണവറയിൽ ഞങ്ങൾ ആനന്ദിക്കപ്പെടുവാനും നിന്റെ സന്തോഷങ്ങളുടെ പൂർണ്ണതയിലേക്ക് പ്രവേശിക്കപ്പെടുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്താവേ നിൻ ദാസരാം.. ..)

ആട്ടുവാതിലിൽ കുഞ്ഞാടായോൻ കരുണയോടെത്തി
തള്ളപ്പെട്ടൊരു കുഞ്ഞാടിനെ കണ്ടെത്തി കർത്തൻ

മുപ്പത്തെട്ടാണ്ടു കുളക്കരയിൽ സൗഖ്യം കാത്തു
കിടന്നവനാം രോഗിയെ സുഖപ്പെടുത്തീശൻ

വചനമാം നിൻ ഉറവിൽ നിന്നും കുളിച്ചെഴുന്നവനായ്
സൗഖ്യമായി കിടക്കയും എടുത്തു നടന്നു

നോക്കൂ അധികം തിന്മ നിനക്കു ഭവിച്ചീടായ്വാൻ
മേലിൽ പാപം ചെയ്യരുതെന്നരുളി കർത്തൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തൻെറ നിത്യതയുടെ മഹാശുദ്ധസ്ഥലത്ത് നിൻെറ ശ്രേഷ്ഠത വായിക്കപ്പെടുകയും നിൻെറ കരുണ പ്രഘോഷിക്കപ്പെടുകയും നിൻെറ കൃപ വാഴ്ത്തപ്പെടുകയും ചെയ്യുന്ന ഇടത്ത് ഞങ്ങളുടെ നോമ്പിൻ പ്രാർത്ഥനകളാകുന്ന പരിമള വാസന ധൂപമായി അർപ്പിക്കപ്പെടുവാനും നിൻെറ കരുണയുടെ ഭവനത്തിൽ ഞങ്ങൾ ചേർക്കപ്പെടുവാനും ഇടയായി തീരണമേ. നിനക്ക് യുക്തമായ പുകഴ്ചയും സ്തോത്രങ്ങളും നിൻെറ സന്നിധിയിൽ ഞങ്ങൾ സമർപ്പിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
    ആടുകളുടെ വാതിൽ ആടുകളെ തേടി
    ആട്ടിൻ വാതിലിൽ സൗഖ്യദായകൻ
കഴുകുക ഞങ്ങളെ നീ സൗഖ്യത്തിന്നുറവേ
വെടിപ്പാക്കീടണമെ നിൻ തിരുരുധിരത്താൽ
    കരുണക്കടലേ നീ കരുണാഭവനത്തിൽ
    കരുണയോടെത്തിയപോൽ കനിയുക ഞങ്ങളിലും
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **മീഖാ 7:7–20**
2. **അപ്ര 3:1–8**

**ഏവൻഗേലിയോൻ വി. യോഹ 5:1–18**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 31 Tuesday - ദിനം 31 ചൊവ്വ

**ധ്യാനവിഷയം – മുന്തിരിവള്ളിയും കൊമ്പുകളും**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സാക്ഷാൽ മുന്തിരി വള്ളിയും മുന്തിരി രസത്തെ നിന്റെ രക്തമായി പുതിയ നിയമത്തിലൂടെ പകർന്നവനുമായ കർത്താവേ, നിന്റെ കൊമ്പുകൾ ആകുവാൻ ഞങ്ങളെ നീ അനുവദിക്കുകയും നിന്നിൽ ഫലം കായ്ക്കുവാൻ തക്കവണ്ണം ഞങ്ങളെ ക്ഷണിക്കുകയും ചെയ്തിരിക്കുന്നുവല്ലോ. നിന്റെ സഭയാകുന്ന മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാനും നിന്റെ പരിശുദ്ധാത്മാവിന്റെ ഫലം നിന്നിലൂടെ പുറപ്പെടുവിക്കുവാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ ഒരുക്കണമേ. ഞങ്ങളെക്കുറിച്ചുള്ള നിന്റെ താൽപര്യം ജീവരസമായി ഞങ്ങളിൽ ഒഴുക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇപ്പോഴും എല്ലായ്പ്പോഴും സമർപ്പിക്കും. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണമെന്നും നിങ്ങൾക്ക് തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും എന്നും അരുളിയ കർത്താവേ, ഞങ്ങൾ അന്യോന്യം ആത്മാർത്ഥമായി സ്നേഹിക്കാതെ ജീവിച്ച കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കു കഴിയില്ല എന്നും ഞാൻ മുന്തിരി വള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു എന്നും അരുളിയ കർത്താവേ, നിന്നിൽ പൂർണ്ണമായി വസിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ട കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളെ ആക്കി വെച്ചിരിക്കുന്നു എന്നരുളിയ കർത്താവേ, കർത്താവിനായി നല്ല ഫലങ്ങൾ പുറപ്പെടുവിക്കുന്നതിൽ ഞങ്ങൾ പരാജയപ്പെട്ട കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിനു ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവർ ആയിരിക്കേണ്ടതിനു തന്നെ" എന്ന് തൻെറ പിതാവിനോട് പ്രാർത്ഥിച്ച കർത്താവേ, ഞങ്ങൾ ഐക്യമില്ലാതെ വിഭാഗീയതയിലും ഭിന്നതയിലും ജീവിക്കുന്ന കുറവുകളെ,

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ തിരുവിഷ്ടപ്രകാരം സത്യമുന്തിരിവള്ളിയായി തിരുസഭയെ നട്ടവനും അതിന് തടമെടുത്ത് വളരുമാറാക്കിയവനും ആയ മ്ശിഹാ തമ്പുരാനേ, നിൻെറ പീഡാനുഭവം ആകുന്ന മുന്തിരി ചക്കിലൂടെ നിൻെറ മുന്തിരി രസത്തിൻെറ അനുഭവം ഞങ്ങൾക്കു പകർന്നു തരികയും നിൻെറ ക്രൂശ് മരണമാകുന്ന മരണക്കാസായെ നീ നുകരുകയും നിൻെറ മണവറയാകുന്ന രക്ഷയുടെ കാസ ഞങ്ങൾക്കു സാധ്യമാക്കി തീർക്കുകയും ചെയ്തവൻ നീയാകുന്നു. ദൈവീകമാകുന്ന ഈ ശുശ്രൂഷ പൂർണ്ണമാക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പിൻ നാളുകളിലും ഞങ്ങളുടെ ആയയസ്സിൻ നാളൊക്കെയും നിനക്കു സ്തുതിയും ബഹുമാനവും കരേറ്റും. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. കൊമ്പുകളെ പുറപ്പെടുവിച്ച് ഫലം കായ്പ്പാനും നല്ല മുന്തിരി വള്ളിയായി തീരുവാനും തക്കവണ്ണം വെള്ളത്തിന്നരികെ നല്ല നിലത്ത് തിരുസഭയെ നട്ട തോട്ടക്കാരനായ കർത്താവായ യേശു മ്ശിഹായുടെ പിതാവാം ദൈവമേ, പടർന്നിരിക്കുന്ന ഒരു മുന്തിരി വള്ളിയായി നിൻെറ ജനത്തെ ദേശത്ത് ആക്കുകയും അതിൻെറ നൽഫലങ്ങളെ അനുഭവിക്കുവാൻ കാത്തിരിക്കുന്നവനുമായി നീ നിന്നെത്തന്നെ വെളിപ്പെടുത്തി. നീ "അതിന് വേലി കെട്ടി, അതിലെ കല്ലുകൾ പെറുക്കി കളഞ്ഞു, നടുവിൽ ഒരു ഗോപുരം പണിതു, ഒരു ചക്കുമിട്ടു. ഫലം കായ്ക്കുമെന്നു കരുതി കാത്തിരുന്നു; കായ്ച്ചതോ കാട്ടുമുന്തിരിങ്ങയത്രെ" എന്ന് വഴി തെറ്റിപ്പോയ നിൻെറ ജനത്തെക്കുറിച്ച് നിൻെറ പ്രവാചകനിലൂടെ ഞങ്ങളെ അറിയിച്ചു. അതിനാൽ സാക്ഷാൽ മുന്തിരിവള്ളിയാകുന്ന നിൻെറ പുത്രനെ നൽകി അതിൻെറ കൊമ്പുകൾ ആയിരിപ്പാൻ ഞങ്ങളെ അനുവദിക്കുകയും നിൻെറ ജീവരസം ഞങ്ങളിലേക്ക്

പകരുകയും ചെയ്തു. “എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും എന്നും കൊമ്പിന് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്പ്പാൻ കഴികയില്ല” എന്ന് നീയും സഭയുമായുള്ള ബന്ധത്തെ സാദൃശീകരിച്ച് ഞങ്ങളെ പഠിപ്പിക്കുകയും ഈ സചേതന ബന്ധം അടയാളപ്പെടുത്തുകയും ചെയ്തു. ആകയാൽ ഞങ്ങളെ നിന്നിൽ ചേർത്തുകൊണ്ട കർത്താവേ, നിന്നിൽ നിലനിൽപ്പാനും നിലനിൽപ്പിൻെറ ഉദ്ദേശ്യം മറന്നുപോകാതെ നിറഞ്ഞു ഫലം കായ്പ്പാനും ഞങ്ങളെ സഹായിക്കണമേ. നിന്നിൽ വസിക്കാത്ത കൊമ്പുപോലെ പുറത്തു കളഞ്ഞ് ഉണങ്ങി പോകുവാനോ തീയിലിട്ട് വെന്തുപോകുവാനോ ഞങ്ങൾക്ക് ഇടയാകരുതേ. ഞങ്ങളുടെ നല്ല ഫലത്താൽ സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തുവാനും യഥാർത്ഥമായ നിൻെറ ശിഷ്യരായിരിപ്പാനും നിൻെറ സ്നേഹത്തിൽ വസിപ്പാനും നിൻെറ സന്തോഷം ഞങ്ങളുടെ ഹൃദയങ്ങളിൽ ഇരിപ്പാനും ഞങ്ങളുടെ സന്തോഷം അങ്ങനെ പൂർണ്ണമാകുവാനും ഞങ്ങളെ സഹായിക്കേണമേ.

തമ്മിൽ തമ്മിലുള്ള സ്നേഹത്തിലും ജീവനെ കൊടുക്കുന്നതായ ശുശ്രൂഷയിലും ഞങ്ങൾ ഉറ്റിരിപ്പാൻ ഈ നോമ്പുകാലം ഞങ്ങളെ സഹായിക്കണമേ. ഞങ്ങൾ നിന്നെ തിരഞ്ഞെടുത്തു എന്നല്ല; പിന്നെയോ നി ഞങ്ങളെ തിരഞ്ഞെടുത്തു എന്ന ബോധ്യത്തിൽ നല്ല നിലത്തു വീണ വിത്തു പോലെ സൽഫലം പുറപ്പെടുവിക്കുവാൻ ഞങ്ങളെ ഒരുക്കണമേ. നിന്നിൽ ആശ വെയ്പ്പാനും നന്മ ചെയ്വാനും സൽപ്രവർത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരും സാക്ഷാലുള്ള ജീവനെ കൊള്ളുന്നവരുമായിരിപ്പാൻ ഞങ്ങളെ ഒരുക്കണമേ. ശുദ്ധ ഹൃദയത്തോടെ നടപ്പിൽ പവിത്ര യോഗ്യരായിരിപ്പാൻ ഞങ്ങളെ തുണയ്ക്കേണമേ. ഞങ്ങളോടുകൂടെയും ഞങ്ങളുടെ ഇടയിലും നീ വസിക്കണമേ. ഞങ്ങൾ നിൻെറ ദൈവത്വത്തിനു വെടിപ്പുള്ള വാസസ്ഥലങ്ങൾ ആയിത്തീരാൻ സഹായിക്കണമേ. അവസാന നാളിൽ നിൻെറ തിരഞ്ഞെടുക്കപ്പെട്ടവരോടുകൂടെ ഞങ്ങളേയും നിർത്തേണമേ. പ്രകാശപൂർണ്ണമായ നിൻെറ ഭവനങ്ങളിലും ഭാഗ്യകരമായ നിൻെറ കരുണാ സങ്കേതങ്ങളിലും ഞങ്ങളെ വസിപ്പിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റി ക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – കർത്തനെ നിന്നോടടുപ്പാൻ. ..)

കർത്താവേ നിന്നുടെ കൊമ്പുകളാവാൻ വിളിച്ചതിനാൽ
സ്തോത്രം ഞങ്ങൾ പാടീടുന്നു മോദാൽ
കൊമ്പിനു മുന്തിരിവള്ളീൽ വസിച്ചിടാതെ ഫലമേകാൻ
കഴിയാത്തതുപോൽ ഞങ്ങൾക്കും കഴിഞ്ഞിടാ
കൊമ്പാകും ഞങ്ങൾ ഫലമേകി ജീവിപ്പാനായ്
ഒഴുക്കുക ഞങ്ങളിൽ നിന്നുടെ ജീവരസം

## അപേക്ഷ

 പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. പാപത്താൽ ദുർഗന്ധപ്പെട്ടിരിക്കുന്ന ലോകത്തിൽ നിർമ്മലതയുടെ പരിമളം വീശുവാനായി പുണ്യം ഉണ്ടാക്കുന്ന ധൂപവും സത്യ നടുതലയായി ഞങ്ങളെ നിന്റെ ആലയത്തിൽ നട്ടവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ വിശുദ്ധ സന്നിധിയിൽ ഞങ്ങൾ അണയ്ക്കുന്ന ഈ ആരാധന നല്ല ഫലങ്ങളെ പുറപ്പെടുവിക്കുന്ന ധൂപമായും നിന്നിൽ വസിക്കുന്ന സന്തോഷത്തിന്റെ പരിമള വാസനയായും തീരേണമേ. എളിയവരാകുന്ന ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കേണമേ. നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം – ദേവാ സുതനെ വലങ്കൈ നീട്ടി. ..)

മ്ശിഹാ നാഥാ കൈക്കൊള്ളണമേ നോമ്പും പ്രാർത്ഥനയും
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
മിസ്രേനിൽ നിന്നു പുറപ്പെട്ടോരു മുന്തിരിവള്ളിയായ്
നട്ടു സഭയെ നല്ല നിലത്തു ആറ്ററികത്തു
നൽമുന്തിരിയാവാൻ നട്ടു നനച്ചു തോട്ടക്കാരൻ
എന്നാലയ്യോ കായ്പ്പതു കാട്ടുമുന്തിരിയത്രേ
കർത്താവേ നിന്നുടെ ഹിതമാവാനായ് ജീവിപ്പിക്ക
ചേർക്കുക നാഥാ നിന്നുടെ വള്ളിയിൽ നിന്നുടെ കൊമ്പായ്
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

1. **യിര 2:20–24**
2. **1 യോഹ 2:24–28**

**ഏവൻഗേലിയോൻ വി. യോഹ 15:1–10**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 32 Wednesday - ദിനം 32 ബുധൻ

**ധ്യാനവിഷയം – ക്രിസ്തു – രക്ഷയുടെ കൂടാരം**

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. തൻെറ സൃഷ്ടികൾക്കായി വാസസ്ഥലം ഒരുക്കുന്നവനും തൻെറ ആവസിപ്പാൽ അതിനെ ശുദ്ധീകരിക്കുന്നവനും അതിനെ സന്ദർശിച്ച് അതിൽ പാർത്ത് തൻെറ രക്ഷയെ പ്രദാനം ചെയ്യുകയും ചെയ്ത ദൈവമായ കർത്താവേ, നിൻെറ വീട്ടിൽ ഞങ്ങളെ ചേർത്തുകൊണ്ടതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഞങ്ങൾ നിൻെറ ഭവനാവകാശികളും വിശുദ്ധരുടെ സഹപൗരന്മാരും ആയി നീ ഞങ്ങൾക്കായി ഒരുക്കിയിരിക്കുന്ന വാസസ്ഥലത്തെ നോക്കിപ്പാർത്തുകൊണ്ട് നിന്നിൽ വസിപ്പാൻ ഈ നോമ്പുനാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13. അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ കാരുണ്യം അളവു കൂടാതെ ഞങ്ങളുടെ മേൽ ചൊരിയപ്പെട്ടിട്ടും സക്കായിയെപ്പോലെ നിന്നെ കാണുവാനുള്ള തിടുക്കവും നിൻെറ ദിവ്യ വിളി കേൾക്കുവാനുള്ള വാഞ്ചയും ഞങ്ങളിൽ ഇല്ലാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അനേകരെ നിന്നിലേക്ക് ക്ഷണിക്കേണ്ടവൻ ആയിട്ടും അതിനു തടസ്സമായി ഞങ്ങൾ മാറിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞാനിന്ന് നിൻെറ വീട്ടിൽ പാർക്കേണ്ടതാകുന്നു. കൂടാര വാസികളായ ഞങ്ങളോടൊപ്പം കൂടാരമടിച്ച് നീ പാർത്തിട്ടും ഞങ്ങളുടെ ശരീരമാകുന്ന നിൻെറ ആലയവും വാസസ്ഥലമാകുന്ന ഭവനങ്ങളും രക്ഷയുടെ ഭവനങ്ങളായി മാറ്റപ്പെടാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്നോട് ഒന്നിച്ചുള്ള വാസം സക്കായിയിൽ വരുത്തിയ മാറ്റം പോലെ ഞങ്ങളെയും ഞങ്ങൾക്കുള്ളതിനെയും മറ്റുള്ളവർക്കായി പലമടങ്ങ് മടക്കി നൽകലിന്റെ അനുഭവങ്ങളായി ഞങ്ങളിൽ സംഭവിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സകലത്തിന്റെയും സൃഷ്ടാവും സകലത്തിന്റെയും പരിപാലകനും തന്റെ മക്കൾക്കായി കൈപ്പണിയല്ലാത്ത നിത്യ ഭവനമായി ദൈവത്തിന്റെ ദാനമായ ഒരു കെട്ടിടം സ്വർഗ്ഗത്തിൽ ഒരുക്കിയവനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ സൃഷ്ടികളാകുന്ന ഞങ്ങൾ സ്തോത്രത്തോടും സ്തുതിയോടും നിന്റെ സന്നിധിയിൽ അർപ്പിക്കുന്ന ഈ ആരാധനയെ നീ കൈക്കൊള്ളണമേ. ഞങ്ങൾ നിന്റെ വാസസ്ഥലങ്ങളും നിനക്ക് കൊള്ളാകുന്നവരുമായി ജീവിപ്പാൻ ഈ നോമ്പും ആരാധനയും മുഖാന്തരമാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ..

ജ. ആമ്മീൻ

## സെദറ

പ. സ്വമനസ്സാലെ താണിറങ്ങി വന്ന് മനുഷ്യരോടകൂടെ വസിക്കുകയും അവരെ സന്ദർശിക്കുകയും ചെയ്ത ദൈവമായ കർത്താവേ, സ്വർഗ്ഗം നിന്റെ സിംഹാസനവും ഭൂമി നിന്റെ പാദപീഠവും ആയിരിക്കെ നിന്നെ കാണുവാൻ ആഗ്രഹിച്ച് കാട്ടത്തി മരത്തിന്മേൽ കയറിയ സക്കായിയുടെ വീട്ടിൽ പ്രവേശിച്ച് ഇവനും അബ്രഹാമിന്റെ മകനാകയാൽ ഇന്ന് ഈ വീടിനു രക്ഷയുണ്ടായി എന്ന് അരുളിച്ചെയ്യുകയും അവനെ രൂപാന്തരത്തിലേക്ക് നയിക്കുകയും ചെയ്തവൻ നീയാകുന്നുവല്ലോ. പാപികളെ സ്നേഹിക്കുകയും പാപത്തെ ദ്വേഷിക്കുകയും സത്യാനുതാപത്തിലേക്ക് മനുഷ്യരെ തിരിക്കുകയും ചെയ്യുന്ന ദൈവമേ, നിന്റെ മനസ്സോടെ മനുഷ്യരെ കാണുവാൻ ഞങ്ങളുടെ കണ്ണുകളെ രൂപപ്പെടുത്തുകയും നിന്നെ കാണുവാൻ കൊതിക്കുന്ന കണ്ണുകളെ ഞങ്ങൾക്ക് നൽകിത്തരികയും നീ ഞങ്ങളെ കാണുന്ന ഭാഗ്യകരമായ അനുഭവത്തിലേക്ക് ഞങ്ങളെ നയിക്കുകയും നിന്റെ വിളിയുടെ ദിവ്യമായ ശബ്ദത്തെ കേൾപ്പാൻ ഞങ്ങളുടെ കാതുകളെ തുറക്കുകയും ചെയ്യേണമേ. നീ അതിഥിയായി വന്ന് ഞങ്ങളുടെ ഭവനത്തിന്റെ കർത്തൃത്വം ഏറ്റെടുത്ത് ഞങ്ങളെ നിന്റെ ദിവ്യ സ്വഭാവത്തിന്റെ അംശികളാക്കി തീർക്കുവാൻ തക്കവണ്ണം ഈ നോമ്പ് മുഖാന്തരം ആകേണമേ. മനുഷ്യന് പാർപ്പാൻ നീ ചമച്ചൊരുക്കിയ ഏദൻ തോട്ടത്തിന്റെ പറുദീസാ

അനുഭവം ഞങ്ങളുടെ ഭവനങ്ങളിൽ അനുഭവിപ്പാനും നീ ഞങ്ങൾക്കായി ഒരുക്കുന്ന നിത്യ ഭവനത്തെ നോക്കി പാർത്തു ജീവിപ്പാനും നീ ഞങ്ങളെ സഹായിക്കണമേ. കട്ടിളക്കാൽ രണ്ടിന്മേലും കുറമ്പടിമേലും പുരട്ടപ്പെട്ട കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ മക്കൾക്ക് കാവലായിരുന്നതുപോലെ ജീവനുള്ളതും ജീവൻ നൽകുന്നതുമായ നിന്റെ സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെട്ട ഞങ്ങളുടെ ഭവനങ്ങൾ നിന്റെ ആലയമായും നിന്റെ ദൂതന്മാർ കോവണി വെച്ച് കയറുകയും ഇറങ്ങുകയും ചെയ്യുന്ന ബേഥേലായും തീരേണമേ.

സമൂഹത്തിൽ നിന്നും മതത്തിൽ നിന്നും പുറന്തള്ളപ്പെട്ട വനായിരുന്ന സക്കായിയെ സ്നേഹത്തിന്റെയും കരുതലിന്റെയും അംഗീകരണത്തിന്റെയും കൂട്ടായ്മയിലൂടെ പുതിയ വ്യക്തിത്വമാക്കി രൂപാന്തരപ്പെടുത്തിയ നിന്റെ മാതൃക സ്വീകരിച്ച് പുറന്തള്ളപ്പെട്ടവരെ ചേർത്തു നിർത്തുവാനുള്ള നിന്നുടെ ഭാവം ഞങ്ങളിൽ ഉണ്ടാകുമാറാകണമേ. ദൈവത്താൽ സ്ഥാപിതമായ ഞങ്ങളുടെ കുടുംബജീവിതങ്ങളുടെ അനുഗ്രഹത്തിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. കുടുംബജീവിതം നയിക്കുന്ന ദമ്പതിമാർ, കുടുംബ ജീവിതത്തിനായി ഒരുങ്ങുന്നവർ, അവിവാഹിത ജീവിതം തിരഞ്ഞെ ടുത്തവർ, തക്ക ജീവിത പങ്കാളികളെ ലഭിക്കാതെ വിചാര പ്പെടുന്നവർ, തലമുറകൾ ഇല്ലാതെ കഴിയുന്ന ദമ്പതിമാർ, ദാമ്പത്യ ത്തിലെ വിഷമതകൾ മൂലം ഏകരായി പാർക്കുന്നവർ, മാതാ പിതാക്കളിൽ നിന്നും വേർപെട്ട് കഴിയുന്ന കുഞ്ഞുങ്ങൾ എന്നിവർക്കായി ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. കുടുംബാംഗ ങ്ങളുടെ ഒത്തൊരുമിച്ചുള്ള ജീവിതത്തിലൂടെയും ഊഷ്മള ബന്ധത്തിലൂടെയും കുടുംബജീവിതം ബന്ധങ്ങളുടെ ആഘോഷ മാക്കി മാറ്റുവാൻ നീ സഹായിക്കണമേ. കർത്താവേ, അനുതാപികളെ കൈക്കൊള്ളേണമേ. വീഴ്ചക്കാരോട് ക്ഷമിക്കേ ണമേ. ഞങ്ങളുടെ ശുശ്രൂഷ തിരുമുമ്പാകെ പ്രവേശിക്കുമാറാകേണമേ. നല്ലവനും ദയാലുവുമായ കർത്താവേ, നിന്റെ പരിജ്ഞാനത്തിലേക്ക് വളരുവാൻ ഞങ്ങളെ പ്രാപ്തരാ ക്കണമേ. ഞങ്ങൾ നിന്നിൽ ശരണപ്പെട്ട് പുണ്യപ്പെടുമാറാകണമേ. നിന്റെ കരുണയാകുന്ന ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചു കൊള്ളേണമേ. പരിശുദ്ധാത്മാവിന്റെ ആയുധം ഞങ്ങളെ ധരിപ്പിക്കേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റു മാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – മോറോനീശോ മ്ശിഹായെ നിൻ.. ..)

കർത്താവേ നിൻ തിരുവിഷ്ടം പോൽ നട്ടൊരു തോട്ടം
അതിനുള്ളിൽ ആദാമിനു വാസമൊരുക്കി
പാപത്താൽ വന്നൊരു പിഴയാലെ നഷ്ടമതായി
പറുദീസിൻ ഭാഗ്യം ഞങ്ങൾക്കെന്നന്നേക്കും

നഷ്ടമായൊരു നൽഭാഗ്യത്തെ തിരികെ നൽകാൻ
നഷ്ടം സഹിച്ചു നേടുവാനായ് മ്ശിഹാ കർത്തൻ
ചുങ്കക്കാരനാം സക്കായിയുടെ വീട്ടിൽ ചെന്നു
ഇന്നീ വീടിനു രക്ഷയുണ്ടായ് എന്നരുളി നാഥൻ
ഈർച്ച വരാതെ നിൻ വഴി തന്നിൽ നടന്നീടുവാൻ
തിന്മപ്പെട്ടവനിൽ നിന്നും രക്ഷിക്ക ഞങ്ങളെ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി സ്വർഗ്ഗീയ ഭവനം വിട്ട് ഞങ്ങളിലേക്ക് ഇറങ്ങി വന്ന് ഞങ്ങൾക്കു വേണ്ടി പാപപരിഹാരം ആയി തീരുകയും ഞങ്ങളുടെ ഭവനങ്ങളെയും ശരീരങ്ങളെയും നിർമ്മലീകരിച്ച് നിന്റെ ആലയമാക്കി തീർത്തുകയും ചെയ്ത ദൈവമായ കർത്താവേ, നിന്റെ പരിമള വാസന ഞങ്ങളുടെ ആലയങ്ങളെ നിറയ്ക്കേണമേ. ഞങ്ങളുടെ ആരാധന ആചാര്യനായ അഹറോൻ അണച്ച വെടിപ്പുള്ള ധൂപം പോലെ ആയിത്തീരുകയും ഞങ്ങൾ നിനക്ക് പ്രസാദമുള്ള കാഴ്ചകളായി തീരുകയും ചെയ്യേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ യാക്കൂബ്

(ഈണം - ദേവ സുതനെ വലങ്കൈ നീട്ടി. ..)

നാഥാ വാഴ്‌വു നിറഞ്ഞിരിക്കും നിന്നുടെ വാതിൽ
തുറന്നെങ്ങൾ യാചന കേട്ടിട്ടനുഗ്രഹിക്ക
ഉള്ളറയിൽ ചെയ്യും രഹസ്യാപേക്ഷ കർത്താവിനിഷ്ടം
ഉച്ചസ്വരത്താൽ അല്ല വിജയം നീതിജ്ഞർക്ക്
മോശെ തന്നുടെ പ്രാർത്ഥനയാൽ വിഭാഗിച്ചാഴി
കടന്നൂ ജനം, ദുഷ്ട ഫറവോൻ മുങ്ങിമരിച്ചു
ദാവീദിനുടെ പ്രാർത്ഥന കേട്ടു കനിഞ്ഞോരു കർത്തൻ
പാപം പോക്കി പ്രവചന വരവും തിരികെ നൽകി
ബാലകർ മൂവർ ഹനന്യയന്മാർ നോക്കിവിളിച്ചു
തീജ്വാലയിൽ നിന്നവരെ ദൈവം രക്ഷിതരാക്കി
നമ്മെ ഇളക്കി ഭയപ്പെടുത്തും കാര്യങ്ങൾ മൂന്ന്
മൃതിതൻ സമയം, വിധിസിംഹാസനം, അഗ്നി നരകം
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. ഉൽപ്പത്തി 18:1–10**

**2. റോമർ 6:19–23**

**ഏവൻഗേലിയോൻ വി. ലൂക്കോ 19:1–10**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 33 Thursday - ദിനം 33 വ്യാഴം

ധ്യാനവിഷയം – അടിപ്പിണരാലുള്ള സൗഖ്യം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ഇല്ലാതാക്കിയവനും തന്റെ പീഢാനുഭങ്ങളാൽ ഞങ്ങളുടെ പീഢാനുഭവങ്ങളെ നീക്കിയവനും ഞങ്ങൾക്കുവേണ്ടി യാഗമായി അർപ്പിക്കപ്പെടുകയും ഞങ്ങൾക്ക് പാപപരിഹാരം ഉണ്ടാക്കുകയും ശുദ്ധീകരിക്കുന്നതായ തന്റെ റൂഹായാൽ ഞങ്ങളെ വിശുദ്ധീകരിക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, നിന്റെ അടിപ്പിണരാലുള്ള സൗഖ്യത്തിന്റെ അനുഭവക്കാരായി നിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ട ഞങ്ങൾ സ്തുതിയോടും സ്തോത്രത്തോടും നന്ദിയോടും അർപ്പണത്തോടും നിന്റെ സന്നിധിയിലേക്ക് അടുത്തു വരുന്നു. നിന്റെ സ്നേഹത്തെ ധ്യാനിക്കുവാനും നിന്റെ കൃപയിൽ മുതിരുവാനും നിന്റെ സ്നേഹത്തിൽ വളരുവാനും ഈ ആരാധന മുഖാന്തരം ആകേണമേ. ഞങ്ങൾക്കുവേണ്ടി നീ ചെയ്തതിനെ നന്ദിപൂർവ്വം ധ്യാനിക്കുന്ന ആരാധനയായി ഈ നോമ്പും പ്രാർത്ഥനകളും തീരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. ഞങ്ങളുടെ അകൃത്യങ്ങൾ തന്റെ മേൽ ചുമത്തപ്പെട്ടു. ക്രൂശിൽ തകർക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടായ നിന്റെ സ്നേഹത്തെ മറന്നു ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പാപം അറിയാത്തവനായ നീ ഞങ്ങൾക്കുവേണ്ടി പാപമായി തീർന്നിട്ടും ഞങ്ങളുടെ പാപവഴികളിൽ വീണ്ടും രമിച്ചു ജീവിച്ചു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിന്റെ അടിപ്പിണരുകളാൽ ഞങ്ങൾക്കു സൗഖ്യം വന്നിട്ടും ആ അനുഭവത്തെ ഗ്രഹിക്കാതെ കഴിഞ്ഞുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങൾക്കുവേണ്ടി നീ കഷ്ടം സഹിച്ചിട്ടും ആർക്കും വേണ്ടി കഷ്ടം സഹിപ്പാൻ മനസ്സില്ലാതെപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും യാചിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സ്ലീബായിൽ കയറി നമ്മെ വീണ്ടെടുക്കുകയും മൃഗങ്ങളുടെ യാഗങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുകയും ചെയ്തവനായി കന്യകയായ പെണ്ണാടിന്റെ പുത്രനായിരിക്കുന്ന കുഞ്ഞാടായ മ്ശിഹാ തമ്പുരാനേ, ഞങ്ങൾക്ക് ശാപമരം ആയതിനെ നീ ജീവവൃക്ഷമാക്കി തീർക്കുകയും ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് ഞങ്ങളെ വിലയ്ക്കു വാങ്ങി നീ അവർക്കുവേണ്ടി ശാപമായി തീരുകയും ചെയ്തു. തനിക്ക് ദൈവീകമായി സ്തോത്രയാഗം നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുസ്സിന്റെ നാളുകളൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പാപത്തിന് അടിമപ്പെട്ടവരെ സ്വതന്ത്രരാക്കുവാൻ പാപികളുടെ കയ്യിൽ ഏൽപിക്കപ്പെട്ട കർത്താവേ, അന്ധകാരമയമായ ആത്മാക്കളെ പ്രകാശിപ്പിക്കുവാൻ ഉദിച്ച നീതിയിൻ സൂര്യനും ന്യായവിധിയുടെ അതിവേദനയിൽ നിന്ന് ഞങ്ങളെ രക്ഷിപ്പാൻ ശിക്ഷാവിധിയേറ്റ ന്യായാധിപന്മാരുടെ ന്യായാധിപനും ബലവാന്റെ ബന്ധനങ്ങളിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളുവാൻ ബന്ധിക്കപ്പെട്ട ലോകൈകയോദ്ധാവും ലജ്ജയിൽ നിന്നും നാണത്തിൽ നിന്നും ഞങ്ങളെ വേർപെടുത്തുവാൻ പരിഹാസമേറ്റ പരിശുദ്ധനും മഹത്വത്തിന്റെയും പ്രഭയുടെയും വസ്ത്രം ഞങ്ങളെ ധരിപ്പിക്കുവാൻ തന്റെ വസ്ത്രങ്ങൾ ഉരിയപ്പെട്ട മഹിമാവാനും ഞങ്ങളുടെ പ്രാർത്ഥനകൾ കൈക്കൊള്ളപ്പെടുവാൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ച ദൈവവും പാപത്തെ ക്രൂശിൽ തറപ്പാനായി ക്രൂശിക്കപ്പെട്ട അത്യുന്നതനും വിശുദ്ധന്മാരോടുകൂടെ ഞങ്ങളെ എണ്ണുവാൻ അന്യായക്കാരോടുകൂടെ എണ്ണപ്പെട്ട നീതിമാനും ഞങ്ങളുടെ കഷ്ടതകൾ മായിച്ചുകളയുവാനായി ശരീരപ്രകാരം കഷ്ടത അനുഭവിച്ച കഷ്ടത ഇല്ലാത്തവനും മരണത്തെ കൊല്ലുവാൻ ശരീര പ്രകാരം മരിച്ച മരണമില്ലാത്തവനും മരിച്ചവരെ ഉയർപ്പിക്കുവാനായി കബറടക്കപ്പെട്ട പുനരുത്ഥാനവുമായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി

ദൈവകുഞ്ഞാടായി ഇവയെല്ലാം അനുഭവിക്കുകയും സഹിക്കുകയും ചെയ്ത ദൈവം നീയല്ലോ. നിന്റെ ദാസനും വിശ്വാസികൾക്കു പിതാവുമായി നിന്റെ കൽപ്പനയെ അനുസരിച്ചവനും തന്റെ ഏകജാതനായ പുത്രനെ യാഗം കഴിപ്പാനായി മോറിയാ മലയിൽ കൊണ്ടു പോവുകയും "അപ്പാ, തീയും വിറകും ഉണ്ട് യാഗത്തിനുള്ള ആടെവിടെ?" എന്ന ചോദ്യത്തിന് "ദൈവം കരുതിക്കൊള്ളും മകനെ" എന്നു അവന്റെ വിശ്വാസത്തിന് ദൈവം കരുതിയ കുഞ്ഞാടായി നിന്റെ വചനം നിന്നെ ദൃഷ്ടാന്തീകരിച്ചു. തന്റെ പിതാവിന്റെ ഹിതം നിറവേറ്റപ്പെടുവാനായി അറക്കുവാനുള്ള കുഞ്ഞാടിനെപ്പോലെ നീ ഊമനായി മിണ്ടാതെ ഇരുന്നു. അറുക്കപ്പെട്ട കുഞ്ഞാടായി തന്റെ വാഗ്ദത്ത സന്തതികൾക്ക് ജീവൻ നൽകിയതുമായ വില മതിയാവതല്ലാത്ത യാഗം നീയാകുന്നു. "അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേലായി. അവന്റെ അടിപ്പിണരാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു" എന്ന് പ്രവാചകനിലൂടെ നീ ഞങ്ങളോട് അരുളിച്ചെയ്തിരിക്കുന്നു. നിന്റെ ശ്ലീഹന്മാർ അതിനെ സാക്ഷിച്ചുമിരിക്കുന്നു. ആകയാൽ ഞങ്ങൾക്കു രക്ഷ നൽകിയ മ്ശിഹാ തമ്പുരാനേ, നിന്നോടുകൂടെ ക്രൂശിക്കപ്പെടുവാനും നിന്റെ ക്രൂശെടുത്ത് നിന്നെ അനുഗമിപ്പാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ സഹായിക്കേണമേ.

നിന്റെ സ്ലീബാ ഞങ്ങൾക്ക് മാർഗ്ഗവും ദീപവും അത് പാപത്തിന്റെയും മരണത്തിന്റെയും തിന്മയുടെ മേൽ നന്മയുടെ വിജയമാണെന്നും ഉള്ള ബോദ്ധ്യം എപ്പോഴും ഞങ്ങളിൽ ഉണ്ടാകണമേ. "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന ഞങ്ങൾക്ക് ദൈവ ശക്തിയു"മാണെന്ന് ഓർത്തുകൊണ്ട് സകലവും വിട്ട് നിന്നോടൊപ്പം നിന്റെ ശ്ലീഹന്മാരെപ്പോലെ കുരിശിന്റെ വഴിയിൽ സഞ്ചരിപ്പാൻ ഞങ്ങൾക്ക് ശക്തി നൽകേണമേ. നിന്റെ ശിഷ്യന്മാരായി കഷ്ടം അനുഭവിക്കുന്നതിൽ സന്തോഷം കണ്ടെത്തുവാൻ ഞങ്ങൾക്ക് ഇടയാകണമേ. നീ ഞങ്ങളെ സ്നേഹിച്ചതുപോലെ നിന്റെ സ്നേഹം അനേകർക്ക് പകർന്നു കൊടുക്കുവാൻ ഞങ്ങളെ ഒരുക്കുകയും ചെയ്യണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റമാറാകേണമേ. ഹോശോ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

(ഈണം - ഒന്നാം നാളാകുന്നീ ദിനത്തിൽ)

മോറിയ മലയിൽ അബ്രാം തൻ സുതനെ
ബലികഴിവതിനായ് കിടത്തിയോരുനേരം
ബാലന്മേൽ കൈവെയ്ക്കരുതെന്നരുളീശൻ
പകരമൊരാടിനെ കണ്ടതുപോൽ നാഥാ - ബറെക്മോർ

ശുബഹോ

ഞങ്ങളിൻ കഷ്ടതകൾ മായ്ച്ചു കളവാനായ്
കഷ്ടമേറ്റവനേ, കഷ്ടത സ്ക്കീപ്പായേറ്റവനേ
നിൻ ക്രൂശു മരണത്താൽ വിടുതൽ കൊണ്ട സഭ മോദിക്കും
നിന്നുടെ നോമ്പിൻ ധന്യതയാൽ

## **അപേക്ഷ**

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. ഞങ്ങൾ പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് തന്റെ ശരീരത്തിൽ ഞങ്ങളുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറിയ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, ഞങ്ങൾക്കുവേണ്ടി യാഗമായി തീർന്നു. നീ ഒരുക്കിയ ഞങ്ങളുടെ രക്ഷയെ കൊണ്ടാടി നിന്റെ സന്നിധിയിൽ അർപ്പിക്കുന്ന ഈ ആരാധനയെ നല്ല ധൂപമായും ഞങ്ങളുടെ പ്രാർത്ഥനകളെ പരിമളവാസനയായും നീ കൈക്കൊള്ളേണമേ. നിന്നിൽ ഞങ്ങൾ ജീവിപ്പാനും നിന്നോടുകൂടെ മഹത്വപ്പെടുവാനും നിന്നിൽ നിന്ന് സന്തോഷവും ആനന്ദവും കൈക്കൊള്ളുവാനും നിന്റെ പ്രകാശങ്ങളുടെ കൂടാരങ്ങളിൽ വസിപ്പാനും അവിടെ അംഗീകാര്യമായ യാഗങ്ങൾ നിനക്ക് സമർപ്പിപ്പാനും ഞങ്ങളെ സഹായിക്കണമേ. ഹോശോ.. ..

ജ. ആമ്മീൻ

### **ബോവുസോ (അപേക്ഷ)** - മാർ ബാലായി)
(ഈണം - കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
    ദൈവം കരുതിയൊരു കുഞ്ഞാടേ നിന്റെ
    രക്തത്താൽ വീണ്ടൊരു സഭമേൽ കനിയണമേ
തന്റെ പിതാവിന്റെ ഹിതമാകാനായി
മനസ്സോടെ സ്ലീബാ മരത്തിൽ മരിച്ചവനേ
    നിന്നുടെ അടിപ്പിണരാൽ സൗഖ്യം പ്രാപിച്ചോർ
    കുമ്പീടുകായതിനാൽ അഭയം നൽകണമേ
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെശയ്യ 53:1-12

2. 1 പത്രൊ 2:21-25

ഏവൻഗേലിയോൻ വി. യോഹ 11:47-53

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 34 Friday - ദിനം 34 വെള്ളി

ധ്യാനവിഷയം – ക്രൂശിലെ സ്നാനം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. തൻെറ ക്രൂശിലെ സ്നാനത്താൽ ലോകത്തിൻെറ പാപങ്ങൾ കഴുകി കളഞ്ഞവനും തൻെറ രക്തത്താൽ ഞങ്ങളുടെ പാപത്തിൻെറ അങ്കികൾ കഴുകി ശുദ്ധീകരിച്ചവനും തൻെറ രക്ഷയുടെ പാനപാത്രത്താൽ ഞങ്ങളുടെ മരണക്കാസയെ നീക്കിയവനും തൻെറ അടിപ്പിണരാൽ ഞങ്ങളെ സുഖപ്പെടുത്തിയ വനുമായ കർത്താവേ, നിൻെറ ക്രൂശിലെ സ്നേഹത്തിൻെറ അനുഭവക്കാരായ ഞങ്ങൾ വിശുദ്ധിയോടും വെടിപ്പോടുംകൂടി നിൻെറ രക്ഷയുടെ സന്തോഷത്തെ ആഘോഷിപ്പാൻ ഈ ആരാധന മുഖന്തരം ആകണമേ. നിത്യജീവനിലേക്ക് ഞങ്ങളെ അടുപ്പിക്കുവാൻ തന്നെത്താൻ ഏൽപ്പിച്ചു കൊടുത്ത നിൻെറ കൃപയെ ഈ നോമ്പുനാളുകളിൽ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. മാമ്മോദ്ദീസായിലൂടെ നിന്നോടു ചേർക്കപ്പെട്ടവരായ ഞങ്ങൾ നിൻെറ ക്രൂശ് മരണത്തിനാൽ ലഭ്യമായ രക്ഷയിൽ ജീവിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ ക്രൂശാകുന്ന സ്നാനം ഏൽക്കുവാൻ മനസ്സില്ലാതെ നിൻെറ പറുദീസായിലെ ഭാഗ്യങ്ങളെ മാത്രം മോഹിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തൻെറ ജീവൻ മറുവിലയായി നൽകുവാനും വന്നവനായ നിൻെറ മാമ്മോദ്ദീസ്സാ ഏറ്റവരായ ഞങ്ങൾ, ശുശ്രൂഷിക്കുന്നവരായി തീരാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛരിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകണം എന്ന് അരുളിച്ചെയ്തവനേ, മറ്റുള്ളവർക്കുവേണ്ടി നിന്റെ ദാസരാകുവാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഞങ്ങളുടെ വർഗ്ഗത്തിന്റെ രക്ഷയ്ക്കായി ക്രൂശിൽ തൂക്കപ്പെട്ട ഞങ്ങളുടെ കർത്താവും ദൈവവുമായ മ്ശിഹാ തമ്പുരാനേ, നിന്റെ സ്ലീബാ ഞങ്ങൾക്കു ജയത്തിന്റെ കൊടിയും രക്ഷയുടെ പ്രത്യാശയും ശുദ്ധീകരിക്കുന്ന സ്നാനവുമായി ഭവിക്കുമാറാകണമേ. നിന്റെ സ്ലീബായുടെ ചിറകിൻ കീഴ് ഞങ്ങളെ മറച്ചുകൊള്ളുകയും ചെയ്യേണമേ. നിനക്കു ഞങ്ങൾ കൃതജ്ഞതാപൂർവ്വം നിർവ്വഹിക്കുന്ന പ്രാർത്ഥനാശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും നമ്മുടെ ആയുസ്സിന്റെ നാളുകളൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. അളവില്ലാത്ത തന്റെ സ്നേഹത്താൽ ഞങ്ങൾക്കു വേണ്ടി കുരിശാകുന്ന പാനപാത്രത്തെ നുകർന്നവനും തന്റെ ക്രൂശിൽ അഭയം പ്രാപിക്കുന്ന എല്ലാവർക്കും അതിനെ ബലമുള്ള കോട്ടയും വിജയത്തിന്റെ ആയുധവും ആക്കിത്തീർത്തവനുമായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, ജീവകരമായ നിന്റെ പീഢാനുഭവത്തെയും മരണത്തെയും ധ്യാനിക്കുന്ന ഞങ്ങളിൽ നിന്ന് നിനക്ക് ഇഷ്ടമില്ലാത്ത എല്ലാറ്റിനെയും നീക്കി കളയണമേ. നിന്റെ വിലാപ്പുറത്തു നിന്നൊഴുകിയ രക്തത്താലും വെള്ളാലുമുള്ള മാമോദീസാ ഞങ്ങൾക്ക് നിന്റെ രക്ഷയെ പ്രദാനം ചെയ്തിരിക്കുന്നുവല്ലോ. പ്രളയത്തിൽ നിന്നു രക്ഷ നേടുവാനായി രക്ഷയുടെ പേടകമൊരുക്കിയ നോഹയുടെ പെട്ടകവും, നീ വിളിച്ചിറക്കിയ നിന്റെ ജനം ചെങ്കടൽ കടന്ന് അടിമത്വത്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെയും അനുഗ്രഹത്തിന്റെയും കനാനിലേക്ക് നിന്നോടു കൂടെ നടന്നപ്പോൾ ചെങ്കടലിലൂടെ നീ നൽകിയ സ്നാനവും നിന്നാൽ ഒരുക്കപ്പെട്ട കനാൻ നാട്ടിലേക്കുള്ള പ്രവേശനം യോർദ്ദാൻ നദിയിൽ കൂടി കടന്ന് അവർ പ്രവേശിച്ചതും സ്നാനത്തിന് ഒരു മുൻകുറിയായി നീ നൽകിയിരിക്കുന്നുവല്ലോ. നിന്റെ മഹത്വത്തിൽ വലത്തും ഇടത്തും ഇരിക്കുവാൻ വരം ചോദിച്ച സെബദി മക്കളോട് നിന്റെ ക്രൂശാകുന്ന സ്നാനത്തെക്കുറിച്ച് നീ സൂചിപ്പിക്കുകയും ചെയ്തു. നിന്നോടു

ചേരുവാൻ സ്നാനമേറ്റ ഞങ്ങളെല്ലാവരും നിൻെറ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നുവെന്ന് ഭാഗ്യവാനായ പൗലൊസ് ശ്ലീഹാ ഞങ്ങളെ അറിയിക്കുകയും ചെയ്തിരിക്കുന്നു. നിന്നോടുകൂടെ മരിച്ച് നിന്നോടുകൂടെയും നിനക്കു വേണ്ടിയും ജീവിപ്പാൻ ഞങ്ങളെ സഹായിക്കണമേ. കർത്താവേ, നിൻെറ രക്ഷാകരമായ പീഢാനുഭവത്തിൻെറയും ജീവപ്രദമായ മരണത്തിൻെറയും ഓർമ്മ കൊണ്ടാടുന്ന ഈ നോമ്പു നാളുകളിൽ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ജഡത്തെ അതിൻെറ രാഗമോഹങ്ങളോടുകൂടെ ക്രൂശിപ്പാൻ ഞങ്ങൾക്ക് കൃപ നൽകേണമേ. പഴയ മനുഷ്യൻെറ പാപോല്ലാസത്തെ ഞങ്ങളിൽ മരിപ്പിപ്പാനും നിന്നിൽ ജീവിപ്പാനും തക്കവണ്ണം വിശുദ്ധിയോടും വിനയമുള്ള ആത്മാവോടും നിൻെറ മരണത്തിൽ പങ്കാളികളാകുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. അറിവോടും അറിവുകൂടാതെയും മനസ്സോടും മനസ്സുകൂടാതെയും ഞങ്ങൾ ചെയ്തുപോയ പാപങ്ങൾക്ക് മോചനവും കടങ്ങൾക്ക് പരിഹാരവും നീ നൽകേണമേ. കുരിശിലെ മരണത്തിലൂടെ മരണത്തെ ജയിക്കുകയും മരണത്തിലൂടെയാണ് തേജസ്ക്കരണം സാദ്ധ്യമാകുന്നതെന്ന് ഞങ്ങളെ പഠിപ്പിക്കുകയും ചെയ്ത കർത്താവേ, തൻെറ ജീവനെ സ്നേഹിക്കുന്നവർ അതിനെ കളയും എന്നും ഇഹലോകത്തിൽ തൻെറ ജീവനെ പകെയ്ക്കുന്നവർ അതിനെ നിത്യജീവനായി സൂക്ഷിക്കും എന്ന തിരിച്ചറിവോടെയും കുരിശിൻെറ ജീവിത ശൈലി ഉൾക്കൊണ്ട് നിന്നെ അനുഗമിപ്പാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. രണ്ടാമത്തെ നിൻെറ എഴുന്നള്ള ത്തിൻെറ ദിവസത്തിൽ നിന്നെ എതിരേൽപാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

**കോലോ** (ഗീതം)

(ഈണം – ആറാം നാൾ അതിരാവിലെ കർത്തൻ.. ..)

ആഴിയെ വിഭാഗച്ചതിലൂടെ
നിൻെറ ജനം കടന്നതുപോൽ
അടിമത്വത്തിൻ പാപബന്ധങ്ങൾ
നീങ്ങിപ്പോയ് നിൻ സ്നാനത്താൽ
ജീവമരമാം നിൻ സ്ക്കീപ്പാ
ജീവിപ്പിക്കും നിൻ മാംസം
ജീവദമാം നിന്നുടെ രുധിരം
മാമ്മോദീസ ഏറ്റവരായ് നാം
നിൻ മരണത്തിൽ പങ്കു ചേർന്നിടുന്നു.

ശുബ്ഹോ

ആറാം നാൾ സ്ലീബാ തൻ സ്നാനത്താൽ
മർത്യർക്കേകി പുതുജീവൻ
നിന്നുടെ വിലാവിൽ നിന്നൊഴുകും
രക്തം വെള്ളം എന്നിവയാൽ
കഴുകി എന്നുടെ പാപക്കറ
പോക്കി എന്നുടെ പാപക്കടം
താങ്ങി എന്നുടെ പാപഭാരം
പറുദീസിൻ ഭാഗ്യം ഞങ്ങൾക്കേകി
ക്രൂശിൻ സ്നാനം ഏറ്റതിനാൽ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. തിരുസഭയെ പാപത്തിന്റെ കുഴിയിൽ നിന്നു മരത്തിന്മേൽ ഉള്ള തന്റെ സ്നാനത്താൽ രക്ഷിച്ചവനായ മ്ശിഹാ തമ്പുരാനേ, നിന്റെ വിലാവിൽ നിന്നു പുറപ്പെട്ട രക്തത്താലും വെള്ളത്താലും ഞങ്ങൾ നാശത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷിക്കപ്പെട്ടതിനെ ഓർത്ത് നിന്റെ കുരിശിനെ വന്ദിച്ച് നിന്നിൽ ഞങ്ങൾ ആശ്രയിക്കുന്നു. ഞങ്ങളുടെ ബലഹീന പ്രാർത്ഥനകൾ നിന്റെ സന്നിധിയിൽ ധൂപമായും ഞങ്ങളുടെ സമർപ്പണം സൗരഭ്യ വാസനയായും തീരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം
(ഈണം – കർത്താ കർത്താ വിളിക്കുന്നെങ്ങൾ.. ..)

മ്ശിഹാ നാഥാ കൈക്കൊള്ളണമേ നോമ്പും പ്രാർത്ഥനയും
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
നിൻ ഇടത്തും വലത്തും ഇരിപ്പാൻ സെബദിമക്കൾ
ആരാഞ്ഞവർ പറുദീസിൻ ഭാഗ്യങ്ങൾ നേടാൻ
ജഡത്തെ അതിൻ രാഗമോഹങ്ങളോടെ ക്രൂശിൽ
തറപ്പാനായ് കൃപയേകുക നിന്നുടെ ക്രൂശാൽ
പാപോല്ലാസമാകും പഴയൊരാടയുരിഞ്ഞ്
പുതിയൊരാടയാം തേജസ്സിൻ വസ്ത്രം ധരിപ്പാൻ
ഉത്തരമരുൾകാ അരുൾകാ ദേവ അനുഗ്രഹിക്ക
മർത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യോശു 3:11–17

2. ഗലാത്യർ 6:11–16

ഏവൻഗേലിയോൻ വി. മർ 10:35–50

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 35 Saturday - ദിനം 35 ശനി

ധ്യാനവിഷയം – ശരീരമാകുന്ന വിത്ത്

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ആലോചനയിൽ അറുതിയില്ലാത്തവനും ജ്ഞാനത്തിൽ ഉൽകൃഷ്ടവാനും സ്വർഗ്ഗത്തിൻെറ കോതമ്പു മണിയായി ഞങ്ങളിലേക്ക് ഇറങ്ങി വന്നവനുമായ മ്ശിഹാ തമ്പുരാനേ, വചനമാകുന്ന വിത്ത് ദൈവ രാജ്യത്തിൻെറ അനുഭവമായി ഞങ്ങളിലേക്ക് പകരുവാൻ നിൻെറ സഭയെ നീ നട്ടു. നിൻെറ വിത്തിനെ വിതയ്ക്കുവാൻ സഭയാകുന്ന നിലത്തെ നീ തിരഞ്ഞെടുത്തു. ഞങ്ങളിലേക്ക് ഇറങ്ങിവന്ന് ഞങ്ങളെ നിൻെറ കൃഷിയായും തോട്ടമായും തീർത്തതിനാൽ സ്തോത്രം. വചനത്താൽ ജനിപ്പിക്കപ്പെട്ട തിരുസഭയിൻ മക്കളാകുന്ന ഞങ്ങൾ നിൻെറ പീഡാസഹനത്തേയും മരണത്തേയും ഉയർത്തെഴുന്നേൽപ്പിനേയും സ്വർഗ്ഗാരോഹണത്തേയും ധ്യാനിച്ച് നിൻെറ സന്നിധിയിൽ കരേറ്റുന്ന ഈ ആരാധനയെ നീ കൈക്കൊള്ളേണമേ. ഞങ്ങൾ നിന്നിൽ വളരുവാനും ഫലം കായ്പ്പാനും ഈ നോമ്പിലൂടെയും ആരാധനയിലൂടെയും സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. കോതമ്പുമണിപോലെ നിലത്തു വീണഴുകപ്പെട്ട് ഏറെ ഫലം കായ്ക്കുവാനായിട്ടാണ് ഞങ്ങളെ വിളിച്ചിരിക്കുന്നത് എന്ന് അറിഞ്ഞിട്ടും ജീവിതം ഫലദായകമാകാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ ആത്മാവാകുന്ന വിത്ത് ഞങ്ങളുടെ ഉള്ളിൽ വിതയ്ക്കപ്പെട്ടിട്ടും നൽനിലങ്ങൾ ആകാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പുനരുത്ഥാനത്തെപ്പറ്റിയുള്ള പ്രത്യാശ നിന്റെ കുരിശു മരണത്തിലൂടെയും ഉയർപ്പിലൂടെയും ഞങ്ങൾക്ക് നൽകിയിട്ടും നിത്യജീവനെക്കുറിച്ചുള്ള പ്രത്യാശയില്ലാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. മരണത്തിലൂടെ ജീവൻ നൽകാമെന്ന് നിന്റെ മരണത്താലെ ഞങ്ങളെ പഠിപ്പിച്ചിട്ടും മരണകരമായ താഴ്‌വരയുടെ അനുഭവങ്ങളിൽ ഫലം കായ്പ്പാൻ കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തന്റെ തിരുമേനിയാൽ ഞങ്ങളെ പാപങ്ങളിൽ നിന്നു വീണ്ടെടുക്കുകയും തന്റെ മരണത്താൽ ഭൂലോകത്തെ നീതീകരിക്കുകയും ചെയ്ത പുണ്യമുള്ളതും വിശുദ്ധവുമായ യാഗമായി ഞങ്ങളുടെ ജീവന്റെ അപ്പമായിരിക്കുന്ന യേശുമ്ശിഹായ്ക്ക് സ്തുതി. ഉത്തമനായ തനിക്ക് ദൈവീകമായ ഈ ആരാധന നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. വചനം ജഡം ധരിച്ചവനും വചനമാകുന്ന വിത്താൽ സകലത്തെയും മുളപ്പിച്ചവനും അതിനെ തന്റെ തോട്ടത്തിൽ ആക്കിയവനും തന്റെ കൃപയാകുന്ന നീർച്ചാലുകളുടെ ഓട്ടത്താൽ അതിനെ നനച്ചവനും അതിനെ സൂക്ഷിപ്പാൻ തന്റെ കൽപ്പനകളുടെ വേലി കെട്ടിയവനും തന്റെ വിളവെടുപ്പിനായി കാത്തിരിക്കുന്ന കൊയ്ത്തിന്റെ യജമാനനുമായ മ്ശിഹാ തമ്പുരാനേ, നിന്റെ ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ നിന്റെ വചനത്തിലൂടെ ഞങ്ങളോടു വെളിപ്പെടുത്തി. കോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കുമെന്നും ചത്തു എങ്കിലോ വളരെ ഫലം കായ്ക്കുമെന്നും നിന്റെ മരണത്തെക്കുറിച്ച് നീ ഞങ്ങളോടറിയിച്ചു. നിന്റെ വചനമാകുന്ന വിത്തിനെ സ്വീകരിപ്പാൻ തക്കവണ്ണം ഒരുക്കപ്പെട്ട നിലങ്ങളായി തീരുവാൻ ഞങ്ങളെ നീ ക്ഷണിച്ചു. നിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും ഏദൻ തോട്ടത്തിലെ കളിമണ്ണിൽ നീ ആദമിനെ മെനഞ്ഞു; നിന്റെ റൂഹായെ നൽകി ജീവിപ്പിച്ചു. അനുസരണക്കേടിനാൽ പറിച്ചു

നടപ്പെട്ട ആദമിനെ വീണ്ടെടുക്കുവാനായി ഒടുക്കത്തെ ആദമായി നീ കന്യകയുടെ ഉദരത്തിൽ വചനവിത്താൽ ശരീരം ധരിച്ചു. മരണമുള്ള ആദാമ്യ ശരീരങ്ങളെ മരണമില്ലാതാക്കുവാനായി നീ മരിച്ചു; വിത്തായി മണ്ണിൽ അടക്കപ്പെട്ടു. മൂന്നാം നാൾ അതു മുളച്ച് ഉയർത്തെഴുന്നേറ്റു. നിൻെറ ആത്മാവിനെ ഞങ്ങളിലേക്കു നീ പകർന്നു. അതിലൂടെ ഞങ്ങളുടെ ഉയിർപ്പ് സാദ്ധ്യമാക്കിത്തന്നു. നിൻെറ ദാസനായ പൗലൊസ് ശ്ലീഹായിലൂടെ ഞങ്ങൾക്ക് അതിൻെറ മർമ്മങ്ങളെ പഠിപ്പിച്ചു. ഞങ്ങളിൽ വസിക്കുന്ന നിൻെറ ആത്മാവിനെക്കൊണ്ട് ഞങ്ങളുടെ മർത്യശരീരങ്ങളെ ഉയിർപ്പിക്കും എന്ന ഉറപ്പ് ഞങ്ങൾക്കു ലഭിച്ചു. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന ഞങ്ങൾ സർവ്വസൃഷ്ടിയും ഒരുപോലെ ഞരങ്ങി ഈറ്റുനോവോടിരിക്കുന്ന അനുഭവത്തിൽ ഞങ്ങളുടെ ശരീരത്തിൻെറ വീണ്ടെടുപ്പായ പുത്രത്വത്തെ കാത്തുകൊണ്ടി രിപ്പാനും അതിനായി പ്രത്യശിക്കുവാനും ഈ നോമ്പുനാളുകളിൽ സഹായിക്കേണമേ. കർത്താവേ, നിന്നിൽ ജീവിച്ച് മരിക്കുന്ന മൃതന്മാർ അനുഗ്രഹീതർ എന്നും ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർതൃത്വത്തെയും ധരിക്കും എന്ന ബോധ്യവും ഞങ്ങൾക്ക് നൽകണമേ.

ദൈവമായ കർത്താവേ, നിന്നെ ശക്തീകരിച്ച പരിശുദ്ധാത്മ ശക്തിയിൽ ദൈവരാജ്യത്തിൻെറ പ്രഘോഷകരായി തീരുവാനും നീതി, ഭക്തി, വിശ്വാസം, സ്നേഹം, ക്ഷമ, സൗമ്യത എന്നിവയെ ഞങ്ങളുടെ ജീവിതത്തിൽ പിന്തുടരുവാനും ഞങ്ങളെ ഉത്സുകരാക്കണമേ. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛരിച്ചാൽ തന്നെത്താൻ ത്യജിച്ച് തൻെറ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ എന്നരുളിയ കർത്താവേ, കുരിശിൻെറ ജീവിത ശൈലിയിൽ ജീവിച്ച് ദൈവരാജ്യത്തിൻെറ പാതയിൽ നിന്നെ അനുഗമിക്കുന്നതിൽ ആനന്ദിപ്പാൻ ഞങ്ങൾക്ക് ഇടയാകണമേ. തിന്മശക്തിക്കും മരണത്തിനും കീഴ്പ്പെടുത്തുവാൻ കഴിയാത്ത ജീവിതത്തിൻെറ ഗുണപരമായ അവസ്ഥയും അനുഭവവുമാണ് നിത്യജീവൻ എന്ന് തൻെറ മരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും ഞങ്ങൾക്ക് വെളിപ്പെടുത്തിയ കർത്താവേ, ഈ നിത്യജീവൻെറ അനുഭവക്കാരായി വളരാനുള്ള അഭിവാഞ്ചയും ആഴമായ സമർപ്പണ ബോധവും ഈ നോറ്റുകാലത്ത് ഞങ്ങളിൽ വർദ്ധിച്ചു വരേണമേ. നിൻെറ പുനരുത്ഥാനം ഞങ്ങൾക്ക് ഉത്ഥാനത്തിൻെറ പ്രത്യാശയും നൽകണമേ. കർത്താവേ നിൻെറ വിശുദ്ധർക്കായി നിന്നാൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന മഹത്തായ ഭാഗ്യങ്ങൾക്ക് നിൻെറ കൃപയാൽ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

ബാവാതന്നീന്നുടയവനായ്
ദാവീദു സുതയീന്നു രക്ഷകനായ്
ബേതലഹേമിന്നപ്പവുമായ്
ഏവർക്കായ് താൻ ഉദിച്ചു
 തന്നെ അയച്ച പിതാവന്ദ്യൻ
 തന്നെ പെറ്റവൾ ഭാഗ്യവതി
 തന്നെ വേട്ട തിരുസഭ
 തൻ സ്തുതി പാടുന്നെന്നേക്കും
കന്യകയീന്നു ജാതനിവൻ
പന്നഗധാരിക്കു നാശമിവൻ
വഹ്നിക്കിരയായ പാപികൾക്ക്
രക്ഷകനാം കർത്താവും താൻ
 പാതകനെച്ചൊല്ലി ദ്വേഷിതനായ്
 നീതി നിവർത്തിക്കേകനുമായ്
 പാതക താതൻ തൻ തലയുടപ്പാൻ
 തന്നുടെ ജീവൻ നൽകിയവൻ
 മൊറിയോ റാഹേമ്മേലൈനു ആദാറൈൻ

## **അപേക്ഷ**

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## **എത്രാ**

പ. നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നുയിർത്ത മ്ശിഹാ തമ്പുരാനേ, പുനരുത്ഥാനത്തിൻെറ പ്രത്യാശയാൽ ഞങ്ങളെ നീ നടത്തേണമേ. ദ്രവത്വത്തിൽ വിതയ്ക്കപ്പെട്ട് തേജസ്സിൽ ഉയിർക്കപ്പെടുന്ന പ്രത്യാശയിൽ ഞങ്ങളെ നീ നിറയ്ക്കേണമേ. നിൻെറ ആത്മാവിൻെറ വാസസ്ഥലങ്ങളായ ഞങ്ങൾ ഈ ഭൂമിയിൽ കഴിക്കുന്ന ഈ പ്രാർത്ഥനകളും ആരാധനകളും നിൻെറ സ്വർഗ്ഗീയ ആലയത്തിൽ പരിമളധൂപമായി കൈക്കൊള്ളേണമേ. നിന്നെ ധരിച്ചും നിന്നിൽ ചരിച്ചും സ്വർഗ്ഗീയൻെറ പ്രതിമയായി മരണം നീങ്ങി ജയം വന്ന സന്തോഷത്തിൽ ജീവിതം കഴിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## **ബോവുസോ (അപേക്ഷ) മാ**ർ അപ്രേം
(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

കോതമ്പുമണി നിലത്തു
വീണു ചാകുന്നില്ലെങ്കിൽ
അതു തനിയെ ഇരിക്കും.
ചത്തെങ്കിൽ ഫലമനേകം

തൻ മേനി വിത്താക്കിയോൻ
വചനമായ് വന്നോൻ മ്ശിഹാ
നൽ നിലമായ് ഞങ്ങൾ തീരാൻ
ഒരുക്കുക നിൻ ആത്മാവാൽ

ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾ മേൽ കൃപ ചെയ്യണമേ

**ക്രോബകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. ഇയ്യോ 19:25–29
2. 1 കൊരി 15:34–49

ഏവൻഗേലിയോൻ വി. യോഹ 12:20–28

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 36 Sunday - ദിനം 36 ഞായർ

ധ്യാനവിഷയം – നേർക്കാഴ്ച (ബർത്തിമായിയുടെ സൗഖ്യം)

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. നല്ല വൈദ്യനും തൻെറ കൃപയാൽ തൻെറ സൃഷ്ടിയെ സന്ദർശിക്കുന്നവനും തന്നെ വിളിച്ചപേക്ഷിക്കുന്നവരുടെ യാചനകളെ കൈക്കൊള്ളുന്നവനുമായ ദൈവമായ കർത്താവേ, ദാസന്മാരുടെ കണ്ണ് യജമാനൻെറ കയ്യിലേക്കും ദാസിയുടെ കണ്ണ് യജമാനത്തിയുടെ കയ്യിലേക്കും എന്നപോലെ ഞങ്ങളുടെ കണ്ണ് ഞങ്ങളുടെ ദൈവമായ യഹോവയിങ്കലേക്കു, അവൻ ഞങ്ങളോടു കൃപ ചെയ്യുവോളം നോക്കിക്കൊണ്ടിരിക്കുന്നു. അജ്ഞാനാന്ധ കാരമാകുന്ന പാപത്തിൽ നിന്നു ഞങ്ങളുടെ കണ്ണുകളെ തിരിക്കുന്നതിനും നിന്നിലേക്ക് ഞങ്ങളുടെ നോട്ടം പതിയുന്നതിനും നിൻെറ നോട്ടത്തിൻ കീഴെ ഞങ്ങൾ ആയിരിക്കുന്നതിനും ഈ നോമ്പും പ്രാർത്ഥനകളും സഹായകരമാകേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിത്യപ്രകാശമായ നിന്നെ കാണുവാൻ കഴിയാതവണ്ണം ഞങ്ങളുടെ അകക്കണ്ണുകളെ ബാധിച്ച പാപത്തിൻെറ ഇരുളിനെ തിരിച്ചറിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അനേകരെ ക്രിസ്തുവിങ്കലേക്ക് ക്ഷണിക്കുവാൻ നിയോഗം ഉള്ളവർ ആയിരിക്കെ കരുണയ്ക്കായി നിലവിളിക്കുന്നവരെ നിശബ്ദരാക്കുവാൻ ശ്രമിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ വിളി കേട്ട് തൻെറ പുതപ്പ് ഉപേക്ഷിച്ച് നിന്നിലേക്ക് അടുത്തു വന്ന ബർത്തിമായിയെപ്പോലെ നിൻെറ വിളി കേട്ടിട്ടും ഉപേക്ഷിക്കേണ്ടവയെ ഉപേക്ഷിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. തൻെറ കരുണയാൽ ഞങ്ങളുടെ നിലവിളി കേട്ട് നീ സൗഖ്യം നൽകിയിട്ടും ജീവിതയാത്രയിൽ നിന്നോടൊപ്പം നടക്കുവാൻ സാധിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും ഹൃദയങ്ങളെ അറിയുന്നവനും വിലപിക്കുന്നവർക്ക് ആശ്വാസവും ദുഃഖിക്കുന്നവർക്ക് സന്തോഷവും നൽകുന്നവനും രോഗികളെ സന്ദർശിക്കുന്ന വൈദ്യനും ഞങ്ങളുടെ അന്ധകാരത്തെ നീക്കുന്നവനുമായ മ്ശിഹാ തമ്പുരാനേ, ഞങ്ങളുടെ ആത്മീയ ഇരുളിനെ നീക്കുവാനായി നീ നിത്യപ്രകാശമായി ഞങ്ങളുടെ ഇടയിൽ ഉദിച്ചുവല്ലോ. ഞങ്ങളുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തുവാൻ തൻെറ ആർദ്ര കരുണയാൽ ഉയരത്തിൽ നിന്ന് ഉദിച്ച മ്ശിഹാ തമ്പുരാന് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഈ നോമ്പുനാളുകളിലും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പ്രകാശത്തിൽ നിന്നുള്ള പ്രകാശവും തൻെറ പ്രകാശത്താൽ സകലത്തെയും പ്രകാശിപ്പിക്കുന്നവനും തൻെറ ദൃഷ്ടിയാൽ തന്നിലേക്ക് നോക്കുന്നവരെ സുഖപ്പെടുത്തുന്നവനുമായ ദൈവമായ കർത്താവേ, നിൻെറ നോട്ടം ഞങ്ങൾക്ക് നേട്ടവും ഞങ്ങളുടെ അന്ധതയ്ക്ക് അറുതിയുമാകുന്നുവല്ലോ. തൻെറ ദിവ്യ കിരണങ്ങളാൽ അഖിലാണ്ഡത്തെ മുഴുവൻ ശോഭിപ്പിക്കുകയും തൻെറ തേജസ്സാൽ സൃഷ്ടിയെ മകുടം ധരിപ്പിക്കുകയും ചെയ്ത ദൈവമായ കർത്താവേ, നിൻെറ സ്വരൂപത്തിൽ നീ മനുഷ്യനെ സൃഷ്ടിച്ച് ഏദൻ പറുദീസായിലാക്കി. നിന്നെ കാണുവാൻ തുറക്കപ്പെട്ടിരുന്ന അവൻെറ ആന്തരീക കണ്ണുകളെ സാത്താൻ മൂടി അവൻെറ പുറം കണ്ണുകളെ അവൻ തുറന്നു. അതിനാൽ എല്ലാം നല്ലത് എന്നു കണ്ട നിൻെറ ആന്തരീക കണ്ണുകളുടെ കാഴ്ചയെ അവൻ നഷ്ടപ്പെടുത്തി. പാപം നിറഞ്ഞ കാഴ്ചകൾ അവനെ മൂടി. എന്നാൽ സകലമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്നു. തങ്കലേക്ക് കണ്ണുകൾ ഉയർത്തിയ ഏവരേയും അവൻ തൻെറ പ്രകാശത്താൽ സൗഖ്യമാക്കി. തൻെറ യെരീഹോ യാത്രാമദ്ധ്യേ പിറവിയിലെ കുരുടനായിരുന്ന ബർത്തിമായിയുടെ കുറിയേലായിസ്സോൻ എന്ന നിലവിളിയെ അവൻ കേട്ടു. അവൻെറ ഉൾക്കണ്ണിൻെറ കാഴ്ചയാൽ അവൻ കർത്താവിനെ കണ്ടു. ആ നോട്ടത്താൽ അവൻെറ ബാഹ്യ

കണ്ണുകൾക്ക് കാഴ്ചയുണ്ടായിരുന്നപ്പോൾ കാണാതിരുന്ന കർത്താവിൻെറ പ്രകാശം ദെമസ്കോസിൻെറ പടിവാതിലിൽ തൻെറ ആന്തരീക കണ്ണുകളാൽ ശൗൽ ദർശിച്ചു. എമ്മവൂസിലേക്കു യാത്ര ചെയ്ത തൻെറ ശിഷ്യന്മാരുടെ കണ്ണ് നിരോധിച്ച് സഹയാത്രികനായി അവരോടൊപ്പം നടന്ന് അവരോടു കൂടെ പാർത്ത് അപ്പം നുറുക്കി അവരുടെ കണ്ണു തുറന്ന കർത്താവേ, ഈ നോമ്പുനാളുകളിൽ ഞങ്ങളുടെ കണ്ണുകളെ നിരോധിക്കരുതേ. ഞങ്ങളുടെ കണ്ണുകൾ നിന്നെ കാണുവാനായി തുറക്കേണമേ. മരുഭൂമിയിൽ ഹാഗാറിൻെറ കണ്ണുകൾ തുറന്ന് അവൾക്കായി നീരുറവയെ തുറന്ന കർത്താവേ, നീ ഒരുക്കിയിരിക്കുന്ന നീരുറവകളെ കാണുവാനും അതിൽ നിന്ന് പാനം ചെയ്ത് ഞങ്ങളുടെ ദാഹം അകറ്റുവാനും ഈ നോമ്പുനാളുകളിൽ ഞങ്ങളെ നീ സഹായിക്കേണമേ. വയോധികനായ ശീമോനെപ്പോലെ നിൻെറ രക്ഷയെ എൻെറ കണ്ണു കണ്ടുവല്ലോ എന്നു സാക്ഷീകരിപ്പാൻ ഞങ്ങളെ ഒരുക്കേണമേ.

ഇരുളിൻെറ പിടിയിൽ അമർന്നു പോകാതിരിപ്പാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ നവദർശനത്തിൻെറ ആത്മാവിനെ അയച്ചു പ്രകാശ പൂരിതമാക്കണമേ. മനുഷ്യരുടെയും പ്രപഞ്ചത്തിൻെറയും നിലവിളികളെ കേൾക്കുവാനും ദൈവ ശബ്ദത്തിനു കാതോർക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. അരികുക ളിലേക്കു തള്ളപ്പെട്ടു പോയവരെ നിൻെറ സന്നിധിയിലേക്ക് കൂട്ടിക്കൊണ്ടു വരുവാനുള്ള ഹൃദയ വിശാലതയും മനസ്സൊരുക്കവും ഞങ്ങൾക്കു തരേണമേ. ഈ നോമ്പു കാലം ക്രിസ്തുവിൻെറ ക്രൂശിൻെറ ദർശനം ഉൾക്കൊണ്ടു ക്രൂശിൻെറ പാതയിൽ യാത്ര ചെയ്യുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങളുട കാഴ്ചയും കേൾവിയും വിചിന്തനങ്ങളും പ്രവർത്തികളും ദൈവരാജ്യത്തിൻെറ മൂല്യങ്ങൾക്ക് അനുരൂപമുള്ളതാക്കി തീർക്കേണമേ. നിൻെറ മഹത്വ പ്രത്യക്ഷതയിൽ നിൻെറ പ്രകാശങ്ങളുടെ കൂടാരങ്ങളിൽ ഞങ്ങൾ പ്രവേശിക്കപ്പെടുവാൻ ഞങ്ങളെ അർഹരാക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധ റൂഹായ്ക്കും സ്തുതിയും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

(ഈണം – വിശ്വസിച്ചിടുവിൻ പാപികളെ.. ..)

നീതി സൂര്യാ നിൻ ശോഭ ലോകമൊക്കെയിലും
നിന്നുടെ സൃഷ്ടിയെ തേജസ്സാൽ പൊതിഞ്ഞവനാം കർത്താ
നിന്നെ കാണാൻ തുറന്നതാം എൻ കൺകൾ
സാത്താൻ മൂടീ പാപമേഘത്താൽ
സൂര്യശോഭയിൽ നിറഞ്ഞിരുന്ന നയനങ്ങൾ മൂടി
ഉൾക്കണ്ണാൽ നിന്നെ കണ്ടോർ പുറം കണ്ണാൽ മറച്ചു
ഹാലേലുയ്യാ കൃപയാൽ തുറക്കണമേ

ശുബ്ഹൊ

പുറം കണ്ണിരുണ്ട ബർത്തിമായി അകം കണ്ണാൽ കണ്ടു
ലോകത്തിനുടെ വെളിച്ചമായ് നസ്രേനാം യേശു
വരുന്നതു കേട്ടു ഏറ്റവും നിലവിളിച്ചു
മിണ്ടാതിരിപ്പാൻ ബഹുജനം ശാസിച്ചു
യേശുവേ ദാവീദു സുതനേ നീ കരുണ തോന്നണമേ
കർത്തൻ നിന്നു വിളിച്ചവനെ കാഴ്ചയേകി വീണ്ടു
ഹാലേലുയ്യാ കുറിയേലായിസ്സോൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. "എന്റെ നാമം എന്റെ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിന്നു അതിനെ തിരഞ്ഞെടുത്ത് വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പ്പോഴും അവിടെ ഇരിക്കും" (2 ദിന 7:16) എന്നരുളിച്ചെയ്ത കർത്താവേ, നിന്റെ ആലയവും അതിന്റെ മക്കളായും ചേർന്നു വന്ന് നിന്റെ സന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന ഈ പ്രാർത്ഥനകളെ നിന്റെ പ്രകാശങ്ങളുടെ സന്നിധിയിൽ ബഹുമാനത്തിന്റെ ധൂപമായി നീ കൈക്കൊള്ളേണമേ. യഹോവയുടെ കണ്ണ് തങ്കൽ ഏകാഗ്രചിത്തരായിരിക്കുന്നവർക്കുവേണ്ടി ഭൂമിയിലെല്ലാടവും സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. എന്നരുളിയ പോലെ നിന്റെ ദൃഷ്ടി ഞങ്ങളുടെ മേൽ എപ്പോഴും ഇരിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ദൈവകുഞ്ഞാടേ ദാവീദു സൂനുവേ
തൃക്കൈ നീട്ടണമേ അനുഗ്രഹിച്ചീടണമേ
കരുണ നിറഞ്ഞൊരു കണ്ണാലെങ്ങളെ നീ
കണ്ടിടണമേ നീ കൃപയാൽ കർത്താവേ
അന്ധത ബാധിച്ച നയനങ്ങളെ
നിന്നെ കാൺമതിനായ് തുറക്കുക കർത്താവേ
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

**ക്രോമ്പകളുടെ സ്തുതി** (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

**പാഠം വായന**

**1. യെഹ 37:1–14**

**2. കൊലൊ 3:1–11**

**ഏവൻഗേലിയോൻ വി. മർ 10:46–52**

**മദ്ധ്യസ്ഥ പ്രാർത്ഥന**

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

**പ്രസംഗം**

**ശയന നമസ്ക്കാരം** (പുറം 21)

**ലുത്തിനിയാ** (പുറം 22)

**ഹുത്താമ്മാ** (പുറം 23)

**ആശിർവാദം** (പുറം 24)

* * * * * *

# Day 37 Monday - ദിനം 37 തിങ്കൾ

ധ്യാനവിഷയം – ക്രിസ്തു – ശരീരമാകുന്ന സഭ

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. സഭയുടെ നാഥനായ കർത്താവേ, പലരായ ഞങ്ങൾ നിന്നിൽ ഒരു ശരീരമായി തീരുവാൻ തക്കവണ്ണം ഞങ്ങൾ നിൻെറ അവയവങ്ങളും നീ ഞങ്ങൾക്ക് തലയുമായി തീർന്നതിനാൽ ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. തൻെറ ശരീരം മുറിച്ച് നമ്മെ തീറ്റുകയും തൻെറ രക്തം കലർത്തി നമ്മെ കുടിപ്പിക്കുകയും ജീവൻെറ ഉറവിങ്കലേക്കും രക്ഷയുടെ സന്തോഷത്തിലേക്കും ഞങ്ങളെ പ്രവേശിപ്പിക്കുകയും ചെയ്ത തൻെറ ആർദ്ര കരുണയെ പ്രതി ഞങ്ങൾ അർപ്പിക്കുന്ന ആരാധനയും സ്തുതി സ്തോത്രവും കൈക്കൊള്ളേണമേ. തൻെറ ശരീരവും തനിക്ക് മണവാട്ടിയും തൻെറ തോട്ടവും തൻെറ ആട്ടിൻപറ്റവുമായ തിരുസഭയെ നീ കടാക്ഷിക്കേണമേ. ഞങ്ങൾ നിനക്കുള്ളവരും നിന്നിൽ വസിപ്പാനും ഈ നോമ്പ് നാളുകളിൽ ഞങ്ങളെ സഹായിക്കേണമേ. ഹോശോ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം മുതൽ വരെ
കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ
ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിന്നോടുള്ള നിരന്തര സംസർഗ്ഗത്തിൽ നിലനിൽക്കുവാൻ നിൻെറ ശരീരമായ തിരുസഭയിലൂടെ ഞങ്ങൾക്ക് അനുവാദം തന്നിട്ടും അതിനു കഴിയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സഭാഗാത്രത്തിൻെറ വ്യത്യസ്ത അവയവങ്ങൾ ആയി നിന്നിൽ പണിയപ്പെടുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ഞങ്ങളിൽ വന്നു പോയ ഭിന്നതയുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നീ എന്ന തലയോളം അനുദിനം വളരുവാൻ ആണ് തിരുസഭയെ നട്ടുവളർത്തിയിരിക്കുന്നത് എന്നറിഞ്ഞിട്ടും നിന്നിൽ വളരുവാനും ഫലം നൽകുവാനും സാധിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ ശരീരമായ തിരുസഭയുടെ അവയവങ്ങളായ ഞങ്ങൾക്ക് നൽകപ്പെട്ടിരുന്ന വ്യത്യസ്ത താലന്തുകളിൽ വിശ്വസ്തരായിരിപ്പാൻ കഴിയാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

സാരാംശത്തിൽ ഏകമായിരിക്കയും എന്നാൽ ഭിന്നത കൂടാതെ പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ എന്ന മൂന്ന് ആളത്തങ്ങളായി അറിയപ്പെടുകയും തൻെറ പരിശുദ്ധതയിൽ ഏകനായി സ്തുതിച്ച് പുകഴ്ത്തപ്പെടുകയും ചെയ്യുന്ന ത്രീഏക ദൈവമേ, ത്രിത്വത്തിലുള്ള ഐക്യത്തെ വെളിവാക്കപ്പെടുവാനായി തിരുസഭയെ നീ വിളിച്ചിരിക്കുന്നവല്ലോ. അങ്ങനെ ഏകമനസ്സുള്ളവരായി ഏക സ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകസ്വഭാവമുള്ളവരായി നിൻെറ സന്തോഷം പൂർത്തീകരിപ്പനും ഏക ശരീരമായി നിലനിൽപ്പാൻ ഞങ്ങളെ വിളിച്ചവനുമായ തനിക്ക് ദൈവീകമായ ഈ ആരാധന നിർവ്വഹിക്കപ്പെടുന്ന ഈ നേരത്തും ഈ നോമ്പു നാളുകളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. ദിവ്യമായ സംസർഗ്ഗത്താൽ സകലത്തെയും മേയിച്ചു ഭരിക്കുന്നവനും സാരാംശത്തിൽ ഏകവും പാരസ്പരികതയിൽ നിലനിൽക്കുന്നവനും വലിപ്പച്ചെറുപ്പം ഇല്ലാത്തവനുമായ ത്രിത്വമായ ദൈവമേ, നിൻെറ ഉൺമയെ ഞങ്ങൾക്കു വെളിപ്പെടുത്തി തരുവാനായി ത്രിത്വത്തിൽ ഒരുവനായ നിൻെറ പുത്രനെ ഞങ്ങളിലേക്ക് അയച്ചു. അവൻ കാല സംപൂർണ്ണതയിൽ കന്യകയിൽ ശരീരം ധരിക്കുകയും തൻെറ രക്ഷാകര പദ്ധതിയെ തിരുമേനിയിൽ നിവർത്തിക്കുകയും ചെയ്തു. നിൻെറ സ്നേഹത്താൽ ഒരുക്കിയ രക്ഷയുടെ സന്തോഷത്തെ ഞങ്ങൾക്ക് അനുഭവിപ്പാനും നിന്നോടുള്ള സംസർഗ്ഗത്തിൽ നില നിൽപ്പാനുമായി നിൻെറ തിരുശരീരമായ സഭയിലൂടെ ഞങ്ങൾക്ക് അനുവാദം നൽകി. നിൻെറ മാംസത്തിൻെറയും രക്തത്തിൻെറയും സംസർഗ്ഗത്താൽ പലരായ ഞങ്ങൾ ഒരപ്പത്തിൻെറ അംശികളും ഒരു പാനപാത്രത്തിൻെറ അനുഭവക്കാരും ഒരു പിതാവിൻെറ മക്കളും ആയിത്തീർന്നു. അപ്രകാരം പലരായ ഞങ്ങൾ നിൻെറ ശരീരമാകുന്ന സഭയിലെ അവയവങ്ങളായും നിൻെറ വാസ്ഥലങ്ങളായ മന്ദിങ്ങളുമായി തീർന്നു. ഏക ശരീരമാകുമാറ് ഒരേ ആത്മാവിൽ സ്നാനം ഏറ്റു. ഒരേ ആത്മാവിനെ പാനം ചെയ്തിരിക്കുന്ന നിൻെറ ശരീരത്തിൽ ഭിന്നത വരാതെ

അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതുവാൻ ഭാഗ്യവാനായ പൗലൊസ് ശ്ലീഹായിലൂടെ തിരുസഭയെ നീ ഉപദേശിച്ചു. ഇതു നിമിത്തമായി ഈ നോമ്പു നാളുകളിൽ നിന്റെ ശരീരമാകുന്ന തിരുസഭയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഭിന്നതകളിൽ നിന്നും തർക്കങ്ങളിൽ നിന്നും ദുരുപദേശങ്ങളിൽ നിന്നും അതിനെ നീ വിടുവിച്ച് നിന്റെ സമാധാനം നിലനിർത്തേണമേ. പാരസ്പരികത യിലും സഹവർത്തിത്വത്തിലും നിലനിൽപ്പാൻ അതിന്റെ അവയവങ്ങളെ നീ സഹായിക്കേണമേ. ഉണങ്ങിയ അസ്ഥികളെ കൂട്ടിവരുത്തി അതിൽ ജീവൻ പകർന്നതായ നിന്റെ റൂഹായെ നൽകിയതുപോൽ പലരായ ഞങ്ങളെയും നീ കൂട്ടിവരുത്തി നിന്റെ പാറക്ലീത്തായാകുന്ന നിന്റെ ആത്മാവിനെ ഞങ്ങളിൽ പകരേണമേ. ഞങ്ങളെ പലരാക്കി തീർക്കുന്ന ലെഗ്യോന്റെ ദുരാത്മവിനെ നിന്റെ സഭയിൽ നിന്നു നീക്കിക്കളയേണമേ. ഞങ്ങൾ നിന്നിൽ നിലനിന്ന് നിന്റെ ആത്മാവിന്റെ ഫലം കായ്ക്കുന്ന കൊമ്പുകളായിത്തീരുവാൻ നീ സഹായിക്കേണമേ. നിന്റെ ശരീരമാകുന്ന സഭയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. തിരുസഭ നിന്റെ രാജ്യത്തിന്റെ അടയാളമായിരിക്കണമേ. ആത്മാ വിന്റെ ഫലങ്ങളായ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നിവ നിന്റെ സഭയിൽ അധികം വർദ്ധിച്ചു വരേണമേ. കർത്താവേ, മേൽപ്പട്ടക്കാർ, പട്ടക്കാർ, ശെമ്മാശന്മാർ, സുവിശേഷകൻ, സന്യസ്തർ, ദൈവജനം എന്നിവർക്കായി ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങൾ തമ്മിൽ തമ്മിൽ നിർവ്യാജ സ്നേഹമുള്ളവരും തീയതിനെ വെറത്തു നല്ലതിനോടു പറ്റിക്കൊൾവാനും സഹോദരപ്രീതിയിൽ സ്ഥായി പൂണ്ടു ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടുകൊൾവാനും ഉത്സാഹത്തിൽ മടുപ്പില്ലാതെ ആത്മാവിൽ എരിവുവരായി കർത്താവിനെ സേവിപ്പാനും ആശയിൽ സന്തോഷിപ്പാനും കഷ്ടതയിൽ സഹിഷ്ണുത കാണിപ്പാനും പ്രാർത്ഥനയിൽ ഉറ്റിരിപ്പാനും മറ്റുവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിപ്പാനും അതിഥിസൽക്കാരം ആചരിപ്പാനും ഞങ്ങളെ മനസ്സൊരുക്കമുള്ള വരാക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ഗീതം

വിശുദ്ധപിതാവേ സംയോജിപ്പിൻ ബലിനിൻ തനയൻ
എനിക്കായ് മരിച്ചവനേ ഏറ്റെന്നെ വി-മോചിക്കേണമേ
എന്നുടെ യാചന കൈക്കൊണ്ടെന്നിൽ പ്രീതിപൂണ്ടീ നിൻ
സന്നിധിയിൽ ഞാൻ ചെയ്ത മാദ്രോഹം ഓർക്കരുതേ നീ
അവനുടെ രക്തം-ദുഷ്ടരിതാ കാൽവറിയിൽ ചിന്തി
എനിക്കായവനർത്ഥിക്കുന്നതിനാൽ യാചന കേൾക്ക

എത്ര എൻപാപം-അതു നിൻ കരുണ നീ തൂക്കിടുകിൽ
അതി ഘനമേറും തവ കൃപ നീ തൂ-ക്കും മലയേക്കാൾ
എൻപാപവുമവയ്ക്കുള്ളൊരു യാഗവും നീ നോക്കേണമേ
കുറ്റത്തേക്കാൾ-യാഗമതും ശാന്തിയും ഏറീടും
ഞാൻ പിഴച്ചതിനാൽ തവപ്രിയനാണികൾ-കുന്തവുമേറ്റു
സംയോജിപ്പിപ്പാൻ തൻ കഷ്ടത മതി ഞാൻ ജീവിച്ചിടും ഞാൻ
രക്ഷയ്ക്കായ് തൻ-സുതനെ തന്ന പിതാവേ മഹത്വം
ക്രൂശിലെ മരണത്താലുയിർ നൽകിയ-സുതനേ വന്ദനം
രക്ഷയിൻ മർമ്മാദ്യനുമന്ത്യനുമാ-വിശുദ്ധാത്മവേ
സ്തോത്രമുന്നതനാം ത്രിത്വമേ ഞങ്ങളെ തുണച്ചീടണമേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. സമാഗമനകൂടാരമാകുന്ന നിന്റെ ആലയത്തിൽ വ്യത്യസ്ത ഉപയോഗങ്ങൾക്കായി വിവിധ സാമഗ്രികൾ ക്രമീകരിച്ച് നിന്റെ ജനത്തെ ഒരു പിതാവിന്റെ മക്കളായി ഒരു കൂടാരത്തിന്റെ കീഴിൽ ഒരേ വിശ്വാസത്തിൽ കൂട്ടി വരുത്തിയ ദൈവമായ കർത്താവേ, കൂടാരവാസികളായ ഞങ്ങൾ നിന്റെ ശരീരത്തിന്റെ അവയവങ്ങളായി നിന്റെ സന്നിധിയിൽ കഴിക്കുന്ന ഈ പ്രാർത്ഥന നിന്റെ ബഹുമാനത്തിന് അണയ്ക്കുന്ന ധൂപമായി സ്വീകരിക്കേണമേ. പരസ്പരമുള്ള ബന്ധത്തിലും സഹവർത്തിത്വത്തിലും നിലനിന്ന് നിന്റെ ഹിതം ഞങ്ങളിൽ നിറവേറ്റുവാൻ ഞങ്ങളെ നീ സഹായിക്കേണമേ. ഹോശോ.. ..

ജ. ആമ്മീൻ

### **ബോവുസോ** (അപേക്ഷ) മാർ യാക്കൂബ്

(ഈണം – കർത്താ കർത്താ വിളിക്കുന്നെങ്ങൾ.. ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
പലരാം ഞങ്ങൾ ഒരുമെയ് ആവാൻ തിരുസഭ തന്നിൽ
ചേർത്തോനാം നീ മ്ശിഹാ നാഥാ തുണയേകിടു
നിൻ തിരുമെയ് നുറുക്കി നൽകി ഒരപ്പത്തിൻ
അംശികളാക്കി തീർത്തോനേ നിനക്കു സ്തോത്രം
ഒരേ ശരീരത്തിന്നുടെ അംശികളാവാനായി
വിളിച്ചോനേ നിന്നുടെ ജീവൻ ഞങ്ങളിലേകാൻ
ഏകപിതാവിൻ സുതരായ് തീരാൻ സുതനെ തന്നോൻ
പുത്രത്വത്തിൻ ആത്മവരത്തെ ഞങ്ങൾക്കേകി
ഉത്തരമരുൾക അരുൾക ദേവ അനുഗ്രഹിക്ക
മർത്ത്യർ ചിത്തം അനുതാപേ നീ വരുത്തീടേണമേ.

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. പുറ 10:1-8

2. 1 കൊരി 12:12-27

ഏവൻഗേലിയോൻ വി. യോ 2:17-22

## മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു.ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

## പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 38 Tuesday - ദിനം 38 ചൊവ്വ

ധ്യാനവിഷയം – ക്രിസ്തു – അഭിഷിക്തൻ

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. നാശമില്ലാത്തതും സകല കഷ്ടതകളിൽ നിന്നും മരണത്തിൽ നിന്നും നിത്യമായി ഒഴിഞ്ഞിരിക്കുന്നതുമായ വെടിപ്പുള്ള മൂറോനായ കർത്താവേ, നീ അഭിഷിക്തനും സ്ലീബായിൽ നിൻെറ യാഗത്താൽ ഞങ്ങളെ കഷ്ടതകളിൽ നിന്നും മരണത്തിൽ നിന്നും വിടുവിച്ചവനുമാകുന്നു. നിന്നിൽ ലഭ്യമായ പുത്രത്വത്തിൻെറ അവകാശികാളായ ഞങ്ങൾ സന്തോഷത്തോടും സ്തുതിയോടും നോമ്പിൻെറ അനുഭവത്തോടും നിൻെറ മഹത്വമുള്ള സന്നിധിയിൽ അർപ്പിക്കുന്ന ഈ ആരാധനയെ നീ കൈക്കൊള്ളേണമേ. ഞങ്ങളിലുള്ള നിൻെറ ആത്മാവിനാൽ നിൻെറ ഇഷ്ടം ചെയ്ത് നിൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുവാൻ ഞങ്ങളെ ഒരുക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ അഭിഷേക തൈലം വീണവരായ ഞങ്ങൾ അതിൻെറ ഉദ്ദേശവും ഞങ്ങളിൽ ഉണ്ടാകേണ്ട കടമയും മറന്നു ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ പരിശുദ്ധാത്മാവിൻെറ നൽവരങ്ങളുടെ ലക്ഷ്യമായുള്ള വിശുദ്ധ മൂറോൻ അഭിഷേകം ഞങ്ങൾക്കു ലഭിച്ചിട്ടും നാശമില്ലാത്ത മൂറോനാകുന്ന നിന്നെ മറന്നും പരിശുദ്ധാത്മ നൽവരങ്ങൾ പുറപ്പെടുവിക്കാതെയും ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിനക്കായ് വിളിച്ചു വേർതിരിക്കപ്പെട്ട സമൂഹമായി തിരുസഭയെ നീ ആക്കിയിട്ടും അതിനു യോഗ്യമാംവണ്ണം പ്രവർത്തിക്കുവാൻ കഴിയാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ സൗഖ്യദായക ശുശ്രൂഷയുടെ ഓഹരിക്കാരായിട്ടും ഗിലെയാദിലെ സുഗന്ധ തൈലം ആയി സൗഖ്യത്തിൻെറ ആത്മാവിനെ പകരുവാൻ ശ്രദ്ധിക്കാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

ഗിലെയാദിലെ സുഗന്ധ തൈലമായി ഞങ്ങളിലേക്ക് ഇറങ്ങി വന്ന് തൻെറ ആത്മാവിൻെറ തൈലത്തെ ഞങ്ങൾക്കു പകരുകയും തൻെറ വിശുദ്ധ ശ്ലീഹന്മാരെ ശുദ്ധീകരിക്കുകയും അഗ്നി നാവുകളെ അവരുടെമേൽ ആവസിപ്പിച്ച് പറയപ്പെടാവതല്ലാത്ത ആത്മീയ നൽവരങ്ങളാൽ തൻെറ ശക്തിയെ അവർക്ക് പകർന്നു കൊടുക്കുകയും ചെയ്ത മ്ശിഹാ തമ്പുരാന് നോമ്പിൻ പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും സകല കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സ്വർഗ്ഗീയ സൈന്യത്താൽ വാഴ്ത്തപ്പെടുകയും പിതാവിനോടും പുത്രനോടും പരിശുദ്ധറൂഹായോടും കൂടെ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നവനായി പ്രകാശത്തിൻെറ പ്രശോഭിത രശ്മിയായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, മണ്ണായിരിക്കുന്ന ഞങ്ങളെ നിൻെറ അഭിഷേകത്തിൻെറ ആലയങ്ങളാക്കി തീർക്കുവാനായി നീ ഞങ്ങളിൽ നിൻെറ ജീവശ്വാസത്തെ ഊതി. ഞങ്ങളുടെ അടുക്കലേക്ക് നീ ഇറങ്ങിവന്ന് നിൻെറ ഉൺമയെ ഞങ്ങളോടുകൂടെ കലർത്തുവാൻ തിരുവിഷ്ടം തോന്നി. നിൻെറ രക്ഷാകരവ്യാപാരങ്ങളെ പൂർത്തീകരിക്കുവാൻ ജഡപ്രകാരം കന്യകമറിയാമിൽ നിന്ന് നീ ജനിച്ചു. നിൻെറ പ്രവർത്തികളെ പൂർണ്ണമാക്കി സ്വർഗ്ഗാരോഹണം ചെയ്ത ശേഷം നീ വാഗ്ദത്തം ചെയ്ത പരിശുദ്ധറൂഹായുടെ അഭിഷേകത്തിനു തിരുസഭയെ നീ യോഗ്യയാക്കിത്തീർത്തു. തിരുസഭയിലൂടെ നിൻെറ രഹസ്യാഭിഷേകത്തിൻെറ അനുഭവക്കാരും നിൻെറ പുത്രത്വത്തിൻെറ അവകാശികളുമായി തീരുവാൻ നീ ഞങ്ങളെ അനുവദിച്ചു. നിൻെറ ആലയമായ തിരുനിവാസത്തേയും അതിൻെറ ഉപകരണങ്ങളേയും അഹറോനേയും അവൻെറ പുത്രന്മാരേയും നിൻെറ ശുശ്രൂഷക്കാരായി വേർതിരിപ്പാനായി വിശേഷമായ അഭിഷേക തൈലം ഒരുക്കുവാൻ നിൻെറ ദാസനായ മേശെയോടു നീ കൽപ്പിച്ചു. നിൻെറ ഉപയോഗത്തിനായി അവയെ നീ

വേർതിരിച്ചു ശുദ്ധീകരിച്ചു. അപ്രകാരം നിന്റെ മന്ദിരങ്ങളായ ഞങ്ങളേയും നിന്റെ രഹസ്യാഭിഷേകത്താൽ വേർതിരിച്ചു ശുദ്ധീകരിച്ചു. നിന്റെ അഭിഷേക തൈലത്താൽ നീ രാജക്കന്മാരെ അധികാരപ്പെടുത്തി. നിന്റെ ശ്ലീഹന്മാരെ അപ്രകാരം നിന്റെ രാജ്യത്തിന്റെ ശുശ്രൂഷക്കാരായി നീ നിയോഗിച്ചു. യാക്കോബു ശ്ലീഹാ ഇതു ഞങ്ങളെ ശക്തിയോടെ പ്രബോധിപ്പിക്കുന്നു. "നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ, അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണപൂശി അവന്നുവേണ്ടി പ്രാർത്ഥിക്കട്ടെ, എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും, കർത്താവു അവനെ എഴുന്നേൽപ്പിക്കും". ആകയാൽ മോറോൻ യേശുമ്ശിഹാ, ഈ നോമ്പുനാളുകളിൽ നിന്റെ സൗഖ്യദായക ശുശ്രൂഷയുടെ അനുഭവക്കാരായിരിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ രോഗികളെ സുഖമാക്കണമേ. രോഗികളുടെ സൗഖ്യദായക ശുശ്രൂഷയിൽ പങ്കാളികളാകുന്ന എല്ലാവർക്കായും ഞങ്ങൾ അപേക്ഷിക്കുന്നു. ദൈവരാജ്യ വർദ്ധനവിനായി വൈവിദ്ധ്യമാർന്ന ശുശ്രൂഷകളിൽ ഏർപ്പെട്ടിക്കുന്ന എല്ലാവരെയും പരിശുദ്ധാത്മ ശക്തിയാൽ നിറയ്ക്കേണമേ. സകല അരിഷ്ടതകളും ആവലാതികളും സങ്കടങ്ങളും ഒഴിഞ്ഞിരിക്കുന്ന സൗഭാഗ്യകരമായ അവസാനത്തിനു ഞങ്ങൾ യോഗ്യരായി തീരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

(ഈണം – സ്വർലോകത്തിൽ ഇരുന്നരുളും)

പരിശുദ്ധനുടെ ആലയമായ്
മണ്ണാൽ മെനഞ്ഞവനെ തീർപ്പാൻ
നിന്നുടെ റൂഹായെ ഊതി
അതിനെ അഭിഷേകം ചെയ്തു
    അത്യുന്നതനുടെ കൽപ്പനയാൽ
    ആലയവും അഹറോനെയും
    നിന്നുടെ തൈലത്താൽ പൂശി
    അവരെ അഭിഷേകം ചെയ്തു
മാളികമുറിയിർ ശ്ലീഹന്മാർ
ക്കഗ്നി നാവാൽ വെളിപ്പെട്ടു
നിന്നുടെ റൂഹായെ ഊതി
അവരെ അഭിഷേകം ചെയ്തു
    അഭിഷിക്തനവൻ തിരുസഭയിൻ
    ശ്ലീഹരെ കൽപ്പിച്ചാക്കീട്ട്
    നിന്നുടെ റൂഹായെ ഊതി
    അവരെ അഭിഷേകം ചെയ്തു

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. നിൻെറ സ്നേഹത്താൽ വെൺകൽ ഭരണി പൊട്ടിച്ച് വിലയേറിയ സ്വച്ഛജടാമാംസി തൈലം നിൻെറ തൃപ്പാദത്തിൽ ഒഴിച്ച സ്ത്രീയുടെ സമർപ്പണത്തെ നിൻെറ കബറടക്കത്തിൻെറ അടയാളമായി സ്വീകരിച്ച മ്ശിഹാ തമ്പുരാനേ, നിൻെറ മന്ദിരമായ ഞങ്ങൾ നിൻെറ സന്നിധിയിൽ സമർപ്പിക്കുന്ന ഈ പ്രാർത്ഥനകളും ആരാധനയും പരിമളതൈലമായും ധൂപമായും നീ കൈക്കൊള്ളേണമേ. ഞങ്ങൾ നിൻെറ ആത്മാവിൻെറ പ്രേരണയാൽ ഞങ്ങളിലുള്ള കൃപാവരത്തെ ഉപേക്ഷയായി വിചാരിക്കാതെ നിൻെറ രാജ്യത്തിൻെറ ശുശ്രൂഷയിൽ വ്യാപൃതരായിരിപ്പാൻ തുണ ചെയ്യേണമേ. ഹോശോ..

ജ. ആമ്മീൻ

## **ബോവുസോ** (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

ദരിദ്രരോടു തൻ സുവിശേഷം
ബദ്ധർക്കു വിടുതൽ ഏകാൻ
കുരുടർക്കു കാഴ്ച നൽകാൻ
പീഡിതരെ വിടുവിപ്പനും

അഭിഷേകത്തിന്നുടെ തൈലം
മോശയാൽ ഒരുക്കിച്ചോനേ
അഭിഷിക്തനായ് നീ വന്നു
റൂഹായെ പകരുവാനായ്

ഏൽക്കുക നോമ്പും പ്രാർത്ഥനയും
ഞങ്ങൾക്കായ് ക്രൂശേറ്റോനേ
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾമേൽ കൃപ ചെയ്യണമേ

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെശയ്യ 61:1–6
2. യാക്കോബ് 1:12–18

ഏവൻഗേലിയോൻ വി. ലൂക്കോ 4:16–22

### മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

### പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 39 Wednesday - ദിനം 39 ബുധൻ

ധ്യാനവിഷയം – അർപ്പണമായ ആരാധന

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി ഞങ്ങളിലേക്ക് ഇറങ്ങി വന്ന ദൈവമായ കർത്താവേ, നിന്റെ തിരുവിഷ്ടപ്രകാരം വെടിപ്പും വിശുദ്ധിയുമുള്ള പ്രാർത്ഥനകൾ കഴിപ്പാനായും പൂർണ്ണതയും വിശുദ്ധിയുമുള്ള ജനമായി തനിക്ക് ഞങ്ങളെ ചേർത്തുകൊള്ളുവാൻ ആയിട്ടും തന്റെ പിതാവിന് തന്നെത്തന്നെ അർപ്പിച്ച ജീവനും വിശുദ്ധിയുമുള്ള യാഗം നീയാകുന്നു. പ്രാർത്ഥനയിൽ ഉറ്റിരിപ്പാനും സ്തോത്രത്തോടെ ജാഗരിപ്പാനും സങ്കീർത്തനങ്ങളാലും സ്തുതി കളാലും ആത്മീയ ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധി ഉപദേശിച്ചും നന്ദിയോടെ ഞങ്ങളുടെ ഹൃദയങ്ങളിൽ നിനക്കു പാടിയും നിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാന ത്തോടുംകൂടെ ഞങ്ങളിൽ വസിപ്പാനും തക്കവണ്ണം ഈ ആരാധന ഞങ്ങളെ പ്രാപ്തരാക്കണമേ. അതു ഞങ്ങൾക്കു വാഴ്ത്തപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതും ആയി തീരുവാൻ നിന്റെ വിശുദ്ധ സന്നിധിയിൽ ഈ നോമ്പു നാളുകളിൽ ഞങ്ങൾ നിനക്കു കഴിക്കുന്ന പ്രാർത്ഥനയും ആരാധനയും മുഖാന്തരം ആകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. തിരുസഭയും അതിന്റെ ആരാധനകളും നിന്റേതും നിനക്കു വേണ്ടിയും എന്ന് ഓർക്കാതെ ഞങ്ങളുടേതും ഞങ്ങൾക്കുവേണ്ടിയും എന്ന് തെറ്റിദ്ധരിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ലഭ്യമായിട്ടുള്ള നന്മകളെ ഓർക്കാതെ കിട്ടാതെ പോയ അനുഗ്രഹങ്ങളെ പ്രതി പിറുപിറുത്തു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. സമ്പൂർണ്ണമായ സമർപ്പണം ആരാധനയായിരിക്കെ അങ്ങനെ ചെയ്യാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. അനുഗ്രഹങ്ങളുടെ ഇടങ്ങൾ ആകേണ്ട ആരാധനയും ആരാധനാ ഇടങ്ങളും കയീൻെറ ആത്മാവോടെ വൈരത്തിൻെറയും വിദ്വേഷത്തിൻെറയും അക്രമത്തിൻെറയും ഇടങ്ങൾ ആക്കി തീർത്തു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

മൽക്കീസേദെക്കിൻെറ ക്രമപ്രകാരം എന്നന്നേക്കും ഒരു പുരോഹിതനായി തന്നത്താൻ യാഗമായി നൽകുകയും തൻെറ ആട്ടിൻകൂട്ടത്തിനു തന്നെ ഭക്ഷണമായി കൊടുക്കുകയും തൻെറ ആടുകൾക്കു പാനീയമായി തൻെറ രക്തം കലർത്തുകയും ചെയ്ത നല്ല ഇടയനുമായ മ്ശിഹാ തമ്പുരാന് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും സകല കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. സകലത്തെയും തൃപ്തിപ്പെടുത്തുവാനായിട്ട് മുറിക്കപ്പെടുവാനായി തന്നെത്താൻ നൽകിയ ജീവൻെറ അപ്പവും ദാഹിച്ചിരിക്കുന്നവരെ തണുപ്പിപ്പാനായിട്ട് ഒഴുക്കിക്കൊടുത്ത സന്തോഷങ്ങളുടെ പാനീയവുമായി തൻെറ സൃഷ്ടിയെ സ്നേഹിക്കുന്ന കർത്താവേ, നല്ല ഇടയനായ നീ ആടുകൾക്കു വേണ്ടി അറുക്കപ്പെട്ട കുഞ്ഞാടായി തീർന്നു. നിൻെറ സന്നിധിയിൽ യാഗം അർപ്പിക്കുവാനായി അടുത്തുവന്ന കയീൻെറയും ഹാബേലിൻെറയും കാഴ്ചകളിൽ ഹാബേലിൻേറത് അംഗീകരിക്കപ്പെട്ടതുപോലെ അംഗീകരിക്കപ്പെട്ട യാഗമായി പിതാവിൻെറ സന്നിധിയിൽ നീ തീർന്നു. ഭക്തനായ ഹാബേലിനെ അസൂയയാൽ കൊലപ്പെടുത്തിയ പോലെ ദുഷ്ട മനുഷ്യരാൽ നീ കൊല ചെയ്യപ്പെട്ടു. നിൻെറ പീഡാനുഭവങ്ങളുടെ തലേ രാത്രി അപ്പവും വീഞ്ഞും എടുത്ത് സ്തോത്രം ചൊല്ലി തന്നെത്തന്നെ പാപപരിഹാര യാഗമായി നൽകുന്നതിൻെറ ഓർമ്മയ്ക്കായി നീ വിശുദ്ധ കുർബ്ബാനയെ സ്ഥാപിച്ചു. ഞാൻ വരുവോളം ഇതെൻെറ ഓർമ്മയ്ക്കായി ചെയ്യുവീൻ എന്ന് തൻെറ ശിഷ്യന്മാരോട് കൽപ്പിച്ചരുളിച്ചെയ്തു. ഗത്ശമന തോട്ടത്തിൽ രക്തം നീ വിയർപ്പായി ഒഴുക്കി. പ്രാണവേദനയാൽ തൻെറ പിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്തു. തൻെറ പുത്രനെ ശക്തീകരിക്കുവാൻ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനെ അയയ്ക്കുകയും പിതാവിൻെറ ഹിതമായി നീ തീരുകയും ചെയ്തു. തൻെറ ഏകജാതനായ പുത്രനെ യാഗമായി അർപ്പിക്കുവാൻ പോയ അബ്രഹാമിൻെറ

പരിത്യാഗം പോലെയും തൻെറ പിതാവിൻെറ ഹിതം നിർവ്വഹിക്കുവാൻ വിധേയപ്പെടുത്തിക്കൊടുത്ത പുത്രൻെറ അനുസരണത്തെ പോലെയും നിൻെറ ക്രൂശ് മരണം ഞങ്ങൾക്ക് വെളിവാക്കപ്പെട്ടു, അങ്ങനെ നീ കാഴ്ചയായി നൽകപ്പെട്ട ദൈവീകമായ മാണിക്യവും അനേകർ കുടിച്ചിട്ടും വറ്റിപ്പോകാത്ത സ്തോത്രത്തിൻെറ കാസയുമായി തീർന്നു. ദൈവസുതനായ കുഞ്ഞാടായി ഞങ്ങൾക്കുവേണ്ടി യാഗമായിത്തീർന്ന മ്ശിഹായേ, ഹാബേലിൻെറ കാഴ്ച പോലെ ഞങ്ങളുടെ ആരാധനയെ നീ കൈക്കൊള്ളേണമേ. നിൻെറ യാഗത്താൽ വന്ന രക്ഷയ്ക്ക് ഞങ്ങൾ അവകാശികളായി തീരേണമേ. നിൻെറ നിത്യമായ രാജ്യത്തിൽ ഞങ്ങളെ പങ്കുകാരാക്കുകയും നിൻെറ മഹത്വമുള്ള മാലാഖമാരോടൊപ്പം നിനക്കു സ്തോത്രം പാടുവാൻ ഞങ്ങളെ ഒരുക്കുകയും ചെയ്യേണമേ.

കർത്താവേ, ഞങ്ങളുടെ കൈകളെ സൽപ്രവർത്തികൾക്കുള്ള ഉപകരണങ്ങളാക്കി തീർക്കേണമേ. ഞങ്ങളുടെ വിചാരങ്ങളും ചിന്തകളും മനോഭാവവും ജീവിതശൈലിയും കർത്താവിന് അനുരൂപമാകണമേ. ഈ നോമ്പിൻെറ കാലം ഞങ്ങൾക്ക് അനുതാപത്തിൻെറയും ക്ഷമയുടെയും സഹിഷ്ണുതയുടെയും അനുരഞ്ജനത്തിൻെറയും പാപക്ഷമയുടെയും പുതുക്കത്തിൻെറയും അവസരമായിത്തീരേണമേ. ആത്മശിക്ഷണത്തിലൂടെ വിനയത്തിൻെറയും സൗമ്യതയുടെയും താഴ്മയുടെയും ഭാവതലങ്ങൾ ഞങ്ങൾ ഉൾക്കൊള്ളുവാൻ ഈ നോമ്പനുഭവം ഞങ്ങളെ ശക്തീകരിക്കേണമേ. നീ നൽകുന്ന പാപക്ഷമയെക്കുറിച്ചുള്ള ആനന്ദത്തിലും പ്രത്യാശയിലും ജീവിക്കുവാനും മറ്റുള്ളവരോട് പൊറുക്കുവാനും രൂപാന്തരപ്പെട്ട പുതിയ മനുഷ്യനായിതീരുവാനും ഞങ്ങളുടെ ഉപവാസവും പ്രാർത്ഥനയും ഞങ്ങളെ ഉത്സുകരാക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

### **കോലോ** (ഗീതം)

വാനം ഭൂമി സർവ്വം നാഥാ
സ്തുതി നിനക്കെന്നും പാടീടട്ടെ
പാപികളെ നിൻ വരവിൽ ഓർത്തി
ട്ടാദരവോടെ തുണ ചെയ്യേണമേ

ഭക്തൻ ഹാബേ–ലിൻ ചരിതം
ഭക്തന്മാർക്കതി–മോദം തന്നെ
ദുഷ്ടൻ കായേൻ ഭൂമിയിൽ നിന്നും
ശൂന്യമായ് വിസ്മയം താൻ

ഹാബേൽ മരിച്ചിട്ടവനുടെ വാർത്ത
തിരുസഭയെന്നും കൊണ്ടാടുന്നു
കുറ്റമറ്റൊരു രക്തം കായേൻ
ഭൂമിയിൽ ചിന്താൻ കാരണമായി

ഹാബേൽ ദൈവകുഞ്ഞാടു തുല്യൻ
എന്നൊരു നാമം ലഭിച്ചുടനെ
ഇന്നും തിരുസഭ ഇവനെ സാക്ഷി
ക്കാരുടെ ശ്രേഷ്ടനായെണ്ണുന്നു

ദൈവസുതനാം കുഞ്ഞാടല്ലോ
ലോകപാപം ചുമന്നൊഴിപ്പാൻ
താതനയച്ചൊരു പിണിയാളി താനായി
ഭുതലെ വന്നുദിച്ചെന്താശ്ചര്യം

കായേൻ മക്കൾ ദ്വേഷത്താലെ
അവനുടെ രക്തം ചിന്തി ക്രൂശിൽ
ഹാബേൽ കുലമോ കൈക്കൊണ്ടവനാൽ
വിടുതൽ പ്രാപിച്ചുയർന്നീടുന്നു

സുതനിൻ ബലിയെ താതൻ ഇഷ്ട
സൗരഭ്യമായ് ഏറ്റതിനാൽ
പാപകുലത്തിൻെറ അപരാധങ്ങൾ
മായിച്ചവരോടു നിരന്നു ദൈവം

ദൈവസുതാ നീ–ഹാബേൽ ബലി പോൽ
ഞങ്ങളിൻ ബലിയെ ഏറ്റീടണമേ
നിന്നുടെ ബലിയാൽ വന്നൊരു രക്ഷ
യ്ക്കവകാശം നീ നൽകീടണമേ

നിനക്കും താതനും വിശുദ്ധാത്മജനും
സ്തുതിയുണ്ടാക എന്നും ആമ്മീൻ
നിന്നുടെ രാജ്യാവകാശം തന്നി
ട്ടെന്നും സ്തോത്രം പാടാനരുൾക

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. അശുദ്ധരെ ശുദ്ധീജരിക്കുകയും കുറ്റക്കാരെ നീതീകരിക്കുകയും മലിനരെ സോപ്പാ കൊണ്ട് വെൺമയാക്കുകയും ചെയ്യുന്ന ദൈവമായ കർത്താവേ, നിൻെറ അംഗീകരിക്കപ്പെട്ട യാഗത്തിലൂടെ വീണ്ടെടുക്കപ്പെട്ടവരായ ഞങ്ങൾ നിൻെറ സന്നിധിയിൽ അർപ്പിക്കുന്ന ഈ സ്തോത്രം നീ പ്രസാദമുള്ള ധൂപമായി കൈക്കൊള്ളേണമേ. ഞങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കുകയും ഞങ്ങൾ ദിനംപ്രതി നിന്നിലേക്ക് അടുത്തു വരുമാനുമായി ഈ നോമ്പ് മുഖാന്തരം ആകണമേ. ഹോശോ.. ..

ജ. ആമ്മീൻ

**ബോവുസോ** (അപേക്ഷ) മാർ ബാലായി
(ഈണം – കരുണ നിറഞ്ഞവനേ.. ..)

വഴിതെറ്റിൽ നിന്നും തന്നുടെ ക്രൂശാലെ
ഞങ്ങളെ രക്ഷിച്ച മ്ശിഹാ കർത്താവേ
ഏകജാതനാം അബ്രാമിൻ സുതനെ
ബലികഴിവതിനായി നൽകിയതിൻപേലെ
തൻെറ പിതാവിൻെറ ഹിതമാവാനായി
ബലിയായ് തീർന്നവനാം സുതനാം കർത്താവേ
നിൻെറ വരവോളം നിൻ ബലിഓർമ്മകളിൽ
നിലനിൽപ്പാനായി കുർബ്ബാന തന്നോൻ
ഭക്തൻ ഹാബേലിൻ കാഴ്ചകളെന്നതുപോൽ
കൈക്കൊള്ളണമേ നീ നോമ്പും പ്രാർത്ഥനയും
വിൺമയരുടെ കർത്തൻ മൺമയരുടെ ആശ
കർത്താവാം മ്ശിഹാ കൈക്കൊൾകെങ്ങളെയും

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. ഉൽപ്പത്തി 4:1–15
2. എബ്രായർ 9:22–28

ഏവൻഗേലിയോൻ വി. മർക്കൊസ് 12:41–44

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 40 Thursday - ദിനം 40 വ്യാഴം

ധ്യാനവിഷയം - പാപബോധത്തിലൂടെയുള്ള ശുദ്ധീകരണം

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10-12)

## പ്രാർത്ഥന

പ. പാപികളോടു കരുണയുള്ളവനും അനുതാപികളുടെ കണ്ണുനീരിൽ കരുണയുള്ളവനുമായ കർത്താവേ, നിൻെറ ദാസീദാസന്മാരായ ഞങ്ങളുടെ നോമ്പുകളും നമസ്ക്കാരങ്ങളും നിൻെറ കരുണയാൽ നീ ചെവിക്കൊള്ളേണമേ. തകർന്ന ഹൃദയത്തോടും നുറുങ്ങിയ ആത്മാവോടും കൂടെ ഞങ്ങൾക്കു വേണ്ടിയുള്ള നിൻെറ ഉപവാസത്താലും നീ സഹിച്ച നിന്ദയാലും വീഴ്ചയിൽ നിന്ന് ഞങ്ങളെ രക്ഷിച്ച കൃപയാലും ഞങ്ങൾ നിൻെറ സന്നിധിയിലേക്ക് അടുത്തുവന്ന് നിൻെറ കരുണയോട് യാചിക്കുന്നു. വെടിപ്പോടും വിശുദ്ധിയോടും നിന്ന് ആത്മാവിലും സത്യത്തിലും നിന്നെ ആരാധിപ്പാൻ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. നിൻെറ പരിശുദ്ധിയെ കണ്ടെത്തേണ്ട ആരാധനാ അനുഭവങ്ങളെ വികലമാക്കി പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പാപബോധമില്ലാതെ ജീവിച്ചു പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിൻെറ മഹത്വമുള്ള മാലാഖമാരെപ്പോലെ നിൻെറ പരിശുദ്ധിയെ വർണ്ണിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരായ ഞങ്ങൾ പാപമലിനതകളിൽ വീണുപോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ആരാധനയിലൂടെ ലഭ്യമാകുന്ന പാപക്ഷമ നിൻെറ ദാനമാണെന്നറിഞ്ഞിട്ടും അതിനെ ഗൗരവമായി കാണാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ വാതിലിൽ മുട്ടുന്ന പാപികളിൽ സന്തോഷിക്കുകയും പ്രത്യാശയോടെ തനിക്കായി കാത്തിരിക്കുന്ന അനുതാപികളിൽ പ്രസാദിക്കുകയും തൻെറ സന്നിധിയിൽ നിന്ന് തെറ്റിപ്പോയവരെ സ്വീകരിക്കുകയും തൻെറ ആലയത്തിൽ മടങ്ങിവരുന്നവരെ വാത്സല്യത്തോടെ സ്നേഹിക്കുകയും ചെയ്യുന്ന കരുണാ സമ്പന്നനായ മ്ശിഹാ തമ്പുരാന് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും സകല കാലങ്ങളിലും സമയങ്ങളിലും ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയിലും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പാപം നിമിത്തം അകന്നു പോയിരുന്ന മനുഷ്യവർഗ്ഗത്തെ തൻെറ പിതാവിനോട് യോജിപ്പിക്കുകയും തൻെറ തിരുമേനിയുടെ രക്തത്താൽ സ്വർലോകരെയും ഭൂലോകരെയും നിരപ്പാക്കുകയും ചെയ്തവനും പാപപരിഹാരം ചെയ്യുന്ന യാഗവുമായ ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, നിൻെറ പരിശുദ്ധ സന്നിധിയിൽ മാലാഖമാർ വിറെയ്ക്കുകയും റീശൈമാലാഖമാർ ഭ്രമിക്കുകയും റീശ്നിവോസേന്മാർ അതിശയിക്കുകയും മൗത്തുബേന്മാർ ഹാലേലുയ്യാ പാടുകയും ക്രോബേന്മാർ വാഴ്ത്തുകയും സ്രാഫേന്മാർ തൻെറ പരിശുദ്ധിയെ വർണ്ണിക്കുകയും ചെയ്യുന്നു. നിൻെറ പരിശുദ്ധ സന്നിധിയിൽ ഞങ്ങൾ നിൽക്കുമ്പോൾ യെശയ്യാ പ്രവാചകൻ വർണ്ണിച്ചിരിക്കുന്നതുപോലെ “അയ്യോ, ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനത്തിൻെറ നടുവിൽ വസിക്കുന്നു; എൻെറ കണ്ണ് സൈന്യങ്ങളുടെ ദൈവമായ രാജാവിനെ കണ്ടുവല്ലോ” എന്ന സത്യാനുതാപത്തെ ഞങ്ങളുടെ ഹൃദയങ്ങളിലും നൽകിത്ത രേണമേ. നിൻെറ സന്നിധിയിൽ അടുത്തു വന്ന ദാവീദിൻെറ ഹൃദയ നുറുക്കത്തെയും രട്ടുടുത്ത് വെണ്ണീറിലിരുന്ന നിനവെ പട്ടണത്തിൻെറ മനസ്താപത്തെയും ഞങ്ങളും ഞങ്ങളുടെ പിതാക്കന്മാരും പാപം ചെയ്തുവെന്ന നെഹെമ്യാവിൻെറ പ്രാർത്ഥനയേയും ദാനിയേലിൻെറ ഉപവാസത്തേയും ഹിസ്ക്കിയാ വിൻെറ അപേക്ഷയേയും കൈക്കൊണ്ട ദൈവമായ കർത്താവേ, ഞങ്ങളിൽ നിൻെറ പരിശുദ്ധ റൂഹായാൽ പാപബോധവും

സത്യാനുതാപവും നീ നൽകേണമേ. നിൻെറ സന്നിധിയിൽ പാപം ഏറ്റു പറയുന്ന ദീർഘദർശിയായ യെശയ്യാവിൻെറ അനുതാപത്തെ കൈക്കൊണ്ട് ശുദ്ധീകരിച്ച് പാപപരിഹാരം നൽകുകയും ചെയ്തവനേ, മുടിയനായ പുത്രനെ കൈക്കൊണ്ടതുപോലെ ഞങ്ങളെയും കൈക്കൊണ്ട് ഞങ്ങളുടെ മേൽ കരുണ ചെയ്യേണമേ. കർത്താവേ, പാപികളെ നീ പുണ്യപ്പെടുത്തേണമേ, വീഴ്ചക്കാരോടു ക്ഷമിക്കേണമേ, അനുതാപികളെ കൈക്കൊള്ളേണമേ, കുറ്റക്കാരോടു കരുണ തോന്നേണമേ. ഞങ്ങളുടെ കർത്താവേ, നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും ഞങ്ങളുടെ എല്ലാവരുടെയും നാവിൽ നിന്ന് ഇടവിടാതെയുള്ള സ്തുതി കരേറ്റിക്കൊള്ളുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## കോലോ (ഗീതം)

നാഥാ നിൻ തനുവും നിണവും കൊണ്ടോർ ഞങ്ങൾ
വിധിയും പ്രതികാരവുമേൽക്കാതപരാധ ക്ഷമ കണ്ടെത്തി
പരിചൊടു നിൻെറ വലമായി നിലകൊണ്ടീടണമേ
ഹാലേലുയ്യാ മുഖദീപ്തിയോടും

ആദമിനെയും മക്കളെയും പാപം സാത്താൻ
ഇവയുടെ ദാസ്യത്തിൽ നിന്നും രക്ഷിക്കാനായ് തൻ സുതനെ
ലോകേ തന്നിൽ വിട്ട പിതാവേ, നിൻ ദാനം
ഹാലേലുയ്യാ നീ നൽകണമേ

സങ്കീർത്തനമൻപൊത്തൊന്നിൽ പാടി നബിയാം
ദാവീദരചൻ, സർവ്വേശ്വരാ എന്നോടാർദ്രത തോന്നണമെ
കനിയണമെന്നിൽ മലിനത മായിച്ചുടയോനെ
ഹാലേലുയ്യാ കൃപ ചെയ്യണമെ

ഇടയ ശ്രേഷ്ടാ അജവൃന്ദത്തെ കൂട്ടണമെ
ഇടവകയോടു കോപിക്കല്ലേ നിൻ ശാലയ്ക്കകമാക്കണമെ
കരുണാ നിധിയേ കോപിക്കല്ലേ പാപങ്ങളെ നീ മായ്ക്കണമേ
ഹാലേലുയ്യാ രക്ഷിക്കണമേ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. നിൻെറ പരിശുദ്ധ ആലയത്തിൽ നിറയപ്പെട്ട സ്തുതിയാകുന്ന സുഗന്ധ ധൂപത്താൽ ലോകത്തിൻെറ അശുദ്ധിയെ നീക്കുന്ന വിശുദ്ധയിൻ വിളനിലമായ കർത്താവേ, ഞങ്ങളുടെ അശുദ്ധിയുടെ കറകളെ നീ മായ്ക്കുകയും രക്താംബരം പോലെ ചുവപ്പുള്ളതായ ഞങ്ങളുടെ പാപാവസ്ഥയെ ഹിമം പോലെ വെളുപ്പിക്കുന്ന കൃപാമാരിയായി ഈ ആരാധനയെ നീ തീർക്കേണമേ. പാപികളെ തേടി വന്ന നിൻെറ സ്വർഗ്ഗീയ ആലയത്തിലെ വിശുദ്ധിയിൻ ധൂപമായി ഈ ആരാധനയെ നീ കൈക്കൊള്ളേണമേ. ഹോശോ..

ജ. ആമ്മീൻ

## **ബോവുസോ** (അപേക്ഷ) മാർ യാക്കൂബ്

(ഈണം – കർത്താ കർത്താ വിളിക്കുന്നെങ്ങൾ..)

മ്ശിഹാ നാഥാ നോമ്പും പ്രാർത്ഥനയും കൈക്കൊൾക
നീതിമാന്മാർ തൻ ശുദ്ധരുടെയും കൈക്കൊണ്ടതുപോൽ
യെശയ്യാ പ്രവാചകൻ കണ്ടൊരു ദർശനമതിൽ
നിൻ ശുദ്ധതയിൽ തൻെറ അശുദ്ധി വെളിവായപോൽ
യാഗപീഠത്തിൽ നിന്നും തീക്കനൽ കൊണ്ടവനെ
ശുദ്ധം ചെയ്തതുപോൽ ഞങ്ങളെയും ശുദ്ധീകരിക്ക
ക്രോബകൾ സ്രാഫുകൾ നിൻ ശുദ്ധിയെ വർണ്ണിപ്പതു പോൽ
ഞങ്ങളുമതു ചെയ്തീടുവാനായ് കൃപയേകേണമേ
ഉത്തരമരുൾക അരുൾക ദേവാ അനുഗ്രഹിക്ക
മർത്ത്യർ ചിത്തം അനുതാപേ നീ വരുത്തീടണമേ

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. യെശ 6:1–8
2. 1 യോഹ 1:5–10

ഏവൻഗേലിയോൻ വി. ലൂക്കോ 15:17–24

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 41 40th Friday - ദിനം 41 നാൽപ്പതാം വെള്ളി

ധ്യാനവിഷയം – പരീക്ഷയും പ്രലോഭനവും

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. ദൈവമായ കർത്താവേ ഉപവാസത്താലും പ്രാർത്ഥനയാലും ഹൃദയ വിശുദ്ധിയുള്ളതും പ്രകാശമുള്ളതുമായ ഈ ദിവസത്തെ കൊണ്ടാടുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങൾക്കുവേണ്ടിയുള്ള നിൻെറ ഉപവാസത്തേയും മരുഭൂമിയിലെ വാസത്തേയും വചനത്താൽ നീ ജയിച്ച ദുഷ്ടൻെറ എല്ലാ പോരട്ടങ്ങളേയും രക്ഷാകരമായ പീഡാനുഭവം, മരണം, ഉയിർപ്പ് എന്നിവയേയും ധ്യാനിക്കുന്ന ഈ നോമ്പിൻെറ അവസരത്തിൽ നിൻെറ ക്രൂശിലേക്ക് അടുത്തു വരുവാൻ ഞങ്ങളെ പ്രചോദിപ്പിക്കേണമേ. ഞങ്ങളുടെ ഇച്ഛകളും രുചികളും ആഗ്രഹങ്ങളും ദൈവേച്ഛയ്ക്കു വിധേയപ്പെടുത്തുവാനും ദൈവ ഹിതത്തിനു യോജ്യമായി മാറ്റുവാനുമുള്ള താൽപര്യം ഞങ്ങളിൽ വർദ്ധിപ്പിക്കേണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. മരുഭൂമിയിൽ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത നിന്നെപ്പോലെ ഞങ്ങളും ഉപവാസത്തിലും ദൈവ സംസർഗ്ഗത്തിലും ജീവിക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ജീവിതത്തിൻെറ ദുർബ്ബല നിമിഷങ്ങളിൽ പൈശാചിക പരീക്ഷകളിലും പ്രലോഭനങ്ങളിലും ഞങ്ങൾ വീണു പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ലോകത്തിൻെറ പ്രൗഢിയും പ്രതാപവും അധികാരവും ലാഭവും ആർജ്ജിക്കുവാൻ ദൈവരാജ്യമൂല്യങ്ങളെ ഗണ്യമാക്കാതെ പോയ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ത്യാഗത്തിൻെറയും സഹനത്തിൻെറയും പിഡാനുഭവത്തിൻെറയും വഴിയിൽ സഞ്ചരിക്കാതെ അത്ഭുതങ്ങളുടെയും പ്രശസ്തിയുടെയും നേട്ടങ്ങളുടെയും പാതകൾ തിരഞ്ഞെടുത്ത ഞങ്ങളുടെ വീഴ്ചകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

തൻെറ മഹത്വത്തിനു അറുതിയില്ലാത്തവനും ഗ്രഹിക്കാവതല്ലാത്ത സത്തയുള്ളവനും അവസാനമില്ലാത്ത കർത്തൃത്വം ഉള്ളവനുമായ മ്ശിഹാ തമ്പുരാനു സ്തുതി. തൻെറ ദാസരും പാപികളുമാകുന്ന ഞങ്ങളെ വിശുദ്ധവും ജീവൻ നൽകുന്നതുമായ തൻെറ കഷ്ടാനുഭവത്തെ കൈക്കൊള്ളുവാനും തൻെറ കൃപയാൽ പെസഹായുടെയും മഹത്വമുള്ള ഉയിർപ്പിൻെറയും പെരുന്നാൾ ആഘോഷിക്കുവാനും യോഗ്യരാക്കിയവനുമായ തനിക്ക്, ഈ നേരത്തും സകല പെരുന്നാളുകളിലും സമയങ്ങളിലും നമ്മുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും പുകഴ്ചയും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. ഞങ്ങളുടെ ശ്രേഷ്ടദൈവവും രക്ഷകനുമായ യേശു മ്ശിഹായായുള്ളോവേ, നീ ജഡപ്രകാരം ഞങ്ങൾക്കുവേണ്ടി മരിക്കയും നാശം കൂടാത്ത ജീവിത മാർഗ്ഗത്തെ ഞങ്ങൾക്കു കാണിച്ചു തരികയും ചെയ്തുവല്ലോ. ദുഷ്ടനോടുള്ള പോരാട്ടമാകുന്ന നോമ്പിൻെറ അവസാനത്തിൽ ദുഷ്ടനായവനെ നീ കീഴ്പ്പെടുത്തുകയും, നിൻെറ വലിയ ജയത്താൽ കുറ്റക്കാരായ ഞങ്ങളെ നീ കുറ്റമറ്റവരാക്കിത്തീർക്കുകയും ചെയ്തതിനാൽ ഞങ്ങൾ നിനക്കു സ്തോത്രം ചെയ്യുന്നു. നിൻെറ കൃപയാൽ ഞങ്ങളുടെ നോമ്പിൻെറ അവസാനത്തിൽ നിൻെറ വിശേഷതരമായ ദാനങ്ങൾക്കും നിൻെറ ദൈവീക നൽവരങ്ങൾക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കണമേ.

ഈ നോമ്പിൻെറ അവസാനം ഞങ്ങളുടെ ജീവിതത്തെ പുനരവലോകനം ചെയ്യുവാനും പുനഃക്രമീകരിക്കുവാനുമുള്ള അവസരമായി നീ മാറ്റേണമേ. പ്രകൃതി വിഭങ്ങളും ഭക്ഷണവും അതിൻെറ ഉൽപാദനവും വിളയും എല്ലാം ദൈവ ദാനമാണെന്ന ബോധ്യം ഞങ്ങൾക്കു നൽകേണമേ. വിശക്കുന്നവരടെ അപ്പം ഞങ്ങളുടെ ആത്മീയതയുടെ അംശമായി കാണാൻ ഞങ്ങളെ സഹായിക്കണമേ. പാപത്തിൻെറയും തിന്മയുടെയും ആഢംബരത്തിൻെറയും ആർജ്ജനത്തിൻെറയും ശക്തികളിൽ നിന്നും പ്രലോഭനങ്ങളിൽ നിന്നും ഞങ്ങൾ വിമോചിക്കപ്പെട്ടു

പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പുതുദർശനം പ്രാപിച്ചു പ്രകാശിതരാകുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. പേരിനോടും പെരുമയോടും പ്രതികാരത്തോടും ധനത്തോടും ആഢംബരത്തോടും ഉള്ള വിശപ്പുകൾ നീക്കി ദൈവഹിതം നിറവേറ്റുവാനുള്ള വിശപ്പ് ഞങ്ങൾക്കു നൽകേണമേ. തനിക്കുവേണ്ടി അസാധാരണമായ ഒരു അത്ഭുതവും കാണിക്കാത്ത കർത്താവേ, സുഖഭോഗങ്ങൾക്കും ലാഭത്തിനും വേണ്ടിയുള്ള അതിരുകളില്ലാത്ത മോഹങ്ങളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ. പരീക്ഷകൻ ആവശ്യപ്പെടുന്ന അത്ഭുതങ്ങളുടെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ മനസ്സിലും ആത്മാവിലും എപ്പോഴും ജാഗ്രതയോടെ ഉണർന്നിരിപ്പാൻ ശക്തീകരിക്കണമേ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നിൽപ്പാൻ കഴിയേണ്ടതിനു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവാനും അന്ധകാരത്തിന്റെ ലോകാധിപതികളോടു പോരാടുവാനുമുള്ള ആത്മീയ ശക്തി ഞങ്ങൾക്കു തരേണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും നിന്റെ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

### **കോലോ** (ഗീതം)

മോറാനീശോമ്ശിഹായേ നിൻ അനുഗ്രഹവാതിൽ
ഞങ്ങൾക്കെതിരായ് ഒരുനാളും അടച്ചീ–ട–രു–തേ.
നാഥാ ഞങ്ങൾ പാപികളെന്നേറ്റീടുന്നു
നിൻ അനുഗ്രഹമെങ്ങൾമേൽ ചൊരിഞ്ഞീടണമേ.
നിൻ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞു പോവാൻ
നിൻ സ്നേഹം നിന്നെ ഇറക്കി–ക്കൊണ്ടുവ–ന്നു
കർത്താവേ നിൻ അനുഗ്രഹമെങ്ങളുടെമേൽ
പൊഴിക്കണമേ എന്നുമെന്നേ–ക്കും ആമേൻ

### **അപേക്ഷ**

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

### **എത്രാ**

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നോമ്പിന്റെ അവസാന നാളുകളിൽ നിന്റെ കർതൃത്വത്തിനു ഞങ്ങൾ അണച്ചിരിക്കുന്ന പ്രാർത്ഥനയാകുന്ന പരിമളധൂപം നിന്റെ കൃപയാൽ കൈക്കൊണമേ. ഞങ്ങളുടെ ചിന്തകൾ നിന്റെ വിശുദ്ധിക്ക് ഇണങ്ങുന്നതും; ഞങ്ങളുടെ വിചാരങ്ങളും വികാരങ്ങളും നിനക്ക് ഇമ്പമുള്ളതും; ഞങ്ങളുടെ ഉപവാസവും പ്രാർത്ഥനകളും തിരുസന്നിധിയിൽ സൗരഭ്യവാസനയുള്ള യാഗമായി തീരുകയും ചെയ്യുമാറാകണമേ. വെടിപ്പുള്ള മനഃസാക്ഷിയോടും നല്ല വിവേകത്തോടും കൂടെ ഞങ്ങളുടെ ഹൃദയത്തിൽ നിന്ന് നിനക്ക് അണച്ചിരിക്കുന്ന ആത്മീയ ഫലങ്ങളെ കൈക്കൊള്ളണമേ. നിന്റെ തിരുവിഷ്ടം പ്രവർത്തിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന സന്തോഷത്തിനു ഞങ്ങൾ യോഗ്യരായി തീരുകയും ഞങ്ങൾ നിന്നെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധറൂഹായേയും സ്തുതിക്കയും ചെയ്യുമാറാകണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ അപ്രേം

(ഈണം – നിന്നുയിർപ്പാൽ വിടുതൽ തന്ന.. ..)

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
ഞങ്ങളെ ക്രൂശാൽ രക്ഷിച്ച
മ്ശിഹാ കാരുണ്യം ചെയ്ക

നാൽപ്പതു ദിനരാത്രങ്ങൾ
മരുഭൂവിൽ കഴിച്ചവൻ
ഉപവാസ ധന്യതയിൽ
സാത്താനാൽ പരീക്ഷിതനായ്

വചനത്താൽ നേടീ ജയം
ദുഷ്ടനെ ദൂരത്താക്കി
സ്ലീബായിൽ യാഗമാവാൻ
ശക്തി നേടി നോമ്പിനാൽ

തൻ ക്രൂശാൽ വിടുതൽ തന്ന
കർത്താവേ കൃപ ചെയ്യണമേ
മ്ശിഹാ രണ്ടുലകങ്ങളിലും
ഞങ്ങൾ മേൽ കൃപ ചെയ്യണമേ

പ. മാലാഖമാർ ശുശ്രൂഷ ചെയ്യുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ക്രോബേന്മാർ വാഴ്ത്തുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. സ്രഫേന്മാർ നിൻെറ വിശുദ്ധതയെ ആഘോഷിക്കുന്ന മരണമില്ലാത്തവനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. മാലാഖമാർ പുകഴ്ത്തുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ആത്മീയർ ആഘോഷിക്കുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. ആത്മീയന്മാർ മഹത്വീകരിക്കുന്ന മരണമില്ലാത്തവനേ,

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. മേലുള്ളവർ സ്തുതിക്കുന്ന ദൈവമേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. മദ്ധ്യേയുള്ളവർ പുകഴ്ത്തുന്ന ബലവാനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. താഴെയുള്ളവർ വന്ദിക്കുന്ന മരണമില്ലാത്തവനേ..

ജ. നീ പരിശുദ്ധനാകുന്നു.

പ. വിശ്വസ്ത സഭയിലെ സന്താനങ്ങളായ ഞങ്ങൾ പ്രാർത്ഥിച്ചു ചൊല്ലുന്നു..

ജ. ഞങ്ങൾക്കു വേണ്ടി ക്രൂശിക്കപ്പെട്ട † മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

പ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമേ.

ജ. ദൈവമേ, നിനക്കു സ്തുതി

പ. സ്രഷ്ടാവേ നിനക്കു സ്തുതി

ജ. പാപികളായ നിൻെറ അടയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി – ബാറെക്മോർ.

പ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

ജ. നിൻെറ നാമം പരിശുദ്ധമാക്കപ്പെടണമേ.. ..

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. ഉൽപ്പത്തി 3:1–13
2. എബ്രായർ 2:14–18

ഏവൻഗേലിയോൻ വി. മത്തായി 4:1–11

മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

# Day 42 Saturday - ദിനം 42 ശനി

ധ്യാനവിഷയം – ഇതു നീ വിശ്വസിക്കുന്നുവോ ?

പാട്ട്

കൗമ്മാ (പുറം 9)

പ്രാരംഭ പ്രാർത്ഥന (പുറം 10–12)

## പ്രാർത്ഥന

പ. പ്രകൃത്യാ ജീവനുള്ളവനും ജീവൻ നൽകുന്നവനും മരിച്ചവരുടെ ശരണവും കബറടക്കപ്പെട്ടവരുടെ ഉയിർപ്പും മണ്ണിൽ നിദ്ര പ്രാപിച്ചവരുടെ ആനന്ദവും അന്ധകാരത്തെ പ്രകാശിപ്പിക്കുന്ന രശ്മിയും ദുഃഖിച്ചിരിക്കുന്നവരുടെ ആശ്വാസവും മരണം മായ്ക്കുന്നവനും തന്റെ സ്വരൂപം പുതുക്കുന്നവനും സൃഷ്ടിയെ പുലർത്തുന്നവനുമായ മ്ശിഹാ തമ്പുരാനേ, മരിച്ചു നലു നാൾ കഴിഞ്ഞ ലാസറിനെ കല്ലറയിൽ നിന്നു നീ എഴുന്നേൽപ്പിച്ചു. ജീവന്റെ മേലുള്ള നിന്റെ അധികാരത്തെ വെളിപ്പെടുത്തിയവനുമല്ലോ മഹത്വകരമായ നിന്റെ എഴുന്നെള്ളത്തിന്റെ ദിവസത്തിൽ ഞങ്ങളെയും ഉയിർപ്പിച്ച് നിന്റെ വലത്തു ഭാഗത്ത് നിർത്തേണമേ. ഞങ്ങൾ നിന്റെ കർത്തൃത്വത്തെയും നിന്റെ പിതാവിനെയും നിന്റെ വിശുദ്ധ റൂഹായെയും സ്തോത്രം ചെയ്ത് വന്ദിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സങ്കീർത്തനം

(സങ്കീർത്തനം 51 പുറം 13, അല്ലെങ്കിൽ പുറം 14 മുതൽ പുറം 18 വരെ കൊടുത്തിരിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നോ ഉചിതമായി ഉപയോഗിക്കാവുന്നതാണ്)

## അനുതാപ പ്രാർത്ഥന

പ. പുനരുത്ഥാനവും ജീവനുമാകുന്ന നിന്നെ പൂർണ്ണമായി വിശ്വസിക്കുവാൻ വിമുഖത കാട്ടിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. പ്രതീക്ഷകൾ നഷ്ടപ്പെടുന്ന ഞങ്ങളുടെ ജീവിത സാഹചര്യങ്ങളിലും മാർത്തയെപ്പോലെ വിശ്വാസത്തിൽ ഉറപ്പുള്ളവർ ആയിരിക്കാൻ കഴയാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. ഞങ്ങളുടെ ദുഃഖത്തിന്റെ അനുഭവങ്ങളിൽ കണ്ണുനീരോടെ ഞങ്ങളിൽ പങ്കുചേർന്ന നിന്റെ സ്നേഹത്തെ കാണാതെ പോയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

പ. നിനക്കു പ്രവർത്തിക്കുവാനുള്ള നാഴിക നിൻെറ പദ്ധതിയുടെ ഭാഗം എന്ന് അറിയാതെ സംശയാലുക്കളായി മാറിയ ഞങ്ങളുടെ കുറവുകളെ, കർത്താവേ..

ജ. ഞങ്ങളോടു ക്ഷമിക്കേണമേ.

## പ്രോമ്യോൻ

പ. നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണകളും അപേക്ഷിക്കണം.

ജ. അനുഗ്രഹിക്കുന്നവനായ കർത്താവേ ഞങ്ങളെ.. ..

പ. സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും..

പാതാളത്തിൻെറ കോട്ടകളെ തകർക്കുകയും മരണത്തിന്മേലുള്ള തൻെറ അധികാരത്തെ ലോകത്തിനു വെളിപ്പെടുത്തുകയും മരിച്ചതിൻെറ നാലാം ദിവസം മരണമാകുന്ന നിദ്രയിൽ നിന്ന് ലാസറിനെ വിളിച്ചുയിർത്തുകയും മൂന്നാം നാൾ തിരുഹിതപ്രകാരം ഉയിർക്കുകയും ചെയ്ത മ്ശിഹാ തമ്പുരാനേ, മരണപാശങ്ങൾ ഞങ്ങളെ മുറുക്കുകയും പാതാള വേദനകൾ ഞങ്ങളെ പിടിക്കുകയും ചെയ്യുന്ന ഞങ്ങളുടെ അവസ്ഥകളെ പുനരുത്ഥാനത്തിൻെറ ശക്തിയാലും പ്രത്യാശയാലും ജീവിപ്പിക്കുന്നതാക്കി തീർക്കേണമേ. തനിക്ക് പ്രാർത്ഥനാ ശുശ്രൂഷയുടെ ഈ നേരത്തും ഞങ്ങളുടെ ആയുസ്സിൻ നാളൊക്കെയും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹോശോ.. ..

ജ. ആമ്മീൻ

## സെദറ

പ. പാപം ഒഴികെ വാസ്തവത്തിൽ പൂർണ്ണ മനുഷ്യനായി തീർന്നവനും അദൃശ്യനായ പിതാവിൻെറ പുത്രനും വചനവുമായ ദൈവമായ കർത്താവേ, പാപ മരണത്തിൽ വീണുപോയ ഞങ്ങളെ ദൈവീക പ്രകാശത്താൽ തൃക്കൺ പാർത്ത് ജീവിപ്പിക്കുവാൻ മരിച്ചവരുടെ ഇടയിൽ നിസാരനായി നീ ഇറങ്ങിയ നിൻെറ സ്നേഹത്തെ ഞങ്ങൾ സ്തുതിക്കുകയും അഗാധമായ കുഴിയിൽ താണുപോയ ആദമിനെയും അവൻെറ വർഗ്ഗത്തെയും ഉദ്ധരിപ്പാൻ സ്വയം അവൻെറ അടുക്കലേക്ക് ഇറങ്ങുകയും ചെയ്ത നിൻെറ കരുണയെ ഞങ്ങൾ വന്ദിക്കുകയും ചെയ്യുന്നു. ഞങ്ങളെ അടിമപ്പെടുത്തിയവൻെറ കയ്യിൽ നിന്നു വീണ്ടെടുക്കുവാൻ തിരുമനസ്സായ നിൻെറ ശ്രേഷ്ഠ കൃപയെ ഞങ്ങൾ കീർത്തിക്കുന്നു. യെറുശലേമിലേക്കുള്ള നിൻെറ എഴുന്നെള്ളത്തിനു മുമ്പേ ബേഥാനിയ ഗ്രാമത്തിലേക്കു നീ വന്ന് തൻെറ പ്രീയനായ ലാസറിൻെറ മരണത്തിൽ ദുഃഖിക്കുകയും ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു എന്ന വചനത്താൽ അവൻെറ സഹോദരിമാരെ വിശ്വാസത്തിൽ ഉറപ്പിക്കുകയും സർവ്വവും അറിയുന്നവൻ ആയിരിക്കെ ഒരു മനുഷ്യനെപ്പോലെ അവൻെറ കബറിനെപ്പറ്റി ചോദിക്കുകയും അവൻെറ കബറിങ്കൽ കണ്ണുനീർ വാർത്ത് ഉച്ചത്തിൽ ലാസറെ പുറത്തു വരിക എന്ന തൻെറ ജീവകരമായ ശബ്ദത്തിൽ വിളിച്ചുപറയുകയും പാതാള വാതിലുകളെ തകർത്ത് ലാസർ

പുറത്തു വരികയും ചെയ്തു. നിൻെറ സ്നേഹിതനായ ലാസറിനെ ഉയർപ്പിച്ചതിലൂടെ നീ നിൻെറ ഉയർപ്പിനെ സൂചിപ്പിച്ചു. കർത്താവേ, ഞങ്ങളിൽ നിന്നും പാപത്തിൻെറയും മരണത്തിൻെറയും ബന്ധനങ്ങളുടെയും ദുഷ്ടതയുടെയും കെട്ടുകളെ നീ അഴിക്കേണമേ. നിൻെറ വചനത്താൽ നീ ഞങ്ങളെ ഉയർത്തുമെന്ന പത്യാശയാൽ ഞങ്ങളെ പാലിക്കേണമേ.

മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവേ, ഞങ്ങളെ മരണത്തിൽ നിന്നും നിത്യ ജീവനിലേക്ക് നയിക്കുന്നതിനാൽ നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. കർത്താവിൽ ജീവിച്ച് മരിക്കുന്ന മൃതന്മാർ അനുഗൃഹീതർ എന്നും, ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്തെയും ധരിക്കും എന്ന ബോധ്യം ഞങ്ങൾക്ക് നൽകേണമേ. മരണം ജീവിതത്തിൻെറ അന്ത്യം അല്ലെന്നും നീ നിദ്രകൊണ്ടവരിൽ ആദ്യ ഫലമായി മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തിരിക്കുന്നു എന്ന സത്യവും ഞങ്ങളുടെ ജീവിതത്തിന് അർത്ഥവും പ്രത്യാശയും നൽകുന്നതിനാൽ സ്തോത്രം. ഞങ്ങൾ ഈ ആയുസ്സിൽ മാത്രം പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടരാണെന്ന വിചാരം ഞങ്ങൾക്ക് നൽകേണമേ. ഞങ്ങൾ വിശ്വാസത്തിൽ ഉറപ്പുള്ളവരും ഞങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിഞ്ഞു നിൻെറ വേലയിൽ എപ്പോഴും വർദ്ധിച്ചു വരുന്നതിനും നീ ഇടയാക്കേണമേ. നിൻെറ വലത്തുഭാഗത്തുള്ള നിൽപ്പിന് ഞങ്ങളെ യോഗ്യതയുള്ളവരാക്കി തീർക്കണമേ. ഞങ്ങൾ നിനക്കും നിൻെറ പിതാവിനും നിൻെറ വിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുമാറാകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## **കോലോ** (ഗീതം)

എല്ലാം ഞാൻ പരിശോധിച്ചു
ദൈവഭയത്തേക്കാൾ ശ്രേഷ്ഠം
ഞാൻ ദർശിച്ചില്ലതിനെ സ്നേഹിപ്പോർ ധന്യർ
നീതിപരൻ ശ്രേഷ്ഠൻ യൗസേപ്പതിനെ സ്നേഹിച്ചു
ശ്രേഷ്ഠൻ മോശ വിഭാഗിച്ചു വടിയാൽ വാരിധിയെ
ഹനന്യയെന്നവർ സ്നേഹിച്ചു
അഗ്നിയിൽ നിന്നവർ രക്ഷിതരായ്
തങ്കത്തേക്കാളതു ശ്രേഷ്ഠം
തേനിലിമതു മധുരം കാമ്യം
ദൈവത്തിൻ വചനത്തെ വചനത്തെ
സ്നേഹിപ്പോൻ ധന്യർ – ബാറെക്മോർ

## **ശുബ്ഹോ**

കർത്താവേ കൃപ ചെയ്യണമേ
നിൻ കരുണ ബാഹുല്യത്താൽ
പരിഹൃതമാക്കീടണമേ കടപരിഹാ-രങ്ങൾ
തൃക്കൈനീട്ടി ശീമോനേ കടലിൽ താഴാതെ
തൃക്കൈനീട്ടി ഞങ്ങളെയും കോരിയെടുക്കേണമേ
കർത്താവേ കൃപയുണ്ടാകണമേ
ഞങ്ങളനേകം പാപങ്ങൾ ചെയ്തു
നിലവിളി കൂട്ടീടുന്നെങ്ങൾ
പാപിനി ചുങ്കക്കാരൻ പോൽ
കരുണനിറഞ്ഞോൻ മ്ശിഹാ
കൃപയുണ്ടാകണമേ
മൊറിയൊ റാഹേമ്മേലൈനു ആദാറൈൻ

## അപേക്ഷ

പ. ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ.. .. പുറം 18

## എത്രാ

പ. പുനരുത്ഥാനവും ജീവനുമായ മ്ശിഹാ തമ്പുരാനേ, നിൻെറ വചനത്താൽ മരിച്ചവരുടെ ഇടയിൽ നിന്ന് ലാസറിനെ നീ ഉയർപ്പിച്ചു. മരണത്തിൻെറ ദുർഗന്ധത്തെ ഞങ്ങളിൽ നിന്ന് നീക്കുവാനായി സുഗന്ധധൂപമായും സൗരഭ്യ വാസനയായും ഞങ്ങളിലേക്കെഴുന്നെള്ളിയ കർത്താവേ, നിൻെറ അത്യുന്നതമായ കർതൃത്വത്തിനു മുമ്പിൽ ഞങ്ങൾ അർപ്പിക്കുന്ന ഈ സുഗന്ധ ധൂപം നിൻെറ സ്നേഹാർദ്രതയ്ക്ക് ആനന്ദകരമായിരിക്കേണമേ. നിന്നിലുള്ള ഞങ്ങളുടെ പ്രത്യാശ അനുദിനം വർദ്ധപ്പിച്ചു നൽകേണമേ. ഹോശോ.. ..

ജ. ആമ്മീൻ

## ബോവുസോ (അപേക്ഷ) മാർ ബാലായി

കരുണ നിറഞ്ഞവനേ, പുനരുത്ഥാനത്താൽ
ഞങ്ങളുടെ വർഗ്ഗത്തെ നൂതനമാക്കണമേ
അനുതാപികൾക്കാശെ വാതിൽ തുറക്കണമേ
നിൻ വരവിൽ കൃപയാൽ ജീവൻ നൽകണമേ
നിൻ വിശ്വാസത്തിൽ ജീവൻ പൂണ്ടോർ
അബ്രഹാമിസഹാക്ക് യാക്കോബെന്നിവർ തൻ
മടിയിൽ ആശ്വാസം പ്രാപിച്ചീടണമേ
വന്നവനും ഇനിമേൽ വരുവതിനുള്ളവനും
മരിച്ചോർക്കുത്ഥാനം നൽകുന്നോനും നീ
സ്തുത്യൻ നീയെന്ന് ആത്മ ശരീരങ്ങൾ
ഒരുമിച്ചട്ടഹസിക്കുന്നെൻ കർത്താവേ
യാചന കൈക്കൊണ്ട് കാരുണ്യം ചെയ്ക

ക്രോബകളുടെ സ്തുതി (പുറം 19)

വിശ്വാസ പ്രമാണം (പുറം 20)

പാഠം വായന

1. 1 രാജാ 17:17–24

2. 1 തെസ്സലോ 4:13–18

ഏവൻഗേലിയോൻ വി. യോഹ 11:25–26

## മദ്ധ്യസ്ഥ പ്രാർത്ഥന

(ഏവൻഗേലിയോൻ വായനയ്ക്കു ശേഷം പ്രത്യേക പ്രാർത്ഥനകൾ, സ്തോത്രങ്ങൾ എന്നിവ കഴിക്കുന്നു. ഇവിടെ സന്ദർഭോചിത വിഷയങ്ങളോ അനുബന്ധമായി ചേർത്തിട്ടുള്ള പ്രാർത്ഥനകളിൽ ചിലതോ ഉപയോഗിക്കാവുന്നതാണ്)

## പ്രസംഗം

ശയന നമസ്ക്കാരം (പുറം 21)

ലുത്തിനിയാ (പുറം 22)

ഹുത്താമ്മാ (പുറം 23)

ആശിർവാദം (പുറം 24)

* * * * * *

* * * * * *

# അനുബന്ധം
## മദ്ധ്യസ്ഥ പ്രാർത്ഥനകൾ

### സഭാ ശുശ്രൂഷയിൽ ആയിരിക്കുന്നവർക്കായി

പ. കർത്താവേ, നാലുഭാഗങ്ങളിലുമുള്ള വിശുദ്ധ സഭയെ മേയിച്ചു ഭരിക്കുന്നവരായ സകല മേൽപ്പട്ടക്കാരെയും കശ്ശീശന്മാർ ശെമ്മാശന്മാർ മുതലായി പട്ടത്വത്തിനടുത്ത എല്ലാവരെയും സുവിശേഷകൻ, സന്യസ്ഥർ, സേവിനിമാർ തുടങ്ങി നിന്റെ രാജ്യത്തിന്റെ ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്ന എല്ലാവരേയും കരുണയോടെ നീ ഓർക്കേണമേ. നിന്നിലുള്ള പുതുജീവന്റെ അനുഭവക്കാരായും കൃപാവരങ്ങളിൽ സമൃദ്ധിയുള്ളവരായും നിന്റെ ജനം തീരുവാൻ ആത്മീയ പോഷണം അവരിലൂടെ തിരുസഭയ്ക്ക് ലഭിക്കുമാറാകേണമേ. പരിമിതമായ സാഹചര്യങ്ങളിൽ, ഒറ്റപ്പെട്ട ഇടങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന നിന്റെ ദാസരെ വിശിഷ്യാ ഞങ്ങൾ ഓർക്കുന്നു. തിരുസഭയുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന അവർക്കു കോട്ടയായിരിക്കേണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജ. കുറിയേലായിസ്സോൻ

### ഭൂമിയുടെ സംരക്ഷണത്തിനായി

പ. കർത്താവേ, ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും നിന്റേതാകുന്നുവല്ലോ. ഞങ്ങൾ അധിവസിക്കുന്ന ഭൂമിയെ നീ മനോഹരമായി സൃഷ്ടിച്ച് അരുവികളാലും നദികളാലും സമുദ്രങ്ങളാലും പർവ്വതങ്ങളാലും നീ അതിനെ അലങ്കരിച്ചു. എന്നാൽ കർത്താവേ, ശാസ്ത്ര സാങ്കേതിക വിദ്യകൾ ദുരുപയോഗപ്പെടുത്തി കാര്യവിചാരക ബോധമില്ലാതെ ഭൂവിഭവങ്ങളെ ദുരുപയോഗം ചെയ്ത് ഞങ്ങൾ ഭൂമിയെ ദരിദ്രമാക്കിയിരിക്കുന്നു. വന്യജീവികൾക്കു പാർപ്പിടമില്ലാതെ അവ ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങുവാൻ നിർബ്ബന്ധിതരാക്കപ്പെടുന്നു. അതുകൊണ്ട് കർത്താവേ, മനുഷ്യവർഗ്ഗത്തിന്റെ ആർത്തിയേയും ആഡംബരഭ്രമത്തെയും അധീശത്വ ത്വരയേയും ശമിപ്പിച്ച് പ്രകൃതിയോട് സൗഹൃദത്തിലും സകല ജീവജാലങ്ങളോടും രമ്യതയിലും ജീവിക്കുവാൻ മനുഷ്യവർഗ്ഗത്തിനു പക്വ ബുദ്ധി ലഭിക്കുമാറാകണമേ. പ്രകൃതി സൗഹൃദ ജീവിതത്തിനായി പുതിയ ശീലങ്ങൾ അഭ്യസിക്കുവാൻ ഞങ്ങൾക്കു കൃപ അരുളുകയും ചെയ്യുമാറാകേണമേ.

ജ. കുറിയേലായിസ്സോൻ

### ഭരണകർത്താക്കൾക്കുവേണ്ടി

പ. കർത്താവേ, ഞങ്ങൾ അധിവസിക്കുന്ന ദേശത്തിന്റെ ഭരണാധിപന്മാർക്കു വേണ്ടിയും എല്ലാ ജനപ്രതിനിധികൾക്കു വേണ്ടിയും ന്യായാധിപന്മാർക്കു വേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഭാഷാപരവും മതപരവും സംസ്ക്കാരികവുമായ വൈവിദ്ധ്യങ്ങളെ പരിപോഷിപ്പിച്ചും പരിലാളിച്ചും ഭരണാധികാരം

വിനയോഗിക്കുവാൻ അവർക്ക് കൃപയരുളണമേ. ഭരണ കർത്താക്കൾക്കു മനുഷ്യ സ്നേഹവും നീതിബോധവും വർദ്ധിക്കുമാറാകണമേ. ഞങ്ങളുടെ രാജ്യത്ത് ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകുകയും ചെയ്യുമാറാകണമേ.

ജ. കുറിയേലായിസ്സോൻ

**ക്രിസ്തു നിമിത്തം കഷ്ടം സഹിക്കുന്നവർക്കു വേണ്ടി**

പ. കർത്താവേ രക്തസാക്ഷികളായി ജീവാർപ്പണം ചെയ്ത സകല വിശുദ്ധന്മാരെയും വിശുദ്ധമതികളെയും ഞങ്ങൾ അനുസ്മരിക്കുന്നു. കർത്താവേ, അവരെക്കുറിച്ചുള്ള ഓർമ്മ ക്രൈസ്തവ സാക്ഷ്യത്തിനു ഊർജ്ജവും പ്രചോദനവും നൽകുമാറാകണമേ. വിശ്വാസത്തിന്റെ പേരിൽ ഭീഷണിയും ഉപദ്രവവും പീഡകളും സഹിക്കുന്ന സകല വിശ്വാസ സമൂഹങ്ങളെയും ഞങ്ങൾ ഓർക്കുന്നു. മൺമറഞ്ഞ രക്ത സാക്ഷികളെയും പീഡകൾ സഹിക്കുന്ന വർത്തമാനകാല സാക്ഷികളെയും കുറിച്ചുള്ള സ്മരണ ഞങ്ങളെ സത്യ മാനസാന്തരത്തിലേക്കും ശ്രേഷ്ഠ സാക്ഷ്യത്തിലേക്കും വഴി നടത്തുകയും ചെയ്യുമാറാകണമേ.

ജ. കുറിയേലായിസ്സോൻ

**അനീതിക്കും ചൂഷണത്തിനും എതിരെ**

പ. കർത്താവേ, അനീതിയുള്ള ആഗോള സാമ്പത്തീക ക്രമം മൂലം നിരവധി രാജ്യങ്ങളും അതിലെ നിവാസികളും ദരിദ്രമാക്കപ്പെട്ട് ജനങ്ങൾ ആഹാരമില്ലാതെയും വസ്ത്രമില്ലാതെയും കിടപ്പാടമില്ലാതെയും നെടുവീർപ്പിടുന്നു. രാജ്യങ്ങൾ തമ്മിലുള്ള സഹകരണം കുറഞ്ഞു വരുന്നു. യുദ്ധങ്ങളും അക്രമങ്ങളും വർദ്ധിക്കുന്നു. അതിനാൽ കർത്താവേ, നിന്റെ നീതിയുള്ള ക്രമത്തിലേക്ക് ലോകത്തെ നയിക്കണമേ. ചൂഷണത്തിന്റെ ഇരയാക്കപ്പെട്ടവരെ നീ യഥാസ്ഥാനപ്പെടുത്തേണമേ. ലോക രാഷ്ട്രങ്ങൾക്കുള്ളിലും അന്താരാഷ്ട്ര ബന്ധങ്ങളിലും ചൂഷണകരമായ ക്രമങ്ങൾ നീങ്ങി നീതിയുള്ള ക്രമങ്ങൾ രൂപപ്പെടുവാൻ കൃപയരുളുമാറാകണമേ.

ജ. കുറിയേലായിസ്സോൻ

* * * * * *

## സുറിയാനി പദങ്ങളുടെ അർത്ഥം

| | |
|---|---|
| കൌമാ | – എഴുന്നേറ്റുനിന്നുള്ള പ്രാർത്ഥന |
| കുർബ്ബാന | – കാഴ്ച, അർപ്പണം |
| പ്രോമ്യോൻ | – മുഖവുര |
| സെദറാ | – നിര, കൂട്ടം (പല വിഷയങ്ങൾ ക്രമീകരിച്ച പ്രാർത്ഥനകൾ) |
| തൂയോബൊ | – ഒരുക്കം |
| ബാറെക്മോർ | – കർത്താവേ, നീ വാഴ്ത്തേണമേ |
| സ്തൗമൻകാലോസ് | – നമുക്കു ഭംഗിയോടെ നില്ക്കാം നാം ഭംഗിയോടെ നിൽക്കണം |
| തൂബ്ദേൻ | – വീണ്ടും |
| കുറിയേലായിസ്സോൻ | – കർത്താവേ, ഞങ്ങളോടു കരുണ ചെയ്യണമേ |
| ഹോശോവബ്കൂൽസ് ബാൻല്ഓൽമീൻ | – ഇപ്പോഴും എല്ലായ്പ്പോഴും എന്നേക്കും |
| മെൻ ഓലം വാദാമൊൽ ഓലം ഒൽമ്മീൻ ആമ്മീൻ | – ആദിമുതൽ എന്നന്നേക്കും തന്നെ ആമ്മീൻ |
| മൊറിയോ റാഹെം മേലൈൻ നൂ ആദാറൈൻ | – നാഥാ, അനുഗ്രഹിച്ച് ഞങ്ങളെ സഹായിക്കേണമേ. |
| കോലൊ | – ശബ്ദം, വിസശ്വാസ പ്രഖ്യാപനം, പ്രാർത്ഥനകൾ, ഗീതങ്ങൾ |
| കോയേൻവൊമറീൻ | – അവർ അട്ടഹസിച്ച് പറയുന്നു |
| ലാബൂക് കാദ്ഒമറോ | – നിൻെറ പിതാവിനോട് അവൾ (സഭ) പറയുമ്പോൾ |
| മെത്തൂലോസെ ഒപ്പ്ലാൻ | – അവൻ മുഖാന്തിരം ഞങ്ങൾക്കും |
| ലുത്തിനിയാ | – അപേക്ഷകളടങ്ങിയ പ്രാർത്ഥന |
| എത്രാ | – ധൂപപ്രാർത്ഥന |
| ബോവുസോ | – അപേക്ഷകൾ (മാർ അപ്രേം, മാർ യാക്കൂബ്, മാർ ബാലായി) |
| ആമ്മീൻ | – അപ്രകാരം തന്നെ |
| ആമ്മീൻ ആമ്മീൻ | – ഉറപ്പായി പറയുന്നു |
| ഹുത്താമ്മാ | – മുദ്രയിടിൽ, അവസാനം |
| റൂശ്മാ | – മുദ്ര |
| മൊദ്യോനുസോ | – ഏറ്റുപറച്ചിൽ |

| | | |
|---|---|---|
| എനിയോനൊ | – | പ്രതിവാക്യം |
| മെമ്രാ | – | പ്രബന്ധം |
| ഹാലേലുയ്യാ | – | ദൈവത്തിനു സ്തുതി |
| സുത്താറ | – | കാവൽ, പ്രാർത്ഥന, ശയനനമസ്ക്കാരം |
| റൂഹാ | – | ആത്മാവ് |
| റൂഹാദ്കുദ്ശാ | – | പരിശുദ്ധാത്മാവ് |
| സ്ലീബാ | – | കുരിശ് |
| ബശ്മോദാബോഉദാബ്രോ വദ്റൂഹോ കാദീശോ | | പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ |
| കുക്കിലിയോൻ | – | ഒരു രാഗത്തിൻെറ പേര് |
| കുക്കായ | – | ശെമയോൻ കുക്കായ രചിച്ച രാഗം |
| എക്ബാ | – | ചരണങ്ങൾ |
| യൽദോ | – | ജനനം |
| ദനഹാ | – | ഉദയം – കർത്താവിൻെറ മാമോദ്ദീസാ ദിവസം |
| ക്നൂമാ | – | ആളത്തം |
| ബസ്ഗാസ | – | ശ്രീഭണ്ഡാരം |
| നിബിയന്മാർ | – | പ്രവാചകന്മാർ |
| ശ്ലീഹന്മാർ | – | അപ്പൊസ്തലന്മാർ |
| ഏവൻഗേലിയോൻ | – | സുവിശേഷം |
| ഏവൻഗേലിസ്ഥൻ | – | സുവിശേഷകൻ |
| സഹദേന്മാർ | – | രക്തസാക്ഷികൾ |
| മൗദ്യാനന്മാർ | – | വിശ്വാസം ഏറ്റുപറഞ്ഞവർ |

* * * * * * * *